# 1986-1990 കാലത്തേയ്ക്കും 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേയ്ക്കും സോവിയററു യൂണിയൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകൾ

കരട്

947.005
SOV

പുസ്തകം 20
ലക്കം 51

സോസ
സോവിയറ്റ് സമീക്ഷ

ഡിസംബർ 24
1985

J1027

# 1986–1990 കാലത്തേയ്ക്കും 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേയ്ക്കും സോവിയററു യൂണിയന്റെ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകൾ

കരട്

Library & Research

947.005 SOV


| | | |
|---|---|---|
| എൽ. എ. അബ്രമോവ് | : | എഡിററർ |
| വി. എൻ. സെരിബ്രിയാക്കോവ് | : | മാനേജിങ്ങ് എഡിററർ |
| ജി. ആളവന്താർ | : | ജോയിൻറ് എഡിററർ |
| കെ. പി. മുഹമ്മദ്കോയ | : | അസിസ്റ്റൻറ് എഡിററർ |
| എ. എം. ദിയക്കോവ് | : | ആർട്ട് ഡയറക്ടർ |

11 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെടുന്നു.

ഫോട്ടോകൾക്കും ലേഖനങ്ങൾക്കും നൊവോസ്തി പ്രസ്സ് ഏജൻസിയോട് കടപ്പെട്ടിരിക്കുന്നു

ലേഖനങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നവർ *സോവിയററ് സമീക്ഷ* എന്നു ചേർക്കുന്നത് സന്തോഷകരമാണ്.

Printed by Y. L. Frolov and Published by him at Soviet Nadu Office, 115, Theagaraya Road, Madras-600 017, for the Information Department of the USSR Embassy in India. Printed at the Janatha Press, Madras - 600 014.

കരട്

# 1986–1990 കാലത്തേയ്ക്കും 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേയ്ക്കും സോവിയററു യൂണിയന്റെ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകൾ

നമ്മുടെ രാജ്യം, ചരിത്രപരമായി ചുരുങ്ങിയ ഒരു കാലയളവിന്നുള്ളിൽ, യുഗപ്പഴക്കമുള്ള പിന്നോക്കാവസ്ഥയിൽനിന്ന് സാമൂഹ്യ പുരോഗതിയുടെ ഔന്നത്യങ്ങളിലേക്ക് ഉയർന്നു. ജീവിതത്തിന്റെ സമസ്ത തുറകളിലും പറയത്തക്ക നേട്ടങ്ങൾ അത് കൈവരിച്ചു. സോവിയററു സമുദായം വികസിത സോഷ്യലിസത്തിന്റേതായ അവസ്ഥയിലേക്ക് പ്രവേശിച്ചിരിക്കുന്നു.

സോവിയററു ജനത, തലമുറകളായി, തങ്ങളുടെ അദ്ധ്വാനംകൊണ്ടു, സാമ്പത്തികവും ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവുമായ വമ്പിച്ച ശേഷിസാദ്ധ്യതകൾ സൃഷ്ടിച്ചു വളർത്തി. സോവിയററു യൂണിയന്ന് ഇന്ന് അതീവ വൈദഗ്ദ്ധ്യമുള്ള ജോലിക്കാരുണ്ട്, ഉജ്ജ്വല ഗംഭീരമായ വ്യവസായമുണ്ട്, വൻതോതിൽ യന്ത്രവൽക്കരിക്കപ്പെട്ട കൃഷിയുണ്ട്, സുവികസിതമായ അന്തർഘടനയുണ്ട്. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടേയും പല വികാസ മണ്ഡലങ്ങളിലും രാജ്യം ലോകത്തിന്റെ മുൻപന്തിയിൽ നില്ക്കുന്നു. ജനങ്ങളുടെ ജീവിതനിലവാരം ക്രമപ്രവൃദ്ധമായി ഉയർന്നുകൊണ്ടിരിക്കുന്നു. സോഷ്യലിസ്റ്റു ജീവിതരീതി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു. സാമൂഹ്യനീതി എന്ന പ്രമാണം ഉത്തരോത്തരം പൂർണ്ണതരമായി പ്രാവർത്തികമാക്കപ്പെട്ടുവരുന്നു.

മുതലാളിത്ത സമ്പ്രദായത്തിന്ന് സ്വതഃസിദ്ധമായ പ്രതിസന്ധികൾ, ദാരിദ്രവും തൊഴിലില്ലായ്മയും, വർഗ്ഗപരവും ദേശീയവുമായ സ്പർദ്ധ എന്നിവ സോവിയററു സമുദായത്തിൽ എന്നെന്നേക്കുമായി തിരോഭവിച്ചു. ജനങ്ങൾ തമ്മിലുള്ള സമത്വവും സഹകരണവും പരസ്പര സഹായവും നിർവ്യാജമായ ജനാധിപത്യവും ദൃഢപ്രതിഷ്ഠനേടി. ആസൂത്രിത സമ്പദ്‌വിധാനസമ്പ്രദായത്തിന്റെയും ജനങ്ങളാൽ നടത്തപ്പെടുന്ന സോഷ്യലിസ്റ്റു സ്വയംഭരണ സമ്പ്രദായത്തിന്റെയും മികവുകളും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സർഗ്ഗശേഷികളും പൂർവ്വാധികം പൂർണ്ണതരമായ അളവിൽ അനാവൃതമായിക്കൊണ്ടിരുന്നു. സഹോദര സോഷ്യലിസ്റ്റു രാജ്യങ്ങളുടെ സമുച്ചയം — സമാധാനത്തിന്റെയും സാമൂഹ്യ പുരോഗതിയുടേയും നെടുങ്കോട്ട — ഉത്തരോത്തരം ശക്തിയാർജ്ജിച്ചുവന്നു.

കമ്യൂണിസ്റ്റു പാർട്ടി, ലെനിൻെറ ഒസ്യത്തുകളെ മുറുകെപിടിച്ചുകൊണ്ട്, സോവിയററു ജനങ്ങളെ, സോഷ്യലിസത്തെ ശ്രേഷ്ഠതരമാക്കിത്തീർക്കുന്ന രാജപാതയിലൂടെ ആത്മവിശ്വാസത്തോടെ മുന്നോട്ടു നയിക്കുന്നു. കമ്യൂണിസത്തിലേക്കുള്ള സോവിയററു സമുദായത്തിൻെറ അധികതര പുരോഗതിയുടെ കൂടി പഥയാണത്. സി. പി. എസ്. യു. സെൻട്രൽ കമ്മിററിയുടെ 1985 ഏപ്രിൽ പ്ലീനം ആവിഷ്കരിച്ച, രാജ്യത്തിൻെറ ത്വരിതമായ സാമൂഹ്യ-സാമ്പത്തിക വികസനം എന്ന സങ്കല്പത്തിൻെറ അടിസ്ഥാനത്തിലുമാണത്.

1986–1990 കാലത്തേയ്ക്കും 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേയ്ക്കും സോവിയററു യൂണിയൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള ഈ മാർഗ്ഗരേഖകൾ സി. പി. എസ്. യു. വിൻെറ പരിപാടിലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുക ഉന്നമാക്കിയുള്ള പദ്ധതികുറിമാനങ്ങൾക്ക് മൂർത്ത രൂപം നല്കുന്നു.

# I. 1981–1985 കാലത്ത് രാജ്യത്തിൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിലുണ്ടായ മുഖ്യ ഫലങ്ങൾ

26-ാം സി. പി എസ്. യു. കോൺഗ്രസ്സിൻെറ തീരുമാനങ്ങൾ നടപ്പാക്കവെ, സോവിയററു ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിലും സമ്പദ്വിധാനത്തിൻെറ എല്ലാ ശാഖകളും വികസിപ്പിക്കുന്നതിലും വലിയൊരു ചുവടുവെപ്പു നടത്തപ്പെടുകയുണ്ടായി.

രാജ്യത്തിൻെറ സാമ്പത്തികശേഷി ഗണ്യമായി വളർന്നിരിക്കുന്നു. ദേശീയ വരുമാനം 1980-നെ അപേക്ഷിച്ചു 17 ശതമാനംകണ്ടു വർദ്ധിച്ചു. ദേശീയ സമ്പദ്വിധാനത്തിൻെറ ഭൗതികവും സാങ്കേതികവുമായ അസ്തിവാരം ബലപ്പെടുത്തുന്നതിന്നും ഭവനനിർമ്മാണത്തിന്നും സാമൂഹ്യവും സാംസ്കാരികവുമായി അർത്ഥപ്രാധാന്യമുള്ള പ്രോജക്ടുകൾ പണിയുന്നതിനും മററുമായി 84,000 കോടിയിലധികം റൂബിൽ നിക്ഷേപിക്കപ്പെട്ടു. ആയിരത്തിലധികം ആധുനിക വ്യവസായ സ്ഥാപനങ്ങൾ പുതുതായി പ്രവർത്തനമാരംഭിച്ചു

ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കുവാനും നിലവിലുള്ള വ്യവസായങ്ങളെ സാങ്കേതികമായി പുനഃസജ്ജീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുവാനും ഊർജ്ജിതമായ പ്രവർത്തനം നടന്നു. 19,000-ത്തിലധികം പുതിയ പ്രരൂപങ്ങളിലുള്ള യന്ത്രങ്ങൾ, സജ്ജീകരണ സാമഗ്രികൾ, പ്രയോഗോപകരണങ്ങൾ, സൂക്ഷ്മോപകരണങ്ങൾ എന്നിവയുടെ നിർമ്മാണം സ്വായത്തമാക്കപ്പെട്ടു. വേസ്റ്റു കുറയ്ക്കുകയും തീരെ ഇല്ലാതാക്കുകയും ഊർജ്ജവും പദാർത്ഥങ്ങളും ലാഭിക്കുകയും ചെയ്യുന്ന സാങ്കേതിക പ്രക്രിയകളും യന്ത്രവിധാനങ്ങളും പൂർവ്വാധികം വ്യാപകമായി നടപ്പാക്കപ്പെട്ടു.

ഉൽപാദനം കലുങ്ങനെയാക്കുകയും ഉൽപാദനത്തിൻെറ കാര്യക്ഷമത ഉയർത്തുകയും ചെയ്യുന്നതിൽ വിധായക ഫലങ്ങൾ കൈവരിക്കപ്പെട്ടു.

സാമൂഹ്യാദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമതയിലെ ഉയർച്ച ദേശീയ വരുമാനത്തിൽ ഏതാണ്ട് 90 ശതമാനം വർദ്ധന കൈവരുത്തി. ഉൽപാദനത്തിൽ അച്ചടക്കം മെച്ചപ്പെടുകയും പാഴാകുന്ന പ്രവൃത്തിസമയം ചുരുങ്ങുകയും ചെയ്തു. പദാർത്ഥ വിഭവങ്ങൾ കൂടുതൽ ആദായകരമായി വിനിയോഗിക്കപ്പെട്ടു.

പ്രമുഖമായ സാമ്പത്തിക ശാഖ, അതായത് വ്യവസായം, തുടർന്നു വികസിച്ചു. അതിന്റെ ഉൽപാദനം 20 ശതമാനംകണ്ടു ഉയർന്നു. ഉപഭോഗസാധനങ്ങളുടെ ഉൽപാദനം (ഗ്രൂപ്പ് ബി) ഉൽപാദനോപകരണങ്ങളുടെ നിർമ്മാണത്തെക്കാൾ ത്വരിതതരമായി വളർന്നുവന്നു.

യു. എസ്. എസ്. ആറിന്റെ ഊർജ്ജ പരിപാടി നിറവേററപ്പെട്ടുവരുന്നു. അണുവൈദ്യുതി എഞ്ചിനിയറിങ്ങ് ത്വരിതഗതിയിൽ വികസിച്ചുവരുന്നു. രാജ്യത്ത് ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ പത്തിലൊന്നു അത് മൂലമെന്നയുളളതാണ്. ലോകത്തിലെ ഏററവും വലിയ എണ്ണ ഉൽപാദകരാജ്യമാണ് സോവിയററു യൂണിയൻ. നടപ്പുപഞ്ചവൽസരപദ്ധതിക്കാലത്ത് അതു ലോകത്തിലെ ഏററവും വലിയ പ്രകൃതിവാതക ഉൽപാദക രാജ്യമായിത്തീർന്നു. മൊത്തം 48.000 കിലോമീററർ ഗ്യാസ്മെയിനുകളും അവയുടെ ശാഖകളും ഇടപ്പെട്ടിരിക്കുന്നു.

പാർട്ടിയുടെ കാർഷിക നയവും യു. എസ്. എസ്. ആറിന്റെ ഭക്ഷ്യ പരിപാടിയും സുസ്ഥിരം നടപ്പാക്കപ്പെട്ടു. മൊത്തം മൂലധനനിക്ഷേപങ്ങളുടെ മൂന്നിലൊന്നു കൂട്ടുകൃഷിക്കളങ്ങളുടേയും സ്റേററുഫാമുകളുടേയും ഭൗതികവും സാങ്കേതികവുമായ അസ്തിവാരം ശക്തിപ്പെടുത്തുവാനും കാർഷിക-വ്യാവസായിക സാകല്യമാകെ ബലപ്പെടുത്തുവാനുമാണ് വിനിയോഗിക്കപ്പെട്ടത്. കൂട്ടുകൃഷിക്കളങ്ങളുടേയും സ്റേററുഫാമുകളുടേയും സമ്പദ്ഘടന ഉത്തരോത്തരം ശക്തിപ്പെട്ടുവന്നു. വ്യവസായ സ്ഥാപനങ്ങളുടേയും സംഘടനകളുടേയും, അപ്രകാരംതന്നെ നഗരവാസികളുടേയും ഗ്രാമവാസികളുടേയും സബ്സിഡിയറി പ്ലോട്ടുകൾ വർദ്ധമാനമാംവിധം ഉൽപാദനക്ഷമങ്ങളായിത്തീർന്നു. നാട്ടിൻപുറത്ത് പാർപ്പിട നിർമ്മാണവും സാമൂഹ്യവും സാംസ്കാരികവുമായ അർത്ഥപ്രാധാന്യമുളള പ്രോജക്ടുകളുടെ നിർമ്മാണവും സത്വരമായ ഒരു നിരക്കിൽ മുന്നോട്ടുപോയി.

മുഖ്യതരങ്ങളിൽപെട്ട കാർഷികോൽപന്നങ്ങളുടെ ഉൽപാദനവും ക്രീണനവും അഭിവൃദ്ധിപ്പെട്ടു. മൊത്തം കാർഷികോൽപാദനത്തിന്റെ ശരാശരി വാർഷിക പരിമാണം 6 ശതമാനംകണ്ടു വർദ്ധിച്ചു 13,100 കോടി റൂബിളിലെത്തി. മാംസോൽപാദനം 10-ാം പഞ്ചവത്സരപദ്ധതികാലത്തെ അപേക്ഷിച്ചു 10 ശതമാനം കണ്ടു വർദ്ധിച്ചു. മുട്ട 18 ശതമാനം കണ്ടും. പച്ചക്കറി, പഴവർഗ്ഗങ്ങളുടെ വിളവെടുപ്പിൽ കാണത്തക്ക വർദ്ധനവുണ്ടായി.

നാനാതരം ഗതാഗതത്തിന്റെ കേവ്പരിവ് 15 ശതമാനംകണ്ടു വർദ്ധിച്ചു. ബയിക്കൽ-അമൂർ റെയിൽപാതയിൽ ഗതാഗതം ആരംഭിച്ചു. സൈബീരിയയുടേയും പൗരസ്ത്യ പ്രദേശത്തിന്റെയും വികസനത്തിൽ ഈ പാതയ്ക്കുളള പ്രാധാന്യം വമ്പിച്ചതാണ്.

സാമ്പത്തിക വളർച്ചയും സാമ്പത്തിക കാര്യക്ഷമതയുടെ ഉയർച്ചയും ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ നിലവാരങ്ങൾ ഉയർത്ത

ക സാദ്ധ്യമാക്കിത്തീർത്തു. ജനങ്ങളുടെ പ്രതിശീർഷ യഥാർത്ഥ വരുമാനം 11 ശതമാനംകണ്ടു വർദ്ധിച്ചു.

ഫാക്ടറി തൊഴിലാളികളുടേയും ഓഫീസ് ജീവനക്കാരുടേയും ശരാശരി മാസവരുമാനം 13 ശതമാനംകണ്ടു ഉയർന്ന് 1985-ൽ 190 റൂബിളിലെത്തി. കൂട്ടുകൃഷിക്കാർക്ക് കൂട്ടുകൃഷിക്കളത്തിലെ പ്രയത്നത്തിന്ന് ലഭിക്കുന്ന പ്രതിഫലം 29 ശതമാനംകണ്ടു വർദ്ധിച്ചു മാസത്തിൽ 150 റൂബിളിലധികമായി.

പ്രവൃത്തിക്കുളള പ്രതിഫലത്തിന്റെ തുറയിൽ പ്രധാനപ്പെട്ട കേന്ദ്രീകൃത നടപടികൾ പ്രാവർത്തികമാക്കപ്പെട്ടു. കൽക്കരി വ്യവസായത്തിൽ ഫാക്ടറി തൊഴിലാളികളുടേയും ഓഫീസ് ജീവനക്കാരുടേയും വേതനം വർദ്ധിച്ചു. കാർഷിക രംഗത്തിലെ തൊഴിലാളികളിൽ ഗണ്യമായ ഒരു വിഭാഗത്തിന്റെ വേതനവും വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തിലെ ജോലിക്കാരുടെ ശമ്പളം ഉയർത്തുവാനുളള ആസൂത്രിത നടപടികൾ നടപ്പാക്കപ്പെട്ടുവരുന്നു. ലഘു വ്യവസായത്തിലും ഭക്ഷണ വ്യവസായത്തിലുംഅനേകം വിഭാഗങ്ങളിൽപെട്ട തൊഴിലാളികൾക്ക് അതിരേക ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റെയിൽവേയിലും നദീഗതാഗതത്തിലും, എടുപ്പുനിർമ്മാണ കോൺട്രാക്ട് സ്ഥാപനങ്ങളിലും മററു ചില ശാഖകളിലും തൊഴിലാളികൾക്ക് സീനിയോറിട്ടി ആനുകൂല്യങ്ങൾ നടപ്പാക്കിയിരിക്കുന്നു. ഈ നടപടികളുടെയൊക്കെ ഫലമായി 2 കോടിയിൽപരം ആളുകളുടെ വേതനം ഉയർന്നു.

സാമൂഹ്യോപഭോഗനിധിയിൽനിന്നുളള പണംകൊടുപ്പും ആനുകൂല്യങ്ങളും 25 ശതമാനംകണ്ടു വർദ്ധിച്ചു. 1986-ൽ അത് ആളൊന്നുക്ക് 530 റൂബിൾ എന്ന തോതിലെത്തി.

മഹത്തായ ദേശാഭിമാനയുദ്ധത്തിൽ പങ്കെടുത്ത മുൻഭടൻമാർക്കും യുദ്ധരംഗത്ത് മരണമടഞ്ഞ യോദ്ധാക്കളുടെ കുടുംബങ്ങൾക്കും ഭൗതിക-ജീവിതസാഹചര്യങ്ങൾ അഭിവൃദ്ധിപ്പെട്ടുകിട്ടി. ഫാക്ടറി തൊഴിലാളികൾക്കും ഓഫീസ് ജീവനക്കാർക്കും കൂട്ടുകൃഷിക്കാർക്കും മിനിമം പെൻഷൻ ഉയർത്തികിട്ടി. 10 വർഷംമുമ്പ് യഥാവിധി റിട്ടയർ ചെയ്ത വലിയൊരു വിഭാഗം ഫാക്ടറി തൊഴിലാളികളുടേയും ഓഫീസ് ജീവനക്കാരുടേയും പെൻഷൻ വർദ്ധിപ്പിച്ചു. മുടക്കമില്ലാത്ത സേവനകാലത്തിന്ന് അതിരേക പെൻഷൻ വർദ്ധന ഏർപ്പെടുത്തി.

കുട്ടികളുളള കുടുംബങ്ങൾക്കും ജോലിയെടുക്കുന്ന അമ്മമാർക്കും സഹായം നൽകുവാൻ പ്രധാനപ്പെട്ട നടപടികൾ എടുത്തു. അമ്മമാർക്ക് ഇപ്പോൾ കുട്ടിക്ക് ഒരു വയസ്സ് പ്രായമാകുന്നതുവരെ ശിശുശുശ്രൂഷയ്ക്കു ഭാഗികശമ്പളത്തോടുകൂടിയ ലീവ് ലഭിക്കുന്നു. പ്രസവത്തിന്നുളള മൊത്തം സംഖ്യ ഗ്രാൻറ് വർദ്ധിപ്പിച്ചിരിക്കുന്നു. പ്രിസ്കൂൾ സ്ഥാപനങ്ങളിലും ബോർഡിങ്ങ് സ്കൂളുകളിലും ഭക്ഷണത്തിന്നുളള ചിലവ്‌വിഹിതം ഉയർത്തി. സാമാന്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സൗജന്യപാഠപുസ്തകവിതരണം നടപ്പാക്കി.

ജനങ്ങൾ മുമ്പു വാങ്ങിയ സ്റ്റേററു ബോണ്ടുകളുടെ തിരിച്ചടവ് പ്രതിവർഷം നടക്കുന്നു.

പലതരം പദാർത്ഥങ്ങളിലും സേവനങ്ങളിലും ജനങ്ങൾക്കുളള ആവശ്യങ്ങൾ പൂർണ്ണതരമായി നിറവേററിത്തുടങ്ങിയിരിക്കുന്നു. പച്ചക്കറി

കശം, ഫലവർഗ്ഗങ്ങളം, മുട്ട, മാംസം തുടങ്ങിയ അതീവ പോഷകങ്ങളായ ആഹാരയിനങ്ങളുടെ ഉപഭോഗം വർദ്ധിച്ചിട്ടുണ്ട്. ചില്ലറ വ്യാപാര ടേണോവർ 16 ശതമാനംകണ്ടു വർദ്ധിച്ചു. ദൈനംദിനസേവനങ്ങളുടെ പരിമാണം മൂന്നിലൊന്നുകണ്ടു അധികപ്പെട്ടു.

പാർപ്പിടപ്രശ്നം സുസ്ഥിരം പരിഹരിക്കപ്പെട്ടുവരുന്നു. 55 കോടി ചതുരശ്രമീററിലധികം മൊത്തം തറ വിസ്താരമുള്ള വീടുകളിൽ പാർപ്പ് തുടങ്ങിക്കഴിഞ്ഞു. 5 കോടിയിൽപരം ജനങ്ങളുടെ പാർപ്പിടസാഹചര്യങ്ങളം അഭിവൃദ്ധിപ്പെടുത്തുക ഇതുമൂലം സാദ്ധ്യമായിത്തീർന്നു. വീട്ടുസൗകര്യങ്ങളം മെച്ചപ്പെട്ടു.

വൈദ്യസേവനവും, ജനങ്ങളുടെ വിനോദത്തിന്നും വിശ്രമത്തിന്നുമുള്ള സൗകര്യങ്ങളും മെച്ചപ്പെട്ടു. പരിസരസംരക്ഷണാർത്ഥം കാര്യമായ നടപടികളം എടുത്തു.

പൊതുജനവിദ്യാഭ്യാസവ്യവസ്ഥ വികസിച്ചുകൊണ്ടിരിക്കുന്നു. സാമാന്യവിദ്യാഭ്യാസ സ്കൂളുകളും തൊഴിൽ പരിശീലന സ്കൂളുകളും പരിഷ്കരിക്കുന്ന നടപടികളം പ്രാവർത്തികമാക്കിത്തുടങ്ങി.

സംസ്കാര, കലാരംഗങ്ങളിൽ വികസനനടപടികളം തുടർന്നു. സാംസ്കാരിക, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പ്രചാരണമാദ്ധ്യമങ്ങളുടേയും പ്രവർത്തനങ്ങളം പൂർവ്വാധികം അഭിവൃദ്ധിപ്പെട്ടു.

യൂണിയൻ റിപ്പബ്ലിക്കുകളുടെ സമ്പദ്വിധാനങ്ങളം പദ്ധതിയനുസരിച്ച് വികസിച്ചുവന്നു. അവയോരോന്നും ദേശീയകടമകളുടെ നിർവ്വഹണത്തിലേക്ക് മഹത്തരമായ സംഭാവന ചെയ്തുവരുന്നു. വങ്കിടയിലുള്ള ടെറിട്ടോറിയൽ-വ്യാവസായിക സാകല്യങ്ങളുടെ രൂപീകരണവും വികസനവും തുടർന്നു. രാജ്യത്തിന്റെ കിഴക്കും വടക്കും ഭാഗങ്ങളിലെ പ്രകൃതിസമ്പത്ത് ത്വരിതഗതിയിൽ വികസിച്ചുവരുന്നു. പടിഞ്ഞാറെ സൈബീരിയ ഇപ്പോഴം രാജ്യത്തിന്റെ എണ്ണയുടെ മൂന്നിൽ രണ്ടംശവും വാതകത്തിന്റെ പകുതിയിലേറെയും ഉൽപാദിപ്പിക്കുന്നു.

ഭരണനിർവ്വഹണവും സാമ്പത്തികമാനേജ്മെൻറും മെച്ചപ്പെടുത്തുവാനും ശിക്ഷണനിലവാരം ഉയർത്തുവാനും ദേശീയസമ്പദ്വിധാനത്തിന്റെ സമസ്ത നിലവാരങ്ങളിലും സുഗമമായ സംവിധാനം ഏർപ്പെടുത്തുവാനും കൈക്കൊള്ളപ്പെട്ട നടപടികളം വമ്പിച്ച പ്രാധാന്യമർഹിക്കുന്നവയാണ്.

വ്യവസായത്തിലും കൃഷിയിലും ഇതര മേഖലകളിലും സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിപ്പിക്കുകയും അസോസിയേഷനുകളുടേയും സ്ഥാപനങ്ങളുടേയും ഉത്തരവാദിത്വങ്ങളം ഉയർത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപാദനത്തിന്റെ ഭേദപ്പെട്ട അററഫലങ്ങളം കൈവരിക്കുകയും ലക്ഷ്യമാക്കി സാമ്പത്തികപരീക്ഷണങ്ങളം നടത്തപ്പെട്ടുവരുന്നു, കോസ്റ്റു അക്കൗണ്ടിങ്ങ് അധികാധികം വ്യാപകമായി പ്രാവർത്തികമാക്കപ്പെടുന്നു. കൂട്ടായ പ്രവർത്തനസംഘാടനത്തിന്റേയും ചോദനത്തിന്റേയും കാര്യക്ഷമമായ രൂപങ്ങളംക്കും രീതികളംക്കും, ടീം കോൺട്രാക്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ളവയ്ക്ക് വിശേഷിച്ചും, കൂടുതൽ പ്രചാരം സിദ്ധിച്ചിരിക്കുന്നു.

ജനകീയഡിപ്യൂട്ടികളുടെ സോവിയററുകളും ട്രേഡ്‌യൂണിയനുകളും യുവകമ്യൂണിസ്റ്റ് ലീഗും സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിൽ മഹത്തരമായ പങ്കു വഹിച്ചുവരുന്നു. മാനേജ്മെൻറിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭാഗഭാഗിത്തം വിപുലപ്പെട്ടു. യു. എസ്. എസ്. ആർ. തൊഴിൽ കൂട്ടായ്മനിയമം അംഗീകരിക്കപ്പെട്ടു. അതു നടപ്പാക്കപ്പെട്ടുവരുന്നു. സമാന്യജനങ്ങളുടെ അദ്ധ്വാനവ്യവഹാരങ്ങൾ വളർന്നു. സോഷ്യലിസ്റ്റ് മൽസരസംഘാടനം മെച്ചപ്പെട്ടു.

നമ്മുടെ രാജ്യം അന്തർദ്ദേശീയ അദ്ധ്വാനവിഭജനത്തിൽ അധികാധികം സജീവമായ പങ്കു വഹിച്ചുവരുന്നു. സോവിയററ് യൂണിയൻ പരസ്പര സാമ്പത്തിക സഹായസമിതിയിലെ അംഗരാജ്യങ്ങളുമായും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളുമായും വളരെ വ്യാപകമായ തോതിൽ സഹകരിച്ചുവരുന്നു. സോഷ്യലിസ്റ്റ് സാമ്പത്തികോദ്ഗ്രഥനം ഊട്ടിയുറപ്പിക്കപ്പെട്ടു. സി. എം. ഇ. എ. അംഗരാജ്യങ്ങളുടെ സാമ്പത്തിക ഉച്ചകോടി സമ്മേളനത്തിൻെറ തീരുമാനങ്ങൾ പ്രകാരമുളള നടപടികൾ നടപ്പാക്കപ്പെട്ടുവരുന്നു.

സോവിയററ് യൂണിയൻെറ വിദേശവ്യാപാര ടേണോവർ വർദ്ധിച്ചു. അതിൻെറ സാമ്പത്തികബന്ധങ്ങൾ വിപുലപ്പെട്ടു. ഇന്നു സോവിയററ് യൂണിയന്ന് 145 രാജ്യങ്ങളുമായി വാണിജ്യബന്ധങ്ങളുണ്ട്.

അതേ സമയം, സമ്പദ്വിധാനത്തിൽ വികസനത്തിൻെറ ഒരു മന്ദഗതി സംഭവിച്ചു. ഉൽപാദനത്തിൻെറ തീവ്രീകരണവും ഉൽപാദനഘടനയുടേയും ഭരണനിർവ്വഹണ-സാമ്പത്തികമാനേജ്മെൻറ് സമ്പ്രദായങ്ങളുടേയും പുനർനിർമ്മാണവും അപര്യാപ്തമായാണ് അനുവർത്തിക്കപ്പെട്ടത്. വ്യവസായത്തിൽ നൂതന സങ്കേതങ്ങളും സാങ്കേതികവിദ്യകളും പര്യാപ്തമാംവിധം ഉയർന്ന നിരക്കുകളിലല്ല സ്വായത്തമാക്കപ്പെട്ടത്. ഉപഭോഗസാധനങ്ങളടക്കമുളള പലയിനങ്ങളുടേയും സാങ്കേതികനിലവാരവും ഗുണനിലവാരവും ഇന്നത്തെ ആവശ്യങ്ങൾക്ക് ഒത്തു ഉയർന്നില്ല. ഉൽപന്നങ്ങളുടെ ഡെലിവറികൾക്കുളള കോൺട്രാക്ട് ലംഘിക്കപ്പെട്ട അനുഭവങ്ങൾ ഉണ്ട്. ചില റിപ്പബ്ലിക്കുകൾക്കും മന്ത്രാലയങ്ങൾക്കും ഉൽപാദന അസോസിയേഷനുകൾക്കും വ്യവസായസ്ഥാപനങ്ങൾക്കും ഉൽപാദനപരിമാണം, അദ്ധ്വാനോൽപാദനക്ഷമത, ഉൽപാദനച്ചിലവും പ്രവർത്തനച്ചിലവും, പദാർത്ഥങ്ങളും വിഭവങ്ങളും ലാഭിക്കൽ, ഉൽപാദനശേഷികൾ ഉപയോഗപ്പെടുത്തൽ എന്നിവ സംബന്ധിച്ച പദ്ധതിക്കുറിമാനങ്ങൾ പ്രാപിക്കുവാൻ കഴിഞ്ഞില്ല. ജനങ്ങൾക്കു ചില ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിൽ പ്രയാസങ്ങൾ നിലനിൽക്കുന്നു.

സാർവ്വദേശീസ്ഥിതി വഷളായതുനിമിത്തം, സോവിയററ് ജനതയ്ക്ക് സമാധാനപരമായ ജീവിതം മുന്നുറപ്പു ചെയ്യത്തക്ക ഒരു നിലവാരത്തിൽ രാജ്യരക്ഷാശേഷി നിലനിർത്തുന്നതിന്നുവേണ്ടി അതിരേക നടപടികൾ കൈക്കൊളളുവാൻ സോവിയററ് യൂണിയൻ നിർബ്ബന്ധിതമായി.

മൊത്തത്തിൽ, നമ്മുടെ രാജ്യം സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിൻെറ സമസ്ത മണ്ഡലങ്ങളിലും മുന്നേറിയിട്ടുളളതായി കഴിഞ്ഞ പഞ്ചവൽസരപദ്ധതിക്കാലത്തിൻെറ ഫലങ്ങൾ കാട്ടുന്നു.

# II. 2000-ാമാണ്ടിലവസാനിക്കുന്ന കാലഘട്ടത്തിലേക്കുള്ള സോവിയററു യൂണിയന്റെ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്റെ മാർഗ്ഗരേഖകളും കടമകളും

അടുത്ത 15 വർഷങ്ങൾ നമ്മുടെ രാജ്യത്തെ സംബന്ധിച്ചേടത്തോളം സോഷ്യലിസത്തെ തികവുററതാക്കുകയും കമ്യൂണിസത്തെ പടുത്തുയർത്തുകയും ചെയ്യുന്ന രാജപാതയിൽ ചരിത്രപ്രധാനമായ ഒരു കാലഘട്ടമാകുന്നു.

*പാർട്ടിയുടെ സാമ്പത്തികകർമ്മതന്ത്രത്തിന്റെ പരമോന്നത ലക്ഷ്യം ജനങ്ങളുടെ ഭൗതിക-സാംസ്കാരിക നിലവാരങ്ങളിൽ ക്രമപ്രവൃദ്ധമായ ഉയർച്ചയെ പ്രോൽസാഹിപ്പിക്കുക എന്നതായിരുന്നിട്ടുണ്ട്, തുടർന്നും ആയിരിക്കുകയും ചെയ്യും. വരും കാലഘട്ടത്തിൽ ഈ ലക്ഷ്യം പ്രാപിക്കുന്നതിന്ന് വേണ്ടി നാം സാമൂഹ്യ-സാമ്പത്തിക വികസനത്തെ ത്വരിപ്പിക്കേണ്ടതുണ്ട്; ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ അടിസ്ഥാനത്തിൽ ഉൽപാദനത്തിന്റെ സർവ്വതോമുഖമായ തീവ്രീകരണവും ഉൽപാദനത്തിന്റെ കാര്യക്ഷമതയിൽ വർദ്ധനയും നടപ്പാക്കേണ്ടതുമുണ്ട്.* നാം ഉൽപാദകശക്തികളേയും ഉൽപാദനബന്ധങ്ങളേയും ഗുണപരമായി പുതിയൊരു നിലവാരത്തിലേക്കുയർത്തണം; ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ഗണ്യമാംവിധം ത്വരിപ്പിക്കണം; സമ്പത്തികവികാസത്തിന്റെ സമസ്ത കർമ്മതന്ത്ര തുറകളിലും സത്വര പുരോഗതി ഉറപ്പുവരുത്തണം; മുൻ വർഷങ്ങളിൽ മുഴുവൻ സഞ്ചയിക്കപ്പെട്ട അളവിന്ന് തുല്യമായ തോതിൽ ഉൽപാദനശേഷി വളർത്തണം.

ഇതിനെ ആധാരമാക്കി 2000-മാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിൽ താഴെപറയുന്ന കാര്യങ്ങൾ നിറവേററേണ്ടതാവശ്യമായി കണക്കാക്കപ്പെടുന്നു:

*ജനങ്ങളുടെ എല്ലാ ഖണ്ഡങ്ങളുടേയും സാമൂഹ്യ വിഭാഗങ്ങളുടേയും ജീവിതസൗകര്യങ്ങളിൽ തുടർന്നുള്ള ഉയർച്ച ഉറപ്പുവരുത്തുക; ജനങ്ങളുടെ തൊഴിൽ-ജീവിതസാഹചര്യങ്ങളുടെ തുറയിൽ അഗാധതലസ്പർശികളായ മാററങ്ങൾ കൈവരുത്തുക.* സമ്പദ്വിധാനവികസനത്തിലെ സാമൂഹ്യമായ ചായ്വ് ഊർജ്ജിതപ്പെടുത്തുകയും വ്യക്തിയുടെ സമഞ്ജസമായ വികാസത്തിന്നും സോഷ്യലിസ്റ്റുജീവിതരീതിയുടെ ദൃഢീകരണത്തിന്നും ഭേദപ്പെട്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്കുള്ള വികസനത്തിന്റെ പ്രവണത വർദ്ധിപ്പിക്കുക.

വ്യാപകമായ ഒരു സാമൂഹ്യപരിപാടി നടപ്പാക്കുക. പ്രതിശീർഷ യഥാർത്ഥവരുമാനം 60 മുതൽ 80 വരെ ശതമാനം കണ്ട് ഉയർത്തുക.

ആത്മാർത്ഥമായ ഉൽകൃഷ്ടാദ്ധ്വാനത്തിന്നും തൊഴിൽ പാടവങ്ങൾക്കുമുള്ള സാമൂഹ്യാന്തസ്സ് ഉയർത്തുക. അദ്ധ്വാനോൽപാദനക്ഷമത വളരുന്നതിന്നനുസരിച്ച് പ്രവൃത്തിക്കുള്ള വേതനം വർദ്ധിപ്പിക്കുക

യും പ്രതിഫലത്തിന്റെ രൂപങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. തൊഴിൽ കൂട്ടായ്മകൾക്കും തനിപ്പെട്ട തൊഴിലാളികൾക്കും പൂർവ്വാധികം ധാർമ്മിക പ്രോൽസാഹനം നൽകുന്നകാര്യത്തിൽ പ്രാഥമിക ശ്രദ്ധ ചെലുത്തുക. ഓരോ വ്യക്തിയും പൊതുനൻമയ്ക്കായി ആത്മാർത്ഥമായി ജോലിചെയ്യേണ്ടതിന്റെ ആവശ്യകതയെപ്പററിയുള്ള ബോധം കൂടുതൽ സജീവമായി വളർത്തുക; തന്റെ പ്രവൃത്തിയുടെ ഫലങ്ങളെ സംബന്ധിച്ചേടത്തോളം വ്യക്തിക്ക് സമുദായത്തിന്റെ മുമ്പാകെയുള്ള ഉത്തരവാദിത്തബോധവും വളർത്തുക.

ജനങ്ങൾക്ക് പൂർണ്ണവും ഉചിതവുമായ ജോലി ഉറപ്പുവരുത്തുക. തൊഴിൽ സാഹചര്യങ്ങൾ കാര്യമായുയർത്തുക. കായികാദ്ധ്വാനം കൂടുതൽ വേഗത്തിൽ കുറച്ചുകൊണ്ടുവരുവാനും ഉൽപാദനത്തുറയിൽ അതിന്റെ വിഹിതം 15 – 20 ശതമാനമാക്കിച്ചുരുക്കുവാനും പരിശ്രമിക്കുക. സമസ്തപൗരരുടേയും സർഗ്ഗശേഷികൾ വികസിപ്പിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന്ന് കൂടുതൽ വിപുലമായ അവസരങ്ങൾ പ്രദാനം ചെയ്യുക.

ഉയർന്ന ഗുണമുള്ള വൈവിദ്ധ്യപൂർണ്ണമായ സാധനങ്ങൾക്കും സേവനങ്ങൾക്കുമുള്ള സോവിയററു ജനതയുടെ വർദ്ധമാനമായ ആവശ്യങ്ങൾ പൂർണ്ണതരമായി തൃപ്തിപ്പെടുത്തുക. ഒരു വലിയ വിഭാഗം ചരക്കുകളെ സംബന്ധിച്ചേടത്തോളം ഭക്ഷണപദാർത്ഥങ്ങളുടേയും ഭക്ഷണപദാർത്ഥങ്ങളൊഴിച്ചുള്ള അടിസ്ഥാനചരക്കുകളുടേയും യുക്തിയുക്തമായ ഉപഭോഗത്തിന്നുള്ള ശാസ്ത്രാധിഷ്ഠിതമാനകങ്ങളുടെ നിലവാരം കൈവരിക്കുകയും അവശേഷിക്കുന്നവയെ സംബന്ധിച്ചേടത്തോളം ആ നിലവാരത്തിന്ന് തൊട്ടടുത്ത് എത്തുകയും ചെയ്യുക. സ്റ്റേററ് വാണിജ്യത്തിന്റേയും സഹകരണവാണിജ്യത്തിന്റേയും ചില്ലറ ടേണോവർ ഏതാണ്ട് 80 ശതമാനം കണ്ടു വർദ്ധിപ്പിക്കുക. അതീവ വികസിതമായ ഒരു സർവ്വീസ് വ്യവസായം പടുത്തുയർത്തുക. എന്നിട്ടു ഇതിന്റെ അടിസ്ഥാനത്തിൽ വീട്ടുജോലിക്ക്വേണ്ടിവരുന്ന അദ്ധ്വാനച്ചിലവ് ഗണ്യമായി വെട്ടിച്ചുരുക്കുക. കൂടുതൽ ഉയർന്നനിലവാരത്തിലുള്ള ഉപഭോഗത്തെ, സോഷ്യലിസ്റ്റു ജീവിതരീതിക്ക് ഒത്ത് ബുദ്ധിപൂർവ്വകമായ ആവശ്യങ്ങൾ രൂപവീകരിക്കുന്നതിനെ, പ്രോൽസാഹിപ്പിക്കുക. വ്യക്തിയുടെ സമഞ്ജസമായ വികാസത്തിലേക്കും അവന്റെ സാംസ്കാരികാവശ്യങ്ങളുടെ ഉന്നമനത്തിലേക്കും സംഭാവന ചെയ്യുക.

ഫലത്തിൽ ഓരോ കൂടുംബത്തിനും ഒരു ഫ്ളാറേറാ വീടോ നൽകുക എന്ന അടിസ്ഥാനസാമൂഹ്യകടമ കൊണ്ടുപിടിച്ചു നിറവേററുക. 200 കോടി ചതുരശ്രമീറററിൽ കുറയാതെ മൊത്തം തറവിസ്താരത്തോടുകൂടിയ ഭവനശേഖരങ്ങൾ ഉപയോഗത്തിന്നൊരുക്കുക. പട്ടണങ്ങളുടേയും ഗ്രാമങ്ങളുടേയും സുഖസൗകര്യങ്ങൾ മെച്ചപ്പെടുത്തുക; പാർപ്പിടങ്ങൾ പരിപാലിക്കുക.

സാമൂഹ്യോപഭോഗനിധിയുടെ ത്വരിതവളർച്ചയിലേക്കുള്ള ഗതിക്രമം തുടരുക. സൗജന്യപൊതുജനവിദ്യാഭ്യാസത്തിന്റേതും ആരോഗ്യസേവനത്തിന്റേതും സാമൂഹ്യരക്ഷയുടേതുമായ ദേശീയ വിധാനങ്ങൾ തുടർന്നു വികസിപ്പിക്കുന്നകാര്യത്തിലും അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് വിനോദ-വിശ്രമസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നകാര്യത്തിലും പ്രധാന

പ്പെട്ടൊരു ഉപകരണമാണ് ഈ നിധി. ഈ നിധിയുടെ പരിമാണം ഏതാണ്ട് ഇരട്ടിയാക്കി വർദ്ധിപ്പിക്കുക.

രാജ്യത്തിന്റെ വിവിധഭാഗങ്ങളുടെ വ്യതിരിക്ത ലക്ഷണങ്ങളെ പൂർണ്ണതരമായി കണക്കിലെടുക്കുന്ന ഒരു ജനസംഖ്യാനയം പിന്തുടരുക. ജനങ്ങളുടെ ആയുർദൈർഘ്യവും സജീവമായി ജോലിചെയ്യാവുന്ന കാലയളവും വർദ്ധിപ്പിക്കുവാനും കുടുംബത്തെ ദൃഢപ്പെടുത്തുവാനും, ഇളം തലമുറയെ വളർത്തികൊണ്ടുവരുന്നതിന്ന് കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും, മാതൃത്വത്തെ അദ്ധ്വാന-സാമൂഹ്യ പ്രവർത്തനങ്ങളിലെ സ്ത്രീകളുടെ ഭാഗഭാഗിത്വവുമായി കൂട്ടിയിണക്കുവാനും സർവ്വവിധേനയും പ്രോൽസാഹനം നൽകുക. ശിശുക്കളുള്ള കുടുംബങ്ങൾക്കും യുവ കുടുംബങ്ങൾക്കുമുള്ള സ്റ്റേററ് സഹായം വിപുലപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

യുദ്ധരംഗത്തും അദ്ധ്വാനരംഗത്തും സേവനമനുഷ്ഠിച്ചു പിരിഞ്ഞവർക്കും പ്രായംചെന്ന പൗരർക്കും വികലാംഗർക്കും ജീവിതസൗകര്യങ്ങളുടേയും സാമൂഹ്യ-ദൈനന്ദിനസേവനങ്ങളുടേയും നിലവാരം ഉയർത്തുക. സാമൂഹ്യാദ്ധ്വാനത്തിൽ പങ്കെടുക്കുന്നതിന്ന്, ജോലി ചെയ്യുവാൻ ഇച്ഛിക്കുന്ന പെൻഷൻ പ്രായക്കാർക്ക് അതിന്ന് പൂർവ്വാധികം അവസരങ്ങൾ സൃഷ്ടിക്കുക. മററു മാർഗ്ഗങ്ങളുടെ കൂട്ടത്തിൽ, മിനിമം പെൻഷൻ ഉയർത്തിയും, കൂട്ടുകൃഷിക്കാരുടേയും ഫാക്ടറി തൊഴിലാളികളുടേയും ഓഫീസ് ജീവനക്കാരുടേയും സാമൂഹ്യപരിപാലനത്തിന്റെ സാഹചര്യങ്ങളും നിലവാരങ്ങളും പടിപടിയായി സമീകരിച്ചും സാമൂഹ്യരക്ഷാവ്യവസ്ഥ മെച്ചപ്പെടുത്തുക.

സോവിയററു ജനങ്ങൾക്ക് ആരോഗ്യസംവർദ്ധക നടപടികളുടെ ഒരു സംഹിത നടപ്പാക്കുക. ആരോഗ്യസേവനത്തിന്റെ ഗുണനിലവാരം സുസ്ഥിരം അഭിവൃദ്ധിപ്പെടുത്തുക; രാജ്യവ്യാപകമായി ക്രമമായ പ്രതിരോധ വൈദ്യപരിശോധനയിലേക്ക് മുന്നോട്ടുപോകുക. മാതൃ-ശിശു ആരോഗ്യശുശ്രൂഷയ്ക്കുള്ള നടപടികൾ വർദ്ധിപ്പിക്കുക, ആരോഗ്യസ്ഥാപനങ്ങളുടെ വലക്കെട്ട് ത്വരിതനിരക്കിൽ വികസിപ്പിക്കുക. അപ്രകാരംതന്നെ സാനട്ടോറിയങ്ങൾ, വിശ്രമമന്ദിരങ്ങൾ, ബോർഡിങ്ങ് ഹൗസുകൾ, ടൂറിസ്റ്റു സംഘടനകൾ എന്നിവയുടെ വലക്കെട്ടും വികസിപ്പിക്കുകയും അവ പ്രദാനം ചെയ്യുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

ജനങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ നിലവാരങ്ങളുടെ ഉന്നമനം ഉറപ്പുചെയ്യുകയും അവരുടെ ധൈഷണികാവശ്യങ്ങൾ പൂർണ്ണതരമായി നിറവേററുകയും ചെയ്യുക. സോവിയററു ജനങ്ങളുടെ, വിശേഷിച്ചും യുവജനങ്ങളുടെ ദേശാഭിമാനപരമായ വിദ്യാഭ്യാസം ഊർജ്ജിതപ്പെടുത്തുക. ദേശീയ സാംസ്കാരികപൈതൃകം കാത്തുസൂക്ഷിക്കുകയും വിപുലപ്പെടുത്തുകയും, ദേശീയവും വിദേശീയവുമായ ചരിത്ര-സംസ്കാര സ്മാരകങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്ന പ്രവർത്തനം പൂർവ്വാധികം സജീവമായി നിർവ്വഹിക്കുക.

സാമാന്യവിദ്യാലയങ്ങളുടേയും തൊഴിൽ അഭ്യാസവ്യവസ്ഥയുടേയും പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുക. സ്പെഷ്യലൈസ്ഡ്

സെക്കണ്ടറി വിദ്യാഭ്യാസവും ഹയർ വിദ്യാഭ്യാസവും വികസിപ്പിക്കുക. സ്പെഷ്യലിസ്റ്റുകൾക്ക് നൽകപ്പെടുന്ന പരിശീലനത്തിന്റെ ഗുണനിലവാരം ഉയർത്തുക. ജോലിക്കാരുടെ, ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പുതിയരംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ വിശേഷിച്ചും, യോഗ്യതകൾ വർദ്ധിപ്പിക്കുക.

എല്ലാ ജനവിഭാഗങ്ങളുടേയും ഒഴിവുസമയ വ്യാപാരങ്ങളുടെ രൂപങ്ങളും സംവിധാനവും അഭിവൃദ്ധിപ്പെടുത്തുക. പ്രസക്ത തൊഴിലാളികളുടെ അദ്ധ്വാനസംഭാവനയിലുള്ള വർദ്ധന കണക്കിലെടുത്തുകൊണ്ട് വേതനത്തോടുകൂടിയ ഒഴിവുകാലം ദീർഘിപ്പിക്കുക. കൂട്ടായ തോട്ടകൃഷി നെടുങ്ങനെ വികസിപ്പിക്കുക.

കായികാഭ്യാസത്തിന്റെയും സ്പോർട്സിന്റെയും ബഹുജനാടിസ്ഥാനത്തിലുള്ള വികാസത്തെ പ്രോൽസാഹിപ്പിക്കുക. രാജ്യവ്യാപകമായാടിസ്ഥാനത്തിൽ ദൈനന്ദിനജീവിതത്തിൽ അവ ഏർപ്പെടുത്തി അതിനെ ഉത്തേജിപ്പിക്കുക.

പരിസരസംരക്ഷണപ്രവർത്തനം കൊണ്ടുപിടിച്ചു നടത്തുക.

*ഉൽപാദനം മുഖ്യാംശത്തിൽ നെടുങ്ങനെയുള്ള വികസനപാതയിലേക്ക് മാററി പ്രതിഷ്ഠിക്കുകയും, സാമൂഹ്യാദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമതയിൽ പ്രമുഖമായ ഒരു ഉയർച്ച കൈവരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൻ സമ്പത്തികവളർച്ചനിരക്ക് ത്വരിപ്പിക്കുകയും ചെയ്യുക.* രാജ്യത്തിന്റെ ദേശീയവരുമാനം ഏതാണ്ട് ഇരട്ടിയായി വർദ്ധിപ്പിക്കുക.

അദ്ധ്വാനോൽപാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട്തന്നെ, ദേശീയ വരുമാനത്തിലും ഭൗതികോൽപാദനത്തിന്റെ സമസ്ത ഖണ്ഡങ്ങളുടേയും ഉൽപന്നങ്ങളിലും വർദ്ധന ഉറപ്പുവരുത്തുക. സാമൂഹ്യാദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമത 130 മുതൽ 150 വരെ ശതമാനം കണ്ട് വർദ്ധിപ്പിക്കുക. സാമൂഹ്യാദ്ധ്വാനോൽപാദനക്ഷമതയിൽ ലോകതോതിനെക്കാൾ ഉയർന്ന ഒരു നിലവാരം കൈവരിക്കുക എന്ന പരിപാടിപ്രകാരമുള്ള കടമ നിറവേററുന്നതിൽ നിർണ്ണായകമായ ഒരു ചുവടുവെപ്പു നടത്തുക.

മിതവ്യയവ്യവസ്ഥ സുസ്ഥിരം ബലപ്പെടുത്തുക. ഉൽപാദനം കടുങ്ങനെയാക്കുന്നതിൽ ഒരു മുഖ്യഘടകമാണത്. വിഭവങ്ങളുടെ മിച്ചിപ്പ് ദേശീയ സമ്പദ്വിധാനത്തിന്റെ വർദ്ധമാനമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാനുള്ള നിർണ്ണായകമായ ഒരു മാർഗ്ഗമാക്കിത്തീർക്കുക. വിഭവങ്ങളുടെ വിനിയോഗം ചുരുക്കിക്കൊണ്ടു ഇന്ധനം, വിദ്യുച്ഛക്തി, അസംസ്കൃതപദാർത്ഥങ്ങൾ, സപ്ലൈകൾ എന്നിവയ്ക്കുള്ള വർദ്ധമാനമായ ആവശ്യകത 75–80 ശതമാനത്തോളം കണ്ടു നിറവേററുവാൻ നോക്കുക. ദേശീയ സമ്പദ്വിധാനത്തിന്റെ യൂണിററ് ഒന്നുക്കുള്ള വിദ്യുച്ഛക്തി ഉപഭോഗം 30 ശതമാനത്തിൽ കുറയാതേയും ഉരുക്കുപഭോഗം 50 ശതമാനത്തോളം കണ്ടും താഴ്ത്തുക. പ്രകൃതിവിഭവങ്ങളും പദാർത്ഥ വിഭവങ്ങളും സമഗ്രമായ ഒരു രീതിയിൽ ഉപയോഗപ്പെടുത്തുക. നഷ്ടങ്ങളും വൃഥാ ചിലവും പരമാവധി ഇല്ലാതാക്കുക, അപ്രധാനവിഭവങ്ങളും ഉപോൽപന്നങ്ങളും വ്യാപകമായുപയോഗപ്പെടുത്തുക.

മൂലധനനിക്ഷേപങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക; അവ മുൻഗണനാഖണ്ഡങ്ങളിൽ, സർവ്വോപരി അടിസ്ഥാന ഉൽപാദനാസ്തി

കൾ നവീകരിക്കുന്നതിൽ, കേന്ദ്രീകരിക്കുക. വ്യവസായസ്ഥാപനങ്ങളുടെ സാങ്കേതികപുനഃസജ്ജീകരണത്തിലേക്കും പുനർനിർമ്മാണത്തിലേക്കും തിരിച്ചുവിടപ്പെടുന്ന നിധികളുടെ വിഹിതം ഗണ്യമായി വർദ്ധിപ്പിക്കുക. മൂലധനനിക്ഷേപങ്ങളുടെ ത്വരിതതരമായ വീണ്ടെടുപ്പ് ഉറപ്പുചെയ്യുക.

അടിസ്ഥാന ഉൽപാദന ആസ്തികളുടെ വിനിയോഗം മെച്ചപ്പെടുത്തുക; ശേഷികളുടേയും സാമഗ്രികളുടേയും പൂർണ്ണോപയോഗം ഉറപ്പുചെയ്യുക; മൂലധനോൽപാദനക്ഷമതയിൽ വർദ്ധനയ്ക്കുവേണ്ടി പരിശ്രമിക്കുക.

*ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുടെ സർവ്വതോമുഖമായ ത്വരണവും, വ്യവസായത്തിലും മാനേജ്മെന്റിലും സേവനമണ്ഡലത്തിലും ദൈനംദിനജീവിതത്തിലും അതിന്റെ ഫലങ്ങളുടെ സാമാന്യവിനിയോഗവും ഉറപ്പുചെയ്യുക.*

ദേശീയ സമ്പദ്വിധാനത്തെ ശാസ്ത്രത്തിന്റെയും എഞ്ചിനിയറിങ്ങിന്റെയും സാങ്കേതികവിദ്യയുടേയും മുന്നിരയിലേക്ക് കൊണ്ടുവരിക. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി കൈവരിക്കുന്നതിന്ന് സോഷ്യലിസത്തിൽ അന്തർഹിതമായ രൂപങ്ങളും രീതികളും പൂർവ്വാധികം ഫലപ്രദമായുപയോഗപ്പെടുത്തുക. ശാസ്ത്രവും ഉൽപാദനവും തമ്മിലുള്ള ഉദ്ഗ്രഥനം ഊട്ടിയുറപ്പിക്കുക. ദേശീയ സമ്പദ്വിധാനത്തിൽ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ ഗവേഷണത്തിന്നും സ്വാംശീകരണത്തിന്നുംവേണ്ട സംവിധാനം അഭിവൃദ്ധിപ്പെടുത്തുകയും സമയം കുറയ്ക്കുകയും ചെയ്യുക.

ഉൽപന്നങ്ങളുടേയും സേവനങ്ങളുടേയും ഗുണം അത്യുത്തമ ദേശീയ സിദ്ധികളുടേയും വിദേശകസിദ്ധികളുടേയും നിലവാരത്തിലേക്കുയർത്തുക.

*ഒററ ദേശീയ സമ്പത്തിക സാകല്യത്തിന്റെ* ഊർജ്ജസ്വലവും സന്തുലിതവുമായ വികസനത്തിന്നും അതിന്റെ എല്ലാ ഖണ്ഡങ്ങളുടേയും കാര്യക്ഷമമായ പരസ്പരപ്രവർത്തനത്തിന്നും ഉറപ്പുചെയ്യുക. ദേശീയ സമ്പദ്വിധാനത്തിന്റെ ഘടനയിൽ ക്രമാനുഗതമായ മാററങ്ങൾ നടപ്പാക്കുക.

ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയേയും സാമൂഹ്യകടമകളുടെ പരിഹാരത്തേയും നിർണ്ണയിക്കുന്ന ശാഖകളേയും വ്യവസായങ്ങളേയും മുൻഗണനാനിരക്കിൽ വികസിപ്പിക്കുക.

വ്യാവസായികോൽപാദനം 100 ശതമാനത്തിൽ കുറയാതെ കണ്ടു വർദ്ധിപ്പിക്കുക.

ഘനവ്യവസായം അനുക്രമം വളർത്തുക. രാജ്യത്തിന്റെ സമ്പദ്വിധാനത്തിന്റെ അടിത്തറയാണത്. ദേശീയ സമ്പദ്വിധാനത്തിന്ന് ഉൽപാദനോപകരണങ്ങൾ സപ്ലൈ ചെയ്യുന്ന അസ്തിവാരമാണത്.

മെക്കാനിക്കൽ എഞ്ചിനിയറിങ്ങിന്റെ വികസനം സാരമായി ത്വരിപ്പിക്കുക. നിർമ്മിതസാധനങ്ങളുടെ സാങ്കേതികനിലവാരത്തിൽ സമൂലമായ ഉയർച്ച കൈവരുത്തുക. അദ്ധ്വാനോൽപാദനക്ഷമത പല മടങ്ങ് വർദ്ധിപ്പിക്കുകയും പദാർത്ഥനഷ്ടങ്ങൾ ഗണ്യമായി വെട്ടിക്കുറയ്ക്കു

കയും ചെയ്തുകൊണ്ട്, പുതിയ തലമുറകളിൽപെട്ട യന്ത്രസാമഗ്രികൾ സൃഷ്ടിക്കുകയും അവയുടെ ഉൽപാദനം സ്വായത്തമാക്കുകയും ചെയ്യുന്നതിന്നുറപ്പുവരുത്തുക. യന്ത്രങ്ങളുടെ ഉൽപാദനത്തിന്ന് വേണ്ട ഭൗതികവും ശാസ്ത്രീയവും സാങ്കേതികവുമായ അടിസ്ഥാനം ഉറ്റിയുറപ്പിക്കുക.

ഇന്ധന-ഊർജ്ജസാകല്യം കൂടുതൽ കാര്യക്ഷമമായി വികസിപ്പിക്കുക. യു. എസ്. എസ്. ആറിന്റെ ഊർജ്ജപരിപാടി നടപ്പാക്കുക. രാജ്യത്തിന്റെ ഇന്ധന-ഊർജ്ജസന്തുലനം മെച്ചപ്പെടുത്തുക. അണുശക്തി നിലയങ്ങളിലെ വിദ്യുച്ഛക്തി ഉൽപാദനം 400–600 ശതമാനത്തിൽ കുറയാതെ കണ്ടും വാതകത്തിന്റെ ഉൽപാദനം 60–80 ശതമാനം കണ്ടും വർദ്ധിപ്പിക്കുക. പരമ്പരാഗതമല്ലാത്തവയും വീണ്ടും ഉപയോഗിക്കാവുന്നവയുമായ ഊർജ്ജ സ്രോതസ്സുകൾ കൂടുതൽ വ്യാപകമായുപയോഗപ്പെടുത്തുക.

ലോഹകർമ്മത്തിലും രാസവ്യവസായത്തിലും ഘടനാസാമഗ്രികൾ ഉൽപാദിപ്പിക്കുന്ന മററു വ്യവസായങ്ങളിലും അഗാധതലസ്പർശികളായ ഗുണാത്മകമാററങ്ങൾ വരുത്തുക. കൂടുതൽ ആദായകരമായ തരങ്ങളിലുള്ള ലോഹോൽപന്നങ്ങളുടേയും മൗലികമായി പുതിയ രാസപദാർത്ഥങ്ങളുടേയും എടുപ്പുനിർമ്മാണസാമഗ്രികളുടേയും മുൻപന്തിയിലുള്ള മററു സാധനങ്ങളുടേയും വൈവിദ്ധ്യവും ഉൽപാദനവും വർദ്ധിപ്പിക്കുക.

യു എസ്. എസ്. ആർ. ഭക്ഷണപരിപാടിയിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം കാർഷികോൽപാദനത്തിൽ രാജ്യത്തിന്റെ ആവശ്യങ്ങൾ പൂർണ്ണമായവിൽ തൃപ്തിപ്പെടുത്തുന്നതിന്നും കൃഷിയുടെ ഭൗതികവും സാങ്കേതികവുമായ അസ്തിവാരം തുടർന്നു ശക്തിപ്പെടുത്തുന്നതിനും നാട്ടിൻപുറത്തിന്റെ സാമൂഹ്യപുനർനിർമ്മാണത്തിന്നുമുള്ള കർമ്മപദ്ധതി സുസ്ഥിരം പ്രാവർത്തികമാക്കുക. കർഷിക-വ്യാവസായിക സാകല്യത്തിന്റെ ശാഖകളുടെ ത്വരിതവും ആനുപാതികവുമായ വികസനം നിർവ്വഹിക്കുകയും ഈ ആവശ്യങ്ങൾക്കായി വകയിരുത്തപ്പെട്ട എല്ലാ തരങ്ങളിലുമുള്ള വിഭവങ്ങളുടെ വിനിയോഗത്തിന്റെ ഫലസിദ്ധി വർദ്ധിപ്പിക്കുകയും ചെയ്യുക. സമഗ്രമായ യന്ത്രവൽക്കരണവും രാസവൽക്കരണവും വൈദ്യുതീകരണവും ഭൂമി ഉദ്ധാരണവും കടുംകൃഷി സങ്കേതങ്ങളുടെ വ്യാപകമായ അവതരണവും മുഖേന കൃഷിയെ ഒരു വ്യാവസായികാടിസ്ഥാനത്തിലേക്ക് പൂർണ്ണമായും മാററി പ്രതിഷ്ഠിക്കുക, എല്ലാ കാർഷികവിളകളുടേയും വിളവെടുപ്പിലും വളർത്തുമൃഗങ്ങളുടെ ഉൽപാദനക്ഷമതയിലും ഗണ്യമായ വർദ്ധന കൈവരിക്കുക, കാർഷികോൽപാദനത്തിൽ കെട്ടുറപ്പ് വരുത്തുകയും പ്രകൃതിസാഹചര്യങ്ങളിൻമേലും കാലാവസ്ഥയിൻമേലുമുള്ള കൃഷിയുടെ ആശ്രയം ലഘൂകരിക്കുകയും ചെയ്യുക.

ഉപഭോഗസാധനങ്ങളുടെ ഉൽപാദനവും സേവനമണ്ഡലവും വികസിപ്പിക്കുവാനുള്ള സമഗ്രപരിപാടി പ്രാവർത്തികമാക്കുക. ഭക്ഷ്യേതരപദാർത്ഥങ്ങളുടെ ഉൽപാദനം 80–90 ശതമാനത്തിൽ കുറയാതെകണ്ടും ജനങ്ങൾക്ക് നൽകപ്പെടുന്ന സേവനങ്ങളുടെ തോത് 110–130 ശതമാനം കണ്ടും വർദ്ധിപ്പിക്കുക.

മൂലധനനിർമ്മാണം ഗുണപരമായി പുതിയൊരു നിലവാരത്തിലേക്കുയർത്തുക. നിർമ്മാണത്തിൽ സമൂലമായ ഒരു അഭിവൃദ്ധി കൈവരിക്കുക. അതിൻെറ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുത്തുകയും ചിലവ് ചുരുക്കുകയും പുരോഗമിച്ച പ്രവർത്തനമുറകൾ കൂടുതൽ സജീവമായി നടപ്പാക്കുകയും നിർമ്മാണസംവിധാനം പരിഷ്കരിക്കുകയും ഡിസൈൻ പ്രവർത്തനത്തിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക. നിർമ്മാണ പ്രൊജക്ടുകൾ പൂർത്തിയാക്കുവാനും ആധുനികീകരിക്കുവാനും എടുക്കുന്ന സമയം വരും ദശകത്തിൽ 35 – 50 ശതമാനം കണ്ടു കുറയ്ക്കുക.

ഗതാഗതം, വിദ്യുച്ഛക്തി, എണ്ണ-വാതക വിതരണം, ഭൗതിക-സാങ്കേതിക സപ്ലൈവിധാനം എന്നിവയും ഉൽപാദനത്തിൻെറ അന്തർഘടനയുടെ ഇതരശാഖകളും ത്വരിതമായ നിരക്കിലും പുതിയ സാങ്കേതികാടിസ്ഥാനത്തിലും വികസിപ്പിക്കുക.

*എല്ലാ യൂണിയൻ റിപ്പബ്ലിക്കുകളുടേയും സമഞ്ജസമായ സാമ്പത്തിക-സാമൂഹ്യവികസനം ഉറപ്പുവരുത്തുക.* റിപ്പബ്ലിക്കുകളുടേയും സാമ്പത്തിക മേഖലകളുടേയും വികസനത്തിൻെറ ഉദ്ഗ്രഥിത സ്വഭാവവും സാമ്പത്തിക പ്രത്യേകവൽക്കരണവും ഉയർത്തുക. രാജ്യത്തിൻെറ ഏകകമായ ദേശീയ-സാമ്പത്തിക സാകല്യത്തെ ശക്തിപ്പെടുത്തുന്നതിലേക്കും സാമൂഹ്യനടപടികൾ നിറവേററുന്നതിലേക്കുമുള്ള അവയുടെ സംഭാവന ത്വരിപ്പിക്കുക.

ഉൽപാദകശക്തികളുടെ വിതരണം മെച്ചപ്പെടുത്തുക.

*വിദേശരാജ്യങ്ങളുമായുള്ള വാണിജ്യ, സാമ്പത്തിക, ശാസ്ത്രീയ, സാങ്കേതിക, സാംസ്കാരിക ബന്ധങ്ങൾ പരസ്പരം പ്രയോജനകരമായ ഒരടിസ്ഥാനത്തിൽ വികസിപ്പിക്കുക. അന്തർദ്ദേശീയ അദ്ധ്വാനവിഭജനത്തിൻെറ, വിശേഷിച്ചും സോഷ്യലിസ്ററ് സമുച്ചയത്തിൽപെട്ട രാജ്യങ്ങളുമായുള്ള അദ്ധ്വാനവിഭജനത്തിൻെറ, നേട്ടങ്ങൾ പൂർണ്ണതരമായുപയോഗപ്പെടുത്തുക.*

സി. എം. ഇ. എ അംഗരാജ്യങ്ങളുമായും ഇതര സോഷ്യലിസ്റ്റു രാജ്യങ്ങളുമായും സർവ്വതോമുഖമായ സഹകരണം വികസിപ്പിക്കുക. സോഷ്യലിസ്റ്റ് സാമ്പത്തികോദ്ഗ്രഥനത്തെ കൂടുതൽ ഉയർന്ന ഒരു നിലവാരത്തിലേക്ക് കൊണ്ടുചെല്ലുകയും, ഉൽപാദനരംഗത്തിലെ പ്രത്യേകവൽക്കരണവും സഹകരണവും കാര്യക്ഷമമായ പുതിയ സഹകരണരൂപങ്ങളും വികസിപ്പിക്കുകയും ചെയ്യുക. 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേക്ക് സാമ്പത്തികവും ശാസ്ത്രീയവും സാങ്കേതികവുമായ സഹകരണത്തിന്നുള്ള പരിപാടികൾ സി. എം. ഇ. എ. രാജ്യങ്ങളുമായിച്ചേർന്ന് ഉഭയപക്ഷീയവും ബഹുപക്ഷീയവുമായ അടിസ്ഥാനത്തിൽ സുസ്ഥിരം പ്രവർത്തികമാക്കുന്നതിന്ന് വ്യവസ്ഥചെയ്യുക. 2000-ാമാണ്ടു വരെയുള്ള കാലഘട്ടത്തിലേക്ക് സി. എം. ഇ. എ. രാജ്യങ്ങൾ അംഗീകരിച്ച, ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിക്കുള്ള സംയുക്ത സമഗ്രപരിപാടി അനുക്രമം നടപ്പാക്കുക.

വികസ്വരരാജ്യങ്ങളുമായുള്ള സാമ്പത്തികവും ശാസ്ത്രീയവും സാങ്കേതികവുമായ സഹകരണം വിപുലപ്പെടുത്തുക. സാമ്പത്തിക സമ്പർക്ക

ങ്ങളിൽ താൽപര്യമുള്ള മുതലാളിത്തരാജ്യങ്ങളുമായി പരസ്പര പ്രയോജനകരവും നീതിയുക്തവുമായ ഒരടിസ്ഥാനത്തിൽ അത്തരം സമ്പർക്കങ്ങൾ വളർത്തുക.

*മാനേജ്മെൻറിൻെറ സമഗ്രമായ അന്യൂനീകരണം നടപ്പാക്കുകയും, സോഷ്യലിസ്റ്റ് ആസൂത്രണസമ്പ്രദായത്തിൻെറ മികവുകളും ശേഷീസാദ്ധ്യതകളും കൂടുതൽ നന്നായുപയോഗപ്പെടുത്തുകയും ചെയ്യുക.*

സോഷ്യലിസ്റ്റ് മാനേജ്മെൻറിൻെറ അടിസ്ഥാന ലെനിനിസ്റ്റുപ്രമാണങ്ങളെ, സർവ്വോപരി ജനാധിപത്യകേന്ദ്രീകരണം എന്ന പ്രമാണത്തെ, സുസ്ഥിരം ജീവിതത്തിലേക്ക് കൊണ്ടുവരികയും വികസിപ്പിക്കുകയും ചെയ്യുക കേന്ദ്രഘടകങ്ങളുടെ യത്നങ്ങൾ സാമൂഹ്യോൽപാദനത്തിൻെറ ദേശവ്യാപകങ്ങളും ഖണ്ഡാന്തരങ്ങളുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേന്ദ്രീകരിക്കുക.

രാജ്യത്തിൻേറയും യൂണിയൻ റിപ്പബ്ലിക്കുകളുടേയും സെക്ടറൽ സാമ്പത്തിക മാനേജ്മെൻറിൻെറ സംഘടനാപരമായ ഘടന മെച്ചപ്പെടുത്തുക.

സാമ്പത്തിക മാനേജ്മെൻറ് സമ്പ്രദായങ്ങളുടെ പങ്ക് വർദ്ധിപ്പിക്കുകയും അസോസിയേഷനുകളുടേയും വ്യവസായസ്ഥാപനങ്ങളുടേയും സാമ്പത്തിക സ്വയംഭരണം വിശാലമാക്കുകയും അവയുടെ ഉത്തരവാദിത്തം ഉയർത്തുകയും ചെയ്യുക. കോസ്റ്റ് അക്കൗണ്ടിങ്ങിൻെറ വികസനം ഉറപ്പുചെയ്യുകയും, ധനപരവും വായ്പാപരവുമായ ഉത്തോലനവും വിലവ്യവസ്ഥയും ഉൽപാദനത്തിൻെറ കാര്യക്ഷമതയിൽ ചെലുത്തുന്ന സ്വാധീനം വർദ്ധിപ്പിക്കുകയും ചെയ്യുക. റൂബിളിൻെറ കെട്ടുറപ്പ് വർദ്ധിപ്പിക്കുകയും രാജ്യത്തിലെ നാണയചംക്രമണം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക.

സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ വികസനത്തിൽ ജനകീയ ഡിപ്യൂട്ടികളുടെ സോവിയററുകളുടെ (ജനകീയ സോഷ്യലിസ്റ്റു ഭരണത്തിൻെറ ഏററവും പ്രധാനപ്പെട്ട രൂപമാണവ) പങ്ക് ഉയർത്തുക. ഭരണനടത്തിപ്പിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭാഗഭാഗിത്വം വിപുലപ്പെടുത്തുക.

മുൻവെക്കപ്പെട്ട ഈ കടമകളുടെ നിർവ്വഹണം സോവിയററ് സമുദായത്തിന്ന് സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിയുടെ മേലെ ഘട്ടത്തിലേക്ക് ഉയരുക സാദ്ധ്യമാക്കിത്തീർക്കും; സോവിയററ് യൂണിയൻ ഇനിയും എത്രയോ ബലവത്തായ ഒരു അഭിവൃദ്ധശക്തി എന്ന നിലയിൽ മൂന്നാം സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുകയും അതിൻെറ നേട്ടങ്ങൾ ലോകവികാസഗതിയിൽ വർദ്ധമാനമായ സ്വാധീനം ചെലുത്തുകയും ചെയ്യും.

## III. 1986 – 1990-കാലത്തേക്കുള്ള സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിൻെറ മുഖ്യകടമകൾ

വരുന്ന 15 വർഷക്കാലത്തേക്ക് നിർവ്വചിക്കപ്പെട്ട കർമ്മതന്ത്രകടമകൾ നിറവേററുന്നതിൽ 12-ാം പഞ്ചവൽസരപദ്ധതിക്ക് പ്രധാനപ്പെട്ട ഒരു

പങ്ക് വഹിക്കുവാനുണ്ട്. രാജ്യത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിന്റെ എല്ലാം പ്രവണതകളിലും ഒരു വഴിത്തിരിവു കുറിക്കുക എന്നതാണത്.

*ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ത്വരിപ്പിക്കുക, ഉൽപാദനത്തെ സാങ്കേതികമായി ആധുനികീകരിക്കുകയും പുനസ്സജ്ജീകരിക്കുകയും ചെയ്യുക, സൃഷ്ടിക്കപ്പെട്ട ഉൽപാദനശേഷികളെ കടുങ്ങനെ ഉപയോഗപ്പെടുത്തുക, മാനേജ്മെന്റ് സമ്പ്രദായത്തേയും സാമ്പത്തികപ്രവർത്തനവിധാനത്തേയും തികവുററതാക്കുക, ഇതിനെ ആസ്പദമാക്കി സോവിയററ് ജനങ്ങളുടെ ജീവിത സൗകര്യങ്ങളിൽ അധികതരം അഭ്യുദയമുണ്ടാക്കുക — ഈ അടിസ്ഥാനത്തിൽ സമ്പദ്വിധാനത്തിന്റെ വളർച്ചനിരക്കുകളും കാര്യക്ഷമതയും ഉയർത്തുക എന്നതാണ് 12-ാം പഞ്ചവൽസരപദ്ധതിയുടെ കേന്ദ്രലക്ഷ്യം.*

ജനങ്ങളുടെ ജീവിതനിലവാരം അഭിവൃദ്ധിപ്പെടുത്തുകയും, ദേശീയ സമ്പദ്വിധാനത്തിന്റെ സമസ്ത ശാഖകളുടേയും ഊർജ്ജസ്വലമായ വികസനം ഉറപ്പുവരുത്തുകയും, രാജ്യത്തിന്റെ പ്രതിരോധശേഷി തക്ക നിലവാരത്തിൽ നിലനിർത്തുകയും ഉന്നമാക്കിയുള്ള നാനാവിധം കടമകളുടെ നിർവ്വഹണവും 12-ാം പഞ്ചവൽസരപദ്ധതിക്കാലം അതേസമയം വിഭാവനം ചെയ്യുന്നു.

12-ാം പഞ്ചവൽസരപദ്ധതിയുടെ പ്രസ്തുത കേന്ദ്രലക്ഷ്യത്തെ ആധാരമാക്കി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ ആസൂത്രണം ചെയ്തിരിക്കുന്നു:

ഉപഭോഗത്തിന്നും സഞ്ചയത്തിന്നും ഉപയോഗിക്കപ്പെടുന്ന *ദേശീയവരുമാനം 19 – 22 ശതമാനംകണ്ടു വർദ്ധിപ്പിക്കുക.* ദേശീയവരുമാനത്തിലെ മുഴുവൻ വർദ്ധനയും സാമൂഹ്യാദ്ധ്വാനോൽപാദനക്ഷമത ഉയർത്തുക മൂഖേന പ്രാപിക്കപ്പെടുന്നതായി ഉറപ്പുവരുത്തുക. അതിലുള്ള പദാർത്ഥനിക്ഷേപങ്ങൾ 4 – 5 ശതമാനംകണ്ടും വിദ്യുച്ഛക്തി 7 – 9 ശതമാനംകണ്ടും ലോഹങ്ങൾ 13 – 15 ശതമാനംകണ്ടും കുറയ്ക്കുക.

വ്യാവസായികോൽപന്നങ്ങൾ 21 – 24 ശതമാനംകണ്ട് വർദ്ധിപ്പിക്കുക — ഉൽപാദനോപകരണങ്ങൾ ('എ' ഗ്രൂപ്പ് വ്യവസായങ്ങൾ) 20 – 23 ശതമാനം കണ്ടും ഉപഭോഗസാധനങ്ങൾ ('ബി' ഗ്രൂപ്പ് വ്യവസായങ്ങൾ) 22 – 25 ശതമാനംകണ്ടും.

നിർമ്മാണവ്യവസായങ്ങൾ ഒരു മുൻഗണനാനിരക്കിൽ വികസിപ്പിക്കുക. ഈ വ്യവസായങ്ങളുടെ ഉൽപന്നങ്ങൾ 25 – 28 ശതമാനംകണ്ടും അതേസമയം നിഷ്കർഷണവ്യവസായങ്ങളുടെ ഉൽപന്നങ്ങൾ 11 - 13 ശതമാനംകണ്ടും വർദ്ധിപ്പിക്കുക. പ്രാഥമികമായി ഇന്ധന–വിദ്യുച്ഛക്തിവിഭവങ്ങൾ പരമാവധി ലാഭിക്കുകയും ന്യൂക്ലിയർ പവർ എഞ്ചിനീയറിങ്ങ്, വാതകവ്യവസായം, ഓപ്പൻകാസ്റ്റ് കൽക്കരിഖനനം എന്നിവയുടെ വികസനം ത്വരിപ്പിക്കുകയും ചെയ്തുകൊണ്ട് ഇന്ധനത്തിനും വിദ്യുച്ഛക്തിക്കുമുള്ള രാജ്യത്തിന്റെ വർദ്ധമാനമായ ആവശ്യങ്ങൾ നിറവേററുക.

യന്ത്രനിർമ്മാണത്തിന്റെ വികസനം ഗണ്യമായി ത്വരിപ്പിക്കുകയും അതിന്റെ സാങ്കേതികനിലവാരം ഉയർത്തുകയും ചെയ്യുക, ലോഹകർമ്മ

വ്യവസായം പുനഃസംഘടിപ്പിക്കുകയും ആധുനികീകരിക്കുകയും ചെയ്യുന്ന പരിപാടി നടപ്പാക്കുക. ദേശീയ സമ്പദ്വിധാനത്തിന്റെ രാസവൽക്കരണത്തിന്റെയും വൈദ്യുതീകരണത്തിന്റെയും നിരക്ക് ത്വരിപ്പിക്കുക,

യു. എസ്. എസ്. ആർ. ഭക്ഷ്യപരിപാടിയുടെ നിർവ്വഹണം, കാർഷിക-വ്യാവസായിക സാകല്യത്തിന്റെ ശാഖകളുടെ സന്തുലിതമായ വികസനം, അവയ്ക്ക് നീക്കിവെക്കപ്പെടുന്ന വിഭവങ്ങളുടെ വിനിയോഗത്തിന്റെ കാര്യക്ഷമത ഗണ്യമായി ഉയർത്തൽ എന്നിവ ഉറപ്പുചെയ്യുക.

മൂലധനനിക്ഷേപങ്ങൾ സർവ്വോപരി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംരംഭങ്ങളുടെ പുനർനിർമ്മാണത്തിലേക്കും സാങ്കേതിക പുനഃസജ്ജീകരണത്തിലേക്കും തിരിച്ചുവിടുകയും, വ്യാവസായികനിർമ്മാണത്തിലെ അത്തരം നിക്ഷേപങ്ങളുടെ വിഹിതം 50 ശതമാനമായുയർത്തുകയും ചെയ്യുക. നിർമ്മാണത്തിന്റെ അധികതരവ്യവസായവൽക്കരണത്തിന്നുള്ള കർമ്മപദ്ധതി സുസ്ഥിരം പ്രാവർത്തികമാക്കുക.

ഉൽപാദനാന്തർഘടനയുടെ ശാഖകൾ ഉദ്ഗ്രഥിതമായ ഒരു രീതിയിൽ വികസിപ്പിക്കുക. ഗതാഗതത്തിലും മററുതരം സേവനങ്ങളിലും ദേശീയ സമ്പദ്വിധാനത്തിന്റെയും ജനങ്ങളുടേയും ആവശ്യങ്ങൾ പൂർണ്ണതരമായി തൃപ്തിപ്പെടുത്തുക.

ശാസ്ത്രീയവും സാങ്കേതികവുമായ നേട്ടങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ *ഉൽപാദനത്തെ കടുങ്ങനെയാക്കുന്നതിൽ ഒരു ഭേദിച്ചുകടക്കൽ നടത്തുക.* ഉൽപാദനത്തിന്റെ ഘടനയിലും സംവിധാനത്തിലും പുരോഗമനപരമായ മാററങ്ങൾ വരുത്തിക്കൊണ്ടും പ്രവർത്തനമാനകങ്ങളും സാങ്കേതികശിക്ഷണവും ദസ്സ്ററച്ചടക്കവും ഉയർത്തിക്കൊണ്ടും വേണമിത്.

കാര്യക്ഷമങ്ങളല്ലാത്ത യന്ത്രസാമഗ്രികളെ പുതിയ, അതീവ കാര്യക്ഷമങ്ങളായ യന്ത്രസാമഗ്രികൾകൊണ്ടു പകരംവെച്ച് ഉൽപാദനയന്ത്രവിധാനത്തിന്റെ നവീകരണം ത്വരിപ്പിക്കുക, അടിസ്ഥാന ഉൽപാദനാസ്തികളുടെ ഒരു മുഴുവൻ വിവരപ്പട്ടിക തയ്യാറാക്കുകയും പ്രവർത്തനക്ഷമങ്ങളായ ആസ്തികളുടെ മൂന്നിലൊന്നിലധികം നവീകരിക്കുകയും ചെയ്യുക. കാലഹരണപ്പെട്ട ആസ്തികൾ പിൻവലിക്കുന്നതിന്റെ തോത് 11-ാം പഞ്ചവൽസരപദ്ധതിക്കാലത്തെ അപേക്ഷിച്ചു കുറഞ്ഞ പക്ഷം ഇരട്ടിയാക്കുക.

സർവ്വശാഖകളിലും ഉയർന്ന സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി ഉൽപാദനത്തെ സാങ്കേതികമായി വികസിപ്പിക്കുകയും ആധുനികീകരിക്കുകയും ചെയ്യുന്നതിന്നുള്ള സമഗ്രപരിപാടി തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക. അസോസിയേഷനുകളിലും സംരംഭങ്ങളിലും ഉൽപാദനത്തിന്റെ സാങ്കേതികമായ പുനഃസജ്ജീകരണത്തിന്നും പുനർനിർമ്മാണത്തിന്നുമുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക. അസോസിയേഷനുകളെയും സംരംഭങ്ങളേയും പുനഃസജ്ജീകരിക്കുന്നതിൽ ഉൽപാദനവികസനഫണ്ടിന്റെ പങ്ക് വർദ്ധിപ്പിക്കുക, ഈ ആവശ്യങ്ങൾക്ക് ഫണ്ട് മുൻഗണനാടിസ്ഥാനത്തിൽ വകയിരുത്തുകയും ചെയ്യുക.

ഉൽപാദനപരവും ശാസ്ത്രീയവും സാങ്കേതികവുമായ ശേഷിസാദ്ധ്യതകളെ പൂർവ്വാധികം കടുങ്ങനെ ഉപയോഗപ്പെടുത്തുക, പരമാവധി

യന്ത്രവിനിയോഗം കൈവരിക്കുകയും യന്ത്രസാമഗ്രികളുടെ ഷിഫ്റ്റ് ഇൻഡക്സ് ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുക.

ദേശീയ സമ്പദ്വിധാനത്തിലുടനീളം അദ്ധ്വാനോൽപാദനക്ഷമത 20–23 ശതമാനം കണ്ട് ഉയർത്തുക, വ്യവസായത്തിലിത് 23–25 ശതമാനം കണ്ട്. അദ്ധ്വാനോൽപാദനക്ഷമത ഉയർത്തുക മുഖേന വ്യാവസായികോൽപാദനത്തിലും കാർഷികോൽപാദനത്തിലും റെയിൽ ഗതാഗതത്തിലും നിർമ്മാണപ്രവർത്തനങ്ങളിലും മുഴുവൻ വർദ്ധന കൈവരിക്കുക. അദ്ധ്വാനപ്രതിഫലത്തിലെ വർദ്ധനവിനെ അപേക്ഷിച്ച് അദ്ധ്വാനോൽപാദനക്ഷമതയുടെ മുൻഗണനാവളർച്ച ഉറപ്പുചെയ്യുക.

പ്രാഥമിക പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമെന്ന നിലയ്ക്ക്, ഉൽപാദനത്തിൻേറയും സേവനങ്ങളുടേയും സമൂലമായ ഗുണോൽക്കർഷത്തെ, സമ്പദ്വിധാനത്തെ കടുങ്ങനെ വളർത്തുകയും ദേശീയ സമ്പദ്വിധാനത്തിൻേറയും ജനങ്ങളുടേയും വർദ്ധമാനമായ ആവശ്യങ്ങളെ പൂർണ്ണതരമായി നിറവേററുകയും ചെയ്യുന്നതിന്നുള്ള ഏററവും അനുപേക്ഷണീയമായ ഒരു ഘടകമായി കണക്കാക്കുക.

മിതവ്യയത്തിന്ന് പൂർവ്വാധികം ഊന്നൽ നൽകുക. എല്ലാതരം വിഭവങ്ങളും യുക്തിസഹമായും ആദായകരമായും ഉപയോഗപ്പെടുത്തുന്നതിന്ന് വേണ്ടിയും അവയുടെ നഷ്ടങ്ങൾ കുറയ്ക്കുന്നതിന്ന് വേണ്ടിയും കൊണ്ടുപിടിച്ചു പ്രയത്നിക്കുക. വിഭവങ്ങൾ ലാഭിക്കുകയും ദുർവ്യയം ഒഴിവാക്കുകയും ചെയ്യുന്ന സങ്കേതങ്ങളിലേക്ക് ത്വരിതമായ മാററം ഉണ്ടാക്കുക. അപ്രധാനവിഭവങ്ങളും വ്യാവസായികവേസ്റ്റും ഉപയോഗപ്പെടുത്തുന്ന രീതി ശ്രദ്ധേയമാംവിധം മെച്ചപ്പെടുത്തുകയും, അവയുടെ സംസ്കരണത്തിന്നുള്ള ഉൽപാദനസൗകര്യങ്ങൾ വികസിപ്പിക്കുകയും ജനങ്ങളിൽനിന്നടക്കം അപ്രധാന അസംസ്കൃതപദാർത്ഥങ്ങൾ ശേഖരിക്കുന്ന പ്രക്രിയ കൂടുതൽ നന്നായി സംഘടിപ്പിക്കുകയും സംഭരണസ്ഥാപനങ്ങളുടെ ഭൗതികവും സാങ്കേതികവുമായ അടിത്തറ ബലപ്പെടുത്തുകയും ചെയ്യുക. വിദ്യുച്ഛക്തിയും ഇതരവിഭവങ്ങളും നിത്യജീവിതത്തിൽ പിടിച്ചുപയോഗപ്പെടുത്തുക.

1985-നെ അപേക്ഷിച്ച് 1990-ൽ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുക:

ദേശീയ സമ്പദ്വിധാനത്തിലാകെ—അണുകവൈദ്യുതി വ്യവസായം വികസിപ്പിക്കുക മുഖേനയുള്ള $7\frac{1}{2}$–9 കോടി ടണ്ണടക്കം 20-23 കോടി ടണ്ണോളം കാർബണിക ഇന്ധനം മിച്ചപ്പെടുത്തുക; 1.2–1.4 കോടി ടണ്ണ് ഇരുമ്പുതകിടും ലാഭിക്കുക.

നിർമ്മാണത്തിൽ—ഇരുമ്പുതകിടിൻെറ വ്യതിരിക്ത ഉപഭോഗത്തിൽ 13–15 ശതമാനം കണ്ടും സിമെൻറ് 8–10 ശതമാനം കണ്ടും മരത്തടി 10–12 ശതമാനം കണ്ടും കുറവുവരുത്തുക.

ഉൽപന്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും വരുന്ന ചിലവ് വ്യവസായത്തിൽ 4–5 ശതമാനം കണ്ടും നിർമ്മാണത്തിൽ 2–3 ശതമാനം കണ്ടും കൃഷിയിൽ (സ്റ്റേററ്ഫാം) 5–7 ശതമാനം കണ്ടും കുറയ്ക്കുക.

ദേശീയ സമ്പദ്വിധാനത്തിൽ വിഭവങ്ങളുടെ വിനിയോഗം ത്വരിപ്പിക്കുക. പദാർത്ഥപരവും സാങ്കേതികവുമായ സപ്ലൈയുടേതും വിതര

ണക്കാരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ദീർഘകാലസാമ്പത്തിക ബന്ധങ്ങളുടേതും പദാർത്ഥങ്ങളിലും സജ്ജീകരണോപകരണങ്ങളിലുമുള്ള മൊത്ത വ്യാപാരത്തിന്റേതുമായ സ്റ്റേറ്റുവ്യവസ്ഥ വികസിപ്പിക്കുകയും തികവുറ്റതാക്കുകയും ചെയ്യുക.

പാക്കേജിങ്ങിൽ ദേശീയസമ്പദ്വിധാനത്തിന്റെ ആവശ്യങ്ങൾ പൂർണ്ണതരമായി നിറവേറ്റുക ലാക്കാക്കി ഒരുകൂട്ടം നടപടികൾ നടപ്പാക്കുക. അവയിൽ ഏറ്റവും ആദായകരമായ തരങ്ങളുടെ ഉൽപാദനം മുൻഗണനാടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുകയും അവയെ ഏകീകരിക്കുകയും മാനകീകരിക്കുകയും പുനരുപയോഗക്ഷമമാക്കുകയും ചെയ്കമൂലേന വേണമത്.

അതീവ ഉൽപാദനക്ഷമമായ അദ്ധ്വാനത്തിന്ന് കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും, ശുചീകരണ-സുരക്ഷിതത്വ സ്ഥിതി മെച്ചപ്പെടുത്തുകയും തൊഴിൽപാടവത്തിന്റെ നിലവാരം ഉയർത്തുകയും ചെയ്യുക. ശാസ്ത്രീയമായ പ്രവർത്തനസംഘാടനം കൂടുതൽ സജീവമായേർപ്പെടുത്തുകയും പ്രവൃത്തിസമയം യുക്തിസഹമായി ഉപയോഗപ്പെടുത്തുകയും ചെയ്യുക. പ്ലാനിങ്ങ്, അകൗണ്ടിങ്ങ്, സെർട്ടിഫൈയിങ്ങ്, റേഷനലൈസിങ്ങ് ജോലികളുടേതായ ഒരു ഏകകസ്റ്റേറ്റ്വ്യവസ്ഥ സ്ഥാപിക്കുക, കഠിനമായ കായികാദ്ധ്വാനം ഉപയോഗപ്പെടുത്തുന്ന സമ്പ്രദായം, വിശേഷിച്ച് ലോഡിങ്ങിലും അൺലോഡിങ്ങിലും പാണ്ടികശാലപ്രവർത്തയങ്ങളിലും മറ്റും, സുസ്ഥിരം കുറച്ചുകൊണ്ടുവരുക.

ഉൽപാദനത്തിൽ വിഭാഗാടിസ്ഥാനത്തിലും പ്രദേശാടിസ്ഥാനത്തിലുമുള്ള പ്രത്യേകവൽക്കരണവും സഹകരണവും ഉൽപാദനത്തിന്റെ ഉദ്ഗ്രഥനവും പൂർവ്വാധികം വിപുലമായി വികസിപ്പിക്കുക.

*ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ജീവിതനിലവാരങ്ങൾ ഇനിയും ഉയർത്തുക* ലക്ഷ്യമാക്കി ഒരു പരമ്പര നടപടികൾ പ്രാവർത്തികമാക്കുക; യഥാർത്ഥ പ്രതിശീർഷവരുമാനത്തിൽ 13-15 ശതമാനം കണ്ടുള്ള വർദ്ധന ഉറപ്പുവരുത്തുക. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ശരിക്കുള്ള ഡിമാണ്ടുകളുടെ ഘടനയിൽ ക്രമശഃ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കണക്കിലെടുത്തുകൊണ്ട് സാധനങ്ങളിലും സേവനങ്ങളിലുമുള്ള ജനകീയാവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്ന രീതി ഗണ്യമായി മെച്ചപ്പെടുത്തുക.

സാമൂഹ്യാന്തർഘടനയുടെ ശാഖകൾ സമഗ്രമായി വികസിപ്പിക്കുക. ഭവനനിർമ്മാണത്തിന്റെ തോത് വിപുലപ്പെടുത്തുക. പട്ടണത്തിലെയും നാട്ടിൻപുറത്തെയും ജനങ്ങൾക്ക് കൂടുതൽ സജ്ജീകൃതങ്ങളായ പാർപ്പിടങ്ങളും കൂടുതൽ നല്ല സമൂഹസേവനങ്ങളും ദൈനംദിനസേവനങ്ങളും പ്രദാനം ചെയ്യുക. നാട്ടിൻപുറത്തിന്റെ സാമൂഹ്യ പുനഃസംവിധാനം ത്വരിതപ്പെടുത്തുക.

ആവിഷ്കരിക്കപ്പെട്ട സാമൂഹ്യപരിപാടി നടപ്പാക്കുന്നതിന്നുവേണ്ടി, ദേശീയ സമ്പദ്വിധാനത്തെ ശക്തിപ്പെടുത്തുക എന്ന പൊതുലക്ഷ്യത്തിലേക്ക് ഓരോ തൊഴിലാളിയുടേയും സംഭാവന വർദ്ധിപ്പിക്കേണ്ടത് അവശ്യം ആവശ്യമാണ്.

# IV. സാങ്കേതിക പുരോഗതിയുടെ ത്വരണവും ശാസ്ത്രത്തിന്റെ വികാസവും

*ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി സർവ്വവിധേനയും ത്വരിതപ്പെടുത്തുക എന്ന മുഖ്യ രാഷ്ട്രീയ-സാമ്പത്തിക ലക്ഷ്യത്തിന്റെ പ്രാപ്തി ഉറപ്പുവരുത്തുക. ഉൽപാദക ശക്തികളെ ഗുണപരമായി രൂപാന്തരപ്പെടുത്തുന്നതിൽ ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും പങ്ക് നിർണ്ണായകമാംവിധം ഉയർത്തുക. സമ്പദ്ഘടനയെ സർവ്വതോമുഖമായ തീവ്രീകരണത്തിന്റെ പാളങ്ങളിലേക്ക് മാററിപ്രതിഷ്ഠിച്ചുകൊണ്ടും സാമൂഹ്യോൽപ്പാദനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും വേണമിത്. ശാസ്ത്രത്തിന്റേയും സാങ്കേതിക വിദ്യയുടേയും വികാസത്തെ സാമൂഹ്യ പ്രശ്നങ്ങളുടെ പരിഹാരത്തിലേക്ക് പൂർവ്വാധികം ഉൻമുഖമാക്കിത്തീർക്കുക.*

ഉൽപാദനത്തിന്റെ സാങ്കേതിക നിലവാരത്തിൽ കാര്യമായ ഉയർവ് കൈവരിക്കുക. പ്രാഥമികമായി നിക്ഷേപണ നയവും ഘടനാ നയവും പുനഃസംഘടിപ്പിച്ചുകൊണ്ടും വിഭവങ്ങൾ ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ ഏററവും പ്രധാനപ്പെട്ട മേഖലകളിൽ കേന്ദ്രീകരിച്ചുകൊണ്ടും വേണമിത്. അതായത് എലെക്ട്രോണിക്സ്, നൂക്ലിയർ പവർ എഞ്ചിനീയറിങ്ങ്, സമഗ്രമായ ഓട്ടോമേഷൻ, ഉൽപാദന എഞ്ചിനീയറിങ്ങ്, പുതിയ പദാർത്ഥങ്ങളുടെ സംസ്കരണം എന്നിവ വികസിപ്പിക്കുക എന്നർത്ഥം. സാമൂഹ്യാദ്ധ്വാനോൽപാദനക്ഷമതയിൽ $\frac{2}{3}$-ൽ കുറയാത്ത വർദ്ധന ശാസ്ത്രീയ-സങ്കേതിക സിദ്ധികളുടെ വിനിയോഗംമുഖേന കൈവരിക്കുക.

ഉൽപാദന എഞ്ചിനീയറിങ്ങ് അഭിവൃദ്ധിപ്പെടുത്തുന്നതിന്ന് ഒരു കൂട്ടം നടപടികൾ പ്രാവർത്തികമാക്കുക. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് അടിസ്ഥാന ഉന്നത സാങ്കേതികവിദ്യകളുടെ പ്രയോഗം 50–100 ശതമാനംകണ്ട് വിപുലപ്പെടുത്തുക. ദേശീയ സമ്പദ്വിധാനത്തിൽ മൗലികമായി പുതിയതരം സാങ്കേതികവിദ്യകൾ (എലെക്ട്രോൺ ബീം, പ്ലാസ്മ, വേവ്പാസ്, ബയോളജിക്കൽ, റേഡിയേഷൻ, മെംബ്രെയിൻ, കെമിക്കൽ തുടങ്ങിയവ) വ്യാപകമായി ഏർപ്പെടുത്തുന്നതിന്ന് വ്യവസ്ഥ ചെയ്യുക. അദ്ധ്വാനോൽപാദനക്ഷമത പല മടങ്ങ് വർദ്ധിപ്പിക്കുക സാദ്ധ്യമാക്കിത്തീർക്കുന്നു ഇത്. ഉൽപാദനത്തിൽ വിഭവങ്ങളുടെ വിനിയോഗത്തിന്റെ ഫലസിദ്ധി വർദ്ധിപ്പിക്കുകയും പദാർത്ഥ നിക്ഷേപങ്ങൾ കുറയ്ക്കുകയും ചെയ്യുക ഇതുമൂലം സാദ്ധ്യമാകുന്നു. കൃഷിയിലും കാലിവളർത്തിലും വ്യാവസായികവും കടുങ്ങനെയുള്ളതുമായ സാങ്കേതിക വിദ്യകളിലേക്ക് മാറുകയും ബയോടെക്നോളജിക്കൽ-ജെനെട്ടിക് എഞ്ചിനീയറിങ്ങ് മുറകൾ വിശാലമായതോതിൽ ഉപയോഗിക്കുകയും ചെയ്യുക.

ഉൽപാദനത്തിന്റെ സംഘടനാപരവും സാങ്കേതികവുമായ നമ്യത ക്രമപ്രവൃദ്ധമായി ഉയർത്തുക. ഉൽപാദനത്തിന്റെ വിവിധ മണ്ഡലങ്ങളിൽ, സർവ്വോപരി രൂപകല്പനയിലും യന്ത്ര-പ്രക്രിയാനിയന്ത്രണത്തിലും, സ്വയംപ്രവർത്തക വിധാനങ്ങൾ ഏർപ്പെടുത്തുക. ഉൽപാദന

ത്തിൽ ഓട്ടോമേഷന്റെ നിലവാരം ഇരട്ടിയാക്കുക. വേഗത്തിലും ആദായ കരമായും വീണ്ടും കൂട്ടിച്ചേർക്കാവുന്ന സമഗ്രമായ, സ്വയംപ്രവർത്തന ക്ഷമമായ ഉൽപാദന ഘടകങ്ങൾ പടുത്തുയർത്തുക.

പുതിയ തലമുറകളിൽപെട്ട അതീവ ഫലപ്രദമായ സാങ്കേതികവിദ്യ കൾ വികസിപ്പിച്ചു നിർമ്മിക്കുന്ന പ്രക്രിയ ത്വരിപ്പിക്കുക. യന്ത്ര-ഉൽ പാദന സജ്ജീകരണ വിധാനങ്ങളുടെ നിർമ്മാണത്തിലേക്ക് മാറുക. മൊത്തം മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് ഉൽപാദനത്തിൽ പുതിയ യന്ത്രസാമഗ്രികളുടെ വിഹിതം 13 ശതമാനത്തിൽ കുറയാതെ വർദ്ധി പ്പിക്കുക.

വ്യക്തിഗത ഉപയോഗത്തിന്നുള്ള കമ്പ്യൂട്ടറുകളുടെ വ്യാപകമായ ഉൽപാദനം സംഘടിപ്പിക്കുക. കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ഉൽപാദനം 100–130 ശതമാനംകണ്ട് ഉയർത്തുക. എല്ലാ തരങ്ങളിലുമുള്ള അതീവ കാര്യക്ഷമമായ ആധുനിക കമ്പ്യൂട്ടറുകളുടെ പ്രയോഗ സാദ്ധ്യത ത്വരി തതരമായ ഒരു നിരക്കിൽ വർദ്ധിപ്പിക്കുക. കൂട്ടായ ഉപയോഗത്തിന്നുള്ള കമ്പ്യൂട്ടർ കേന്ദ്രങ്ങൾ തുടർന്നു നിർമ്മിക്കുകയും അവയുടെ ഫലസിദ്ധി വർദ്ധിപ്പിക്കുകയും ചെയ്യുക. ഉദ്ഗഥിത ഡാററാബേങ്കുകൾക്കും ഡാ ററാ പ്രോസെസ്സിങ്ങ് ട്രാൻസ്ഫർ നെററ്വർക്കിന്നും ഇത് ബാധകമാണ്.

നൂതന യന്ത്രങ്ങളും സാങ്കേതികവിദ്യകളും രൂപകല്പന ചെയ്യുന്ന തിൽ മുൻകൂട്ടിനിർണ്ണയിക്കപ്പെട്ട ഗുണവിശേഷങ്ങളോടുകൂടിയ പദാർ ത്ഥങ്ങളെ പൂർണ്ണതരമായി ഉപയോഗപ്പെടുത്തുക. സിന്തററിക്, കമ്പോ സിററ്, സൂപർപ്യൂർ തുടങ്ങിയവയടക്കമുള്ള ഉയർന്നതരം ഘടനാ സാമ ഗ്രികളെ വിശേഷിച്ചും. ദേശീയസമ്പദ്വിധാനത്തിൽ ഉയർന്ന സാമ്പത്തിക ഫലം തരുന്നവയാണിവ.

മുന്തിയ ഇനം വ്യാവസായികോൽപന്നങ്ങളുടെ വിഹിതം 90–110 ശതമാനംകണ്ട് ഉയർത്തുക. യന്ത്രസാമഗ്രികളുടെ വിശ്വസനീയതയും ഈടും വർദ്ധിപ്പിക്കുകയും, ഉദ്ഗ്രഥിത ഗുണനിയന്ത്രണ വിധാനങ്ങൾ നടപ്പാക്കുന്ന നടപടി മുഖ്യാംശത്തിൽ പൂർത്തിയാക്കുകയും ചെയ്യുക. ഉൽപാദന മാനകങ്ങളും വിനിർദ്ദേശങ്ങളും ഉന്നത ലോകസിദ്ധികളെ ഉന്നമാക്കി പരിഷ്കരിക്കുന്ന പ്രക്രിയ ത്വരിപ്പിക്കുക. വ്യാവസായിക ഉൽപന്നങ്ങളുടെ വസ്തുനിഷ്ഠമായ വിലയിരുത്തൽ ഉറപ്പുവരുത്തുന്ന തിന്ന്വേണ്ടി അവയുടെ സർട്ടിഫിക്കേഷൻ നിലവാരം ഉയർത്തുക. ദീർ ഘകാല ശാസ്ത്രീയ-സാങ്കേതിക സിദ്ധികളുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യകളുടെ പ്രരൂപവൽക്കരണം വികസിപ്പിച്ചെടുക്കുകയും മെഷിനുകൾ, അസ്സംബ്ലികൾ, പാർട്ടുകൾ എന്നിവയുടെ, ഖണ്ഡങ്ങൾ തമ്മിലും ഖണ്ഡങ്ങൾക്കകത്തുമുള്ള ഏകീകരണം ബലപ്പെടുത്തുകയും ചെയ്യുക.

ഉപജ്ഞാതാക്കളുടേയും നവീകർത്താക്കളുടേയും പ്രവർത്തനവും പാറെറന്റ് ലൈസൻസ് പ്രവർത്തനവും അഭിവൃദ്ധിപ്പെടുത്തുക. ദേശീ യ സമ്പദ്വിധാനത്തിൽ പുതിയ കണ്ടുപിടിത്തങ്ങളും പ്രവർത്തനോന്നമന ത്തിന്നുള്ള നിർദ്ദേശങ്ങളും ഏററവും വേഗം നടപ്പാക്കുന്നതിന്നുവേണ്ട എല്ലാ സാഹചര്യങ്ങളും സൃഷ്ടിക്കുക. ശാസ്ത്രീയവും സാങ്കേതിക വുമായ വിവരങ്ങൾ നല്കുന്നതിന്നുള്ള സ്റ്റേററുവിധാനം വികസിപ്പിക്കു

ക. ശാസ്ത്രീയവും സാങ്കേതികവുമായ സിദ്ധികളുടെ വിനിമയം തികവുററതാക്കുക.

ശാസ്ത്രവും ഉൽപാദനവും തമ്മിലുള്ള കണ്ണികഠം ബലപ്പെടുത്തുകയും ശാസ്ത്രത്തിൻേറയും സാങ്കേതികവിദ്യയുടേയും ഉൽപാദനത്തിൻേറയും ഉദ്ഗ്രഥനത്തിന്നു വേണ്ട സംഘടനാരൂപങ്ങഠം ആവിഷ്കരിക്കുകയും ചെയ്യുക എന്നത് മൗലികമായ കടമയാണ്. ശാസ്ത്രീയാശയങ്ങഠം ധാരണത്തിൽനിന്ന് പ്രയോഗത്തിലേക്കുള്ള പാത വേഗത്തിലും കാര്യക്ഷമമായും പിന്നിടുക സാദ്ധ്യമാക്കിത്തീർക്കും ഇത്. ഗവേഷണത്തിൻേറയും വികസനത്തിൻേറയും മാനകങ്ങളെ സംബന്ധിച്ചേടത്തോളവും അവ ഏററവും നന്നായുപയോഗപ്പെടുത്തുന്ന കാര്യത്തിലും ശാസ്ത്രീയ സംഘടനകഠംക്കുള്ള ഉത്തരവാദിത്തം വർദ്ധിപ്പിക്കുക.

ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുടെ മുൻഗണനാ പ്രവണതകഠം നിർണ്ണയിക്കൽ, മൗലിക നൂതനത്വമുള്ള യന്ത്രങ്ങളും സാങ്കേതിക വിദ്യകളും വികസിപ്പിക്കുന്ന പ്രക്രിയ സംഘടിപ്പിക്കൽ, ശാഖകളുടെ ശാസ്ത്രീയ-സാങ്കേതിക നിലവാരത്തിൻമേൽ നിയന്ത്രണം പ്രയോഗിക്കൽ, ഉൽപാദനത്തെ ഏററവും മികച്ച ലോക നിലവാരങ്ങഠംക്കനുരൂപമാക്കൽ, ഗവേഷണ-ഡിസൈൻ സംഘടനകളുടെ ഒരു വലക്കെട്ട് രൂപവൽക്കരിക്കൽ എന്നീ കാര്യങ്ങളിൽ ശാസ്ത്ര-സാങ്കേതിക വിദ്യകഠംക്കുള്ള യു. എസ്. എസ്. ആർ. സ്റ്റേററ് കമ്മിററിയുടെ പങ്ക് ഉയർത്തുക.

രാജ്യത്തിലെ ഗവേഷണ പ്രവർത്തനത്തിൻെറ സംയോജകനെന്നനിലയ്ക്ക് യു. എസ്. എസ്. ആർ. ശാസ്ത്ര അക്കാദമിക്കുള്ള പങ്കു വർദ്ധിപ്പിക്കുക. പുതിയ പ്രരൂപങ്ങളിലുള്ള യന്ത്രങ്ങളും സാങ്കേതിക വിദ്യകളും വികസിപ്പിച്ചെടുക്കുവാൻവേണ്ട താത്വികാസ്തിവാരമിടുന്ന കാര്യത്തിൽ അക്കാദമിക്കുള്ള ചുമതല ഉയർത്തുകയും ചെയ്യുക. സാമൂഹ്യോൽപാദനത്തെ ഗുണപരമായി കൂടുതൽ ഉയർന്ന നിലവാരത്തിലേക്ക് കൊണ്ടുചെല്ലുന്ന ഒരു ഘടകമെന്നനിലയിൽ മൗലിക ശാസ്ത്രത്തിൻെറ വികസനത്തിന്ന് അഗ്രിമപ്രാധാന്യം കല്പിക്കുക. അക്കാദമിയുടെ ഇൻസ്റ്റിട്യൂട്ടുകളുടെ പ്രവർത്തനങ്ങളിൽ സാങ്കേതികമായ ആഭിമുഖ്യവും സെക്ടറൽ-റിപ്പബ്ലിക്ക് അക്കാദമികളുടെ പങ്കും വർദ്ധിപ്പിക്കുക.

സെക്ടറൽ ശാസ്ത്രത്തിൻെറ നിലവാരവും കാര്യക്ഷമതയും ഗണ്യമായുയർത്തുകയും ഫാക്ടറി നിലവാരത്തിൽ അതിനെ ബലപ്പെടുത്തുകയും ചെയ്യുക. ഗവേഷണ-ഉൽപാദന അസോസിയേഷനുകളുടെ വലക്കെട്ടു വിപുലപ്പെടുത്തുക. അവയെ പുതിയ തലമുറകളിൽപെട്ട യന്ത്രങ്ങളും ഉൽപാദന സമ്പ്രദായങ്ങളും വികസിപ്പിക്കുകയും വ്യാപകമായ തോതിൽ നടപ്പാക്കുകയും, വ്യാവസായികോൽപാദന സാങ്കേതികവിദ്യ അനുസ്യൂതം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്ന വഴിയിൽ തിരിച്ചുവിടുക. മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും പ്രത്യക്ഷാധികാരത്തിൻകീഴിൽ വർത്തിക്കുന്ന ഗവേഷണ-ഉൽപാദന അസോസിയേഷനുകളും ഉൽപാദന അസോസിയേഷനുകളും സംരംഭങ്ങളുടെ സെക്ടറൽ ഗവേഷണ-ഡിസൈൻ-ഉൽപാദന സംഘടനകളുമുണ്ടല്ലോ. മുഴുവൻ സെക്ടറിനും മൂല്യവത്തായ ഗവേഷണം നടത്തുന്നതിൽ യത്നങ്ങഠം കേന്ദ്രീകരികരിക്കുന്ന കേന്ദ്രസംഘടനകളെമാത്രം നിയമേന അവയിലുഠംപ്പെടുത്തുക.

ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ഉറപ്പുവരുത്തുന്നതിലും ശാസ്ത്രത്തിന്റേയും എഞ്ചിനീയറിങ്ങിന്റേയും നേട്ടങ്ങളെ സത്വരം ഉപയോഗപ്പെടുത്തുന്നതിലും വ്യവസായ സ്ഥാപനങ്ങളുടെ ഡിസൈൻ, ഉൽപാദന വകുപ്പുകൾക്കും ഇതര എഞ്ചിനീയറിങ്ങ് സാർവ്വീസുകൾക്കുമുള്ള പങ്ക് ഉയർത്തുക.

ഉപരി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശാസ്ത്രീയ ശേഷിസാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്ന പ്രക്രിയ ഗണ്യമായി മെച്ചപ്പെടുത്തുവാൻ നടപടികൾ എടുക്കുക. ഈ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്ന ഗവേഷണത്തിന്റേയും വികസനത്തിന്റേയും പരിമാണം വിപുലപ്പെടുത്തിയും അവയുടെ പ്രവർത്തനത്തിന്റെ സാമ്പത്തിക കാര്യക്ഷമതയിൽ ഗണ്യമായ വർദ്ധന കൈവരിച്ചും വേണമിത്.

ഗവേഷണത്തിന്റെ പുതിയ ഉന്നതസംഘടനാരൂപങ്ങൾ വ്യാപകമായുപയോഗപ്പെടുത്തുക. പ്രമുഖ സെക്ടറന്തര സാങ്കേതികപ്രശ്നങ്ങളുടെ നേരത്തേക്കൂട്ടിയുള്ള പരിഹാരം സുകരമാക്കിത്തീർക്കും ഇത്. മൗലികമായി പുതിയ പ്രരൂപങ്ങളിലുള്ള യന്ത്രങ്ങളും സാങ്കേതികവിദ്യകളും വികസിപ്പിക്കുകയും വ്യാപകമായി പ്രയോഗിക്കുകയും ചെയ്യുവാനുള്ള സെക്ടറന്തര ഗവേഷണ സാകല്യങ്ങളും കേന്ദ്രങ്ങളും സ്ഥാപിക്കുക. അക്കാദമിക, വ്യവസായശാഖ, കോളേജ് ഗവേഷണ സെക്ടറുകൾ തമ്മിലുള്ള പരസ്പരപ്രവർത്തനം ഊട്ടിയുറപ്പിക്കുക.

സാമൂഹ്യശാസ്ത്രങ്ങളുടേയും പ്രകൃതിശാസ്ത്രങ്ങളുടേയും സാങ്കേതികവിദ്യകളുടേയും യത്നങ്ങൾ, ത്വരിതമായ സാമ്പത്തിക-സാമൂഹ്യവളർച്ച ഉറപ്പു ചെയ്തുകൊണ്ട്, ഏററവും പ്രധാനപ്പെട്ട കർമ്മതന്ത്രദിശകളിൽ കേന്ദ്രീകരിക്കുക.

*സാമൂഹ്യശാസ്ത്രങ്ങളിൽ,* വികസിതസോഷ്യലിസത്തെ തികവുററതാക്കുക സംബന്ധിച്ച പ്രശ്നങ്ങളിലേക്കുള്ള ഗവേഷണം ഊർജജിതപ്പെടുത്തുകയും ഗവേഷണത്തിന്റെ ആശയപരവും താത്വികവുമായ നിലവാരവും പ്രായോഗികമായ അർത്ഥപ്രാധാന്യവും ഉയർത്തുകയും ചെയ്യുക. വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം, ശാസ്ത്രീയകമ്യൂണിസം, അർത്ഥശാസ്ത്രം എന്നിവയുടെ മുഖ്യ പ്രശ്നങ്ങൾ കൂടുതൽ സമഗ്രമായി പഠിക്കുക; സി. പി. എസ്. യു. നേതൃത്വത്തിന്റെ പങ്കിന്റെ വളർച്ച സംബന്ധിച്ച കാര്യങ്ങളും കമ്യൂണിസ്റ്റ് തൊഴിലാളിവർഗ്ഗ, ദേശീയവിമോചനപ്രസ്ഥാനങ്ങളുടെഅനുഭവങ്ങളും കൂടുതൽ കൂലങ്കഷമായി പരിശോധിക്കുക. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ, ആസൂത്രണം, മാനേജ്മെന്റ്, അദ്ധ്വാനത്തിന്നുള്ള പ്രതിഫലം, ധനവ്യവഹാരം, വിലനിർണ്ണയം എന്നിവയുടെ രംഗത്ത് താത്വികഗവേഷണത്തിന്റെ നിലവാരം ഉയർത്തുക. രാഷ്ട്രീയവ്യവസ്ഥ, സോഷ്യലിസ്റ്റ് ജനാധിപത്യം, രാഷ്ട്രപദവി, സോഷ്യലിസ്റ്റ് സ്വയംഭരണം, സോവിയററ് യൂണിയനിലെ ദേശങ്ങളേയും ദേശീയജനവിഭാഗങ്ങളേയും ഇനിയും കൂടുതലായി അണിചേർക്കൽ എന്നീ പ്രക്രിയകളെപ്പററി പൂർവ്വാധികം ഗഹനമായി പഠനം നടത്തുക. ഗവേഷണം ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയുടെ സാമൂഹ്യ-സാമ്പത്തികപ്രശ്നങ്ങളിലേക്ക് വ്യാപിപ്പിക്കുക. വികസനത്തിന്റെ വസ്തുനിഷ്ഠനിയമങ്ങൾ, സോഷ്യലിസ്റ്റ് സമുച്ചയത്തിന്റെ

അനുഭവങ്ങൾ, സി. എം. ഇ. എ. അംഗരാജ്യങ്ങളുടെ സാമ്പത്തികോദ്ഗ്രഥനം വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ, മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പം മൂർച്ഛിക്കുന്നതുമായും സമാധാനത്തിന്നും സാമൂഹ്യപുരോഗതിക്കുംവേണ്ടിയുള്ള ജനകീയസമരം വളരുന്നതുമായും ബന്ധപ്പെട്ട പ്രക്രിയകൾ എന്നിവയെപ്പറ്റിയുള്ള പഠനം തുടരുക.

*പ്രകൃതിശാസ്ത്രത്തിലും സാങ്കേതികശാസ്ത്രത്തിലും* ഉൽപാദകശക്തികളിൽ അഗാധതലസ്പർശികളായ ഗുണാത്മകമാറ്റങ്ങൾ ഉണ്ടാക്കുകയും, മൗലികമായി നൂതനമായ പ്രരൂപങ്ങളിലുള്ള ഉൽപന്നങ്ങളുടേയും യന്ത്രങ്ങളുടേയും സാങ്കേതികവിദ്യകളുടേയും സൃഷ്ടി ഉറപ്പുവരുത്തുകയും സാദ്ധ്യമാക്കിത്തീർക്കുമാറുള്ള ഫലങ്ങൾ ഉളവാക്കുന്ന ഗവേഷണം വികസിപ്പിക്കുക. താത്വികവും പ്രയുക്തവുമായ ഗണിതശാസ്ത്രം, അഭിജ്ഞാപന വിജ്ഞാനീയം, സൈബർനെട്ടിക്സ്, മൗലിക കണങ്ങളുടേയും അണുബീജകേന്ദ്രത്തിന്റേയും ഊർജ്ജതന്ത്രം, ഖരാവസ്ഥാ ഭൗതികം, മൈക്രോ എലക്ട്രോണിക്സ്, ക്വാണ്ടം എലെക്ട്രോണിക്സ്, ഓപ്ടിക്സ്, റേഡിയോ ഫിസിക്സ് എന്നിവയും, അപ്രകാരം തന്നെ ന്യൂക്ലിയർ-തെർമോ ന്യൂക്ലിയർ പവർ എഞ്ചിനിയറിങ്ങ്, വിദ്യുച്ഛക്തിയുടെ രൂപപരിവർത്തനവും പ്രേഷണവും, പാരമ്പരികമല്ലാത്ത ഊർജ്ജസ്രോതസ്സുകളുടെ വികസനം എന്നിവയുടെ രംഗത്ത് ഗവേഷണവും വികസിപ്പിക്കുക. ശക്തി ശാസ്ത്രത്തിന്റെ പ്രശ്നങ്ങളിലും ഉൽപാദനത്തിന്റെ ഓട്ടോമേഷൻ സംബന്ധിച്ച സൈദ്ധാന്തികവിഷയങ്ങളിലും വിശാലതരമായ ഗവേഷണം നടത്തുക. രസതന്ത്രം, രാസസാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ, പുതിയ ഘടനാസാമഗ്രികളുടെ സൃഷ്ടി എന്നിവയ്ക്ക് ശാസ്ത്രീയാടിത്തറ തയ്യാറാക്കുക, ഭൗതിക-രാസ-ജൈവശാസ്ത്രം വികസിപ്പിക്കുക, ഔഷധത്തിന്നും കാർഷികോൽപാദനത്തിന്നും വേണ്ട ശരീരക്രിയാത്മകമായി സജീവമായ പദാർത്ഥങ്ങൾ ലഭിക്കുന്നതിന്നുള്ള ശാസ്ത്രീയാസ്തിവാരം തയ്യാറാക്കുക; ഇമ്മ്യൂണോളജിയും വൈറോളജിയും, ജനിതകവും സസ്യപാലനവും എന്നിവയുടെ പ്രശ്നങ്ങൾ വിശദമായാവിഷ്കരിക്കുക; ഏറ്റവും പ്രചാരത്തിലുള്ള രോഗങ്ങൾ തടയുകയും നേരത്തെ കണ്ടുപിടിച്ചു ചികിൽസിക്കുകയും ചെയ്യുന്നതിന്നുള്ള രീതികളും മാർഗ്ഗങ്ങളും വികസിപ്പിക്കുക. ഭൂബാഹ്യപടലത്തിന്റെ ഘടനയും പരിണാമവും, ജീവമണ്ഡലം, ലോകസമുദ്രം, അന്തരീക്ഷം, ബാഹ്യാകാശം എന്നിവ സംബന്ധിച്ച് സമഗ്രമായ ഗവേഷണം നടത്തുക.

ശാസ്ത്ര-വിദ്യാഭ്യാസപ്രവർത്തകർക്ക് പരിശീലനം നൽകുകയും അവരുടെ യോഗ്യതകൾ ഉയർത്തുകയും ചെയ്യുന്നതിന്നുള്ള പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുക.

ശാസ്ത്രത്തിന്റെ ഭൗതികവും സാങ്കേതികവുമായ വ്യവസ്ഥ മെച്ചപ്പെടുത്തുന്ന നടപടികൾ നടപ്പാക്കുക. ശാസ്ത്രത്തിന്റെ പരീക്ഷണാസ്തിവാരം ശക്തിപ്പെടുത്തുക. അതിന്റെ വികസനത്തിലേക്ക്, ശാസ്ത്രസ്ഥാപനങ്ങളുടെ നിർമ്മാണത്തിന്ന് വകയിരുത്തപ്പെട്ട മൂലധനനിക്ഷേപങ്ങളുടെ പകുതിയിൽ കുറയാത്ത ഭാഗം തിരിച്ചുവിട്ടുകൊണ്ടുവേണം ഇത്. ശാസ്ത്രസംഘടനകൾക്ക് അധുനാതന ഉപകരണങ്ങളും സ

ജജീകരണസാമഗ്രികളും ഓട്ടമേഷൻ ഉപാധികളും പദാർത്ഥങ്ങളും ഗവേഷണത്തിന്നുളള ഒരുക്കമാനങ്ങളും ഗണ്യമാംവിധം ഉയന്നതോതിൽ പ്രദാനം ചെയ്യുക.

## V. ഘനവ്യവസായത്തിൻെറ വികസനം

*ഘനവ്യവസായത്തെ അഭിമുഖീകരിക്കുന്ന മുഖ്യ കടമകൾ ദേശീയസമ്പദ്വിധാനത്തിൽ ഇന്ധന-അസംസ്കൃതപദാർത്ഥവിഭവങ്ങളും യന്ത്രങ്ങളും സജ്ജീകരണസാമഗ്രികളും മററു ആധുനിക ഉൽപാദനോപകരണങ്ങളും ലഭിക്കുമെന്നുറപ്പുവരുത്തുക; മുന്തിയ ഇനം ഉപഭോഗസാധനങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുക; വ്യവസായത്തിൻെറ ശാഖകളുടെ ഫലസിദ്ധി ഉയർത്തുക എന്നിവയാണ്.*

ഈ കടമകൾ നിറവേററുന്നതിന്ന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്: ലോകത്തിലെ ഏററവും മികച്ചവയോടു കിടപിടിക്കുന്ന, സാങ്കേതികവും സാമ്പത്തികവുമായ ഗുണവിശേഷങ്ങളോടുകൂടിയ അതീവ ഫലപ്രദമായ ഉൽപന്നങ്ങളുടെ നിർമ്മാണത്തിലേക്ക് വിപുലമായതോതിൽ മാറുക; വിദേശവിപണിയിൽ മൽസരയോഗ്യങ്ങളാവണം അത്തരം ഉൽപന്നങ്ങൾ, പുതിയ സാമഗ്രികളും സാങ്കേതികവിദ്യയും സ്വായത്തമാക്കുവാനാവശ്യമായ സമയം ഗണ്യമായി ചുരുക്കുകയും വേണം. ഘനവ്യവസായത്തിൻെറ ഘടനയിലും വ്യവസായങ്ങൾ തമ്മിലും വ്യവസായങ്ങൾക്കകത്തുമുളള സന്തുലനത്തിലും ഉന്നമനം ഉണ്ടാക്കുക. യന്ത്രനിർമ്മാണം, നൂക്ലിയർ പവർ എഞ്ചിനിയറിങ്ങ്, വാതകവ്യവസായം, കെമിക്കലും പെട്രോ കെമിക്കലും വ്യവസായങ്ങൾ എന്നിവയും ആധുനികനിർമ്മാണസാമഗ്രികളുടെ ഉൽപാദനവും ത്വരിതമായി വികസിപ്പിക്കുക; വിശാലതരമായ പ്രത്യേകവൽക്കരണവും സഹകരണവും അവലംബിക്കുക;

ഉൽപാദനം, സർവ്വോപരി സാങ്കേതികപുനഃസജ്ജീകരണവും ആധുനികീകരണവും മുഖേനയും യന്ത്രവൽക്കരണത്തിൻേറയും ഓട്ടോമേഷൻേറയും നിലവാരം ഉയർത്തിക്കൊണ്ടും, നവീകരിക്കുക;

ക്ലേശകരമായ അവിദഗ്ദ്ധ കായികാദ്ധ്വാനത്തിൻെറ വ്യാപ്തി ഗണ്യമാംവിധം ചുരുക്കുന്നതിന്നുവേണ്ടി യന്ത്രവൽക്കരണത്തിന്നും ഓട്ടോമേഷന്നും, ഭാരവാഹനത്തിന്നും കൺവേയിങ്ങിന്നും, ചരക്കു കൈകാര്യത്തിന്നും ശേഖരണത്തിന്നും ഉളള ഉപകരണങ്ങളുടെ നിർമ്മാണത്തിൽ സാരമായ വർദ്ധനവുണ്ടാക്കുക;

വിഭവം ലാഭിക്കുന്നതിന്നുളള ഉപായങ്ങളും സാങ്കേതികവിദ്യയും സർവ്വത്ര ഏർപ്പെടുത്തുക; അസംസ്കൃതപദാർത്ഥങ്ങൾ ഉദ്ഗ്രഥിതമായുപയോഗപ്പെടുത്തുക; ഉൽപാദനാവശ്യത്തിന്നുപയോഗിക്കുന്ന സിന്തററിക്ക് പദാർത്ഥങ്ങൾ വലിയതോതിൽ സ്വാഭാവികപദാർത്ഥങ്ങൾകൊണ്ടു പകരംവെക്കുക. അസംസ്കൃതപദാർത്ഥങ്ങളുടേയും ഇതര സപ്ലൈകളുടേയും നഷ്ടം കുറയ്ക്കുക; അപ്രധാനവിഭവങ്ങൾ കൂടുതൽ നന്നായുപയോഗപ്പെടുത്തുക.

ഘനവ്യവസായങ്ങളുടെ മുഖ്യ വികസനസരണികൾ താഴെ പറയുംവിധമായിരിക്കും:

## യന്ത്രനിർമ്മാണസാകല്യം

ഒരു പ്രാഥമികനടപടിയെന്നോണം, യന്ത്രനിർമ്മാണസാകല്യത്തിന്റെ സമൂലമായ ആധുനികീകരണവും മുൻഗണനാപരമായ വികസനവും ഉറപ്പുവരുത്തുക; സർവ്വോപരി യന്ത്രോപകരണനിർമ്മാണത്തിലും കംപ്യൂട്ടർ സാമഗ്രികളുടെ നിർമ്മാണത്തിലും സൂക്ഷ്മോപകരണനിർമ്മാണത്തിലും എലെക്ട്രിക്കൽ എഞ്ചിനിയറിങ്ങ്-എലക്ട്രോണിക്ക് വ്യവസായങ്ങളിലും ഇത് ആവശ്യമാണ്. ഈ വ്യവസായങ്ങളുടെ ഉൽപാദനത്തിൽ മുൻഗണനാവളർച്ചനിരക്കുകൾക്ക് വ്യവസ്ഥ ചെയ്യുക, യന്ത്രനിർമ്മാണത്തിന്നാകെയുള്ള ശരാശരി കണക്കുകൾ 30 മുതൽ 60 വരെ ശതമാനംകണ്ടു കവിഞ്ഞിരിക്കണം.

യന്ത്രനിർമ്മാണസാകല്യത്തിലെ മൂലധനനിക്ഷേപങ്ങളുടെ നിലവാരം സാരമായി ഉയർത്തുക. അടിസ്ഥാനാസ്തികളുടെ പ്രവർത്തനക്ഷമമായ ഭാഗം വർഷത്തിൽ 10 – 12 ശതമാനമെന്ന നിരക്കിൽ നവീകരിക്കുക. യന്ത്രനിർമ്മാണത്തിന്റെയും ലോഹപ്പണിയുടേയും ഉൽപാദനം 40 – 45 ശതമാനംകണ്ട് വർദ്ധിപ്പിക്കുക.

നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചു സ്വായത്തമാക്കുവാൻവേണ്ട സമയം 65 – 75 ശതമാനം കണ്ടു കുറയ്ക്കുക. പുതുതായുൽപാദിപ്പിക്കപ്പെടുന്ന എല്ലാ യന്ത്രസാമഗ്രികളുടേയും ഉൽപാദനക്ഷമതയും വിശ്വാസനീയതയും നിലവിലുള്ളതിനേക്കാൾ കുറഞ്ഞപക്ഷം $1\frac{1}{2}$ – 2 മടങ്ങു കവിഞ്ഞു നിൽക്കുമെന്നുറപ്പുവരുത്തുക.

യന്ത്രങ്ങളുടേയും സാമഗ്രികളുടേയും യൂണിററ് ശേഷികൾ സാമ്പത്തികമായി ന്യായീകരിക്കാവുന്ന പരിധികൾക്കുള്ളിൽ വർദ്ധിപ്പിക്കുകയും അവയുടെ കാര്യക്ഷമതയുടെ യൂണിററ് ഒന്നുക്കുള്ള ഉൽപാദനച്ചിലവ് കുറയ്ക്കുകയും ചെയ്യുക.

എളുപ്പത്തിൽ നീക്ക്പോക്ക് ചെയ്യാവുന്ന ഉൽപാദനലൈനുകൾ വിശാലമായി ഏർപ്പെടുത്തുക. സ്വയംപ്രവർത്തിത ഡിസൈനിങ്ങ്, ഓട്ടോമാററിക് ലൈനുകൾ, മൈക്രോപ്രോസസ്സ് ഘടകങ്ങളുൾക്കൊണ്ട യന്ത്രങ്ങളും ഉപസ്കരങ്ങളും, സംഖ്യാത്മകനിയന്ത്രിതങ്ങളായ വിവിധോദ്ദേശ യന്ത്രോപകരണങ്ങൾ, റോബോടെക്നിക്കൽ-റോട്ടോർ-റോട്ടോർ കൺവേയർ സാകല്യങ്ങൾ എന്നിവയുടേതായ വിധാനങ്ങളും വിപുലമായേർപ്പെടുത്തുക.

സൈബീരിയയിലും ദൂരപൂർവ്വപ്രദേശത്തും ദൂരോത്തര പ്രദേശത്തും പ്രവർത്തിക്കുന്നതിന്ന് രൂപകൽപന ചെയ്യപ്പെട്ട അതീവ കാര്യക്ഷമങ്ങളായ യന്ത്രസാമഗ്രികളുടെ നിർമ്മാണം വർദ്ധിപ്പിക്കുക.

സമ്പൂർണ്ണങ്ങളായ സാങ്കേതികവിധാനങ്ങളും യന്ത്രസാകല്യങ്ങളും ഡെലിവറി ചെയ്യുന്നതിലേക്ക് മാറുക. കൃഷിയിലും ഗതാഗതത്തിലും സമ്പദ്വിധാനത്തിന്റെ ഇതരശാഖകളിലും ഉപയോഗിക്കപ്പെടുന്ന പരിഷ്കൃതങ്ങളും അതിസൂക്ഷ്മങ്ങളുമായ സാമഗ്രികളുടെ നിർമ്മാതാക്കൾ ഡെലിവറിക്ക്ശേഷം സംരക്ഷണവും സർവ്വീസിങ്ങും നടത്തുക എന്നതിനെ സർവ്വവിധേനയും പ്രോൽസാഹിപ്പിക്കുക.

പ്രത്യേകവൽകൃത പ്ലാൻറുകളുമായുള്ള അസ്സംബ്ലിസ്ഥാപനങ്ങളുടെ ഫലപ്രദമായ സഹകരണം മുഖേന പൂർണ്ണവസ്തുവും അതിന്റെ ഭാഗങ്ങ

ളും ഉൽപാദിപ്പിക്കുന്നതിലെ പ്രത്യേകവൽക്കരണവും സഹകരണവും ഉൽപാദനത്തിന്റെ സാങ്കേതിക പ്രത്യേകവൽക്കരണവും സഹകരണവും വിപുലപ്പെടുത്തുക. അസ്സംബ്ലികളുടേയും പാർട്ടുകളുടേയും പരമാവധി ഏകീകരണം ഉറപ്പുവരുത്തുക. യന്ത്രങ്ങളും ഉപസ്കരങ്ങളും ഉപകരണങ്ങളും ഏകീകൃത ബ്ലോക്ക് മൊഡ്യൂൾ-ബേസിക് ഡിസൈനിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കുവാനുള്ള നടപടികൾ നടപ്പാക്കുക. ബഹുഫലനപ്രരൂപങ്ങളിലുള്ള സാമഗ്രികളുടെ ഉൽപാദനം ത്വരിപ്പിക്കുക.

യന്ത്രനിർമ്മാണവ്യവസായങ്ങളുടെ ഉദ്ഗ്രഥനം അധികതരം വികസിപ്പിക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്തുകൊണ്ടും, പരസ്പര സാമ്പത്തികസഹായസമിതി (സി. എം. ഇ. എ.) യുടെ ചട്ടക്കൂടിനകത്തുള്ള ഉൽപാദനത്തിന്റെ പ്രത്യേകവൽക്കരണവും സഹകരണവും മുഖേനയും യന്ത്രനിമ്മാണോൽപാദനത്തിന്റെ സാങ്കേതികനിലവാരവും ഗുണവും ഉയർത്തുവാനുള്ള സാദ്ധ്യത പൂർണ്ണതരമായി ഉപയോഗപ്പെടുത്തുക.

യന്ത്രനിർമ്മാണമന്ത്രാലയങ്ങളുടെ സംരംഭങ്ങൾ, ഈ മന്ത്രാലയങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടിതന്നെ, പ്രത്യേകവൽകൃത സാങ്കേതിക സാമഗ്രികളുടെ നിർമ്മാണം ഗണ്യമായ വർദ്ധിപ്പിക്കുക.

താഴ്ന്ന നിലവാരത്തിലുള്ള ഉരുക്ക് കൂട്ടുകൊണ്ടുണ്ടാക്കുന്ന തകിടുകൾ, ഉരുൾ രൂപത്തിലും ആകൃതിയിലുമുള്ള സൂക്ഷ്മ പരിച്ഛേദങ്ങൾ, ലോഹചൂർണ്ണം, പ്ലാസ്റ്റിക് എന്നിവപോലുള്ള ആധുനിക നിർമ്മാണപദാർത്ഥങ്ങൾ യന്ത്രനിർമ്മാണത്തിൽ വർദ്ധിതമായുപയോഗപ്പെടുത്തുക. 12-ാം പഞ്ചവൽസരപദ്ധതിക്കാലത്ത് യന്ത്രസാമഗ്രികളുടെ യൂണിററ് പ്രതിയുള്ള ലോഹാംശം 12–18 ശതമാനംകണ്ടും, യൂണിററുപ്രതിയുള്ള അവയുടെ വൈദ്യുതി ഉപഭോഗം 7–12 ശതമാനംകണ്ടും കുറയ്ക്കുക. ദശലക്ഷം റൂബ്ൾ വിലയ്ക്കുള്ള വിപണനീയ ഉൽപന്നങ്ങളിൽ ഉരുക്ക്തകിടിന്റെ ഉപഭോഗം കലമേനിക്ക് 26–28 ശതമാനംകണ്ടും ഉരുക്കുകുഴലുകളുടേത് 18–20 ശതമാനംകണ്ടും ആയസേതര ലോഹത്തകിടുകളുടേത് 21–23 ശതമാനംകണ്ടും കുറയ്ക്കുക.

എല്ലാ സാമഗ്രികൾക്കും ഉൽപാദനശേഷികളുടെ പൂർണ്ണതരമായ വിനിയോഗം ഉറപ്പുവരുത്തുകയും ഷിഫ്ററ് ഇണ്ടെക്സ് 1990-ൽ 1.6–1.8 ആയി ഉയർത്തുകയും ചെയ്യുക. പരിപാടിനിയന്ത്രിതസാമഗ്രികൾക്കും ട്രാൻസ്ഫർ ലൈനുകൾക്കുമുള്ള 1.9 വരെയുള്ള വർദ്ധനയും ഫ്ളെക്സിബ്ൾ പ്രൊഡക്ഷൻ മൊഡ്യൂലുകൾക്കും വിധാനങ്ങൾക്കും 2–2.5 വരെയുള്ള വർദ്ധനയും അതിലുൾപ്പെടും.

അദ്ധ്വാനോൽപാദനക്ഷമത 39–43 ശതമാനംകണ്ട് വർദ്ധിപ്പിക്കുകയും ഉൽപാദനച്ചിലവ് 9–11 ശതമാനംകണ്ടു കുറയ്ക്കുകയും ചെയ്യുക.

*പവർ എഞ്ചിനീയറിങ്ങ് വ്യവസായത്തിൽ*, പവർ എഞ്ചിനീയറിങ്ങിന്റെ ശീഘ്രവികസനത്തിന്ന് വേണ്ട അതിദക്ഷതാ സാമഗ്രികളുടെ ഉൽപാദനം വർദ്ധിപ്പിക്കുക. നിർമ്മിതസാമഗ്രികളുടെ വൈവിദ്ധ്യം മെച്ചപ്പെടുത്തുകയും മൈക്രോ പ്രോസസ്സർ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ സ്വയംപ്രവർത്തനനിലവാരം ഗണ്യമായുയർത്തുകയും ചെയ്യുക. ഫാസ്റ്റ്-ന്യൂട്രോൺ റിയാക്ടറുകൾ ഉപയോഗിച്ച് 8 ലക്ഷം

കിലോവാട്ട് കൊള്ളളവുള്ള ജനറേറ്റിങ് യൂണിററുകളുടെ വികസനവും നിർമ്മാണവും സംഘടിപ്പിക്കുക. 15 ലക്ഷം കിലോവാട്ട് ജനറേറ്റിങ് യൂണിററുകളുടെ വികസനം സംബന്ധിച്ച ശാസ്ത്രീയ-സാങ്കേതിക പ്രശ്നങ്ങൾ തെർമ്മൽ-ന്യൂട്രോൺ റിയാക്ടറുകൾ ഉപയോഗിച്ചും, 16 ലക്ഷം കിലോവാട്ട് യൂണിററുകളുടേത് ഫാസ്റ്റ് ന്യൂട്രോൺ റിയാക്ടറുകൾ ഉപയോഗിച്ചും പരിഹരിക്കുക.

ന്യൂക്ലിയർ താപവിതരണനിലയങ്ങൾക്ക് വേണ്ട സാമഗ്രികളുടേയും രാജ്യത്തിന്റെ ഉൾപ്രദേശങ്ങൾക്കാവശ്യമായ ചെറുകിട പവർ പ്ലാന്റുകൾക്ക് വേണ്ട സാമഗ്രികളുടേയും നിർമ്മാണം ഉറപ്പുവരുത്തുക. കാൻസ്ക്-അച്ചിൻസ്ക് ഇന്ധന-ഊർജ്ജസാകല്യത്തിന്റെ വൈദ്യുതനിലയങ്ങളിലും രാജ്യത്തിന്റെ മററു ഭാഗങ്ങളിലും ഉപയോഗിക്കുവാനുള്ള 8 ലക്ഷം കിലോവാട്ട് സ്റ്റീം-ടർബൈൻ ജനറേറ്റിങ് യൂണിററുകൾക്ക് വേണ്ട സാമഗ്രികളുടെ പൂർണ്ണാളവിലുള്ള ഉൽപാദനം സംഘടിപ്പിക്കുക. 1,20,000–1,50,000 കിലോവാട്ട് ശേഷിയുള്ള വങ്കിട ഗ്യാസ് പവർ ജനറേറ്റിങ് ടർബൈനുകളുടേയും ഹൈഹെഡ്-പമ്പ്ഡ് സ്റ്റോറേജ് ഹൈഡ്രോ എലെക്ട്രിക് സ്റ്റേഷനുകൾക്ക് വേണ്ട ഹൈഡ്രോ എലെക്ട്രിക് ടർബൈൻ സാമഗ്രികളുടേയും ആദിപ്രരൂപങ്ങൾ ചികസിപ്പിക്കുകയും അവയുടെ നിർമ്മാണം സംഘടിപ്പിക്കുകയും ചെയ്യുക.

*ഘന-ഗതാഗത യന്ത്രനിർമ്മാണത്തിൽ,* ഘനവ്യവസായത്തിന്റേയും ഗതാഗതത്തിന്റേയും മുഖ്യശാഖകളുടെ സമൂലമായ പുനഃസജ്ജീകരണം ഉറപ്പുചെയ്യുന്ന ഘടകങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുക. വെവ്വേറെ യന്ത്രങ്ങൾ നിർമ്മിക്കുക എന്ന അവസ്ഥയിൽനിന്ന് പ്രാഥമികമായി ഉന്നത നിലവാരത്തിലുള്ള ഓട്ടോമേഷനോടുകൂടിയ ഉൽപാദനലൈനുകളും സാകല്യങ്ങളും നിർമ്മിക്കുന്ന അവസ്ഥയിലേക്ക് മാറുക. ലോഹകർമ്മ സാമഗ്രികളുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക. 650 ചതുരശ്ര മീററർ വരെയുള്ള സിന്ററിങ് മേഖലയോടുകൂടി സഞ്ചയനയന്ത്രങ്ങളുടേയും, അനുസ്യൂതമായ ഉരുക്ക് വാർപ്പിന്ന് വേണ്ട കംബൈൻഡ് ബ്ലോ കൺവർട്ടറുകളുടേയും അതിദാക്ഷതാ യന്ത്രങ്ങളുടേയും ഉൽപാദനം വികസിപ്പിക്കുകയും ആരംഭിക്കുകയും ചെയ്യുക. ഖനനയന്ത്രങ്ങളുടെ നിർമ്മാണത്തിൽ, മുഖ്യമായും വങ്കിട യൂണിററ് ശേഷിയോടും സംയോജക ഹൈഡ്രോളിക്കുകളോടുകൂടിയവയുടെ നിർമ്മാണത്തിൽ, വളർച്ച ഉറപ്പുവരുത്തുക. റേക്‌വെയിൻ നിക്ഷേപങ്ങളുടെ ദീർഘഭിത്തിഖനനത്തിന്നുവേണ്ട ഹെഡിങ്-വിന്നിങ് സിസ്റ്റങ്ങൾ, അതിദക്ഷതാ യന്ത്രവൽകൃതവിന്നിങ് കോമ്പ്ളക്സുകൾ, സബാസിഡ് അയിരുകൾ സംസ്കരിക്കുന്നതിന്നുള്ള പ്രത്യേക സാമഗ്രികൾ, 100 ഘനമീററർവരെ കൊള്ളളവുള്ള ബക്കറേറാടും 125 മീററർ നീളമുള്ള ബൂമോടുംകൂടിയ വാക്കിങ് എക്സ്ക്യാവാറററർകൾ എന്നിവയുടെ നിർമ്മാണം സംഘടിപ്പിക്കുക. വലിയ യൂണിററ് ശേഷിയോടുകൂടിയ പുതിയ മുന്തിയതരം കൽക്കരി ഖനനസാമഗ്രികൾ വികസിപ്പിക്കുകയും അവയുടെ നിർമ്മാണമാരംഭിക്കുകയും ചെയ്യുക.

ഡീസൽ ലോക്കമോട്ടീവുകളും ഡീസൽ എഞ്ചിനുകളും, റെയിൽവേ ക്യാരേജുകളും ഗൂഡ്സ് വാഗണുകളും, അണ്ടർഗ്രൗണ്ട് റെയിൽവേ കാറു

കൾ, ഹോയിസ്റ്റിങ്ങ്-കൺവേയിങ്ങ് സാമഗ്രികൾ, റെയിൽവേ ട്രാക്കുകൾ റിലേപ്പർ ചെയ്യുന്നതിന്നുള്ള ഘടകങ്ങൾ എന്നിവയുടെ നിർമ്മാണം വർദ്ധിപ്പിക്കുക.

*വൈദ്യുതി എഞ്ചിനീയറിങ്ങ് വ്യവസായത്തിൽ*, ഉൽപന്നങ്ങളുടെ ഉൽപാദനം സത്വരം വർദ്ധിപ്പിക്കുകയും അവയുടെ സാമ്പത്തികകാര്യക്ഷമത ഉയർത്തുകയും ചെയ്യുക. 8 ലക്ഷം കിലോവാട്ട് വരെ ശേഷിയോടുകൂടിയ ഒരു ഏകീകൃതപരമ്പരയിൽ പെട്ട ടർബോ ജനറേട്ടറുകൾ, നൂക്ലിയർ പവർ സ്റ്റേഷനുകൾക്കു വേണ്ട ദശലക്ഷം കിലോവാട്ട് ശേഷിയോടുകൂടിയ അതീവ വിശ്വസനീയമായ ടർബോ ജനറേട്ടർ യൂണിറ്റുകൾ, ആദായകരമായ എലെക്ട്രിക് ലൈറ്റ് സോർസുകൾ, 400 കിലോവാട്ടുവരെ ശേഷിയുള്ള എ. സി. എലെക്ട്രിക് മോട്ടോറുകളുടെ പുതിയൊരു പരമ്പര എന്നിവയുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക.

1500 കിലോവാട്ട് ഡി. സി. ട്രാൻസ്മിഷ്യൻ ലൈനുകൾക്ക് വേണ്ട അതിദക്ഷതാ സാമഗ്രികൾ, എസ്. എഫ് 6 - ഗാസ് ഇൻസുലേഷനോടുകൂടിയ ഫാക്ടറി അസ്സംബ്ൾഡ് സ്വിച്ച് ഗിയറുകൾ, ഹൈകപ്പാസിറ്റി എലെക്ട്രിക് സ്റ്റീൽ ഫർണസ്സുകൾ എന്നിവയുടെ നിർമ്മാണം സംഘടിപ്പിക്കുക.

ഓട്ടോമേറ്റഡ് എലെക്ട്രിക് ഡ്രൈവുകളുടെ ഉൽപാദനം മുൻഗണനാനിരക്കിൽ വർദ്ധിപ്പിക്കുക. എലെക്ട്രിക് മോട്ടോറുകൾ, സ്റ്റോറേജ് ബേട്ടറികൾ, കോൺട്രാക്റ്റ്ലെസ്സ് ലോ ആണ്ട് ഹൈവോൾട്ടേജ് സാമഗ്രികൾ, ട്രാൻസിസ്റ്ററൈസ്ഡ് വൈദ്യുതോപകരണങ്ങളും മൊഡ്യൂലുകളും, ഓപ്റ്റിക്കൽ ഫൈബർ കമ്യൂണിക്കേഷൻ ക്യാബ്ളുകൾ എന്നിത്യാദി വൈദ്യുത സാമഗ്രികളുടെ അതിസ്വയംപ്രവർത്തിതോൽപാദനം വികസിപ്പിക്കുക. 10 കിലോവാട്ട്വരെ ഉദ്വമനശേഷിയോടുകൂടിയ ടെക്നോളജിക്കൽ ലാസർ യൂണിറ്റുകളുടെ പൂർണ്ണാളവിലുള്ള ഉൽപാദനമാരംഭിക്കുക. അനുദനയ നിർമ്മാണവിധാനങ്ങൾക്ക് വേണ്ട അത്യാവശ്യ അനുബന്ധ ഇനങ്ങളുടേയും വ്യാവസായിക റൊബോട്ടുകളുടേയും ഓട്ടോമെഷൻ ഘടകങ്ങളുടേയും ഹെവി ഡ്യൂട്ടിഡമ്പ്ട്രക്കുകൾക്ക് വേണ്ട വൈദ്യുതിസാമഗ്രികളുടേയും ഉപൽപാദനവും പൂർണ്ണാളവിൽ ആരംഭിക്കുക. നിബദ്ധവും ഉന്നതശേഷിയുള്ളതുമായ സ്റ്റോറേജ് ബേട്ടറികളോടുകൂടി എലെക്ട്രിക് ലോഡറുകളുടെ നിർമ്മാണം വിപുലപ്പെടുത്തുക.

*രാസ-എണ്ണ വ്യവസായങ്ങൾക്ക് വേണ്ട യന്ത്രനിർമ്മാണത്തിൽ*, ദേശീയ സമ്പദ്വിധാനത്തിന്റെ രാസവൽക്കരണത്തിന്ന് വേണ്ട മുന്തിയതരം യന്ത്രസാമഗ്രികളുടെ നിർമ്മാണം വികസിപ്പിക്കുക. പൂർണ്ണസെറ്റുകളോ ബ്ളോക്ക് സെറ്റുകളോ അടങ്ങിയ ഉന്നതയൂണിറ്റ് ശേഷിയുടേതായ സാമഗ്രികളുടേയും ഉൽപാദനലൈനുകളുടേയും ഉൽപാദനം 30 – 50 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. പ്രതിവർഷം 7,50,000 ടൺ മെതനോൽ ഉൽപാദിപ്പിക്കുവാനുള്ള സ്വയംപ്രവർത്തിത ലൈനുകൾ അവയിലുൾപ്പെടും. കാർബമൈഡ്, എതിലിൻ, പ്രൊപിലിൻ, സിന്തറ്റിക് റബ്ബർ, പ്രകൃതിവാതകത്തിൽനിന്നുള്ള പ്രോട്ടീൻ-വിറ്റമിൻ സാന്ദ്രിതങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന സ്വയംപ്രവർത്തിതലൈനുകളും അവയിലുൾപ്പെ

ടുന്നു. എണ്ണ-വാതക നിഷ്കർഷണം, ഉൽഖനനം, ഭൂഗർഭ പൂർവ്വേക്ഷണം, ഭൂമിനന്നാക്കൽ, പാംപ്പും പേപ്പറും ഉൽപാദനം, വുഡ്കെമിസ്ട്രി തുടങ്ങിയവയ്ക്ക്‌വേണ്ടിയുള്ള മുന്തിയതരം സാമഗ്രികളുടേയും സ്പേർ പാർട്ടുകളുടേയും നിർമ്മാണം വിപുലപ്പെടുത്തുക. ഉയർന്നതോതിൽ ക്ഷാരണാംശങ്ങളോടുകൂടിയ നിക്ഷേപങ്ങളുടെ വികസനത്തിന്നാവശ്യമായ എണ്ണയുടേയും വാതകത്തിന്റെയും നിഷ്കർഷണത്തിന്നും സഹകരണത്തിന്നുംവേണ്ട സാങ്കേതിക സാകല്യങ്ങളുടെ നിർമ്മാണം ഉറപ്പുവരുത്തുക.

പുതിയ സാങ്കേതികവിദ്യകളുടെ അടിസ്ഥാനത്തിൽ ഉന്നതതരം റിയാക്ടർ, ഹീററ്-മാസ്സ് എക്സ്ചേഞ്ച്, ക്രിയോജെനിക്, വാക്വം, റെഫ്രിജറേറ്റർ സാമഗ്രികളുടെ ഉൽപാദനം അനുക്രമം വർദ്ധിപ്പിക്കുക.

*യന്ത്രോപകരണ-ഉപകരണനിർമ്മാണ വ്യവസായത്തിൽ*, യന്ത്രനിർമ്മാണത്തെ പുനഃസജ്ജീകരിക്കുന്നതിന്ന്‌വേണ്ട ഉയർന്നതരം സാമഗ്രികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുക. നിർമ്മിത സാമഗ്രികളുടെ വൈവിധ്യം മെച്ചപ്പെടുത്തുകയും, പുതിയതരം കാര്യക്ഷമങ്ങളായ പ്രസ്സ് ഫോർജിങ്ങ്, മെററൽക്കട്ടിങ്ങ്, ഫൗണ്ഡ്രി, വുഡ്‌വർക്കിങ്ങ് സാമഗ്രികളുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുകയും, അവയുടെ ഉൽപാദനക്ഷമത 50 – 60 ശതമാനം കണ്ട് ഉയർത്തുകയും ചെയ്യുക.

സംഖ്യാത്മക നിയന്ത്രിത യന്ത്രോപകരണങ്ങൾ, ''മെഷീനിങ്ങ് സെൻറർ'' പ്രരൂപത്തിലുള്ള യന്ത്രോപകരണങ്ങൾ, ഹെവിഡ്യൂട്ടി-അനുപമ യന്ത്രോപകരണങ്ങളും പ്രസ്സുകളും, യന്ത്രനിർമ്മാണത്തിൽ വ്യാപകമായി ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ അസംബ്ലി സ്വയം പ്രവർത്തിതമാക്കുന്നതിന്നുള്ള സാമഗ്രികൾ, റോട്ടോർ, റോട്ടോർ കൺവേയർ, യന്ത്രനിർമ്മാണത്തിന്നും ലോഹപ്പണിക്കുമുള്ള മററു ഓട്ടോമാററിക് ലൈനുകൾ എന്നിവയുടെ മുൻഗണനാനിർമ്മാണം ഉറപ്പുചെയ്യുക. പ്രിസിഷ്യൻ, എക്സ്ട്രാ ഹൈപ്രിസിഷ്യൻ യന്ത്രോപകരണങ്ങളുടെ ഉൽപാദനം ഗണ്യമായി വിപുലപ്പെടുത്തുക.

ഓട്ടോമെറ്റെഡും റൊബോട്ടൈസ്ഡും സാകല്യങ്ങളുടേയും ലൈനുകളുടേയും നിർമ്മാണം വർദ്ധിപ്പിക്കുക. ലോഹപ്പണിയുടെ അനുനേയ ഉൽപാദനവിധാനങ്ങളുടെ നിർമ്മാണവും വർദ്ധിപ്പിക്കുക. ഷീററ് സ്റ്റാമ്പിങ്ങിനും ഡൈഫോർജിങ്ങിനും വേണ്ടവയും, ലോഹചൂർണ്ണം, പ്ലാസ്റ്റിക്സ് തുടങ്ങിയ പദാർത്ഥങ്ങളിൽനിന്ന് സാധനങ്ങൾ ഉൽപാദിപ്പിക്കുന്നതിന്ന്‌വേണ്ടവയും അവയിലുൾപ്പെടുന്നു. ഓട്ടോമാററിക് കൺട്രോളിന്നുള്ള പരിഷ്കൃത ഉപകരണങ്ങളുടേയും മെഷീനിങ്ങ് അററാച്ച്മെൻറുകളുടേയും ആധുനിക അളവുപകരണങ്ങളുടേയും ഉൽപാദനത്തിന്നുവേണ്ടവയും അവയിലുൾപ്പെടുന്നു.

ഉപകരണങ്ങളുടെ പ്രത്യേകവൽകൃതനിർമ്മാണത്തെ പ്രോൽസാഹിപ്പിക്കുക. ഉപയോഗിച്ചുകഴിഞ്ഞു വലിച്ചെറിയാവുന്ന സിൻഡേർഡ് കാർബൈഡ്-സെർമെററ് ടിപ്പുകളോടുകൂടിയ അതീവ കാര്യക്ഷമങ്ങളായ കട്ടിങ്ങ് ടൂളുകളുടെ ഉൽപാദനം 3 – 4 മടങ്ങുകണ്ടു വർദ്ധിപ്പിക്കുക. തേയ്മാനം തടുക്കുന്ന കട്ടിയുള്ള കോട്ടിങ്ങുമുള്ളവയാണവ. കടുപ്പപ്പെ

ടുത്തുന്ന സാങ്കേതികവിദ്യകൾ കൂടുതൽ വ്യാപകമായുപയോഗപ്പെടുത്തുക.

*ഉപകരണനിർമ്മാണത്തിൽ*, എലെക്ട്രോണിക്സിന്റെ അടിസ്ഥാനത്തിലുള്ള അതീവ വിശ്വസനീയങ്ങളായ വ്യാവസായിക ഓട്ടോമേഷൻ സിസ്റ്റങ്ങളുടെ നിർമ്മാണം മുൻഗണനാനിരക്കുകളിൽ ഉത്തേജിപ്പിക്കുക. പ്രാഥമികമായി സാങ്കേതികപ്രക്രിയകളെ നിയന്ത്രിക്കുന്നതിന്ന് വേണ്ടിയാണ് ഇത്. എഞ്ചിനീയർ കമ്പ്യൂട്ടറുകൾ, ചെറുകിട അതിദക്ഷതാ കമ്പ്യൂട്ടറുകൾ, പേർസണൽ കമ്പ്യൂട്ടറുകൾ, വിവിധോദ്ദേശ മെഷിൻ ടൂളുകൾക്കും അനുരൂപമായ ഉൽപാദനമൊഡ്യൂളുകൾക്കും വേണ്ട സംഖ്യാത്മക കൺട്രോൾ സിസ്റ്റങ്ങൾ, പലതരം സാമഗ്രികൾക്ക് വേണ്ട പ്രോഗ്രാംഡ് മാസ്റ്റർ കൺട്രോളറുകൾ എന്നിവ സ്വയം പ്രവർത്തനക്ഷമങ്ങളാക്കുന്നതിന്ന് വേണ്ട ഉപകരണങ്ങളുടെ നിർമ്മാണം ത്വരിപ്പിക്കുക. കമ്പ്യൂട്ടർ സോഫ്റ്റ്വയറുകളുടേയും ഓട്ടോമാററിക് കൺട്രോൾ സിസ്റ്റങ്ങളുടേയും നിർമ്മാണം വർദ്ധിപ്പിക്കുക.

യന്ത്രസാമഗ്രികൾ, വിനാശകരമല്ലാത്ത പരീക്ഷണത്തിന്നുള്ള ഉപാധികൾ, വ്യാവസായിക-കാർഷികോൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന്നും പരിസ്ഥിതി നിരീക്ഷിച്ചറിയുന്നതിന്നുമുള്ള പുതിയ ഉപകരണങ്ങളുടെ സാകല്യം എന്നിവയ്ക്കുള്ള സ്വയം പ്രവർത്തക ഘടകങ്ങളുടെ വികസനവും മൊത്തമായുള്ള ഉൽപാദനവും ഉറപ്പുചെയ്യുക. ഇന്ധന, ഊർജ്ജ വിഭവങ്ങളുടെ ഉപഭോഗം നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നതിന്നുള്ള സാമഗ്രികളുടെയും ശാസ്ത്രീയഗവേഷണത്തിന്നുള്ള പുതിയ ഉപകരണങ്ങളുടേയും ഓട്ടോമാററിക് ഡിവൈസുകളുടേയും ഉൽപാദനം അനുക്രമം വർദ്ധിപ്പിക്കുക.

ഉപകരണങ്ങളിലും ഓട്ടോമാററിക് ഡിവൈസുകളിലും വർദ്ധിതമായ വിശ്വാസ്യതയും വേഗവുമുള്ള സർക്കീട്ട് എലിമെൻറ് ബെയിസും അതിവിശാലമായ തോതിലുള്ള ഉദ്ഗ്രഥിത സർക്കീട്ടുകളും ലാസർ-ഒപ്ററിക്കൽ ഫൈബർ ടെക്നോളജിയും കൂടുതൽ വ്യാപകമായുപയോഗപ്പെടുത്തുക.

*ഓട്ടോമൊബൈൽ വ്യവസായത്തിൽ*, ദേശീയ സമ്പദ്വിധാനത്തിന്റെ ആവശ്യങ്ങൾ കൂടുതൽ നന്നായി നിറവേററുവാനും കൂടുതൽ ഇന്ധനം ലാഭിക്കുവാനുമായി മോട്ടോർ വാഹനങ്ങളുടെ ഉൽപാദനത്തിൽ വർദ്ധനവും വൈവിദ്ധ്യത്തിൽ അഭിവൃദ്ധിയും ഉറപ്പുവരുത്തുക. പെട്രോൾ എഞ്ചിനുകളെക്കാൾ 25 – 30 ശതമാനം കുറഞ്ഞ ഇന്ധന ഉപഭോഗത്തോടുകൂടിയ ഡീസൽ ട്രക്കുകളുടേയും ട്രക്ക് ആണ്ട് ട്രയിലർ ട്രെയിനുകളുടേയും നിർമ്മാണം മൊത്തം ഉൽപാദനത്തിന്റെ 40 – 45 ശതമാനത്തിലെത്തിക്കുക. കൂടുതൽ വലുതും സുഖസൗകര്യങ്ങളോടുകൂടിയതുമായ ഡീസൽ ബസ്സുകളുടെ നിർമ്മാണമാരംഭിക്കുക. 110 ടണ്ണും 180 ടണ്ണും ഉദ്വഹനശേഷിയോടുകൂടിയവയടക്കം, ക്വാറികൾക്കുവേണ്ടിയുള്ള ഹെവി ഡ്യൂട്ടിട്രക്കുകളുടെ ഉൽപാദനം വർദ്ധിപ്പിക്കുക. ഹെവി ഡ്യൂട്ടി ടിംബർ ട്രക്കുകൾ, ലൈററ് ഡ്യൂട്ടി ട്രക്കുകൾ, ലിഫ്ററ് ട്രക്കുകൾ എന്നിവയുടേയും ഉൽപാദനം വർദ്ധിപ്പിക്കുക. ഡീസൽ എഞ്ചിനുകളോടുകൂടിയ പാസഞ്ചർകാറുകളുടേയും മുൻചക്രഡ്രൈവോടുകൂടിയ അതീവ ആദാ

യകരമായ മോഡലുകളുടേയും നിർമ്മാണത്തിലേക്കുള്ള മാററം ത്വരിതപ്പെടുത്തുക. മോട്ടോർ വാഹനങ്ങളുടെ കമ്പ്രസ്സ്ഡോ ലിക്യുഡോ ആയ ബേണിങ്ങ് ഗ്യാസ്സിൻെറ ഉപൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക. നിർമ്മാണാവശ്യങ്ങൾക്കുള്ള പ്രത്യേകവൽകൃത മോട്ടോർ വാഹനങ്ങളുടെ മൊത്തമായുള്ള ൽപാദനം ആരംഭിക്കുക.

വിവിധ കാർഷികോൽപന്നങ്ങൾ പരിവഹനം ചെയ്യാനും കാർഷിക-വ്യാവസായികസാകല്യത്തിൻെറ ശാഖകളിൽ സാങ്കേതികപ്രക്രിയകളുടെ അനുസ്യൂതി ഉറപ്പുവരുത്താനും പ്രത്യേക ട്രക്കുകളുടേയും ട്രെയിലറുകളുടേയും ഉൽപാദനം വർദ്ധിപ്പിക്കുക.

എലക്ട്രോണിക് ഉപകരണങ്ങളും മെച്ചപ്പെട്ട വായുഗതിതന്ത്രസവിശേഷതകളും ഉപയോഗിച്ച് മോട്ടോർ വാഹനങ്ങളുടെ ആപേക്ഷിക ഇന്ധനോപഭോഗം കുറയ്ക്കുക. മോട്ടോർ വാഹനങ്ങളുടെ യൂണിററൊന്നുക്കുള്ള ലോഹാംശം 15–25 ശതമാനംകണ്ട് കുറയ്ക്കുകയും അവയുടെ സേവനജീവിതം ദീർഘിപ്പിക്കുകയും മോട്ടോർവാഹനങ്ങളുടെ സരവ്വീസിങ്ങിന്നാവശ്യമായ അധ്വാനം ലഘൂകരിക്കുകയും ചെയ്യുക.

*ട്രാക്ടറുകളുടേയും കാർഷികയന്ത്രങ്ങളുടേയും നിർമ്മാണത്തിലും കന്നുകാലി വളർത്തലിന്നും കാലിത്തീററ ഉൽപാദനത്തിന്നുമുള്ള യന്ത്രനിർമ്മാണത്തിലും* അതീവകാര്യക്ഷമങ്ങളായ സാമഗ്രികളേയും യന്ത്രങ്ങളേയും സംബന്ധിച്ചേടത്തോളം കൃഷിയുടെ ആവശ്യങ്ങൾ കൂടുതൽ നന്നായി നിറവേററാൻ വൻതോതിലുള്ള സാങ്കേതികപുനഃസംഘാടനം നടപ്പാക്കുക.

1986–1990-ൽ കൃഷിയുടെ യന്ത്രവൽക്കരണാവശ്യത്തിലേക്ക് ഉൽപാദിപ്പിക്കേണ്ടവയായ വ്യത്യസ്ത യന്ത്രവിധാനങ്ങളുടെ പട്ടികയ്ക്കനുസരിച്ച് യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും ഉൽപാദനം വർദ്ധിപ്പിക്കുകയും തരം മെച്ചപ്പെടുത്തുകയും കാര്യക്ഷമത 50–80 ശതമാനം കണ്ട് വർദ്ധിപ്പിക്കുയും ചെയ്യുക. ട്രാക്ടറുകളുടേയും കൊയ്ത്തുമെതിയന്ത്രങ്ങളുടേയും ആപേക്ഷിക ഇന്ധനോപഭോഗം 3–5 ശതമാനം കണ്ടും നിർമ്മിതസാധനങ്ങളുടെ യൂണിററൊന്നുക്കുള്ള ലോഹാംശം 10–15 ശതമാനം കണ്ടും കുറയ്ക്കുക.

പ്ലോ കാററർപില്ലറുകളുടേയും വീൽടൈപ്പ് യൂണിവേഴ്സൽ ട്രാക്ടറുകളുടേയും റോക്രോപ്പ് ട്രാക്ടറുകളുടേയും ഹെവി ഡ്യൂട്ടി ഇൻഡസ്ട്രിയൽ ട്രാക്ടറുകളുടേയും പുതിയ മോഡലുകളുടെ നിർമ്മാണം സംഘടിപ്പിക്കുക. പവ്വർ ഇൻടൻസീവ് ട്രാക്ടറുകൾക്കാവശ്യമായ ഉപകരണസഞ്ചയത്തിൻെറ ഉൽപാദനം മൂന്ന് മടങ്ങ് വർദ്ധിപ്പിക്കുക. അതീവ കാര്യക്ഷമങ്ങളായ പുതിയ ധാന്യ കൊയ്ത്തുമെതിയന്ത്രങ്ങൾ വികസിപ്പിക്കുകയും നിർമ്മാണം സംഘടിപ്പിക്കുകയും ചെയ്യുക. സ്വൈപ് വൈഡ് കട്ട് റീപ്പറുകളുടെ നിർമ്മാണം സംഘടിപ്പിക്കുക. സഹകരണ പഴത്തോട്ടങ്ങളിലും തോട്ടങ്ങളിലും വ്യക്തികളുടെ സഹായക തുണ്ടുനിലങ്ങളിലും ഉപയോഗിക്കുന്നതിന്നായി വിശ്വസിക്കാവുന്നവയും വിലക്കുറവുള്ളവയുമായ ട്രാക്ടറുകളുടേയും തക്കതായ ഉപകരണസഞ്ചയത്തോടുകൂടിയ പവേർഡ് ടൂൾ ഫ്രെയിമുകളുടേയും മെച്ചപ്പെട്ട ഡിസൈനിലുള്ള മററു യന്ത്രങ്ങളുടേയും ഉൽപാദനം ഗണ്യമായി വിപുലപ്പെടുത്തുക.

മണ്ണുസംരക്ഷണവിധികളും കൃഷിസംബന്ധമായ വ്യാവസായിക സാങ്കേതികവിദ്യകളും ഊർജ്ജിതസാങ്കേതികവിദ്യകളും നടപ്പാക്കുന്നതിലും മരം മുറിയ്ക്കുന്നതിലും മററു ജോലികളിലും ഉപയോഗിക്കാൻ അതീവ കാര്യക്ഷമങ്ങളായ യന്ത്രങ്ങളുടേയും സാമഗ്രികളുടേയും സാകല്യങ്ങൾ നിർമ്മിച്ചുതുടങ്ങുക. വളം തയ്യാറാക്കുന്നതിന്നും മണ്ണിൽ വളം ചേർക്കുന്നതിന്നും സസ്യസംരക്ഷണത്തിന്നുള്ള രാസവസ്തുക്കൾ പ്രയോഗിക്കുന്നതിന്നുമുള്ള യന്ത്രങ്ങളുടെ നിർമ്മാണം ഗണ്യമായി വർദ്ധിപ്പിക്കുക.

കന്നുകാലി വളർത്തലിലും കാലിത്തീററയുൽപാദനത്തിലും അടിസ്ഥാനജോലികളുടേയും ഉപജോലികളുടേയും യന്ത്രവൽക്കരണം ഉറപ്പുവരുത്താൻ ഏകീകൃത സാങ്കേതികസാകല്യങ്ങൾ അടങ്ങിയ മേത്തരവും ആദായകരവുമായ യന്ത്രങ്ങളുടേയും സാമഗ്രികളുടേയും നിർമ്മാണം ആരംഭിക്കുക. ചെറുകൃഷിക്കളങ്ങളെ പുനഃസജ്ജീകരിക്കാനുള്ള സാമഗ്രികളുടെ ഉൽപാദനം വിപുലപ്പെടുത്തുക. കാലിത്തീററ കേടുവരാതെ സൂക്ഷിക്കുന്നതിന്നും വൈക്കോൽ സംസ്കരിക്കുന്നതിന്നുമുള്ള യന്ത്രങ്ങളും സാമഗ്രികളും കന്നുകാലികളങ്ങളിലേയും കോഴിവളർത്തുകേന്ദ്രങ്ങളിലേയും സാകല്യങ്ങളിലേയും അവശിഷ്ടങ്ങൾ ശുദ്ധീകരിക്കാനുള്ള ബയോ എനർജിററിക് യൂണിററുകളും ഡിസൈൻ ചെയ്യുകയും അവയുടെ നിർമ്മാണം സംഘടിപ്പിക്കുകയും ചെയ്യുക. കന്നുകാലിവളർത്തലിലും കാലിത്തീററ ഉൽപാദനത്തിലും ഉപയോഗിക്കുന്ന യന്ത്രങ്ങളുടേയും സാമഗ്രികളുടേയും കാര്യക്ഷമത ഉയർത്തുകയും സേവനകാലം വിപുലപ്പെടുത്തുകയും ചെയ്യുക.

*നിർമ്മാണത്തിന്നും റോഡുപണിയ്ക്കും സേവനതുറയ്ക്കുമുള്ള യന്ത്രനിർമ്മാണത്തിൽ* എടുപ്പുനിർമ്മാണത്തിന്റെ സാങ്കേതികനിലവാരം ഗണ്യമായി ഉയർത്താനും കായികാധ്വാനം കുത്തനെ വെട്ടിക്കുറയ്ക്കാനും സാധിക്കുന്ന യന്ത്രങ്ങളുടേയും യന്ത്രവിധാനങ്ങളുടേയും മററു വസ്തുക്കളുടേയും നിർമ്മാണത്തിൽ എല്ലാററിലുമുപരി ശ്രദ്ധ കേന്ദ്രീകരിക്കുക. നിർമ്മാണപ്രക്രിയകളുടെ സമഗ്രമായ യന്ത്രവൽക്കരണത്തിന്ന് അത്യാവശ്യമായ യന്ത്രസാകല്യങ്ങളുടേയും യന്ത്രവൽക്കരണ ഉപാധികളുടേയും ഉപകരണങ്ങളുടേയും ഉൽപാദനം ഉറപ്പുവരുത്തുക. പ്രത്യേകതരത്തിലുള്ള വിവിധോദ്ദേശ ചട്ടക്കൂട്ടുകൾ നിർമ്മിക്കാനും അവയുടെ അടിസ്ഥാനത്തിൽ, ചലനക്ഷമങ്ങളായ വിവിധതരം നിർമ്മാണയന്ത്രങ്ങളുടേയും യന്ത്രവിധാനങ്ങളുടേയും ഉൽപാദനം സംഘടിപ്പിക്കാനും സൗകര്യങ്ങൾ ഉണ്ടാക്കുക. 10 ടണ്ണും അതിലധികവും ശേഷിയുള്ള ടവർ ക്രെയിനുകളുടേയും വലിയ ശേഷിയുള്ള കോരികളോടുകൂടിയ സ്വയംപ്രവർത്തക മണ്ണുമാന്തികളുടേയും അതീവ കാര്യക്ഷമങ്ങളായ ഒററത്തൊട്ടി വീൽഡ് ലോഡറുകളുടേയും റിപ്പർ ബുൾഡോസറുകളുടേയും വൈബ്രേഷൻ കംപേക്ടർ സാമഗ്രിയുടേയും അതുപോലെ നിർമ്മാണത്തെ യന്ത്രവൽക്കരിക്കാനുള്ള മററു ഫലപ്രദങ്ങളായ ഉപാധികളുടേയും നിർമ്മാണം മുൻഗണനാനിരക്കുകളിൽ വികസിപ്പിക്കുക. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായസ്ഥാപനങ്ങളുടെ സാഹചര്യങ്ങളിൽ നിർമ്മാണത്തിന്നും അസംബ്ലി ജോലിയ്ക്കും ആവശ്യമായ യന്ത്രങ്ങളുടെ നിർമ്മാണം ഉറപ്പുവരുത്തുക.

സ്വയംപ്രവർത്തനക്ഷമങ്ങളായ ചലിക്കുന്നതും ചലിക്കാത്തതുമായ കോൺക്രീററ് മിക്സിങ്ങ് യൂണിററുകളുടേയും ലാർജ് പാനൽ അസംബ്ലിക്കുവേണ്ട ഉത്ഥാപകയന്ത്രവിധാനങ്ങളുടേയും കെട്ടിടനിർമ്മാണ സാമഗ്രിവ്യവസായത്തിന്നാവശ്യമായ സ്വയംപ്രവർത്തക ഉൽപാദന ലൈനുകളുടേയും നിർമ്മാണം വർദ്ധിപ്പിക്കുക. മെച്ചപ്പെട്ടവയും കൂടുതൽ ആദായകരവുമായ മണ്ണുനീക്കൽ യന്ത്രങ്ങളുടേയും മധുരീകാരകയന്ത്രങ്ങളുടേയും പരസ്പരം മാററാവുന്ന സാമഗ്രിസഞ്ചയങ്ങളോടുകൂടിയ ചെറുതരം യന്ത്രങ്ങളുടേയും വൻതോതിലുള്ള ഉൽപാദനം ആരംഭിക്കുക. മരം മുറിയ്ക്കുന്നതിന്നുള്ള അതീവ യന്ത്രവൽകൃതങ്ങളായ സാകല്യങ്ങളുടെ തരം വിപുലപ്പെടുത്തുകയും ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുക. റോഡുകളുടേയും മററു സൌകര്യങ്ങളുടേയും പരിപാലനത്തിന്നുള്ള പുതിയ യന്ത്രങ്ങളുടെ ഉൽപാദനത്തെ പ്രോൽസാഹിപ്പിക്കുക.

*ലഘു-ഭക്ഷണവ്യവസായങ്ങൾക്കുവേണ്ടിയുള്ള യന്ത്രനിർമ്മാണത്തിൽ* ഉൽപാദനപ്രക്രിയകളുടെ സമ്പൂർണ്ണമായ യന്ത്രവൽക്കരണത്തിലേക്കും ആട്ടോമേഷനിലേക്കുമുള്ള മാററത്തിന്ന് ആവശ്യമായ യന്ത്രസാകല്യങ്ങളുടേയും വിധാനങ്ങളുടേയും വികസനത്തിന്നും നിർമ്മാണത്തിന്നും വേണ്ട നടപടികൾ സ്വീകരിക്കുക. റോബട്ടൈസ്ഡ് ഡിവൈസുകളോടും മൈക്രോ പ്രൊസസ്സറുകളോടുംകൂടിയ അതീവ കാര്യക്ഷമങ്ങളായ യന്ത്രങ്ങളുടേയും സാമഗ്രികളുടേയും ഉൽപാദനം വികസിപ്പിക്കുക. ഭക്ഷ്യവസ്തുക്കൾ വലിയ അളവിൽ ഒന്നിച്ച് മുൻകൂട്ടി പേക്ക് ചെയ്യുന്നതിന്നുള്ള ആട്ടോമാററിക് ലൈനുകളുടെ നിർമ്മാണം ഏതാണ്ട് 6 മടങ്ങ് വർദ്ധിപ്പിക്കുക. ഈ വ്യവസായങ്ങളുടെ ഡിസൈനിങ്ങ്-ഉൽപാദന സൌകര്യങ്ങൾ ബലപ്പെടുത്തുക.

വ്യാപാര-ഭോജനസ്ഥാപനങ്ങൾക്കുള്ള സാമഗ്രികളുടെ നിർമ്മാണം ഗണ്യമായി വിപുലപ്പെടുത്തുക. അച്ചടിവ്യവസായത്തിന്നുവേണ്ടി എലക്ട്രോണിക് ഫോട്ടോ സൈററിങ്ങ് സാമഗ്രികളുടേയും അതീവ കാര്യക്ഷമങ്ങളായ സ്വയംപ്രവർത്തക ഓഫ്സെററ് പ്രസ്സുകളുടേയും ഉൽപാദന ലൈനുകളുടേയും അധികതരഉൽപാദനം ഉറപ്പുവരുത്തുക.

## നിർമ്മാണസാമഗ്രികളുടെ ഉൽപാദനം

വികസിതങ്ങളായ പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയും സാമ്പത്തികവികസനത്തിൽ വിഭവങ്ങൾ മിച്ചപ്പെടുത്തുകയെന്ന നയം നടപ്പാക്കുകയും ചെയ്യുക ലാക്കാക്കി നിർമ്മാണസാമഗ്രികളുടെ തരങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുക. ആദായകരമായ ലോഹോൽപന്നങ്ങളും കൃത്രിമപദാർത്ഥങ്ങളും മററു വികസിതപദാർത്ഥങ്ങളും കൂടുതൽ വേഗത്തിൽ ഉൽപാദിപ്പിക്കുകയും നിർമ്മാണസാമഗ്രികളുടെ തരം വിപുലപ്പെടുത്തുകയും അവയുടെ സാങ്കേതിക, സാമ്പത്തിക, ബല ഗുണവിശേഷങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

*ഇരുമ്പ്-ഉരുക്ക് വ്യവസായത്തിൽ* പച്ചിരുമ്പുൽപാദനം വർദ്ധിപ്പിക്കാതെയും കോക്കിന്റെ ഉപഭോഗം ഗണ്യമായി കുറച്ചുകൊണ്ടും പണിക്കുറതീർന്ന തകിടുകളുടെ ഉൽപാദനം 1990-ൽ 1160–1190 ലക്ഷം ടണ്ണിലെത്തിക്കുക. ലോഹോൽപന്നങ്ങളുടെ തരങ്ങൾ അഭിവൃദ്ധിപ്പെടു

ത്തുക. കുറഞ്ഞത് 5 കോടി ടൺ ഉരുക്കുപ്ലേററുകളും ഷീററുകളും മററു ലോഹങ്ങളുടെ അംശം കുറവായ 200–210 ലക്ഷം ടൺ ഉരുക്കുതകിടുകളും ഉൽപാദിപ്പിക്കുക. എണ്ണവ്യവസായത്തിന്നുവേണ്ടിയുള്ള പൈപ്പുകളുടേയും വാതകപൈപ്പുകളുടേയും ഫാക്ടറിനിർമ്മിതമായ തുരുമ്പുപിടിക്കാത്ത പൂശലോടുകൂടിയ മററു പൈപ്പുകളുടേയും ഇതര ലോഹസാധനങ്ങളുടേയും ഉൽപാദനം വിപുലപ്പെടുത്തുക. കുറഞ്ഞത് 500 പുതിയ റോൾഡ് ഷേപ്പുകളുടെയെങ്കിലും ഉൽപാദനമാരംഭിക്കുക.

ഉൽപാദനത്തിന്റെ പുനഃസജ്ജീകരണത്തിന്ന് വേഗം കൂട്ടുക. ഓക്സിജൻ കൺവെർട്ടറിന്റേയും എലക്ട്രിക് സ്റ്റീലിന്റേയും ഉൽപാദനം 30 – 40 ശതമാനം കണ്ടും സന്തതമായ ഉരുക്കുവാർക്കൽ കുറഞ്ഞത് 100 ശതമാനം കണ്ടും ലോഹചൂർണ ഉൽപാദനം 100 ശതമാനത്തിലധികം കണ്ടും വർദ്ധിപ്പിക്കുക. ഇരുമ്പിനും മുഖ്യമായും പുതിയതായ ലോഹപദാർത്ഥങ്ങൾക്കുമുള്ള പ്രത്യക്ഷ ലഘൂകരണ സാങ്കേതികവിദ്യ വ്യാവസായികമായി പ്രയോഗിക്കുന്നതു സംബന്ധിച്ച ജോലി ഊർജ്ജിതമാക്കുക.

അധ്വാനോൽപാദനക്ഷമത 13–15 ശതമാനം കണ്ട് വർദ്ധിപ്പിക്കുകയും ഉൽപാദനച്ചിലവുകൾ 2–3 ശതമാനം കണ്ട് കുറയ്ക്കുകയും ചെയ്യുക.

*ആയസേതരലോഹവ്യവസായത്തിൽ* അയിർസ്രോതസ്സുകളും അലുമിനിയം, ടങ്ങ്സ്റ്റൺ, മൊളിബ്ഡനം, സ്വർണ്ണം, വജ്രം, അപൂർവ്വലോഹങ്ങൾ, ടിൻ എന്നീ വ്യവസായങ്ങളും ലോഹചൂർണങ്ങളുടെ ഉൽപാദനവും മുൻഗണനാനിരക്കുകളിൽ വികസിപ്പിക്കുക. കുറഞ്ഞത് 300 പുതിയ ഇനം സാധനങ്ങളുടെയെങ്കിലും ഉൽപാദനം ആരംഭിക്കുക.

അയിരുകൾ കൂടുതൽ സമഗ്രമായ രീതിയിൽ ഉപയോഗിക്കുക. ആയസേതരലോഹങ്ങളുടെ ഉൽപാദനം കഷണങ്ങളുടേയും അവശിഷ്ടങ്ങളുടേയും മുമ്പുപയോഗിക്കാൻ കഴിയാതെപോയ അസംസ്കൃതപദാർത്ഥങ്ങളുടേയും പുനഃസംസ്കരണംമുഖേന 1990-ൽ കുറഞ്ഞത് 19 ലക്ഷം ടണ്ണാക്കി വർദ്ധിപ്പിക്കുക.

ഉരുക്കിയ ലോഹത്തിന്റെ ഉൽപാദനം 150 – 200 ശതമാനം കണ്ട് വർദ്ധിപ്പിക്കുകയം വിഭവങ്ങൾ ലാഭിക്കുക സാധ്യമാക്കുന്ന ആട്ടോജെനസ്സ് ഉരുക്കൽവിധികൾമുഖേന ചെമ്പ്, ഈയം, നിക്കൽ എന്നിവയുടെ 35 ശതമാനം ഉൽപാദിപ്പിക്കുകയും ചെയ്യുക. ഇന്ധന-ഊർജ്ജവിഭവങ്ങളുടെ ഉപഭോഗനിരക്കുകൾ വെട്ടിക്കുറയ്ക്കുകയും പഞ്ചവൽസരക്കാലത്ത് കുറഞ്ഞ പക്ഷം 300 കോടി കിലോവാട്ടവർ വിദ്യുച്ഛക്തിയും 10 ലക്ഷം ടൺ മാനക ഇന്ധനവും ലാഭിക്കുകയും ചെയ്യുക.

അധ്വാനോൽപാദനക്ഷമത 6 – 7 ശതമാനം കണ്ട് വർദ്ധിപ്പിക്കുക.

*രസ-പെട്രോകെമിക്കൽ വ്യവസായത്തിൽ* ഉൽപാദനം 30 – 32 ശതമാനം കണ്ട് വർദ്ധിപ്പിക്കുകയും ഉൽപന്നങ്ങളുടെ വൈവിധ്യം വിപുലപ്പെടുത്തുകയും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക. 1990-ൽ ധാതവവളങ്ങളുടെ ഉൽപാദനം 410 – 430 ലക്ഷം ടണ്ണിലും സസ്യസംരക്ഷണത്തിന്നുള്ള രാസവസ്തുക്കളുടെ ഉൽപാദനം 440,000 – 480,000 ടണ്ണിലും കൃത്രിമകറകളുടേയും പ്ലാസ്റ്റിക്കുകളുടേയും ഉൽപാദനം 68 – 71 ലക്ഷം ടണ്ണിലും രാസനാരുകൾ, നൂലുകൾ എന്നിവയുടേത് 18.5 ലക്ഷം ടണ്ണിലും കൃത്രിമ റബറിന്റേത് 27 - 29 ലക്ഷം ടണ്ണിലും എത്തിക്കുക.

ആധുനിക നിർമ്മാണ പ്ലാസ്റ്റിക്കുകളുടേയും മററു ബഹുലകപദാർത്ഥങ്ങളുടേയും ത്വരിതതരമായ ഉൽപാദനവികസനം ഉറപ്പുവരുത്തുകയും ചെറുതരം രാസപദാർത്ഥങ്ങളുടെ, എല്ലാററിലുമുപരി നേരിയ ജൈവസംശ്ലേഷണങ്ങളുടേയും സസ്യഎണ്ണകൾക്കും കീടനാശിനികൾക്കും പകരമായി വ്യാവസായികാവശ്യങ്ങൾക്കുപയോഗിക്കുന്ന പദാർത്ഥങ്ങളുടേയും ഉൽപാദനവും തരവും വർദ്ധിപ്പിക്കുകയും ചെയ്യുക. വളരെ കരുത്തും ഉയർന്ന താപനാങ്കവുമുള്ള രാസനാരുകളും നൂലുകളും രൂപപ്പെടുത്തുകയും അവയുടെ ഉൽപാദനം ആരംഭിക്കുകയും ചെയ്യുക.

മെററൽ കോർഡോടുകൂടിയ റാഡിയൽ ടയറുകളുടേയും പുതിയ മാതൃകകളിലുള്ള വലുതും വളരെ വലുതുമായ ടയറുകളുടേയും തീപിടിക്കാത്ത അടിഭാഗമുള്ള, വളരെ ഉറപ്പുള്ള കൺവെയർ ബെൽട്ടുകളുടേയും മററു വ്യാവസായിക റബർസാധനങ്ങളുടേയും ഉൽപാദനം വർദ്ധിപ്പിക്കുക. റീട്ടേണബിൾ പോളിമെർ പാത്രങ്ങളുടെ ഉൽപാദനം ഏതാണ്ട് 200 ശതമാനം വർദ്ധിപ്പിക്കുക.

അധ്വാനോൽപാദനക്ഷമത 29 – 31 ശതമാനം കണ്ട് വർദ്ധിപ്പിക്കുകയും ഉൽപാദനച്ചിലവ് 7 – 9 ശതമാനംകണ്ട് വെട്ടിക്കുറയ്ക്കുകയും ചെയ്യുക.

*ടിമ്പർ, പൾപ്പ്-കടലാസ്സ് വ്യവസായത്തിലും മരപ്പണിവ്യവസായത്തിലും* വന അസംസ്കൃത പദാർത്ഥങ്ങൾ കൂടുതൽ നല്ല നിലയിൽ ഉപയോഗപ്പെടുത്തുക. സർവ്വോപരി മരത്തിൻെറ കൂടുതൽ സമഗ്രമായ സംസ്കരണവും മരം വെച്ചുപിടിപ്പിക്കൽ, മരം മുറിക്കൽ, മരം സംസ്കരിക്കൽ എന്നിവയ്ക്കുള്ള സ്ഥാപനങ്ങളുടെ സംസ്ഥാപനവുംമുഖേന വേണമിത്.

കെമിക്കലും കെമിക്കൽ-മെക്കാനിക്കലുമായ മരസംസ്കരണം മുൻഗണനാനിരക്കുകളിൽ വികസിപ്പിക്കുക—പ്രത്യേകിച്ചും ലോഗിങ് മേഖലകളിൽ. പൾപ്പ് ഉൽപാദനം 15 – 18 ശതമാനംകണ്ടും കടലാസ്സുൽപാദനം 11 – 15 ശതമാനംകണ്ടും ഫൈബർബോർഡുൽപാദനം 17 – 20 ശതമാനംകണ്ടും കാർഡ്ബോർഡ്, വുഡ്ചിപ്ബോർഡ് എന്നിവയുടെ ഉൽപാദനം ഏതാണ്ട് 1.3 മടങ്ങ്കണ്ടും വർദ്ധിപ്പിക്കുക. 1990-ൽ, മൃദുപർണങ്ങളായ മരങ്ങൾ സംസ്കരിക്കുന്നതിൻെറ അളവ് 650 – 700 കോടി ഘനമീററായി വർദ്ധിപ്പിക്കുകയും 700 – 750 ലക്ഷം ഘനമീററർ പാഴ്മരം ഉപയോഗപ്പെടുത്തുകയും ചെയ്യുക.

ഫർണിച്ചർ ഉൽപാദനം 33 – 35 ശതമാനം വർദ്ധിപ്പിക്കുകയും അവയുടെ ഗുണവും വൈവിധ്യവും മെച്ചപ്പെടുത്തുകയും ചെയ്യുക. സ്റ്റേഷനറിസാധനങ്ങളുടേയും വാൾപേപ്പറുകളുടേയും അതുപോലെതന്നെ ചുററാനും പൊതിയാനും വീട്ടാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കടലാസിൻെറയും കാർഡ്ബോർഡിൻെറയും ഉൽപാദനം ഗണ്യമായി വിപുലപ്പെടുത്തുക. പൊതിയുന്നതിന്നുള്ള കാർഡുബോർഡിൻെറ ഉൽപാദനം ഏതാണ്ട് 1.7 മടങ്ങ് വർദ്ധിപ്പിക്കുക.

അധ്വാനോൽപാദനക്ഷമത 14–16 ശതമാനംകണ്ട് വർദ്ധിപ്പിക്കുകയും ഉൽപാദനച്ചിലവുകൾ 2–3 ശതമാനംകണ്ട് കുറയ്ക്കുകയും ചെയ്യുക.

*നിർമ്മാണസാമഗ്രിവ്യവസായത്തിൽ* 1990-ൽ സിമൻറുൽപാദനം 1400 – 1420 ലക്ഷം ടണ്ണിലെത്തിക്കുകയും അതിൻെറ ഗുണം മെച്ചപ്പെടുത്തുക

യും ചെയ്യുക. ഫലപ്രദങ്ങളായ നിർമ്മാണസാമഗ്രികളുടെ ഉൽപാദനം വികസിപ്പിക്കുക. നിർമ്മാണസാമഗ്രി ഉൽപാദനത്തിൽ ഖനനവ്യവസായത്തിലെ ഉപോൽപന്നങ്ങളും ദ്വിതീയാസംസ്കൃത പദാർത്ഥങ്ങളും മററു വ്യവസായങ്ങളിലെ അവശിഷ്ടപദാർത്ഥങ്ങളും കൂടുതൽ വ്യാപകമായി ഉപയോഗപ്പെടുത്തുക. നിർമ്മാണവ്യവസായത്തിന്നുള്ള മെത്തരം പ്രീഫാബ്രിക്കേററഡ് സാധനങ്ങളുടെ സപ്ലൈ അനുക്രമം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുക. ജനങ്ങൾക്ക് പ്രാദേശികമായ നിർമ്മാണസാമഗ്രികളടക്കം മെത്തരം ഉൽപന്നങ്ങൾ വർദ്ധിച്ച തോതിൽ സപ്ലൈ ചെയ്യുകയും അവയുടെ വൈവിധ്യം വർദ്ധിപ്പിക്കുകയും ചെയ്യുക.

അധ്വാനോൽപാദനക്ഷമത 16–18 ശതമാനംകണ്ട് വർദ്ധിപ്പിക്കുകയും ഉൽപാദനച്ചിലവ് 4 – 5 ശതമാനംകണ്ട് കുറയ്ക്കുകയും ചെയ്യുക.

## ഇന്ധന - ഊർജ്ജസാകല്യം

എല്ലാ തരം ഇന്ധനങ്ങളുടേയും ഊർജ്ജങ്ങളുടേയും ഉൽപാദനം വർദ്ധിപ്പിക്കുകയും അതേസമയംതന്നെ ദേശീയസമ്പദ്വിധാനത്തിന്റെ എല്ലാ മേഖലകളിലും മണ്ഡലങ്ങളിലും ഊർജ്ജം ലാഭിക്കുന്ന ഒരു നയം അനുക്രമം നടപ്പാക്കുകയം ചെയ്തുകൊണ്ട് രാജ്യത്തിന്റെ ആവശ്യങ്ങൾ നിറവേററുന്നതിൽ സുസ്ഥിരത ഉറപ്പുവരുത്തുക എന്ന കടമയ്ക്ക് അനുയോജ്യമായ രീതിയിൽ ഇന്ധന-ഊർജ്ജസാകല്യം വികസിപ്പിക്കുക.

*വിദ്യുച്ഛക്തിവ്യവസായത്തിൽ* 1990-ൽ വിദ്യുച്ഛക്തി ഉൽപാദനം, ആണവവൈദ്യുതനിലയങ്ങൾ ഉൽപാദിപ്പിക്കുന്ന 39000 കോടി കിലോവാട്ടവർ അടക്കം, 184000 – 188000 കോടി കിലോവാട്ടവറിൽ എത്തിക്കുക. ഇന്ധനമെന്ന നിലയിലുള്ള അവശിഷ്ട എണ്ണയുടെ ഉപയോഗം പ്രത്യേകിച്ചും താപവൈദ്യുതനിലയങ്ങളിൽ, ഗണ്യമായി കുറയ്ക്കുക.

വൈദ്യുതോൽപാദനസൗകര്യങ്ങളുടെ ഘടന കൂടുതൽ മെച്ചപ്പെടുത്തുക. രാജ്യത്തിന്റെ യൂറോപ്യൻ ഭാഗത്തും ഉരാൾസിലും വലിയ ന്യൂക്ലിയർ വൈദ്യുതനിലയങ്ങളും രാജ്യത്തിന്റെ കിഴക്കൻഭാഗങ്ങളിൽ 40 - 60 ലക്ഷം കിലോവാട്ട്വീതം ശേഷിയുള്ള കണ്ടൻസേഷൻ തെർമൽ പവ്വർ പ്ലാൻറുകളും ജലവൈദ്യുതനിലയങ്ങളും നിർമ്മിക്കുക. ശീഘ്രഗാമി ന്യൂട്രോൺ വൈദ്യുതനിലയങ്ങളുടെ നിർമ്മാണവും നീക്കുപോക്കുകൾ വരുത്താവുന്ന വിദ്യുച്ഛക്തിസൗകര്യങ്ങളുടെ വികസനവും ത്വരിപ്പിക്കുക. കാലഹരണപ്പെട്ട 100 ലക്ഷം കിലോവാട്ട് വൈദ്യുതപ്ലാൻറുകൾ പൊളിച്ചുമാററുകയും 250 ലക്ഷം കിലോവാട്ട് ശേഷിയിൽ കുറയാതെ വൈദ്യുതസൗകര്യങ്ങൾ ആധുനികീകരിക്കുകയും ചെയ്യുക.

കാർബണിക ഇന്ധനവും ന്യൂക്ലിയർ ഇന്ധനവും ഉപയോഗിക്കുന്ന, അതീവ ശേഷിയുള്ള വിദ്യുച്ഛക്തി-താപനനിലയങ്ങളും താപന ന്യൂക്ലിയർ വൈദ്യുതനിലയങ്ങളും വലിയ ബോയിലർ ഹൗസുകളും നിർമ്മിച്ച് താപവിതരണത്തിന്റെ കൂടുതലായ കേന്ദ്രീകരണം സാധ്യമാക്കുക.

രാജ്യത്തിന്റെ സമ്പൂർണ്ണ വൈദ്യുതഗ്രിഡ്ഡിന്റെ വികസനം തുടരുകയും 500 കെ. വി., 750 കെ. വി., 1150 കെ. വി., ശേഷിയുള്ള എ. സി. ഇൻറർ സിസ്റ്റം വൈദ്യുതപ്രേഷണലൈനുകളും 1500 കെ. വി. ഡി. സി. വൈദ്യുതപ്രേഷണലൈനുകളും അതുപോലെ വിദ്യുച്ഛക്തിവിതരണ ലൈനുകളും നിർമ്മിക്കുകയും ചെയ്യുക.

അധ്വാനോൽപാദനക്ഷമത 21 – 23 ശതമാനംകണ്ട് വർദ്ധിപ്പിക്കുകയും വിദ്യുച്ഛക്തിയുടേയും താപത്തിന്റെയും ഉൽപാദനച്ചിലവ് 4 – 5 ശതമാനംകണ്ട് കുറയ്ക്കുകയും ചെയ്യുക.

*എണ്ണവ്യവസായത്തിൽ* 1990-ൽ 63 – 64 കോടി ടൺ എണ്ണയുടേയും വാതകസാന്ദ്രിതത്തിന്റെയും ഉൽപാദനം ഉറപ്പുവരുത്തുക. പശ്ചിമ സൈബീരിയയിലും കസാഖ് എസ്. എസ്. ആറിലും രാജ്യത്തിന്റെ യൂറോപ്യൻ ഭാഗത്തിന്റെ വടക്കും എണ്ണവ്യവസായത്തിന്റെ വികസനം തുടർന്നു നടത്തുക. കാസ്പിയൻ പള്ളത്തിൽ ആഴത്തിലുള്ള എണ്ണപ്പാടങ്ങളുടെ വാണിജ്യപരമായ ചൂഷണം ആരംഭിക്കുക. ഓരക്കടലിലെ എണ്ണ-വാതക നിക്ഷേപങ്ങളുടെ ചൂഷണവും വേണ്ടത്ര ഉൽപാദന-സാങ്കേതിക സൗകര്യങ്ങളുടെ രൂപീകരണവും ഊർജ്ജിതപ്പെടുത്തുക.

യുക്തിസഹമായ ചൂഷണസമ്പ്രദായങ്ങൾ ഉപയോഗിക്കുകയും ഉൽഖനന സങ്കേതങ്ങളും സാങ്കേതികസജ്ജീകരണങ്ങളും മെച്ചപ്പെടുത്തുകയും എണ്ണക്കുഴികളുടെ ഉൽപാദനശേഷി വർദ്ധിപ്പിക്കാനുള്ള ആധുനിക സമ്പ്രദായങ്ങൾ വൻതോതിൽ നടപ്പാക്കുകയും വികസിത സാങ്കേതികവിദ്യകൾ പ്രയോഗിക്കുകയും ചെയ്തുകൊണ്ട് എണ്ണ ഉൽപാദനത്തിന്റെ ഫലദായിത വർദ്ധിപ്പിക്കുക. എണ്ണ നിഷ്കർഷണത്തിലെ അററകുററപ്പണികൾക്കിടയിലെ സമയം 1.4 – 1.8 മടങ്ങ് കണ്ട് വർദ്ധിപ്പിക്കുക.

1990-ൽ കേസിങ്ഹെഡ്ഡ് ഗ്യാസിന്റെ 90 ശതമാനത്തിൽ കുറയാതെ ഉപയോഗപ്പെടുത്തുക.

*എണ്ണ ശുദ്ധീകരണ വ്യവസായത്തിൽ* പൂർവ്വോപരി സമഗ്രമായ എണ്ണ ശുദ്ധീകരണം ഉറപ്പുവരുത്തുകയും മോട്ടോർ ഇന്ധന ഉൽപാദനവും അതുപോലെ രാസ, പെട്രോകെമിക്കൽ, മൈക്രോബയോളജിക്കൽ വ്യവസായങ്ങൾക്കാവശ്യമായ പ്രാഥമികപദാർത്ഥങ്ങളുടെ ഉൽപാദനവും ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുക. ലൂബ്രിക്കേററിങ് ഓയിലുകളുടെ വൈവിധ്യം വർദ്ധിപ്പിക്കുകയും ഗുണം മെച്ചപ്പെടുത്തുകയും ചെയ്യുക. പെട്രോളിയം ഉൽപന്ന നിർമ്മാണസൗകര്യങ്ങളുടെ വിതരണരീതി തുടർന്ന് സമ്യക്കാംവിധം കൂട്ടിയിണക്കിക്കൊണ്ടിരിക്കുകയും പരിവഹനച്ചിലവുകൾ ഗണ്യമാംവിധം വെട്ടിക്കുറയ്ക്കുന്നതിന്നുവേണ്ടി കൂടുതൽ പെട്രോളിയം ഉൽപന്ന പൈപ്പുലൈനുകൾ നിർമ്മിക്കുകയും ചെയ്യുക.

അധ്വാനോൽപാദനക്ഷമത 9 – 11 ശതമാനം കണ്ട് വർദ്ധിപ്പിക്കുക.

*വാതകവ്യവസായത്തിൽ* 1990-ൽ ഉൽപാദനം 83500—85000 കോടി ഘനമീറററായി വർദ്ധിപ്പിക്കുക. യാംബർഗ്, കാരച്ചഗനാക്, അസ്ത്രഖാൻ എന്നിവയും മററു വാതക സാന്ദ്രിത നിക്ഷേപങ്ങളും പ്രവർത്തിപ്പിച്ചുതുടങ്ങുന്നതുസംബന്ധിച്ച പ്രക്രിയയ്ക്ക് വേഗം കൂട്ടുക. യാമൽ അർദ്ധദ്വീപിൽ വാതകോൽപാദനം ആരംഭിക്കുന്നതു സംബന്ധിച്ച ജോലി നടത്തുക. കാസ്പിയൻ പള്ളത്തിലെ നിക്ഷേപങ്ങളുടെ വാണിജ്യപരമായ ചൂഷണം ആരംഭിക്കുകയും അവയെ അടിസ്ഥാനമാക്കി വൻതോതിലുള്ള രാസോൽപാദനം സംഘടിപ്പിക്കുകയും ചെയ്യുക. സമഗ്രമായ വാതക-വാതക സാന്ദ്രിത സാമഗ്രികൾക്കുവേണ്ടി ആട്ടോമേററഡ്

മോഡ്യൂലർ യൂണിററുകൾ, ഉന്നതശേഷിയുളളവയടക്കം, വ്യാപകമായി നടപ്പിൽ വരുത്തുക.

അധ്വാനോൽപാദനക്ഷമത 1.4 മടങ്ങിൽ കുറയാതെ വർദ്ധിപ്പിക്കുക.

*കൽക്കരി വ്യവസായത്തിൽ* 1990-ൽ, 7800—8000 ലക്ഷം ടൺ കൽക്കരി ഉൽപാദിപ്പിക്കുക. ഈ വർദ്ധന മുഴുവനും ഉയർന്ന അധ്വാനോൽപാദനക്ഷമത മുഖേന കൈവരിക്കുക.

കുസ്നെത്സ്ക്, എകിബാസ്തൂസ്, കാൻസ്ക്-അച്ചിൻസ്ക് എന്നിവിടങ്ങളിലെയും കിഴക്കൻ സൈബീര്യയിലെയും സോവിയററ് വിദൂരപൂർവ്വദേശത്തെയും കൽക്കരി തടങ്ങളുടെയും മററു കൽക്കരി തടങ്ങളുടെയും വികസനം ഊർജ്ജിതപ്പെടുത്തുക.

കൽക്കരിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും കൂടുതൽ സാന്ദ്രീകൃതകൽക്കരി ഉൽപാദിപ്പിക്കുകയും ചെയ്യുക. കോക്കിങ്ങിന്നുളള കൽക്കരി സാന്ദ്രിതത്തിൻേറയും വീട്ടുപയോഗത്തിന്നും കോക്കിനെ പകരം വെക്കുന്നതിന്നുമുളള മേത്തരം കൽക്കരിയുടേയും കൽക്കരി കട്ടകളുടെയും ഉൽപാദനം വിപുലപ്പെടുത്തുക.

വികസിത ഓപ്പൺകട്ട് ഖനനസമ്പ്രദായം മുഖേനയുളള കൽക്കരി നിഷ്കർഷണം മുൻഗണനാനിരക്കിൽ വികസിപ്പിക്കുകയും അങ്ങിനെ കുഴിച്ചെടുക്കുന്ന കൽക്കരിയുടെ വിഹിതം മൊത്തം ഉൽപാദനത്തിൻെറ 46 ശതമാനമെങ്കിലുമാക്കി വർദ്ധിപ്പിക്കുകയും ചെയ്യുക. വീൽ എക്സവേററുകളുടെ ഉപയോഗം, ഭാരിച്ച പാറകൾ സ്ട്രിപ്പിങ്ങ്ഷോവലുകൾകൊണ്ടോ ഭാരിച്ച ബ്രിഡ്ജുകൾകൊണ്ടോ സ്പ്രെഡ്ഡറുകൾകൊണ്ടോ നീക്കംചെയ്യുന്ന സമ്പ്രദായങ്ങളും അതുപോലെ ഓപ്പൺകട്ട് ഖനികൾ തുരക്കുന്നതിന്നുളള കണ്ടിന്യൂയസ് രീതികളും സൈക്ലിക് രീതികളും ഗണ്യമാംവിധം വിപുലപ്പെടുത്തുക. ഖനികളിലും സാന്ദ്രീകരണ പ്ലാൻറുകളിലും സ്വയം പ്രവർത്തനക്ഷമങ്ങളായ സാമഗ്രികൾ വ്യാപകമായി ഉപയോഗിക്കുക. സാമഗ്രമായി യന്ത്രവൽക്കരിക്കപ്പെട്ട സ്റ്റോപിങ്ങ് ഫേസുകളിൽനിന്നുളള കൽക്കരി ഉൽപാദനം 78–80 ശതമാനമായും കട്ടർ ലോഡർ ടണലിങ്ങിൽനിന്നുളളത് 48–50 ശതമാനമായും വർദ്ധിപ്പിക്കുക.

## ധാതവ അസംസ്കൃതപദാർത്ഥ അടിസ്ഥാനം

രാജ്യത്തിൻെറ ധാതവ അസംസ്കൃതപദാർത്ഥ അടിസ്ഥാനത്തിൻെറ അധികതര ദൃഢീകരണം ഉറപ്പുവരുത്തുകയും പൂർവ്വേക്ഷണം ചെയ്യപ്പെട്ട ധാതവനിക്ഷേപങ്ങൾ ചൂഷണം ചെയ്യുവാനുളള പ്രാരംഭപ്രവർത്തനത്തിൻെറ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിക്കുകയും ചെയ്യുക.

പശ്ചിമ സൈബീര്യയിലും പൂർവ്വ സൈബീര്യയിലും കാസ്പിയൻ പളളത്തിലും സോവിയററ് യൂണിയൻെറ യൂറോപ്യൻ ഭാഗത്തിൻെറ വടക്കും മധ്യേഷ്യയിലും സോവിയററ് വിദൂരപൂർവ്വദേശത്തും എണ്ണയ്ക്കും പ്രകൃതിവാതകത്തിന്നും വേണ്ടിയുളള ഭൂഗർഭ പൂർവ്വേക്ഷണവും അതുപോലെ ഓപ്പൺ കാസ്റ്റ് ഖനനത്തിന്ന് വിശേഷിച്ച് അനുയോ

ജ്യമായ കോക്കിങ്ങ് കരിയുടേയും വിദ്യുച്ഛക്തി ഉൽപാദകമായ കൽക്കരിയുടേയും നിക്ഷേപങ്ങൾക്കുവേണ്ടിയുള്ള പൂർവ്വേക്ഷണവും ഊർജ്ജിതപ്പെടുത്തുക.

നിലവിലുള്ള ഖനനസ്ഥാപനങ്ങളുടെ അസംസ്കൃതപദാർത്ഥാടിസ്ഥാനം വിപുലപ്പെടുത്തുക. ഇരുമ്പ്-ഉരുക്ക് വ്യവസായത്തിന്നും ആയസേതരലോഹവ്യവസായത്തിന്നും വേണ്ട മേത്തരം അയിരുകൾക്കും ധാതവവളങ്ങളും കെട്ടിടനിർമ്മാണസാമഗ്രികളും ഉൽപാദിപ്പിക്കുന്നതിന്നുള്ള അസംസ്കൃതപദാർത്ഥങ്ങൾക്കും വേണ്ടിയുള്ള അന്വേഷണത്തിലും പൂർവ്വേക്ഷണത്തിലും പ്രത്യേകശ്രദ്ധ പതിപ്പിക്കുകയും പൂർവ്വേക്ഷണം ചെയ്യപ്പെട്ട ഭൂഗർഭ ശുദ്ധജലവിഭവങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

ധാതവങ്ങൾക്കുവേണ്ടിയുള്ള അന്വേഷണത്തിൻേറയും പൂർവ്വേക്ഷണത്തിൻേറയും വികസിത സമ്പ്രദായങ്ങൾ നടപ്പിൽവരുത്തുന്നതിൻേറ വേഗം വർദ്ധിപ്പിക്കുക. ധാതവ നിക്ഷേപങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളുടേയും ഭൂഗർഭ-ശാസ്ത്ര-സാമ്പത്തിക മൂല്യ നിർണ്ണയനങ്ങളുടേയും ശാസ്ത്രീയ നിലവാരം ഉയർത്തുക. ഭൂ ഭൗതിക-ഭൂ രാസിയ ഗവേഷണരീതികളും അതുപോലെ ഭൂമിയുടെ ഉപരിതലത്തെയും അന്തർഭാഗത്തെയും പററി വളരെ ഉയരത്തിൽനിന്നും ബഹിരാകാശത്തിൽനിന്നും പഠിക്കുന്നതിന്നുള്ള സൗകര്യങ്ങളും കൂടുതൽ വ്യാപകമായും കൂടുതൽ കാര്യക്ഷമമായും ഉപയോഗപ്പെടുത്തുക.

ഭൂഗർഭ പൂർവ്വേക്ഷണ സേവനത്തിൻേറ ക്രമപ്രവൃദ്ധമായ സാങ്കേതിക പുനഃസജ്ജീകരണം ഉറപ്പുവരുത്തുക. കടൽത്തിട്ടയിലേയും മഹാസമുദ്രങ്ങളിലേയും പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തിന്നും വാണിജ്യപരമായ വികസനത്തിന്നും ഉദ്ദേശിക്കപ്പെട്ട ഉപാധികളടക്കം, ധാതവങ്ങളുടെ അന്വേഷണത്തിന്നും പൂർവ്വേക്ഷണത്തിന്നുമുള്ള പ്രത്യേക വൽക്കൃതവും അതീവ യന്ത്രവൽക്കൃതവും സ്വയം പ്രവർത്തനക്ഷമവുമായ ഉപാധികൾ വികസിപ്പിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യുക. ആധുനിക ഗതാഗത സൗകര്യങ്ങളോടുകൂടിയ മെച്ചപ്പെട്ട ഭൂഗർഭശാസ്ത്രസേവനങ്ങൾ പ്രദാനം ചെയ്യുക.

## VI. കാർഷിക-വ്യാവസായിക സാകല്യത്തിൻേറ വികസനവും ഭക്ഷ്യപരിപാടിയുടെ പ്രാവർത്തീകരണവും

*കാർഷികോൽപാദനത്തിൽ ഭദ്രമായ ഒരു വളർച്ച കൈവരുത്തുക, രാജ്യത്തിന്ന് ഭക്ഷ്യവസ്തുക്കളും കാർഷികാസംസ്കൃതപദാർത്ഥങ്ങളും വീഴ്ചകൂടാതെ പ്രദാനം ചെയ്യുക, സോവിയററ് യൂണിയൻെറ ഭക്ഷ്യപരിപാടിയ്ക്ക് അനുസാരമായ ഉയർന്ന അന്തിമഫലങ്ങൾ കൈവരിക്കാൻ എല്ലാ ശാഖകളും ഒത്തുപിടിയ്ക്കുക — ഇവയാണ് കാർഷിക-വ്യാവസായിക സാകല്യത്തിൻെറ മുഖ്യകടമകൾ.*

സംഘടനാപരമായും സാമ്പത്തികമായും വേണ്ടപ്പെട്ട നടപടികൾ നടപ്പിൽവരുത്തുകയും കാർഷിക-വ്യാവസായികസാകല്യത്തെ അഖണ്ഡമാ

യ ഒരു സാകല്യമെന്ന നിലയിൽ നോക്കിനടത്താനും ആസൂത്രണം ചെയ്യാനും ഫൈനാൻസ് ചെയ്യാനും സാധ്യമാക്കിതീർക്കുകയും ചെയ്യുക. ഈ സാകല്യത്തിന്റെ എല്ലാം യൂണിററുകളുടേയും സാമ്പത്തിക പ്രവർത്തനങ്ങളെ മാർഗ്ഗദർശനം ചെയ്യുന്നതിൽ കാർഷിക-വ്യാവസായിക അസോസിയേഷനുകൾക്കുള്ള പങ്ക് ഉയർത്തുകയും ജനങ്ങൾക്കുള്ള ഭക്ഷ്യവിതരണത്തെ സംബന്ധിച്ചേടത്തോളം അവയുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുകയും ചെയ്യുക.

ഏകകമായ കാർഷിക-വ്യാവസായിക സാകല്യത്തിന്നുള്ളിൽ കൃഷിക്ക് തദനുസാരമായ വ്യവസായങ്ങളുമായും കൃഷിശാസ്ത്രത്തിന്ന് ഉൽപാദനവുമായുമുള്ള ഉദ്ഗ്രഥനം ഊർജ്ജിതപ്പെടുത്തുക. കൂട്ടുകൃഷിക്കളങ്ങളും സ്റ്റേററുഫാമുകളും ഭക്ഷ്യസംസ്കരണ വ്യവസായസ്ഥാപനങ്ങളും അതുപോലെ വ്യാപാര-പൊതുഭോജനസ്ഥാപനങ്ങളും തമ്മിലുള്ള പ്രത്യക്ഷബന്ധങ്ങൾ കൂടുതൽ ഊർജ്ജസ്വലമായി വികസിപ്പിക്കുക. കരാറുപ്രകാരമുള്ള ബാധ്യതകൾ നിറവേററുന്നതിൽ ക്രീണസംഘടനകളുടേയും കൃഷിക്കളങ്ങളുടേയും പരസ്പര ഉത്തരവാദിത്വം വർദ്ധിപ്പിക്കുക.

ഉൽപന്നത്തിന്റെ ഗുണം മെച്ചപ്പെടുത്തുകയും ഉൽപാദനത്തിന്റേയും വിപണനത്തിന്റേയും എല്ലാ ഘട്ടങ്ങളിലും നഷ്ടങ്ങൾ തടയുകയും ചെയ്യുക. സംസ്കരണസ്ഥാപനങ്ങളെ അസംസ്കൃതപദാർത്ഥസ്രോതസ്സുകളുടെ കൂടുതൽ അടുത്തു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ അവസ്ഥാനംനിർണ്ണയം ചെയ്യുന്ന രീതി മെച്ചപ്പെടുത്തുക. വ്യാവസായിക-പാഴ്രഹിത ഉൽപാദനരീതികൾ വ്യാപകമായതോതിൽ നടപ്പിൽവരുത്തുകയും ഉൽപന്നങ്ങളുടെ പരിവഹനവും സംസ്കരണവും സൂക്ഷിപ്പും കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കുകയും ചെയ്യുക. ആധുനിക ശീതീകരണസൗകര്യങ്ങൾ ഏർപ്പെടുത്തുകയും കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളുടെ വിധാനം കൂടുതൽ വേഗത്തിൽ വികസിപ്പിക്കുകയും ചെയ്യുക. ഈ സാകല്യത്തിന്റെ മേഖലകൾക്ക് ഉൽപന്നങ്ങളുടെ പരിവഹനത്തിന്നും സൂക്ഷിപ്പിന്നും കൂടുതൽ റഫ്രിജറേട്ടർ വാനുകളും കണ്ടെയിനറുകളും പ്രദാനം ചെയ്യുക.

കാർഷിക-വ്യാവസായിക സാകല്യത്തിന്റെ ഭൗതിക-സാങ്കേതികാസ്തിവാരം നിരന്തരം ബലപ്പെടുത്തുകയും ശാസ്ത്രീയ-സാങ്കേതികപുരോഗതിയുടെ മർമ്മപ്രധാനങ്ങളായ ദിശകളിൽ വിഭവങ്ങൾ കേന്ദ്രീകരിച്ച് അതിന്റെ മേഖലകളുടെ സന്തുലിതമായ വികസനം ഉറപ്പുവരുത്തുകയും നിർമ്മാണംതൊട്ട് ഉപഭോക്താവിന്ന് വിതരണം ചെയ്യുന്നതുവരെയുള്ള ഉൽപാദനചക്രത്തിലെ പ്രതിബന്ധങ്ങൾ ഉൻമൂലനം ചെയ്യുകയും ചെയ്യുക. കാർഷിക-വ്യാവസായികസാകല്യത്തിന്ന് വകയിരുത്തിയ വിഭവങ്ങൾ ഉപയോഗിക്കുന്നതിന്റെ ഫലദായിത ഗണ്യമായ അളവിൽ ഉയർത്തുക.

*കൃഷിയിൽ,* മുഖ്യമായും കടുങ്ങനെയുള്ള വികസനത്തിന്റെ ഘടകങ്ങൾ ഉപയോഗിക്കുകയും ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും വികസിതാനുഭവത്തിന്റേയും ഏററവും പുതിയ സിദ്ധികൾ ഉൾക്കൊള്ളുകയും നിലവിലുള്ള ഉൽപാദനശേഷിസാദ്ധ്യതകൾ ഫലപ്രദമാ

യി ഉപയോഗിക്കുകയും ചെയ്തുകൊണ്ട് ശരാശരി വാർഷികമൊത്ത ഉൽപാദനം 14–16 ശതമാനംകണ്ട് വർദ്ധിപ്പിക്കുക.

ശാസ്ത്രാധിഷ്ഠിതകൃഷിസമ്പ്രദായങ്ങൾ അനുക്രമമായും സുസ്ഥിരമായും തുടർന്ന് സ്വായത്തമാക്കുകയും മണ്ണു സംരക്ഷണ കർഷണസമ്പ്രദായങ്ങളുടേയും മണ്ണൊലിപ്പു നിയന്ത്രണനടപടികളുടേയും ഉപയോഗം വിപുലപ്പെടുത്തുകയും ചെയ്യുക. നിലം കൃഷിയുടെ ഉൽപാദനക്ഷമതയും കെട്ടുറപ്പും ഗണ്യമായി വർദ്ധിപ്പിക്കുക, ഇതിന്നുവേണ്ടി മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കാനുള്ള ഒരുകൂട്ടം നടപടികൾ നടപ്പാക്കുകയും കടുങ്ങനെയുള്ള കൃഷിസമ്പ്രദായങ്ങൾ നടപ്പിൽവരുത്തുകയും ചെയ്യുക.

രാജ്യത്തിലെ ഭക്ഷ്യ-കാലിത്തീററാശേഖരത്തിന്റെ നട്ടെല്ലായ ധാന്യോൽപാദനം അനുക്രമം വർദ്ധിപ്പിക്കുക. കടുത്തതും മേത്തരവുമായ ഗോതമ്പിനങ്ങളുടേയും ധാന്യങ്ങളുടേയും ഉൽപാദനം വർദ്ധിപ്പിക്കുക. കാലിത്തീററയ്ക്കുള്ള ധാന്യങ്ങൾ ഉൽപാദിപ്പിക്കുന്നതിന്റെ പരിരൂപം മെച്ചപ്പെടുത്തുകയും പയറുവർഗ്ഗങ്ങളുടേയും മക്കച്ചോളത്തിന്റേയും മൊത്ത ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുക. ജലസിക്തഭൂമിയിൽ ധാന്യത്തിന്റെ, പ്രത്യേകിച്ചും മക്കച്ചോളത്തിന്റെ, മുന്നുറപ്പു ചെയ്യചെയ്യപ്പെട്ട ഉൽപാദനത്തിന്നുള്ള വൻമേഖലകൾ തുടർന്നു സൃഷ്ടിക്കുക. രാജ്യത്തിന്റെ ധാന്യോൽപാദനമേഖലകളുടെ ശേഷിസാധ്യതകൾ കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തുക.

1990-ൽ ധാന്യത്തിന്റെ മൊത്ത ഉൽപാദനം 2500–2550 ലക്ഷം ടണ്ണായും പഞ്ചസാരക്കിഴങ്ങിന്റേതു് 920–950 ലക്ഷം ടണ്ണായും സൂര്യകാന്തിയുടേതു് 74–75 ലക്ഷം ടണ്ണായും ഉരുളക്കിഴങ്ങിന്റേതു് 900–920 ലക്ഷം ടണ്ണായും പച്ചക്കറിയുടേയും മത്തങ്ങയുടേയും ഉൽപാദനം 400-420 ലക്ഷം ടണ്ണായും പഴങ്ങൾ, ബെറികൾ എന്നിവയുടേതു് 145–155 ലക്ഷം ടണ്ണായും മുന്തിരിങ്ങയുടേതു് 105-115 ലക്ഷം, ടണ്ണായും വർദ്ധിപ്പിക്കുക.

1990-ൽ, 28–30 ലക്ഷം ടൺ ആശുപത്രിപഞ്ഞിയും 91-94 ലക്ഷം ടൺ വിത്തുപരുത്തിയും ഉൽപാദിപ്പിക്കുക. മെച്ചപ്പെട്ട നാരു സംസ്കരണ ഗുണധർമ്മങ്ങളോടുകൂടിയ പരുത്തിയിനങ്ങൾ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുകയും ആശുപത്രിപഞ്ഞിയുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും നഷ്ടങ്ങൾ കുറയ്ക്കുകയും ചെയ്യുക. ചണനാരിന്റെ ഗുണം മെച്ചപ്പെടുത്തുകയും ലഭ്യമായ മൊത്തം ചണത്തണ്ടുകളുടെ 50–60 ശതമാനംവരെ വ്യാവസായികമായി സംസ്കരിക്കുകയും ചെയ്യുക. തേയിലയുടെ വിളമേനിയും അതുപോലെ അത്യാവശ്യ ഉപോഷ്ണ എണ്ണ വിളകളുടേയും മററു വിളകളുടേയും വിളമേനിയും വർദ്ധിപ്പിക്കുക.

ജൈവസാങ്കേതികവിദ്യയുടേയും ജനിതക എഞ്ചിനീയറിങ്ങിന്റേയും അടിസ്ഥാനത്തിൽ, നെടുങ്ങനെയുള്ള കൃഷിസമ്പ്രദായങ്ങളുടെ ആവശ്യങ്ങൾക്ക് ഒത്തവയും പ്രതികൂലമായ പരിസ്ഥിതി സ്വാധീനങ്ങൾ ഏശാത്തവയും യന്ത്രങ്ങൾ ഉപയോഗിച്ചു കൊയ്തെടുക്കാൻ പററിയവയുമായ ഉയർന്ന മേനിയുള്ള പുതിയ കാർഷികവിളകളുടേയും സങ്കരങ്ങളുടേയും വികസനവും കൃഷിയും ഊർജ്ജിതപ്പെടുത്തി ഭക്ഷ്യവ്യവസായത്തിന്റെ

ആവശ്യങ്ങൾ നിറവേററുക. പഞ്ചസാരക്കിഴങ്ങിൽ പഞ്ചസാരയുടെ അംശം വർദ്ധിപ്പിക്കാനും നഷ്ടങ്ങൾ തടയാനും നടപടികളെടുക്കുക. കൂടുതൽ മെച്ചപ്പെട്ട വിത്തു കൃഷി സംഘടിപ്പിക്കുകയും വിത്തുകളുടെ ഗുണം വർദ്ധിപ്പിക്കുകയും ചെയ്യുക.

കള, കീടം, രോഗങ്ങൾ എന്നിവ നിയന്ത്രിക്കാനുള്ള രാസ-ജൈവശാസ്ത്ര-കാർഷിക എഞ്ചിനീയറിങ്ങ് സമ്പ്രദായങ്ങൾ കൂട്ടായി ഉപയോഗപ്പെടുത്തുക.

*കാലിത്തീററ ഉൽപാദനം എല്ലാ വിധത്തിലും വികസിപ്പിക്കുക.* പാടത്തും മേച്ചിൽ സ്ഥലത്തും കാലിത്തീററ ഉൽപാദനം ഊർജ്ജിതപ്പെടുത്തി പരുക്കനും ഇളംപച്ചയുമായ കാലിത്തീററകളുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക. അവ കൃഷി ചെയ്യാനും കൊയ്തെടുക്കാനും സൂക്ഷിച്ചുവെയ്ക്കാനും വികസിതസമ്പ്രദായങ്ങൾ കൂടുതൽ വ്യാപകമായി ഉപയോഗിക്കുക. കാലിത്തീററാശേഖരങ്ങളുടെ ഘടനയും ഗുണമേൻമയും അടിസ്ഥാനപരമായി മെച്ചപ്പെടുത്തുക.

അൽഫാൻഫ, ക്ലോവർ, പയറുകൾ, സൂര്യകാന്തി, സോയാബീൻ, കറുത്ത കടുക് തുടങ്ങിയ ഉയർന്ന മാംസ്യവിളകൾ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുകയും അവയുടെ വിളമേനി വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് കാലിത്തീററക്കുള്ള സസ്യമാംസ്യങ്ങളുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക. ഭക്ഷ്യ-മത്സ്യബന്ധനവ്യവസായങ്ങളുടെ ഉപോൽപന്നങ്ങളും ഭക്ഷ്യാവശിഷ്ടങ്ങളും കാലിത്തീററയ്ക്ക് കൂടുതൽ ഉപയോഗിക്കുക. ഓരോ കൃഷിക്കളത്തിലും കാലിത്തീററകൾ സൂക്ഷിക്കാനും തയ്യാറാക്കാനും ആവശ്യമായ സൗകര്യങ്ങൾ നിർമ്മിക്കുക. കാലിത്തീററയ്ക്കുള്ള ധാന്യോപഭോഗം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുക. കന്നുകാലികൾക്ക് ധാന്യങ്ങൾ ശുദ്ധീകരിച്ച് മാത്രമേ കൊടുക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തുക.

കന്നുകാലി-പൗൾട്രി ഉൽപാദനക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുക, കാലിത്തീററാ അസ്തിവാരം ബലപ്പെടുത്തുകയും ജനിതകവിജ്ഞാനത്തിൻെറയും പ്രജനനത്തിൻെറയും സിദ്ധികൾ ഉൾക്കൊള്ളുകയും കന്നുകാലിപററത്തെ മെച്ചപ്പെടുത്താനുള്ള പുതിയ ജൈവശാസ്ത്രസമ്പ്രദായങ്ങൾ ഉപയോഗിക്കുകയും ചെയ്തുകൊണ്ട് *കന്നുകാലി ഉൽപന്ന*ത്തിൻെറ ക്രമപ്രവൃദ്ധമായ വളർച്ച ഉറപ്പുവരുത്തുക. 1990-ൽ മാംസോൽപാദനം 210 ലക്ഷം ടണ്ണായും (അറവു തൂക്കം) ക്ഷീരോൽപാദനം 1060-1100 ലക്ഷം ടണ്ണായും മുട്ടയുൽപാദനം 8000–8200 കോടിയായും വർദ്ധിപ്പിക്കുക.

കന്നുകാലികളേയും കോഴികളേയും വളർത്തുകയും കൊഴുപ്പിക്കുകയും ചെയ്യുന്നതിൻെറ സമ്പ്രദായങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, കളങ്ങൾക്കുള്ളിലും കളങ്ങൾക്കിടയിലും പ്രത്യേകവൽക്കരണം വികസിപ്പിക്കുക, മാംസത്തിൻെറയും പാലിൻെറയും മററുൽപന്നങ്ങളുടേയും ഉൽപാദനത്തിൽ ഊർജ്ജിതസമ്പ്രദായങ്ങളും വികസിത സാങ്കേതിവിദ്യകളും നടപ്പിൽവരുത്തുക. ചെമ്മരിയാടുകളുടേയും ഇറച്ചിക്കുള്ള കന്നുകാലികളേയും വളർത്താൻ പ്രകൃതിദത്തമായ മേച്ചിൽസ്ഥലങ്ങൾ കൂടുതൽ നല്ലനിലയിൽ ഉപയോഗപ്പെടുത്തുകയും കൂടുതൽ വ്യാപകമായി മേച്ചിൽസ്ഥ

ലങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. കമ്പിളി, മൃദുരോമം, തുകൽ എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും അവയുടെ ഗുണം മെച്ചപ്പെടുത്തുകയും ചെയ്യുക. കുതിര വളർത്തും മാൻ വളർത്തും രോമത്തിന്നുവേണ്ടിയുള്ള മൃഗവളർത്തും മുയൽ വളർത്തും തേനീച്ച വളർത്തും കുളമീൻ വളർത്തും പട്ടുനൂൽപുഴു വളർത്തും വികസിപ്പിക്കുക. മൃഗപരിപാലനത്തിൽ ചികിൽസാസേവനങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.

ഭക്ഷ്യവിഭവങ്ങൾ വർദ്ധിപ്പിക്കാനുള്ള ഒരു മാർഗ്ഗമെന്നനിലയിൽ സഹായകകൃഷിക്കളങ്ങൾ നടത്താൻ വ്യവസായസ്ഥാപനങ്ങളേയും സംഘടനകളേയും എല്ലാ വിധത്തിലും പ്രോൽസാഹിപ്പിക്കുക സഹായക തുണ്ടുനിലങ്ങളുള്ള പൗരർക്ക് പുൽത്തകിടികളും മേച്ചിൽസ്ഥലങ്ങളും അനുവദിക്കുകയും കാലിത്തീററ, വിത്ത്, വളങ്ങൾ എന്നിവയും കന്നുകുട്ടികളേയും കോഴിക്കുട്ടികളേയും വിൽക്കുകയും ചെയ്തുകൊണ്ട് അവരെ സഹായിക്കുക. ജനങ്ങളിൽനിന്ന് മിച്ചമുള്ള കാർഷികോൽപന്നങ്ങൾ വാങ്ങുന്ന പതിവ് കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കുക.

*നിലം നന്നാക്കുന്നതിന്നുള്ള ദീർഘകാലപരിപാടി തുടർന്നു നടപ്പാക്കുക.* സ്റേററിന്റെ മൂലധനനിക്ഷേപങ്ങളെ അടിസ്ഥാനമാക്കി 33 ലക്ഷം ഹെക്ടർ ജലസിക്തഭൂമിയിലും വെള്ളം വററിച്ചെടുത്ത 36 ലക്ഷം ഹെക്ടർ ഭൂമിയിലും കൃഷിയിറക്കുക. 83 ലക്ഷം ഹെക്ടർ വിസ്താരത്തിൽ ഭൂമി നന്നാക്കിയെടുക്കാനുള്ള പ്രവർത്തനം നടത്തുക. 56 ലക്ഷം ഹെക്ടർ സ്ഥലത്ത് നിലവിലുള്ള ജലസേചനവിധാനങ്ങളുടെ സാങ്കേതികസ്ഥിതി മെച്ചപ്പെടുത്തുക. ജലസിക്തഭൂമികളും വെള്ളം വററിച്ചെടുത്ത ഭൂമികളും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുകയും അവയുടെ ആദായശേഷി ആസൂത്രിത നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്യുക. ജലം ലാഭിക്കാൻ സാധിക്കുന്നതരത്തിലുള്ള ജലസേചന സങ്കേതങ്ങൾ വേഗത്തിൽ ഏർപ്പെടുത്തുവാൻ സഹായിക്കുന്ന നടപടികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ജല-ഭൂവിഭവങ്ങൾ കൂടുതൽ മിതവ്യയപരമായ രീതിയിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുക. ഭൂമി നന്നാക്കലിന്റെയും കാർഷികോപയോഗത്തിന്റെയും പ്രശ്നങ്ങൾ സമഗ്രമായ ഒരു രീതിയിൽ പരിഹരിക്കുക.

പ്രാദേശിക ജലവിഭവ പുനർവിതരണപ്രോജക്ടുകളുടെ ശാസ്ത്രീയമായ സമർത്ഥനത്തിന്ന് ഗണ്യമാംവിധം കൂടുതലായ പ്രാധാന്യം കൽപിക്കുക. വടക്കൻ നദികളിലെ ജലപ്രവാഹത്തിന്റെ ഒരു ഭാഗം വോൾഗ തടത്തിലേക്കും വോൾഗയിൽനിന്ന് ഡോണിലേക്കും കുബാനിലേക്കും തിരിച്ചുവിടുന്നതിന്നുള്ള പ്രോജക്ടു സംബന്ധിച്ച പ്രവർത്തനം ആരംഭിക്കുകയും ദ്നീപ്പർ-ബഗ് ജലവൈദ്യുത പ്രോജക്ടിന്റെയും ഡാന്യൂബ്-ദ്നീപ്പർ കനാലിന്റെ ഒന്നാം ഖണ്ഡത്തിന്റെയും നിർമ്മാണം തുടങ്ങുകയും ചെയ്യുക.

കൃഷിയുടെ *രാസവൽക്കരണ*ത്തെ അടിസ്ഥാനമാക്കുകയും ജൈവവളങ്ങൾ കൂടുതൽ ഉപയോഗിക്കുകയും ചെയ്തുകൊണ്ട് മണ്ണിന്റെ വളക്കൂറ് ക്രമേണ വർദ്ധിപ്പിക്കുക. 1990-ൽ നാട്ടിൻപുറത്തിന്ന് 300–320 ലക്ഷം ടൺ ധാതവവളങ്ങളും 440000–480000 ടൺ കീടനാശിനികളും 240 ലക്ഷം ടൺ പ്രാദേശിക കാൽസിയമയ പദാർത്ഥങ്ങളടക്കം 1000

ലക്ഷം ടണ്ണിൽ കുറയാതെ കാൽസിയമയ പദാർത്ഥങ്ങളും സപ്ലൈ ചെയ്യുക. 1990-ൽ ജൈവവളങ്ങളുടെ ഉപഭോഗം 150 കോടി ടണ്ണായി വർദ്ധിപ്പിക്കുക. ഈയാവശ്യത്തിലേക്ക് പീററും സപ്രോപ്പൽസലും മററ് പ്രാദേശിക പദാർത്ഥങ്ങളും നല്ലപോലെ ഉപയോഗപ്പെടുത്തുക. വളങ്ങളുടെ സൂക്ഷിപ്പും അവ പ്രയോഗിക്കുന്നതിൻെറ സങ്കേതങ്ങളും ഫലങ്ങളും മെച്ചപ്പെടുത്തുക.

കളങ്ങൾക്ക് കൂടുതൽ രാസയോഗജങ്ങളും ഭക്ഷ്യപരിരക്ഷകങ്ങളും വളർച്ചാനിയന്ത്രകങ്ങളും സസ്യസംരക്ഷണകാരകങ്ങളും എല്ലാതരം ഫിലിമുകളും പൊളിമെറിക് പദാർത്ഥങ്ങളും മററു രാസവൽക്കരണ ഉപാധികളും സപ്ലൈ ചെയ്യുക.

കാർഷികോൽപാദനം സോദ്ദേശ്യമായ രീതിയിൽ *പുനഃസജ്ജീകരിക്കുക.* പഞ്ചവൽസരകാലത്ത് കൃഷിക്കളങ്ങൾക്ക് 1,900,000 ട്രാക്ടറുകളും 1,600,000 ലോറികളും 1,770,000 ട്രക്ടർ ട്രെയിലറുകളും 4300 കോടി റൂബിളെങ്കിലും വിലപിടിപ്പുള്ള മററു കാർഷികയന്ത്രങ്ങളും ഉപകരണങ്ങളും — കന്നുകാലിവളർത്തലിന്നും കാലിത്തീററ ഉൽപാദനത്തിന്നുവേണ്ടി, 1700 കോടി റൂബിൾ വിലപിടിപ്പുള്ള സാമഗ്രികളടക്കം — സപ്ലൈ ചെയ്യുക. ഈ മേഖലയ്ക്ക് അതീവ കാര്യക്ഷമതയുള്ള ആദായകരങ്ങളും അംഗസമ്പൂർണ്ണങ്ങളുമായ യന്ത്രങ്ങളും ഗതാഗത സൗകര്യങ്ങളും ഭാരം കയററാനും ഇറക്കാനുമുള്ള സാമഗ്രികളും കൂടുതൽ പ്രദാനം ചെയ്യുക.

യന്ത്ര-ടാക്ടർ സഞ്ചയത്തിൻെറ സാങ്കേതിക സർവ്വീസിങ്ങും ഉപയോഗവും ഗണ്യമായി മെച്ചപ്പെടുത്തുകയും കൂട്ടുകൃഷിക്കളങ്ങളിലേയും സ്റ്റേററ്ഫാമുകളിലേയും റിപ്പയർ സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക. ഗ്രാമീണ ഉപഭോക്താക്കൾക്കുള്ള വിദ്യുച്ഛക്തിവിതരണത്തിൻെറ വിശ്വാസ്യത വർദ്ധിപ്പിക്കുക.

സാമൂഹ്യവൽകൃത കാർഷികമേഖലയിലെ അധ്വാനോൽപാദനക്ഷമത 21 – 23 ശതമാനംകണ്ട് വർദ്ധിപ്പിക്കുക.

ഭക്ഷ്യ, മാംസോൽപാദന, ഡയറി വ്യവസായങ്ങളിൽ ഉൽപാദന വളർച്ച 18 – 20 ശതമാനംകണ്ട് ഉറപ്പുവരുത്തുക.

ഈ മേഖലയിലെ വ്യവസായസ്ഥാപനങ്ങൾക്ക് സന്തതമായ ഉൽപാദന ലൈനുകളും ഉൽപന്നങ്ങളുടേയും അസംസ്കൃതപദാർത്ഥങ്ങളുടേയും സമഗ്രമായ സംസ്കരണത്തിന്നുള്ള സാമഗ്രികളും പ്രദാനംചെയ്തുകൊണ്ട് അവയെ പുനഃസജ്ജീകരിക്കുക.

1990-ൽ സ്റ്റേററിൻെറ അസംസ്കൃതപദാർത്ഥവിഭവങ്ങളിൽനിന്ന് 117 – 122 ലക്ഷം ടൺ മാംസവും 15 – 17 ലക്ഷം ടൺ വെണ്ണയും 310 – 320 ലക്ഷം ടൺ പൂർണ്ണ ക്ഷീരോൽപന്നങ്ങളും 10 ലക്ഷം ടൺ പാൽക്കട്ടിയും 100 – 110 ലക്ഷം ടൺ തരിപ്പഞ്ചസാരയും (പഞ്ചസാരക്കിഴങ്ങിൽനിന്ന്) 37 – 40 ലക്ഷം ടൺ സസ്യഎണ്ണയും 1600 – 1800 കോടി ടിൻ പഴ-പച്ചക്കറി പ്രിസേർവുകളും ഉൽപാദിപ്പിക്കുക.

മൊത്ത വ്യാപാരത്തിൽ പേക്ക്ചെയ്ത മാംസത്തിൻേറയും ഉടനടി പാകംചെയ്യാവുന്ന മാംസത്തിൻേറയും വിഹിതം 40 – 45 ശതമാനമാക്കി ഉയർത്തി അവയുടെ ഉൽപാദനം വർദ്ധിപ്പിക്കുക. പാൽ കൂടുതൽ സമ

ഗ്രമമായി സംസ്കരണം ചെയ്യുകയും പൂർണ്ണ ക്ഷീരോൽപന്നങ്ങളുടെ വൈവിധ്യം വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് ഒരു ഭക്ഷ്യോൽപന്നമായി പാലിനെ കൂടുതൽ നല്ലനിലയിൽ ഉപയോഗപ്പെടുത്തുക. അധികപക്ഷവും ചെറിയ യൂണിററുകളിൽ പ്രിസേർവുകളുടെയും ഫ്രൂട്ട് കോക്ടെയിലുകളുടേയും ജാമുകളുടേയും ജൂസുകളുടേയും ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക. അമിത മദ്യപാനത്തിന്നും കുടിവെറിക്കും എതിരായ സമരം ഊർജ്ജിതപ്പെടുത്താനുള്ള നടപടികരം സുസ്ഥിരം നടപ്പാക്കുന്നതിൻെറ ഭാഗമെന്ന നിലയിൽ ഒട്ടേറെ മദ്യവാററുശാലകളെ ജനങ്ങരംക്കിടയിൽ വളരെ പ്രചാരമുള്ള ഭക്ഷ്യവസ്തുക്കരം ഉൽപാദിപ്പിക്കുന്നതിന്നായി പുനഃക്രമീകരിക്കുക.

*മൽസ്യബന്ധനവ്യവസായത്തിൽ* ഭക്ഷ്യാവശ്യത്തിന്നുള്ള മൽസ്യോൽപന്നങ്ങളുടെ ഉൽപാദനം 1990-ൽ, 44 – 46 ലക്ഷം ടണ്ണായും ടിന്നിലടച്ച മൽസ്യത്തിൻെറ ഉൽപാദനം 300 കോടി ടിന്നായും വർദ്ധിപ്പിക്കുക. ജീവനുള്ളതും തണുപ്പിച്ചതും മുറിച്ചു വൃത്തിയാക്കിയതുമായ മൽസ്യത്തിൻേറയും *ബാലിക്കി*ൻേറയും അതുപോലെതന്നെ പുകയത്തുണക്കിയതും വെയിലത്തുണക്കിയതുമായ മൽസ്യത്തിൻേറയും സപ്ലൈ വർദ്ധിപ്പിക്കുക. മൽസ്യബന്ധന നൗകകരം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുകയും മഹാസമുദ്രങ്ങളുടെ തുറസ്സായ ഭാഗങ്ങളിലുള്ള ജൈവശാസ്ത്ര വിഭവങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയാന്വേഷണവും അവയുടെ വാണിജ്യപരമായ വിനിയോഗവും ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക. സോവിയററ് യൂണിയൻെറ സമുദ്രമേഖലകളിൽ മൽസ്യബന്ധനം കൂടുതൽ സജീവമായി വികസിപ്പിക്കുക. മൽസ്യപ്രജനനത്തിൻെറയും ഉരംനാടൻ ജലാശയങ്ങളിലെ മൽസ്യബന്ധനത്തിൻേറയും സംഘാടനത്തിൽ സമൂലമായ പരിഷ്കാരങ്ങരം വരുത്തുകയും കുളമൽസ്യം വ്യാപകമായ തോതിൽ വളർത്തി മൽസ്യവിഭവങ്ങരം വർദ്ധിപ്പിക്കാൻ അവയ്ക്കുള്ള സാധ്യതകരം പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക. മൽസ്യസംസ്കരണ സ്ഥാപനങ്ങളുടെ ഉൽപാദനാസ്തിവാരം ബലപ്പെടുത്തുകയും മൽസ്യബന്ധന നൗകാവ്യൂഹത്തിൻെറ നവീകരണം ത്വരിപ്പിക്കുകയും ചെയ്യുക. മൽസ്യബന്ധനവ്യവസായത്തിന്ന് മൽസ്യങ്ങളെ കണ്ടെത്താനും പിടിക്കാനും സംസ്കരിക്കാനുമുള്ള ആധുനിക സാങ്കേതികോപാധികരം കൂടുതൽ സപ്ലൈ ചെയ്യുക.

ഭക്ഷ്യവ്യവസായങ്ങളിൽ പേക്കുചെയ്ത ഭക്ഷ്യങ്ങളുടെ വൈവിധ്യം വർദ്ധിപ്പിക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ഉൽപാദനം അധികപ്പെടുത്തുകയും ചെയ്യുക. അസംസ്കൃതപദാർത്ഥങ്ങളുടെ കൂടുതൽ യുക്തിസഹമായ സംസ്കരണം ഉറപ്പു വരുത്തുക. ശിശു ആഹാരങ്ങളുടേയും പത്ഥ്യാഹാരങ്ങളുടേയും ജീവകങ്ങളും പ്രോടീനുകളും ഉയർന്ന ജൈവശാസ്ത്ര-പോഷകമൂല്യങ്ങളുള്ള മററു ഘടകങ്ങളും ധാരാളമുള്ള ഉൽപന്നങ്ങളുടേയും ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക. ഉടനടി പാകംചെയ്യാവുന്ന ഭക്ഷ്യങ്ങളുടേയും പെട്ടെന്നു തണുപ്പിച്ച പഴങ്ങളുടേയും പച്ചക്കറികളുടേയും പാകംചെയ്ത ഭക്ഷ്യപദാർത്ഥങ്ങളുടേയും വിവിധതരം ലഘു പാനീയങ്ങളുടേയും അവയുടെ സാന്ദ്രിതങ്ങളുടേയും ഉൽപാദനം വർദ്ധിപ്പിക്കുക.

കേഷ്യവ്യവസായത്തിൽ ഉൽപാദനക്ഷമത 14 – 16 ശതമാനംകണ്ടും മാംസ-ഡയറി വ്യവസായത്തിൽ 25 – 28 ശതമാനംകണ്ടും മൽസ്യബന്ധന വ്യവസായത്തിൽ 10 - 12 ശതമാനം കണ്ടും വർദ്ധിപ്പിക്കുക. മേൽപറഞ്ഞ വ്യവസായങ്ങളിൽ ഉൽപാദനച്ചിലവ് 3 – 5 ശതമാനംകണ്ട് കുറയ്ക്കുക.

*ധാന്യം പൊടിക്കുന്ന വ്യവസായത്തിലും മിശ്രതീററവ്യവസായത്തിലും* അതീവ ഫലപ്രദങ്ങളായ സാമഗ്രികളും വികസിത സാങ്കേതികവിദ്യകളും ഏർപ്പെടുത്തി വ്യവസായസ്ഥാപനങ്ങളുടെ സാങ്കേതികനിലവാരം ഉയർത്തുകയും മേത്തരം ധാന്യമാവിൻെറ ഉൽപാദനം അഞ്ചുകൊല്ലത്തിന്നുള്ളിൽ 1.4 – 1.5 മടങ്ങ് വർദ്ധിപ്പിക്കുകയും ചെയ്യുക.

ധാന്യനിലവറകളുടേയും പത്തായങ്ങളുടേയും നിർമ്മാണത്തിന്ന് വേഗം കൂട്ടുകയും അവ വേഗത്തിൽ ഉപയോഗപ്രദമാക്കിത്തീർക്കുകയും ചെയ്യുക. പ്രാഥമികമായും, വിദൂരസ്ഥങ്ങളായ ധാന്യകൃഷിമേഖലകളിൽ ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ സഹകരിച്ച് കൂടുതൽ ധാന്യഅറകളും മിശ്രതീററപ്ലാൻറുകളും നിർമ്മിക്കുക. ധാന്യമാവും മിശ്രതീററയും മൊത്തമായും പാത്രങ്ങളിലാക്കിയും കട്ടയായും പരിവഹനം ചെയ്യുന്നതിൻെറ തോത് വർദ്ധിപ്പിച്ച് കൂടുതൽ അധ്വാനമാവശ്യമായ പണികളുടെ യന്ത്രവൽക്കരണത്തിൽ കൂടുതൽ ഉയർന്ന നിരക്കുകൾ കൈവരിക്കുക. മിശ്രതീററയുടെ ഗുണം മെച്ചപ്പെടുത്തുകയും പോഷകമൂല്യങ്ങളുള്ള യോഗജങ്ങൾ ഉപയോഗിച്ച് അവയിലെ ധാന്യാംശം കുറയ്ക്കുകയും ചെയ്യുക.

*സൂക്ഷ്മജീവിവ്യവസായത്തിൽ* അഞ്ചു കൊല്ലത്തിന്നുള്ളിൽ ഉൽപാദനം ഇരട്ടിപ്പിക്കുക. തീററ പ്രോടീനിൻേറയും ജൈവശാസ്ത്രപരമായി സജീവങ്ങളായ വസ്തുക്കളുടേയും ഉൽപാദനം ഗണ്യമായി വിപുലപ്പെടുത്തുക. മററു കാര്യങ്ങളൊടൊപ്പം വാതകത്തിൻെറ ഉപയോഗവും വർദ്ധിപ്പിച്ചുകൊണ്ട് ജൈവസാങ്കേതികവിദ്യയ്ക്ക് ഒരു അസംസ്കൃതപദാർത്ഥാടിസ്ഥാനം സൃഷ്ടിക്കുക. മൈക്രോബയോളജിക്കൽ സംശ്ലേഷണത്തിൻെറ ഉൽപന്നങ്ങളിൽ കൃഷിയുടെ ആവശ്യങ്ങൾ ഉത്തരോത്തരം പൂർണ്ണതരമായി നിറവേററുക. ജൈവസാങ്കേതികവിദ്യയുടേയും ജനിതക എഞ്ചിനീയറിങ്ങിൻേറയും ഏററവും പുതിയ സിദ്ധികൾ കൂടുതൽ കൂടുതൽ ഊർജ്ജിതമായി നടപ്പിൽ വരുത്തുക.

*വനസംരക്ഷണതുറയിൽ* വനവിഭവങ്ങളുടെ പുനരുൽപാദനവും വിനിയോഗവും അഭിവൃദ്ധിപ്പെടുത്തുകയും വനപാലനത്തിൻെറ ശാസ്ത്രീയസിദ്ധികളും മേഖലാസമ്പ്രദായങ്ങളും വ്യാപകമായ തോതിൽ നടപ്പിൽ വരുത്തുകയും രാസവസ്തുക്കൾ പ്രയോഗിക്കുകയും ഉൽപാദനം യന്ത്രവൽക്കരിക്കുകയും ചെയ്യുക. വനഭൂമികൾ കൂടുതൽ ഊർജ്ജിതമായി ഉപയോഗപ്പെടുത്തുകയും വനമേഖലകൾ വളർത്താനും സോവിയററ് യൂണിയനിലെ മരുഭൂമികളിലേയും അർദ്ധമരുഭൂമികളിലെയും മേച്ചിൽസ്ഥലങ്ങളിൽ മരം വെച്ചുപിടിപ്പിക്കാനും കൂടുതൽ ശ്രദ്ധിക്കുകയും ചെയ്യുക. വനവിഭവങ്ങളുടെ യുക്തിസഹമായ ഉപയോഗത്തിൻമേലുള്ള മേൽനോട്ടം വർദ്ധിപ്പിക്കുകയും വനങ്ങളെ തീയിൽനിന്നും കീടങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും രക്ഷിക്കുകയും ചെയ്യുക. യൂറോപ്യൻ-ഉരാൾസ് മേഖലയിൽ പൾപ്പ്-കടലാസ്സ് വ്യവസായത്തിന്ന് സ്ഥിരമായ ഒരു അസംസ്കൃതപദാർത്ഥ അസ്തിവാരം സൃഷ്ടിക്കുക.

# VII. ഉപഭോഗസാധന ഉൽപാദനത്തിന്റേയും സേവനമണ്ഡലത്തിന്റേയും വികസനം

*സോവിയറ്റ് ജനങ്ങളുടെ സുഖസൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ബഹുവിധ കടമകളുടെ നിർവ്വഹണത്തിലേക്കുള്ള സംഭാവന വർദ്ധിപ്പിക്കുകയും 1986–2000 കാലത്ത് ഉപഭോഗസാധനങ്ങളുടെ ഉൽപാദനത്തിന്റേയും സേവനമണ്ഡലത്തിന്റേയും വികസനത്തിന്നുള്ള സമഗ്രപരിപാടി സുസ്ഥിരം നടപ്പാക്കുകയും ചെയ്യുകയെന്നതാണ് രാജ്യത്തിലെ ഒന്നൊഴിയാതെ എല്ലാ മേഖലകളുടേയും റിജ്യനുകളുടേയും മുഖ്യകടമകളിലൊന്ന്.*

അടുത്ത അഞ്ചാണ്ടുകാലത്ത് ഭക്ഷ്യേതരസാധനങ്ങളുടെ ഉൻപാദനം 1.3 മടങ്ങിൽ കുറയാതെ വർദ്ധിപ്പിക്കുക. തുണിത്തരങ്ങൾ, ഉടയാടകൾ, പാദരക്ഷ, സാംസ്കാരികാവശ്യങ്ങൾക്കും വീട്ടുപയോഗത്തിന്നുമുള്ള സാധനങ്ങൾ (പ്രത്യേകിച്ചും വിനോദത്തിന്നും യാത്രയ്ക്കും സ്പോർട്സിന്നും വേണ്ടിയുള്ളവ) എന്നിവയ്ക്കും വൻതോതിൽ ആവശ്യക്കാരുള്ള ഇതര സാധനങ്ങൾക്കും വേണ്ടിയുള്ള പലതരം ആവശ്യങ്ങൾ പൂർണ്ണതരമായി നിറവേററുക. അവ ജനതതിയിലെ വിവിധവിഭാഗങ്ങളുടെ ആവശ്യങ്ങൾക്കൊത്ത തരങ്ങളിൽ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുക. ചരക്കുകളുടെ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുത്തുകയും അവയുടെ സാങ്കേതിക-സൗന്ദര്യനിലവാരവും പ്രവർത്തനത്തിലുള്ള വിശ്വാസയോഗ്യതയും വർദ്ധിപ്പിക്കുകയും ചെയ്യുക.

ജനങ്ങൾക്കാവശ്യമായ മെത്തരം കെട്ടിടനിർമ്മാണ സാമഗ്രികൾ, തോട്ടംപണിക്കുള്ള ഉപകരണങ്ങൾ തുടങ്ങിയവയുടെ ഉൽപാദനവും വിൽപനയും വർദ്ധിപ്പിക്കാൻ ഒരു കൂട്ടം നടപടികൾ നടപ്പിൽ വരുത്തുക;

പ്രതിഫലം വാങ്ങി നിർവ്വഹിക്കുന്ന പൊതുസേവനങ്ങളുടെ പരിമാണം 1.3 – 1 4 മടങ്ങ് വർദ്ധിപ്പിക്കുകയും അവയുടെ ഗുണവും നിലവാരങ്ങളും മെച്ചപ്പെടുത്തുകയും ചെയ്യുക. ഗ്രാമപ്രദേശങ്ങളിൽ പൊതുസേവനം കൂടുതൽ വേഗത്തിൽ വികസിപ്പിക്കുക. സാധനങ്ങൾക്കും സേവനങ്ങൾക്കുമുള്ള ആവശ്യങ്ങളെക്കുറിച്ചു പഠിക്കുകയും പ്രവചനം നടത്തുകയും ചെയ്യുന്ന സമ്പ്രദായം മെച്ചപ്പെടുത്തുകയും അധ്വാനിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങളിലുണ്ടാകുന്ന മാററങ്ങളോട് തക്കസമയത്ത് പ്രതികരിക്കുകയും ചെയ്യുക.

*ലഘുവ്യവസായത്തിൽ* 1990-ഓടുകൂടി തുണിത്തരങ്ങളുടെ ഉൽപാദനം 1400 – 1500 കോടി ചതുരശ്രമീററായും പിന്നിയ ചരക്കുകളുടെ എണ്ണം 220 – 230 കോടിയായും പാദരക്ഷകളുടേത് 90 കോടി ജോടിയായും വർദ്ധിപ്പിക്കുക. മെച്ചപ്പെട്ട മിനുക്കുപണികളോടുകൂടിയ കമ്പിളിതുണികളുടെ ഉൽപാദനം 1.7 മടങ്ങുകണ്ടും പുതിയ ഇനത്തിലുള്ള പട്ടുതുണികളുടേത് 2 മടങ്ങുകണ്ടും വർദ്ധിപ്പിക്കുക. വീട്ടുപയോഗത്തിന്നുള്ള നെയ്തെടുക്കാത്ത തുണിത്തരങ്ങളുടേത് 2.3 മടങ്ങ് കണ്ടും വർദ്ധിപ്പിക്കുക. കുട്ടികൾക്കുള്ള സാധനങ്ങളുടെ ഉൽപാദനം മുൻഗണനാനിരക്കിൽ വികസിപ്പിക്കുക. തുണിത്തരങ്ങളുടെ ഡിസൈനും തുന്നിയെടുത്ത ചരക്കുകളുടെ ഫാഷൻ ഡിസൈനിങ്ങും ഗണ്യമായി മെച്ചപ്പെടുത്തുകയും ചെറുപ്പക്കാർക്കും വയോജനങ്ങൾക്കും തിരഞ്ഞെടുക്കാൻ പലതരം വസ്ത്രങ്ങളും പാദരക്ഷകളും നൽകുകയും ചെയ്യുക.

ജോലിയുടെ യന്ത്രവൽക്കരണം കൂടുതൽ വ്യാപകമായി നടപ്പാക്കുകയും നൂൽപ്പ്, നെയ്ത്ത്, പിന്നൽ എന്നിവ സംബന്ധിച്ച സ്വയംപ്രവർത്തക ഉൽപാദന സാങ്കേതികവിദ്യകളും മോടിയും ഭംഗിയുമുള്ള വസ്ത്രങ്ങളും മേത്തരം പാദരക്ഷകളും വൻതോതിൽ ഉൽപാദിപ്പിക്കാൻ സത്വരം മാററി ക്രമീകരിക്കാവുന്ന പ്രൊഡക്ഷൻ ഫ്ളോ ലൈനുകളും വികസിപ്പിക്കുകയും ചെയ്യുക.

അസംസ്കൃതപദാർത്ഥങ്ങളും മററു വസ്തുക്കളും തുണിത്തരങ്ങളും യുക്തിസഹമായി ഉപയോഗിക്കുകയും രാസനാരുകളുടേയും നൂലുകളുടേയും ഇളകാത്ത ചായങ്ങളുടേയും മററു രാസപദാർത്ഥങ്ങളുടേയും ഉപയോഗം വിപുലപ്പെടുത്തുകയും ചെയ്യുക.

അധ്വാനോൽപാദനക്ഷമത 24–26 ശതമാനംകണ്ട് വർദ്ധിപ്പിക്കുകയും ഉൽപാദനച്ചിലവ് 3–4 ശതമാനംകണ്ട് കുറയ്ക്കുകയും ചെയ്യുക.

*സാംസ്കാരികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കുമുള്ള ചരക്കുകളുടെ* ഉൽപാദനം 1.3–1.5 മടങ്ങ്കണ്ട് വർദ്ധിപ്പിക്കുക. ജനങ്ങൾക്ക് മേത്തരത്തിൽപെട്ട വിവിധയിനം നിർമ്മിതവസ്തുക്കൾ, പ്രത്യേകിച്ചും ഈട്ടുസാധനങ്ങൾ, വിതരണംചെയ്യുന്നതിൽ ഘനവ്യവസായമേഖലകളുടേയും പ്രതിരോധവ്യവസായമേഖലകളുടേയും വിഹിതം ഗണ്യമായി വർദ്ധിപ്പിക്കുക.

അധ്വാനം ലഘൂകരിക്കുന്ന അതീവ കാര്യക്ഷമങ്ങളായ വീട്ടുപകരണങ്ങളുടെ ഉൽപാദനം ത്വരിതതരമായ നിരക്കിൽ വികസിപ്പിക്കുക. മുഖ്യമായും വീട്ടുപയോഗത്തിന്നുള്ള മാനകീകൃത റഫ്രിജറേറ്ററുകളുടേയും ഫ്രീസറുകളുടേയും അലക്കുയന്ത്രങ്ങളുടേയും തയ്യൽ യന്ത്രങ്ങളുടേയും വീട്ടാവശ്യത്തിന്നുള്ള മററു വൈദ്യുതോപകരണങ്ങളുടേയും നിർമ്മാണത്തിലേക്ക് കടക്കുക. റേഡിയോ സെററുകളുടെ ഉൽപാദനം 1 3–1.4 മടങ്ങും കളർ ടി. വി. സെററുകളുടേത് 1.6 മടങ്ങും ടേപ്പ് റിക്കാർഡുകളുടേത് 1.3 മടങ്ങും തയ്യൽയന്ത്രങ്ങളുടേത് 1.6 മടങ്ങും ഫർണിച്ചറിന്റേത് 1.3 മടങ്ങും കൊച്ചു വിശ്രമമന്ദിരങ്ങളുടേത് 2 മടങ്ങും വീട്ടുപയോഗത്തിന്നുള്ള രാസവസ്തുക്കളുടേത് 1.4–1.6 മടങ്ങും വർദ്ധിപ്പിക്കുക. വ്യക്തികളുടെ തുണ്ടുനിലങ്ങളിലും കൂട്ടുകൃഷിക്കളെ പഴത്തോട്ടങ്ങളിലും ഉദ്യാനങ്ങളിലും ഉപയോഗിക്കാനുള്ള യന്ത്രോപകരണങ്ങളുടെ ഉൽപാദനം വിപുലപ്പെടുത്തുക.

*വൈദ്യ വ്യവസായത്തിൽ* മൊത്ത ഉൽപാദനം 1.4 മടങ്ങിൽ കുറയാതെ വർദ്ധിപ്പിക്കുക. വളരെ ഫലപ്രദങ്ങളായ മരുന്നുകളുടെ, എല്ലാററിലുമുപരി പരക്കെ വ്യാപിച്ചിട്ടുള്ള രോഗങ്ങളുടെ ചികിത്സക്കുള്ളവയുടെ ഉൽപാദനം സ്വായത്തമാക്കുകയും രോഗനിർണ്ണയത്തിന്നും രോഗചികിത്സക്കുമുള്ള ഏററവും ആധുനികങ്ങളായ ഉപകരണങ്ങളുടേയും സാമഗ്രികളുടേയും ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.

പ്രാദേശികമായ വ്യതിരിക്ത ലക്ഷണങ്ങൾ കണക്കിലെടുത്തുകൊണ്ട് *പ്രാദേശിക വ്യവസായം* കൂടുതൽ വികസിപ്പിക്കാനുള്ള നടപടികൾ നടപ്പാക്കുകയും അതിന്റെ സാങ്കേതികാസ്തിവാരം പടുത്തുയർത്തുകയും ചെയ്യുക. അതിന്റെ മൊത്ത ഉൽപാദനം മുഖ്യമായും നാടൻ കരകൗശല വസ്തുക്കളും പ്രാദേശിക കെട്ടിടനിർമ്മാണ സാമഗ്രികളും ഉൾപ്പെ

ടെ ചരക്കുകളുടെ വൈവിധ്യം അധികപ്പെടുത്തി 1.3–1.4 മടങ്ങ് വർദ്ധിപ്പിക്കുക. ചരക്കുകളുടെ ഗുണം മെച്ചപ്പെടുത്തുക. വീട്ടിൽവെച്ച് നിർവ്വഹിക്കപ്പെടുന്ന വിവിധ ജോലി സമ്പ്രദായങ്ങൾ കൂടുതൽ വ്യാപകമായി ഉപയോഗപ്പെടുത്തുക. പ്രാദേശിക ഇനങ്ങളിൽപെട്ട അസംസ്കൃതപദാർത്ഥങ്ങളുടേയും ദ്വിതീയവിഭവങ്ങളുടേയും ഉപയോഗം വർദ്ധിപ്പിക്കുക.

*സേവനങ്ങളുടെ മണ്ഡലത്തിൽ അധികതര വികസനവും കൂടുതൽ ഉയർന്ന കാര്യക്ഷമതയും ഉറപ്പുവരുത്തുക.* പൊതുസേവനങ്ങളുടെ ഗുണവും നിലവാരവും മെച്ചപ്പെടുത്തുകയും സേവനങ്ങളുടെ വലക്കെട്ട് വിപുലപ്പെടുത്തുകയും സേവനതുറയിലെ വ്യവസായ സ്ഥാപനങ്ങളിലെയും ആപ്പീസുകളിലേയും ജോലി സംഘാടനം അഭിവൃദ്ധിപ്പെടുത്തുകയും വിവിധതരം സേവനങ്ങൾ പ്രദാനംചെയ്ത് അങ്ങിനെ അധ്വാനിക്കുന്ന ജനങ്ങൾക്ക് അവ ഉപയോഗിക്കുന്നതിൽ പരമാവധി സൗകര്യം ഉറപ്പുവരുത്തുകയും ചെയ്യുക. ജനങ്ങൾക്ക് സേവനങ്ങൾ പ്രദാനംചെയ്യുന്ന മേഖലകളുടെ ഭൗതിക-സാങ്കേതികാടിസ്ഥാനം ബലപ്പെടുത്തുകയും അതീവ കാര്യക്ഷമങ്ങളായ ആധുനിക ഉപകരണങ്ങൾകൊണ്ട് ഈ മേഖലകളിലെ വ്യവസായ സ്ഥാപനങ്ങളെ സജ്ജീകരിച്ച് അവയെ അഭിവൃദ്ധിപ്പെടുത്തുകയും വികസിത സാങ്കേതിക പ്രക്രിയകൾ ഏർപ്പെടുത്തുന്നതിന്റെ വേഗം വർദ്ധിപ്പിക്കുകയും ചെയ്യുക.

സേവന മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങളുടേയും സംഘടനകളുടേയും ആപ്പീസുകളുടേയും വലക്കെട്ടിനെ യുക്തിസഹമായി സ്ഥാനനിർണ്ണയും ചെയ്യുകയും അവയെ ജനങ്ങളുടെ ജോലിസ്ഥലത്തിന്നും പഠനസ്ഥലത്തിന്നും താമസസ്ഥലത്തിന്നും കൂടുതൽ അടുത്തു കൊണ്ടുവരികയും ചെയ്യുക. ജനങ്ങൾക്ക് ദൈനംദിന സേവനങ്ങളും മററു സേവനങ്ങളും നൽകുന്നതിൽ എല്ലാ വ്യവസായങ്ങളിലെയും സ്ഥാപനങ്ങളേയും സംഘടനകളേയും അവയുടെ പ്രത്യേകവൽക്കരണം പരിഗണിക്കാതെ വ്യാപകമായി പങ്കെടുപ്പിക്കുക.

പാർപ്പിട-ബഹുജനസേവന മേഖലയുടേയും ദൈനംദിന റിപ്പയർ-സർവ്വീസ് മേഖലയുടേയും സ്ഥാപനങ്ങളും ആപ്പീസുകളും ഗതാഗത-വാർത്താവിനിമയ ഏജൻസികളും സാംസ്കാരിക കേന്ദ്രങ്ങളും അതുപോലെ വിശ്രമ-ചികിത്സ, സുഖവാസ, ആരോഗ്യ സംവർദ്ധക സംഘടനകളും, കായിക വിനോദ സംഘടനകളും നിയമ സഹായ കാര്യാലയങ്ങളും നോട്ടറി കാര്യാലയങ്ങളും ജനങ്ങൾക്കു പ്രതിഫലംപററി നൽകുന്ന സേവനങ്ങൾ വികസിപ്പിക്കുക. സ്റ്റേററിന്റെ ധനസഹായത്തോടെയുള്ള ആയുർ-സ്വത്ത് ഇൻഷ്വറൻസ് വികസിപ്പിക്കുകയും സേവിങ്സ് ബാങ്ക് സേവനങ്ങൾ വിപുലപ്പെടുത്തുകയും ചെയ്യുക.

ജനങ്ങളുടെ സ്വന്തമായ യാത്രോപകരണങ്ങളും റേഡിയോ ഇലക്ട്രോണിക് ഉപകരണങ്ങളും വീട്ടുപകരണങ്ങളും ഫർണിച്ചറും മററു വീട്ടുസാധനങ്ങളും കേടുപാടുകൾ തീർക്കുകയും സാങ്കേതിക സർവ്വീസു നടത്തുകയും ചെയ്യുന്നതിൽ ജനതതിയുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേററുക.

അലക്കുകടകളുടേയും ഡ്രൈ ക്ലീനിങ്ങ് കടകളുടേയും ക്ഷൌരക കടകളുടേയും സേവനങ്ങളും അതുപോലുള്ള മററു സേവനങ്ങളും ത്വരിതഗ

തിയിൽ വികസിപ്പിക്കുക. 1990-ഓടുകൂടി പാർപ്പിടങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിന്നും അവ നിർമ്മിക്കുന്നതിന്നും തനിപ്പെട്ട പൗരരുടെ ഓർഡറുകളനുസരിച്ച് മററു എടുപ്പുകൾ നിർമ്മിക്കുന്നതിന്നുമുള്ള സേവനങ്ങളുടെ പരിമാണം 3 മടങ്ങിൽ കുറയാതെ വർദ്ധിപ്പിക്കുക. ഈ ആവശ്യത്തിലേക്ക് കരാറെടുത്തു ജോലിചെയ്യുന്ന സംഘടനകളുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുക. ഒരു കൊല്ലത്തിൽ പഴത്തോട്ടങ്ങൾക്കും തോട്ടങ്ങൾക്കുംവേണ്ടി 10 ലക്ഷത്തിൽ കുറയാത്ത പ്ലോട്ടുകൾ അനുവദിക്കുകയും അവയുടെ വികസനത്തിന്ന് പ്രതിഫലംപററിക്കൊണ്ടുള്ള സേവനങ്ങൾ ആവശ്യമായ അളവിൽ സംഘടിപ്പിക്കുകയും ചെയ്യുക.

ടൂറിസ്റ്റ്-എക്സ്കർഷൻ ഏജൻസികൾ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ അളവു വർദ്ധിപ്പിക്കുകയും ഈ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും രൂപങ്ങളും ഇനങ്ങളും വിപുലപ്പെടുത്തുകയും ചെയ്യുക. പുതിയ ടൂറിസ്റ്റ് സാകല്യങ്ങളും ഹോട്ടലുകളും കേന്ദ്രങ്ങളും കേമ്പിങ്ങ് സൈററുകളും നിർമ്മിക്കുക. ടൂറിസത്തിന്നുവേണ്ടിയുള്ള സാമഗ്രികളിൽ ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേററുക. ടൂറിസ്റ്റ്-എക്സ്കർഷൻ ഏജൻസികൾക്കുള്ള ഗതഗതോപാധികളുടെ സപ്ലൈ മെച്ചപ്പെടുത്തുക.

വിശ്രമ-വിനോദ സൗകര്യങ്ങളുടെ പുതിയ വികസിതങ്ങളായ മാതൃകകളും രൂപങ്ങളും വികസിപ്പിക്കുക. തിയേറററുകളുടെയും സിനിമകളുടെയും മ്യൂസിയങ്ങളുടെയും സർക്കസ്സുകളുടെയും സംഗീത സഭകളുടെയും കുട്ടികളുടെ സംഗീത-കലാവിദ്യാലയങ്ങളുടെയും വലക്കെട്ട് വിപുലപ്പെടുത്തുക. ജനങ്ങൾക്ക് വിനോദ സൗകര്യങ്ങൾ നൽകുന്നതിൽ സാമുദായിക-സമൂഹകേന്ദ്രങ്ങൾക്കുള്ള പങ്ക് വർദ്ധിപ്പിക്കുക — പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ.

ജനങ്ങൾക്കുള്ള എല്ലാതരം ഗതാഗത സേവനവും അഭിവൃദ്ധിപ്പെടുത്തുക. ഗതാഗത സൗകര്യത്തിന്റെ ആവശ്യങ്ങൾ പൂർണ്ണതരമായി കണക്കിലെടുക്കുകയും ഗതാഗത സേവനങ്ങളുടെ നിലവാരങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. പൊതു വാഹനങ്ങളിലെ യാന്ത്രിക ഗതാഗതത്തിന്റെ പരിമാണം 1990-ഓടുകൂടി 12–14 ശതമാനംകണ്ടു വർദ്ധിപ്പിക്കുക.

നിലവിലുള്ള ഭൂഗർഭറെയിൽവെ ലൈനുകൾ കൂടുതൽ വികസിപ്പിക്കുകയും പുതിയവ നിർമ്മിക്കുകയും ചെല്യാബിൻസ്ക്, ഓംസ്ക്, ക്രാസ്നോയാർസ്ക്. അൽമആത്ത, റിഗ എന്നിവിടങ്ങളിലും രാജ്യത്തിലെ മററു വൻനഗരങ്ങളിലും ഭൂഗർഭറെയിൽവേകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്യുക. ബസ്സ്, ട്രാം, ട്രോളിബസ്സ് സഞ്ചയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ കൈക്കൊള്ളുകയും അവയുടെ റിപ്പയർ സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും യാന്ത്രിക ഗതാഗതത്തിന്റെ സുഗമമായ പ്രവർത്തനവും ജോലിയിലെ കൃത്യതയും വർദ്ധിപ്പിക്കുകയും ചെയ്യുക — പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ. ഈ രംഗത്ത് ജനകീയ ഡിപ്യൂട്ടികളുടെ പ്രാദേശിക സോവിയററുകളുടെ പങ്ക് വർദ്ധിപ്പിക്കുക. നഗരഗതാഗത വിധാനത്തിൽ യാന്ത്രിക ഗതാഗതത്തിന്റെ പരിമാണം 20–25 ശതമാനംകണ്ട് വർദ്ധിപ്പിക്കുക.

*വാർത്താവിനിമയ സേവനങ്ങളും വാർത്താവിതരണ സേവനത്തിന്റെ സാങ്കേതിക ഉപാധികളും ത്വരിതതരമായ ഒരു നിരക്കിൽ വികസിപ്പിക്കുക.*

ജനങ്ങൾക്കുള്ള ടെലിഫോൺ സേവനത്തിന്റെ പരിമാണം 1.6–1.7 മടങ്ങും ട്രങ്ക് ലൈൻ പബ്ലിക്ക് ടെലിഫോണുകളുടെ എണ്ണം 2.5–3 മടങ്ങും വർദ്ധിപ്പിക്കുകയും ട്രങ്ക് ലൈൻ ടെലിഫോൺ സേവനത്തിലെ ആട്ടോമേഷന്റെ നിലവാരം 70 ശതമാനത്തിലേയ്ക്ക് ഉയർത്തുകയും ചെയ്യുക.

പഞ്ചവത്സര പദ്ധതിക്കാലത്തിന്റെ അവസാനമാവുമ്പോഴേയ്ക്ക് പ്രായോഗികമായി രാജ്യത്ത് എല്ലായിടത്തും രണ്ടു ടെലിവിഷൻ ചാനലുകളിൽനിന്ന് പരിപാടികൾ കിട്ടുമാറാക്കുക. ഗ്രാമപ്രദേശങ്ങളിൽ പല പരിപാടികളോടുകൂടിയ റേഡിയോ പ്രക്ഷേപണത്തിന്റെ വലക്കെട്ട് വിപുലപ്പെടുത്തുക. പത്രങ്ങൾ, നിയമേന, അവ പ്രസിദ്ധീകരിക്കുന്ന ദിവസംതന്നെ എല്ലായിടത്തും വരിക്കാർക്കും ചില്ലറ വിൽപനക്കാർക്കും എത്തിക്കുവാൻ സൗകര്യപ്പെടുത്തുകയും ഇതിന്നുവേണ്ടി വാർത്താവിനിമയ സ്ഥാപനങ്ങളിലെ സാങ്കേതിക സൗകര്യങ്ങളുടെ നിലവാരം ഉയർത്തുകയും ചെയ്യുക.

വലിയ വ്യാപാര സ്ഥാപനങ്ങൾ നിർമ്മിക്കുകയും അതോടൊപ്പം അത്യാവശ്യ സാധനങ്ങൾ വിൽക്കാൻ ജനവാസകേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ചെറിയ കടകളുടെ ശൃംഖല വിപുലപ്പെടുത്തുകയും ചെയ്തുകൊണ്ട് യുക്തിസഹമായി, ജനങ്ങൾക്ക് ഏററവും സൗകര്യപ്രദമായ ഒരു രീതിയിൽ *വ്യാപാര വലക്കെട്ട് സ്ഥാനനിർണ്ണയും ചെയ്യുക.* അധ്വാനത്തിന്റെ യന്ത്രവൽക്കരണത്തിന്നുള്ള ഉപാധികൾ, പ്രത്യേകിച്ചും സാധനങ്ങൾ പേക്ക് ചെയ്യുന്നതിന്നുള്ളവകൊണ്ട് വ്യാപാര സ്ഥാപനങ്ങളുടെ സജ്ജീകരണം അഭിവൃദ്ധിപ്പെടുത്തുക. മൊത്ത വ്യാപാര സംഘടനകളുടെ പ്രവർത്തനം സമൂലം അഭിവൃദ്ധിപ്പെടുത്തുകയും ചില്ലറ കടകൾക്ക് നിർബ്ബാധം ചരക്കുകൾ ലഭ്യമാക്കുന്നതിന്ന് അവ കൂടുതൽ യുക്തിസഹമായി സ്ഥാനനിർണ്ണയം ചെയ്യുകയും ചെയ്യുക.

വ്യാപാര സേവനങ്ങളുടെ നിലവാരങ്ങൾ വർദ്ധിപ്പിക്കുകയും ജനങ്ങൾക്ക് പരമാവധി സൗകര്യം ഉറപ്പുവരുത്തുകയും ചെയ്യുക. വ്യാപാരത്തിന്റെ വികസിത രൂപങ്ങൾ — ആവശ്യക്കാർ കടകളിൽനിന്ന് തന്നത്താൻ സാധനങ്ങൾ തിരഞ്ഞെടുക്കുന്ന സമ്പ്രദായവും കാററ് ലോഗും സാമ്പിളുകളും മുഖേനയുള്ള വിൽപനയും ആവശ്യക്കാരുടെ ഓർഡറുകളനുസരിച്ച് സാധനങ്ങൾ അവരുടെ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന പതിവും — എല്ലാ വിധത്തിലും വികസിപ്പിക്കുക. ബ്രാഞ്ച് ഷോപ്പുകളുടെ വലക്കെട്ട് ഗണ്യമായി വിപുലപ്പെടുത്തുക. ഇതിൽ അത്തരം ഷോപ്പുകൾ ഉൽപാദക വ്യവസായങ്ങളുടെ വിധാനത്തിന്നുള്ളിൽതന്നെ സ്ഥാപിക്കുകയെന്നതും ഉൾപ്പെടണം. തപാൽവഴിയുള്ള വ്യാപാരത്തിന്റെ വികസനം ത്വരിപ്പിക്കുക.

*പൊതുഭോജന വിധാനം* മുൻഗണനാനിരക്കിൽ വികസിപ്പിക്കുകയും ഈ മേഖലയിലെ പ്രവൃത്തിസംഘാടനം മെച്ചപ്പെടുത്തുകയും അതിന്റെ ഭൗതിക-സാങ്കേതികാടിസ്ഥാനം ബലപ്പെടുത്തുകയും ചെയ്യുക. ഭക്ഷ്യ വ്യവസായങ്ങളുമായി സഹകരിച്ച് വ്യവസായിക ഉൽപാദന സങ്കേതങ്ങൾ ഏർപ്പെടുത്തുക. അർദ്ധനിർമ്മിത ഉൽപന്നങ്ങളും അതീവ സംസാധനം ചെയ്ത ഉൽപന്നങ്ങളും ഉൽപാദിപ്പിക്കുകയും അവ പൊതുഭോജന സ്ഥാപനങ്ങൾക്ക് കേന്ദ്രീകൃതമായി വിതരണം ചെയ്യുകയും ചെയ്യുന്ന

വൻ ഭക്ഷ്യസംഭാര സ്ഥാപനങ്ങൾ സ്ഥാപിക്കുക. സാമാന്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹയർ-സ്പെഷലൈസ്ഡ് സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കാൻറീനുകളുടെ വലക്കെട്ട് വിപുലപ്പെടുത്തുക. പഞ്ചവത്സര പദ്ധതിക്കാലത്തിന്റെ അവസാനമാവുമ്പോഴേക്ക് തൊഴിൽ സ്ഥലങ്ങളിൽ പൊതുഭോജനത്തിന്റെ കാര്യത്തിൽ അധ്വാനിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേററുക. അടിയന്തിര സേവനസ്ഥാപനങ്ങളുടെ പ്രത്യേകവൽക്കൃതശൃംഖല വിപുലപ്പെടുത്തുക. ആഹാരത്തിന്റെ ഗുണം ഗണ്യമായി മെച്ചപ്പെടുത്തുക.

*ഉപഭോക്തൃ സഹകരണ വിധാനത്തിൽ* ചരക്കു സപ്ലൈയുടെ അധികതര വർദ്ധനയ്ക്ക് വ്യവസ്ഥചെയ്യുകയും ഗ്രാമപ്രദേശങ്ങളിൽ വ്യാപാര സേവനങ്ങളും പൊതുഭോജന വിധാനവും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക. ജനങ്ങളിൽനിന്നും കൂട്ടുകൃഷിക്കളങ്ങളിൽനിന്നും വാങ്ങുന്ന കാർഷികോൽപന്നങ്ങൾ ഉൽപാദനത്തിൽ കൂടുതൽ സജീവമായി ഉൾക്കൊള്ളിക്കുകയും അതിന്റെ സംസാധനത്തിന്റെയും സൂക്ഷിപ്പിന്റെയും സംഘാടനം എല്ലാവിധത്തിലും മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ടും അതുപോലെ കന്നുകാലികളുടേയും കോഴികളുടേയും പരിപോഷണം, നദികളിലും തടാകങ്ങളിലും മത്സ്യം വളർത്തും മത്സ്യ ബന്ധനവും, പ്രാദേശികാസംസ്കൃത പദാർത്ഥങ്ങളുടെ വിനിയോഗം എന്നിവ മുഖേനയും ചരക്കുകളുടെ ഉൽപാദനം വർദ്ധിപ്പിക്കുക. ഔഷധച്ചെടികൾ, തേൻ, അണ്ടികൾ, പഴങ്ങൾ, പച്ചക്കറികൾ, കൂണുകൾ എന്നിവയുടെ സംഭരണം ഗണ്യമായി വർദ്ധിപ്പിക്കുക.

വിവിധ സാധനങ്ങളിലും സേവനങ്ങളിലും ഗ്രാമീണജനതയുടെ ആവശ്യങ്ങൾ കൂടുതൽ നല്ല നിലയിൽ നിറവേററുക. കരാർ വിലയ്ക്ക് വാങ്ങിയ കാർഷികോൽപന്നങ്ങൾ വിൽക്കാൻ നഗരങ്ങളിലും വ്യാവസായികകേന്ദ്രങ്ങളിലും കടകളുടെ വലക്കെട്ട് വിപുലപ്പെടുത്തുക. കൂട്ടുകൃഷിക്കളവ്യാപാരം വികസിപ്പിക്കുകയും കൂട്ടുകൃഷിക്കളച്ചന്തകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും മിച്ച കാർഷികോൽപന്നങ്ങളുടെ വിതരണത്തിലും വിൽപനയിലും ജനങ്ങളെ സഹായിക്കുകയും ചെയ്യുക.

ഉപഭോഗസാധനങ്ങളുടെ ഉൽപാദനത്തിന്റെ വികസനത്തിലും പൊതുസേവനങ്ങളുടെ തുറയിലും യൂണിയൻ റിപ്പബ്ലിക്കുകളുടേയും സ്വയംഭരണറിപ്പബ്ലിക്കുകളുടേയും മന്ത്രിസഭകൾ, ജനകീയ ഡിപ്യൂട്ടികളുടെ പ്രാദേശിക സോവിയററുകൾ, പാർട്ടി-ട്രേഡുയൂണിയൻ-സാമ്പത്തിക ഘടകങ്ങൾ എന്നിവയുടെ പങ്കും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുക.

## VIII. ഗതാഗത-വാർത്താവിനിമയ ഉപാധികളുടെ വികസനം

*വാഹനങ്ങളുടെ കാര്യത്തിൽ ദേശീയ സമ്പദ്വിധാനത്തിന്റെയും ജനങ്ങളുടേയും ആവശ്യങ്ങൾ യഥാസമയം മേത്തരമായി തികച്ചും നിറവേററുകയും ഇതു സംബന്ധിച്ച പ്രവർത്തനത്തിന്റെ സാമ്പത്തിക കാര്യക്ഷമത*

*വർദ്ധിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഗതാഗതവിധാനത്തിന്റെ മുഖ്യ കടമകൾ.*

മേൽപറഞ്ഞ കടമകൾ നിർവ്വഹിക്കാൻ വേണ്ടതെന്തെന്നാൽ:

രാജ്യത്തിന്റെ ഉദ്ഗ്രഥിതമായ ഗതാഗതവിധാനത്തിന്റെ ഏകോപിതമായ വികസനവും മററു സാമ്പത്തികസഹകരണവും ഉറപ്പുവരുത്തുകയും എല്ലാതരം ഗതാഗതത്തിന്റെയും പ്രവർത്തനത്തിന്റെ ഏകോപനം മെച്ചപ്പെടുത്തുകയും ലാഭകരമല്ലാത്ത ഗതാഗതപ്രവർത്തനങ്ങൾ ഒഴിവാക്കുകയും ചരക്കുകൾ എത്തിക്കുന്നതിന്നുവേണ്ട സമയം കുറയ്ക്കുകയും ചരക്കുകളുടെ രക്ഷ ഉറപ്പുവരുത്തുകയും ചെയ്യുക;

വികസിതയന്ത്രങ്ങളും സാങ്കേതികവിദ്യയും വികസിപ്പിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യുന്നതിന്റെ വേഗം വർദ്ധിപ്പിക്കുകയും പുതിയ ഇനം ഗതാഗതം വികസിപ്പിക്കുകയും തീവണ്ടി എഞ്ചിനുകളും മററു സൗകര്യങ്ങളും ആധുനികീകരിക്കുന്നതിന്റെ നിരയ്ക്ക് വർദ്ധിപ്പിക്കുകയും ഭൗതിക-സാങ്കേതിക-റിപ്പേയർ അസ്തിവാരം ബലപ്പെടുത്തുകയും ചെയ്യുക;

ചരക്കു കടത്തുസംബന്ധിച്ച പുതിയ സമ്പ്രദായങ്ങൾ കൂടുതൽ വ്യാപകമായി ഉപയോഗിക്കുകയും പാത്രങ്ങളിലടച്ചതും പേക്ക് ചെയ്തതുമായ ചരക്കുഗതാഗതത്തിന്റെ പരിമാണം 1.4–1.5 മടങ്ങ് വർദ്ധിപ്പിക്കുകയും കയററിറക്കു ജോലികളിലേയും റിപ്പേയർ ജോലിയിലേയും സമഗ്രമായ യന്ത്രവൽക്കരണത്തിന്റെയും ഗതാഗതസുരക്ഷിതത്വത്തിന്റെയും നിലവാരം ഗണ്യമായി ഉയർത്തുകയും ഗതാഗതം പരിഃസ്ഥിതിയിൽ ഉളവാക്കുന്ന ദൂഷ്യഫലം കുറയ്ക്കുകയും ചെയ്യുക.

*റെയിൽവേ ഗതാഗതത്തിൽ* റെയിൽവെകളുടെ പ്രവർത്തനവും പാതകളുടെ പരിപാലനവും റിപ്പേയറും അഭിവൃദ്ധിപ്പെടുത്തുകയും ലോക്കോമോട്ടിവുകളുടേയും കാരിയേജുകളുടേയും കാര്യക്ഷമതയും ചരക്കു വണ്ടികളുടെ ശരാശരി ഭാരവും വർദ്ധിപ്പിക്കുകയും ചെയ്യുക. വണ്ടികളുടെ വേഗവും പരിവഹനത്തിന്റെ പരിമാണനിരയ്ക്കും വർദ്ധിപ്പിക്കുക.

റെയിൽവെകളുടെ ഗതാഗത-ചരക്കു കടത്തുശേഷികൾ വർദ്ധിപ്പിക്കുക. ഒന്നാമതായും കേന്ദ്രത്തെ ഉറാൾസുമായും പശ്ചിമസൈബീര്യയുമായും വോൾഗ മേഖലയുമായും രാജ്യത്തിന്റെ യൂറോപ്യൻ ഭാഗത്തിന്റെ തെക്കുമായും കസാഖ്സ്താനുമായും മധ്യേഷ്യയുമായും ബന്ധിക്കുന്ന മാർഗ്ഗങ്ങളിൽ ഷണ്ടിങ്ങ് യാഡുകളുടേയും ചരക്കു-യാഡുകളുടേയും ചരക്കു-യാത്രിക ടെർമിനലുകളുടേയും കൈകാര്യശേഷി വർദ്ധിപ്പിക്കുക. ലോക്കോമോട്ടീവ്-കാരിയേജ് ഡിപ്പോകളുടേയും തീവണ്ടി എഞ്ചിനുകൾ റിപ്പയർ ചെയ്യുന്നതിന്നും സ്പെർപാർട്ടുകളും സ്വിച്ചുകളും നിർമ്മിക്കുന്നതിന്നുമുളള തൊഴിൽശാലകളുടേയും അധികതരവികസനത്തിന്നും സാങ്കേതിക പുനഃസജ്ജീകരണത്തിന്നും വേഗം കൂട്ടുക.

പുതുതായി 2300 കിലോമീററർ റെയിൽവെ ലൈനുകളിൽ വണ്ടികൾ ഓടിച്ചുതുടങ്ങുകയും 4000 കിലോമീറററിൽ കുറയാതെ സമാന്തര റെയിൽ പാതകൾ നിർമ്മിക്കുകയും 8000 കിലോമീററർ റെയിൽവെ

വൈദ്യുതീകരിക്കുകയും ചെയ്യുക. പുതിയ ഗണത്തിലുള്ള കൂടുതൽ വിശ്വസനീയങ്ങളും ആദായകരങ്ങളുമായ ലോക്കോമോട്ടീവുകളും വൈദ്യുതവണ്ടികളും ഡീസൽവണ്ടികളും കൂടുതൽ ഭാരവഹനശേഷിയുള്ള ചരക്കുവണ്ടികളും ഉപരിതല-ഭൂഗർഭറെയിൽവെകൾക്ക് കൂടുതൽ സൗകര്യപ്രദങ്ങളായ യാത്ര കാറുകളും നൽകി ലോക്കോമോട്ടീവുകളുടേയും കാരിയേജുകളുടേയും വ്യൂഹത്തെ ആധുനികീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക. പ്രവർത്തനക്ഷമങ്ങളായ വണ്ടികളുടെ വ്യൂഹത്തിൽ പ്രത്യേക വൽകൃത കാരിയേജുകളുടെ വിഹിതം 1.3–1.4 മടങ്ങ് വർദ്ധിപ്പിക്കുക. ചരക്കുവണ്ടികളുടെ റോളർ ബേറിങ്ങുകളിലേക്കുള്ള മാററം പൂർത്തിയാക്കുക.

ചരക്കുഗതാഗതത്തിന്റെ പരിമാണം 8–10 ശതമാനം കണ്ടും യാത്രികരുടെ പരിമാണം 7–9 ശതമാനം കണ്ടും വർദ്ധിപ്പിക്കുക. ഗതാഗത വിധാനത്തിലെ അധ്വാനോൽപാദനക്ഷമത 10–12 ശതമാനം കണ്ട് വർദ്ധിപ്പിക്കുക.

*സമുദ്രഗതാഗതത്തിൽ* കപ്പലുകളുടെ വിനിയോഗവും തുറമുഖങ്ങളുടേയും കപ്പൽനിർമ്മാണശാലകളുടേയും ശേഷികളും ഗണ്യമായി അഭിവൃദ്ധിപ്പെടുത്തുക. തുറമുഖങ്ങളും കപ്പൽനിർമ്മാണശാലകളും കൂടുതൽ വികസിപ്പിക്കുക. അതീവ കാര്യക്ഷമങ്ങളും ആദായകരങ്ങളും പ്രത്യേകവൽകൃതങ്ങളുമായ കപ്പലുകൾ ചേർത്ത് കച്ചവടക്കപ്പൽ വ്യൂഹത്തെ ആധുനികീകരിക്കുക. ഹിമഭേദിനികളുടേയും ഹിമഭേദിനിഗതാഗതയാനങ്ങളുടേയും വ്യൂഹം വർദ്ധിപ്പിക്കുക. പാത്രങ്ങളിലടച്ചവയും പേക്കുചെയ്തവയുമായ ചരക്കുകളുടെ പരിവഹനം വർദ്ധിപ്പിക്കുകയും ഭാരം കുറഞ്ഞ കപ്പലുകളും തീവണ്ടിനൗകകളും വഴിയുള്ള ചരക്കുകടത്ത് ഉയർജ്ജിതപ്പെടുത്തുകയും ചെയ്യുക. വിദേശവ്യാപാര ചരക്കു ഗതാഗതത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക.

*നദീഗതാഗതത്തിൽ* ചരക്കുപരിവഹനത്തിന്റെ പരിമാണം 9–11 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. സൈബീര്യയിലേയും സോവിയററ് വിദൂരപൂർവ്വദേശത്തേയും നദികളിലും ചെറുനദികളിലുമുള്ള ചരക്കുകടത്തൽ കൂടുതൽ ഉയർന്ന ഒരു നിരക്കിൽ വർദ്ധിപ്പിക്കുക. വൻതോതിൽ ഭാരം കയററുന്ന വണ്ടികൾക്കും നദിയിലും സമുദ്രത്തിലും സഞ്ചരിക്കുന്ന കപ്പലുകൾക്കും വേണ്ടി പത്തേമ്മാരികൾ വഴിയുള്ള ചരക്കുകടത്തൽ വികസിപ്പിക്കുക. മുഖ്യ നദികളിൽ സഞ്ചാരയോഗ്യമായ കാലാവധിയുടെ ദൈർഘ്യം വർദ്ധിപ്പിക്കുക.

സ്വയം പ്രവർത്തിക്കുന്നവയല്ലാത്ത ആദായകരങ്ങളായ കപ്പലുകളും ടോവ്ബോട്ടുകളും നദിയിലും കടലിലും സഞ്ചരിക്കുന്ന കപ്പലുകളും ചേർത്ത് നദീവാഹനവ്യൂഹം ആധുനികീകരിക്കുക. തുറമുഖങ്ങളുടേയും കപ്പൽനിർമ്മാണശാലകളുടെയും വികസനം തുടർന്നു നടത്തുക. ഒന്നാമതായും സൈബീര്യയിലും സോവിയററ് വിദൂരപൂർവ്വദേശത്തും. നദീനൗകകളുടെ ഉപയോഗവും തുറമുഖങ്ങളുടേയും കപ്പൽനിർമ്മാണശാലകളുടേയും ശേഷികളും ഗണ്യമായി മെച്ചപ്പെടുത്തുക.

*വ്യോമഗതാഗതത്തിൽ* പുതിയവയും അതീവകാര്യക്ഷമങ്ങളുമായ ദീർഘദൂരയാത്രാവിമാനങ്ങളും നടുത്തരം ഭാരവഹനശേഷിയോടുകൂടിയ ചരക്കു

വിമാനങ്ങളും ഓടിച്ചുതുടങ്ങുക. സിവിൽ വ്യോമയാനവിധാനത്തെ ഉത്തരധ്രുവ-ദക്ഷിണധ്രുവ സാഹചര്യങ്ങളിലും പ്രാദേശിക വ്യോമമാർഗ്ഗങ്ങളിലും കൃഷിയിലും മററു പ്രത്യേകതരം ജോലികളിലും ഉപയോഗിക്കാവുന്ന വിമാനങ്ങൾകൊണ്ട് സജ്ജീകരിക്കുക. അനുയോജ്യമായ സ്വയംപ്രവർത്തകവിധാനങ്ങൾ വേഗത്തിൽ ഏർപ്പെടുത്തി ഉദ്ഗ്രഥിത വ്യോമഗതാഗതനിയന്ത്രണസമ്പ്രദായം തുടർന്നു അഭിവൃദ്ധിപ്പെടുത്തുക. യാന്ത്രികപരിമാണം 17–19 ശതമാനം വർദ്ധിപ്പിക്കുകയും യൂണിററൊന്നുക്കുള്ള ഇന്ധനോപഭോഗം 3–5 ശതമാനം കണ്ട് കുറയ്ക്കുകയും ചെയ്യുക.

*മോട്ടോർ ഗതാഗതത്തിൽ*, പ്രഥമമായും ട്രെയിലറുകളും അർദ്ധ ട്രെയിലറുകളും വ്യാപകമായി ഉപയോഗിക്കുകയും മോട്ടോർ വാഹനങ്ങൾ ഉൽപാദനക്ഷമമല്ലാതെ വെറുതെ കിടക്കുന്ന സമയവും അവയുടെ ലോഡില്ലാത്ത ഓട്ടവും ആദായകരമല്ലാത്ത യാത്രയും കുറയ്ക്കുകയും ചെയ്തുകൊണ്ട് മോട്ടോർവാഹനങ്ങൾ ഉപയോഗിക്കുന്നതിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുക. കേന്ദ്രീകൃത മാനേജ്മെൻറിൻെറ കീഴിൽ ഗതാഗതം വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക. പൊതു മോട്ടോർ ഗതാഗതത്തിൻെറ മുൻഗണനാപരമായ വികസനം ഉറപ്പുവരുത്തുക.

മോട്ടോർവാഹനവ്യൂഹത്തിൻെറ ഘടന മെച്ചപ്പെടുത്തുക. 1990-ഓടുകൂടി ഡീസൽ എഞ്ചിൻ ലോറികൾ ഉപയോഗിച്ചുള്ള ചരക്കു പരിവഹനത്തിൻെറ വിഹിതം 60 ശതമാനമാക്കി വർദ്ധിപ്പിക്കുക. സമ്മർദ്ദിത വാതകങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഉപയോഗം ഗണ്യമായി വിപുലപ്പെടുത്തുകയും വാതകം നിറയ്ക്കാനുള്ള നിലയങ്ങളുടെ നിർമ്മാണത്തിന്ന് വേഗം കൂട്ടുകയും ചെയ്യുക. 1990-ൽ, 1985-ലേതിനേക്കാൾ 18–20 ശതമാനം പെട്രോളും ഡീസൽ ഇന്ധനവും ലാഭിക്കുക. മോട്ടോർവ്യൂഹത്തെ വലുതും കൂടുതൽ സൗകര്യപ്രദങ്ങളുമായ ബസ്സുകൾ ചേർത്ത് പരിപോഷിപ്പിക്കുക. കൺവെയർ പ്രരൂപത്തിലുള്ള ഉൽപാദനരീതികൾ ഉപയോഗിച്ച് മോട്ടോർ വാഹനങ്ങളുടെ റിപ്പെയറുകൾ വിപുലപ്പെടുത്തുക.

ചരക്കു കടത്തിൻെറ പരിമാണം 18–19 ശതമാനം കണ്ടും പൊതു ബസ്സുകളിൽ യാത്രക്കാരെ കൊണ്ടുപോകുന്നതിൻെറ പരിമാണം 14–16 ശതമാനം കണ്ടും വർദ്ധിപ്പിക്കുക.

*മോട്ടോർനിരത്തു ശൃംഖലയുടെ* അധികതരവികസനം തുടർന്നു നടത്തുക. ഒന്നാമതായും, ഗ്രാമപ്രദേശങ്ങളിൽ. അഞ്ചുകൊല്ലത്തിന്നുള്ളിൽ ഗ്രാമപ്രദേശങ്ങളിൽ 75,000 കിലോമീററർ മുഖ്യ നെടുംപാതകളും പ്രാദേശികപ്രാധാന്യമുള്ള 92,000 കിലോമീററർ പാതകളുമടക്കം 167,000 കിലോമീററർ കഠിന പ്രതലത്തോടുകൂടിയ നെടുംപാതകൾ നിർമ്മിക്കുക. 1990-ൽ, കൂട്ടുകൃഷിക്കളങ്ങളുടേയും സ്റ്റേററുഫാമുകളുടേയും കേന്ദ്രകെട്ടിടങ്ങളെ ജില്ലാഭരണകേന്ദ്രങ്ങളുമായി ബന്ധിക്കുന്ന മോട്ടോർ നിരത്തുകളുടെ നിർമ്മാണം മുഖ്യാംശത്തിൽ പൂർത്തിയാക്കുക. നെടുംപാതകളുടെ നിർമ്മാണത്തിന്നും ആധുനികീകരണത്തിന്നും വ്യവസായസ്ഥാപനങ്ങളുടേയും സംഘടനകളുടേയും കൂട്ടുകൃഷിക്കളങ്ങളുടേയും ഭൗതിക-അധ്വാന-ധനവിഭവങ്ങൾ കൂടുതൽ വ്യാപകമായി സംഭരിക്കുക.

മോട്ടോർ നിരത്തുകളുടെ ഗുണനിലവാരവും യാത്രക്കാർക്കും ഡ്രൈവർമാർക്കുമുള്ള സേവനസൗകര്യങ്ങളും മോട്ടോർ വാഹനങ്ങൾക്ക് സാങ്കേതിക സേവനങ്ങൾ നൽകുന്ന നിലയങ്ങളും ഗണ്യമായി മെച്ചപ്പെടുത്തുക.

*കുഴൽവഴിയുള്ള പരിവഹനത്തിൽ* വാതകപരിവഹന ശൃംഖലയുടേയും പെട്രോളിയം ഉൽപന്നക്കുഴലുകളുടേയും ഉപഭോക്താക്കൾക്കുള്ള അവയുടെ ശാഖകളുടേയും നിർമ്മാണം ഗണ്യമായി വിപുലപ്പെടുത്തുക. അയിർ സാന്ദ്രിതങ്ങളും കൽക്കരിയും കൊണ്ടുപോകാൻ കുഴൽവഴിയുള്ള ദ്രാവകപരിവഹനം ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച ജോലി ഊർജ്ജിതപ്പെടുത്തുക.

*വ്യാവസായിക പരിവഹന*ത്തിന്റെ കൂടുതൽ സാമഗ്രവും സന്തുലിതമായ വികസനം ഉറപ്പുവരുത്തുക. വ്യാവസായിക പരിവഹനത്തിന്റെ കൺവെയർ, ന്യൂമോ കംടെയിനർ, സസ്പൻഷൻ കേബിൾ മാർഗ്ഗരൂപങ്ങളുടേയും സന്തതവും പ്രത്യേകവൽക്കൃതവുമായ മററുവിധങ്ങളുടേയും വിനിയോഗം വിപുലമാക്കുക.

*വാർത്താവിനിമയ* സേവനങ്ങളുടെ പരിമാണം 26 – 28 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. രാജ്യത്തിലെ ഉദ്ഗ്രഥിതമായ സ്വയംപ്രവർത്തക വാർത്താവിനിമയ ശൃംഖലയുടെ വികസനം തുടരുകയും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും ഏററവും പുതിയ സിദ്ധികളുടെ അടിസ്ഥാനത്തിൽ അതിന്റെ വിശ്വസനീയത വർദ്ധിപ്പിക്കുകയും ചെയ്യുക.

## IX. മൂലധനനിർമ്മാണം

*സമ്പദ്വിധാനത്തിൽ സാമൂഹ്യോൽപാദനത്തിന്റെ വികസനത്തിന്നും സാമൂഹികകടമകളുടെ നിർവ്വഹണത്തിന്നും ഉദ്ദേശിച്ചിരിക്കുന്ന സ്ഥിരാസ്തികൾ സത്വരമായ ഒരു നിരക്കിൽ സൃഷ്ടിക്കുകയും ആധുനികീകരിക്കുകയും നിർമ്മാണപ്രവർത്തനത്തിന്റെ ഫലദായിത സമൂലം വർദ്ധിപ്പിക്കുകയും ചെയ്യുകയെന്നതാണ് മൂലധനനിർമ്മാണത്തിലെ മുഖ്യ കടമ.*

അഞ്ചുകൊല്ലംകൊണ്ട് സമ്പദ്വിധാനത്തിലെ മൂലധനനിക്ഷേപങ്ങൾ 18 – 21 ശതമാനംകണ്ടും കരാർപണിയുടെ പരിമാണം 15 – 16 ശതമാനംകണ്ടും വർദ്ധിപ്പിക്കുക.

*മൂലധനനിക്ഷേപങ്ങളുടെ ഫലദായിത* വർദ്ധിപ്പിക്കുകയും അവയുടെ പുനരുൽപാദനപരവും സാങ്കേതികവുമായ ഘടന മെച്ചപ്പെടുത്തുകയും ചെയ്യുക. ഭൗതിക-ധന-അധ്വാനവിഭവങ്ങൾ, പ്രഥമമായും നിലവിലുള്ള വ്യവസായസ്ഥാപനങ്ങളുടെ സാങ്കേതിക പുനഃസജ്ജീകരണത്തിലും അററകുററപ്പണിയിലും ശാസ്ത്രീയ-സാങ്കേതിക പുരോഗതിയേയും സാമൂഹ്യകടമകളുടെ നിർവ്വഹണത്തേയും സംബന്ധിച്ചേടത്തോളം നിർണ്ണായകമായ സ്വാധീനമുള്ള പ്രോജക്ടുകളുടെ നിർമ്മാണത്തിലും കേന്ദ്രീകരിക്കുക.

12-ാം പഞ്ചവൽസരപദ്ധതിക്കാലംതൊട്ട് നിശ്ചിതസമയപരിധിക്കുള്ളിൽ പ്രോജക്ടുകൾ നിർമ്മിക്കാനും പ്രവർത്തിപ്പിച്ചുതുടങ്ങാനും പ്രത്യേകം ശ്രദ്ധിക്കുക. ഒരേസമയത്ത് നിർമ്മിക്കുന്ന പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുകയും നിർമ്മാണ പ്രോജക്ടുകളുടെ കാലവിളം

ബവും പൂർത്തിയാകാത്ത നിർമ്മാണപ്രോജക്ടുകളുടെ പരിമാണവും നിശ്ചിതനിലവാരത്തിൽ നിറുത്തുകയും ചെയ്യുക. പ്രതിഷ്ഠാപിക്കപ്പെടാത്ത സാമഗ്രികളുടെ ശേഖരം ഗണ്യമായി കുറയ്ക്കുക. നിലവിലുള്ള വ്യവസായസ്ഥാപനങ്ങളുടെ ഉൽപാദനശേഷികൾ പൂർണ്ണമായും ഉപയോഗിക്കുകയും നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന മേഖലകൾക്ക് ആവശ്യമായ അധ്വാനവിഭവങ്ങൾ പ്രദാനം ചെയ്യുകയും ചെയ്തശേഷവും പുതിയ മേഖലകൾ വികസിപ്പിക്കപ്പെടുമ്പോഴും അടിസ്ഥാനപരമായും പുതിയ സാങ്കേതികവിദ്യകൾ നടപ്പാക്കേണ്ടിയിരിക്കുന്നിടത്തും മാത്രം വ്യാവസായിക പ്രോജക്ടുകൾ നിർമ്മിച്ചുതുടങ്ങുക. പ്രതിഷ്ഠാപനം ചെയ്യുന്ന ശേഷിയുടെ യൂണിറ്റൊന്നുക്കുള്ള നിർമ്മാണച്ചിലവ് കുറയ്ക്കുക. നിർമ്മാണത്തിന്റെ ഗുണനിലവാരം ഗണ്യമായി ഉയർത്തുക.

വ്യാവസായിക പ്രോജക്ടുകളുടെ സമഗ്രമായ നിർമ്മാണം നടത്തുകയും ഉദ്ദിഷ്ട വാസഗേഹങ്ങളും വിശ്രമ-വിനോദ-ദൈനംദിന സേവന സൗകര്യങ്ങളും യഥാസമയം നിർമ്മിക്കാനും ആരംഭിക്കാനും പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുക.

പ്രീഫാബ്രിക്കേറ്റഡ് യൂണിറ്റുകൾ ഉപയോഗിച്ച് എടുപ്പുകൾ കെട്ടുന്ന ഒരു ഉദ്ഗ്രഥിത വ്യാവസായിക പ്രക്രിയയാക്കി മാറ്റിക്കൊണ്ട് *നിർമ്മാണജോലിയുടെ അധികതരവ്യവസായവൽക്കരണം നടപ്പിൽ വരുത്തുക.* നിർമ്മാണസ്ഥലങ്ങളിലേക്ക് അംഗസമ്പൂർണ്ണങ്ങളായ എഞ്ചിനീയറിങ്ങ്-സാങ്കേതിക സാമഗ്രികൾ വലിയ ബാച്ചുകളായി സപ്ലൈ ചെയ്തുതുടങ്ങുക. നിർമ്മാണ-അസംബ്ലി ജോലിയുടെ സമഗ്രമായ യന്ത്രവൽക്കരണം ഉറപ്പുവരുത്തുന്ന വികസിത സാങ്കേതിക വിദ്യകളും യന്ത്രവിധാനങ്ങളും യന്ത്രാവലി ക്രിയാവിധികളും വികസിപ്പിക്കുകയും നടപ്പിൽവരുത്തുകയും ചെയ്യുന്നതിന്റെ വേഗം വർദ്ധിപ്പിക്കുക—പ്രത്യേകിച്ചും നിലവിലുള്ള വ്യവസായസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിയിൽ. അധികാധ്വാനമാവശ്യമായ പാരമ്പരിക പ്രക്രിയകളെ ആധുനികവ്യാവസായികരീതികൾകൊണ്ട് പകരംവെക്കാനുള്ള നടപടികൾ പൂർത്തിയാക്കുക. കായികാധ്വാനത്തിന്റെ പരിമാണം ഏതാണ്ട് 25 ശതമാനംകണ്ട് കുറയ്ക്കുക. നിർമ്മാണത്തിന്ന് ഉത്തരവാദികളായ മന്ത്രാലയങ്ങളുടെ കീഴിലുള്ള പ്ലാന്റുകളിലും ഫാക്ടറികളിലും പ്രത്യേകവൽക്കൃതനിർമ്മാണയന്ത്രങ്ങളുടെ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കുക.

ഉപയോഗിക്കുന്ന എടുപ്പുനിർമ്മാണ സാമഗ്രികളുടെ ഘടന മെച്ചപ്പെടുത്തുകയും ഉരുക്ക് തകിട്, പ്ലാസ്റ്റിക്കുകൾ, കറകൾ, പോളിമറുകൾ എന്നിവയുടെ ഫലപ്രദമായ ഇനങ്ങളുടേയും മരം, പിഞ്ഞാണക്കൂട്ട്, മറ്റു അലോഹപദാർത്ഥങ്ങൾ എന്നിവയുടെ വികസിത ഇനങ്ങളുടെയും വിനിയോഗം വർദ്ധിപ്പിക്കുകയും ചെയ്യുക.

*നിർമ്മാണപ്രവർത്തനത്തിന്റെ സംഘടനം* മെച്ചപ്പെടുത്തുക. നിർമ്മാണ-പ്രതിഷ്ഠാപന സംഘടനകൾ വിപുലപ്പെടുത്തുകയും ഉപരിപ്ലവങ്ങളായ മാനേജ്മെന്റ് കണ്ണികൾ കുറയ്ക്കുകയും ചെയ്യുന്നതായ ഒരു നയം തുടരുക, നിർമ്മാണ-പ്രതിഷ്ഠാപനട്രസ്റ്റുകളുടെ സ്വാശ്രിതത്വം അധി

കപ്പെടുത്തുകയും ശേഷികളും പ്രോജക്ടുകളും യഥാസമയം പ്രവർത്തിപ്പിച്ചുതുടങ്ങുന്നതിലും സാമ്പത്തികപ്രവർത്തനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലും അവയുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുകയും ചെയ്യുക. ജോലിയുടെ വികസിതരൂപങ്ങളും സമ്പ്രദായങ്ങളും കൂടുതൽ വ്യാപകമായി നടപ്പിൽവരുത്തുകയും ടീം കരാർ സമ്പ്രദായം വികസിപ്പിക്കുകയും തൊഴിൽ ടീമുകളെ വിപുലപ്പെടുത്തുകയും അവയുടെ ജോലിയുടെ സംഘാടനം മെച്ചപ്പെടുത്തുകയും ചെയ്യുക. അവികസിതങ്ങളും വിദൂരസ്ഥങ്ങളുമായ മേഖലകളിൽ പ്രോജക്ടുകൾ നിർമ്മിക്കുന്നതിന് വേണ്ടി നിർമ്മാണസംഘടനകളുടെ ചലനക്ഷമത വർദ്ധിപ്പിക്കുക.

നിർമ്മാണപ്രോജക്ടുകളുടെ ശാസ്ത്രീയ-സാങ്കേതികനിലവാരത്തെ സംബന്ധിച്ചേടത്തോളം ഡിസൈൻ സംഘടനകളുടേയും നിർമ്മാണ സംഘടനകളുടേയും ഉത്തരവാദിത്വം വർദ്ധിപ്പിക്കുക. നിലവിലുള്ള വ്യവസായസ്ഥാപനങ്ങളുടെ സാങ്കേതിക പുനഃസജ്ജീകരണത്തിലും പുനർനിർമ്മാണത്തിലും അവയ്ക്കുള്ള താൽപര്യം വർദ്ധിപ്പിക്കുക.

*ഡിസൈൻ ജോലിയും എസ്റ്റിമേറ്റ് ജോലിയും* തുടർന്ന് *മെച്ചപ്പെടുത്തുക.* നിർമ്മാണത്തിലെ സാധ്യതാപഠനങ്ങളുടേയും ഡിസൈൻ പ്ലാനുകളുടേയും വിനിർദ്ദേശങ്ങളുടേയും ഗുണനിലവാരം ഉയർത്തുകയും ഇക്കാര്യത്തിൽ ഡിസൈനിങ് സംഘടനകളുടേയും വിദഗ്ദ്ധസമിതികളുടേയും ഉത്തരവാദിത്വം വർദ്ധിപ്പിക്കുകയും ചെയ്യുക. ഡിസൈനിങ് ജോലിയിൽ വികസിത ശാസ്ത്രീയ-സാങ്കേതിക സിദ്ധികളുടേയും വിഭവവും ഊർജ്ജവും ലാഭിക്കുന്ന സാങ്കേതിക വിദ്യകളുടേയും സാമഗ്രികളുടേയും ആദായകരമായ ലേഔട്ടിന്റേയും ശിൽപകലാപരവുംനിർമ്മാണപരവുമായ പരിഹാരങ്ങളുടേയും സംരചനാഘടകങ്ങളുടേയും പദാർത്ഥങ്ങളുടേയും അതുപോലെതന്നെ ഉൽപന്നത്തിന്റെ ഓരോ യൂണിററിനുംവേണ്ട അസംസ്കൃതപദാർത്ഥ-ഇന്ധന-ഊർജ്ജവിഭവങ്ങളുടേയും അധ്വാനത്തിന്റേയും ചിലവ് സുസ്ഥിരം കുറയ്ക്കുന്ന വികസിത ഉൽപാദന-അധ്വാനസംഘടനരീതികളുടേയും വ്യാപകമായ വിനിയോഗത്തിന് വ്യവസ്ഥചെയ്യുക. ഇതിന്റെ അടിസ്ഥാനത്തിൽ, നിർമ്മാണ-പ്രതിഷ്ഠാപന ജോലിയിലടക്കം 12-ാം പഞ്ചവൽസരപദ്ധതിക്കാലത്തെ നിർമ്മാണപ്രോജക്ടുകളുടെ മതിപ്പു ചിലവിൽ പ്രതിഷ്ഠാപിതശേഷിയുടെ യൂണിററൊന്നുക്കുള്ള മൂലധനനിക്ഷേപങ്ങൾ ദേശീയ സമ്പദ്വിധാനത്തിലൊട്ടാകെ ശരാശരി 4 – 5 ശതമാനംകണ്ട് കുറയ്ക്കുക.

വാസ്തുവിദ്യാപരമായ ഡിസൈനിന്റേയും നഗരാസൂത്രണത്തിന്റേയും ഗുണനിലവാരം ഉയർത്തുക. ഡിസൈൻ-സർവ്വേക്ഷണ സംഘടനകളിൽ പ്രത്യേകവൽക്കരണം വികസിപ്പിക്കുകയും പ്രോജക്ടുകൾ മേൽനോട്ടം ചെയ്യുന്നതിൽ ഡിസൈനറുടെ പങ്ക് വർദ്ധിപ്പിക്കുകയും ചെയ്യുക. വ്യാവസായിക പ്രോജക്ടുകളുടേയും സിവിൽ എഞ്ചിനീയറിങ് പ്രോജക്ടുകളുടേയും ആട്ടോമേററഡ് ഡിസൈനിനുള്ള സമ്പ്രദായം വൻതോതിൽ നടപ്പിൽ വരുത്തുക.

നിർമ്മാണത്തിലെ അധ്വാനോൽപാദനക്ഷമത 15 – 16 ശതമാനം കണ്ടു വർദ്ധിപ്പിക്കുക.

# X. സാമൂഹ്യവികസനവും ജനങ്ങളുടെ ജീവിതനിലവാരങ്ങളുടെ ഉന്നമനവും

*ജനങ്ങളുടെ സുഖസൗകര്യങ്ങളുടെ അധികതരവളർച്ച ഉറപ്പുവരുത്തുകയും സോവിയററ് ജനങ്ങളുടെ വർദ്ധമാനമായ ഭൗതിക-സാംസ്കാരികാവശ്യങ്ങൾ ഉത്തരോത്തരം പൂർണ്ണതരമായി നിറവേററുകയും ചെയ്യുക.* ഉൽപാദനത്തിൻെറ വളർച്ചയിലും അതിൻെറ മെച്ചപ്പെട്ട നിർവ്വഹണത്തിലും സാമൂഹ്യഘടകങ്ങൾക്കുള്ള സ്വാധീനം വർദ്ധിപ്പിക്കുക.

ഉപഭോഗത്തിൻെറ നിലവാരം അനുക്രമം ഉയർത്തുകയും അതിൻെറ ഘടന മെച്ചപ്പെടുത്തുകയും ജനങ്ങൾക്കുള്ള ഭക്ഷ്യസാധനങ്ങളുടേയും മററു ഉപഭോഗസാധനങ്ങളുടേയും വിതരണം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക. ചില്ലറ വ്യാപാരത്തിൻെറ പരിമാണം അഞ്ചു കൊല്ലത്തിന്നുള്ളിൽ 18–22 ശതമാനംകണ്ട് വർദ്ധിപ്പിക്കുക.

ശരാശരി *മാസവേതനങ്ങളും* ശമ്പളങ്ങളും 13–15 ശതമാനംകണ്ട്, അതായത് 215–220 റൂബിളായി വർദ്ധിപ്പിക്കുക. അദ്ധ്വാനത്തിന്നുള്ള പ്രതിഫലവ്യവസ്ഥയുടെ ഫലദായിത വർദ്ധിപ്പിക്കുകയും പ്രതിഫലം തൊഴിലാളിയുടെ അദ്ധ്വാനസംഭാവനയെ ആശ്രയിച്ചിരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേതനം അടിച്ചുനിരപ്പാക്കുന്നതിൻെറ എല്ലാ ഘടകങ്ങളും ദൃഢനിശ്ചയത്തോടെ നീക്കംചെയ്യുകയും ജോലിയിലെ പോരായ്മകളേയും നോട്ടപ്പിഴകളേയും സംബന്ധിച്ചേടത്തോളമുള്ള ഭൗതികവും ധാർമ്മികവുമായ ഉത്തരവാദിത്തം വർദ്ധിപ്പിക്കുകയും ചെയ്യുക.

എല്ലാ സാമ്പത്തികശാഖകളിലേയും വേതനപദ്ധതിയും അതുപോലെ ചെയ്യുന്ന ജോലിയുടെ സങ്കീർണ്ണതയും തൊഴിൽസാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് വിവിധ വിഭാഗം തൊഴിലാളികൾക്കുള്ള വേതനവും മെച്ചപ്പെടുത്തുക. എഞ്ചിനിയറിങ്ങ് ജോലിയ്ക്കുള്ള അന്തസ്സും പൊതു ആദരവും വർദ്ധിപ്പിക്കുക. ഫോർമെൻമാരുടേയും ഡിസൈനർമാരുടേയും സാങ്കേതികവിദഗ്ദ്ധരുടേയും പങ്കും ആധികാരികതയും വർദ്ധിപ്പിക്കുകയും അവരുടെ ജോലിക്ക് കൂടുതൽ വലിയ ഭൗതിക-ധാർമ്മികപ്രോത്സാഹനങ്ങൾ നൽകുകയും അവരുടെ ജോലിയോട് രചനാത്മകമായ ഒരു മനോഭാവം സൃഷ്ടിക്കുകയും ചെയ്യുക.

ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുകയും വിഭവങ്ങൾ സംഭരിക്കപ്പെടുകയും ചെയ്യുന്നതിന്നനുസരിച്ച് സമ്പദ്വിധാനത്തിൻെറ ഉൽപാദനപരമായ മേഖലകളിൽ വേതനനിരക്കുകളും ശമ്പളങ്ങളും ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുക. അദ്ധ്യാപകരുടേയും പൊതുവിദ്യാഭ്യാസത്തുറയിലെ മററു ജോലിക്കാരുടേയും ശമ്പളങ്ങൾ വർദ്ധിപ്പിക്കുന്നതിന്ന് ആരംഭിച്ചുകഴിഞ്ഞ നടപടികൾ പൂർത്തിയാക്കുകയും പൊതുജനാരോഗ്യതുറയിലെ ജീവനക്കാരുടെ ശമ്പളങ്ങൾ ക്രമേണ വർദ്ധിപ്പിച്ചുതുടങ്ങുകയും ചെയ്യുക. ശാസ്ത്രീയ ഗവേഷണസ്ഥാപനങ്ങളിലും ഡിസൈൻ-സാങ്കേതികവിദ്യാസംഘടനകളിലും ജോലി ചെയ്യുന്നവർക്കുള്ള പ്രതിഫലം മെച്ചപ്പെടുത്തുകയും അവരുടെ വരുമാനത്തിന്ന് തങ്ങൾ വികസിപ്പിക്കുകയും നടപ്പിൽവരുത്തുകയും ചെയ്ത പുതിയ സാമഗ്രികളിൽനിന്നും വികസിത സാങ്കേതികവിദ്യകളിൽനിന്നും ലഭിക്കുന്ന ഫലത്തോടുള്ള ആശ്രിതത്വം വർദ്ധിപ്പിക്കുകയും ചെയ്യുക.

പ്രാദേശിക പ്രതിഫലനിരക്കു ക്രമീകരണം മെച്ചപ്പെടുത്തുക.

രണ്ടാം ഷിഫ്ടിലും മൂന്നാം ഷിഫ്ടിലും ജോലിചെയ്യുന്ന ഫാക്ടറി തൊഴിലാളികൾക്കും ആപ്പീസ് ജീവനക്കാർക്കുമുള്ള ഭൗതികചോദകങ്ങൾ വർദ്ധിപ്പിക്കുകയും വ്യവസായസ്ഥാപനങ്ങളുടെയോ സംഘടനകളുടെയോ നിധികൾ ഉപയോഗിച്ച് ഈ ജോലിക്കാർക്ക് പ്രത്യേകാനുകൂല്യങ്ങളും മേൻമകളും നൽകുകയും ചെയ്യുക.

തൊഴിൽനിരക്കു നിർണ്ണയം ഗണ്യമായി അഭിവൃദ്ധിപ്പെടുത്തുക. ഇതിനെ അദ്ധ്വാനസംഘാടനത്തിൻേറയും പ്രതിഫലത്തിൻേറയും രൂപങ്ങളുമായും ജോലിയുടെ ഗുണനിർണ്ണയരീതികളുമായും ഉററനിലയിൽ സംയോജിപ്പിക്കുക. സാങ്കേതികമായി സമർത്ഥിക്കപ്പെട്ട നിരക്കുകളും മാനകങ്ങളും വ്യാപകമായ തോതിൽ നടപ്പിൽവരുത്തുകയും പുതിയ സാമഗ്രികളും വികസിതസാങ്കേതികവിദ്യകളും അദ്ധ്വാനസംഘാടനവും നടപ്പിൽവരുത്തുന്നതിന്നനുസരിച്ചു അവ പതിവായി പുതുക്കുകയും ചെയ്യുക.

*കൂട്ടുകൃഷിക്കാരുടെ ശരാശരി മാസപ്രതിഫലം 18–20 ശതമാനംകണ്ട് വർദ്ധിപ്പിക്കുക.* കാർഷികോൽപന്നങ്ങളുടെ വർദ്ധിച്ച ഉൽപാദനം, അവയുടെ ഗുണമേൻമ, ഉൽപാദനനിർവ്വഹണം എന്നിവയെ ആശ്രയിച്ചിരിക്കണം ഈ വർദ്ധന.

*സാമൂഹ്യോപഭോഗനിധികൾ* 20–23 ശതമാനംകണ്ടു *വർദ്ധിപ്പിക്കുക*യും ഈ നിധികൾ സാമൂഹ്യ-സാമ്പത്തികകടമകളുടെ നിർവ്വഹണത്തിന്ന് യുക്തിസഹമായി ഉപയോഗിക്കുകയും ചെയ്യുക. സാമൂഹ്യോപഭോഗനിധികളുടെ വിതരണരൂപങ്ങൾ മെച്ചപ്പെടുത്തുക. ഉൽപാദനപ്രവർത്തനങ്ങൾ ഫലപ്രദമായി മെച്ചപ്പെടുത്തുന്ന തൊഴിൽകൂട്ടായ്മകൾക്ക് തങ്ങളുടെ പാർപ്പിടാവശ്യങ്ങൾ നിറവേററാനും വിശ്രമ-വിനോദസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും പ്രീസ്കൂൾ സ്ഥാപനങ്ങൾക്കുള്ള ആവശ്യങ്ങൾ പൂർത്തിയാക്കാനും അനുകൂലമായ അവസരങ്ങളും മററു സാമൂഹ്യാനുകൂല്യങ്ങളും പ്രദാനം ചെയ്യുക.

*കുട്ടികളുള്ള കുടുംബങ്ങൾക്കുള്ള സഹായം വർദ്ധിപ്പിക്കുകയും സ്ത്രീകളുടെ തൊഴിൽസാഹചര്യങ്ങളും ദൈനംദിനജീവിതസൗകര്യങ്ങളും മെച്ചപ്പെടുത്തുകയും ചെയ്യുക.* രാജ്യത്തിൻെറ ഓരോ മേഖലകളിലായി, കുട്ടികളെ നോക്കുന്നതിന്ന് അമ്മമാർക്ക് ഭാഗികമായ ശമ്പളത്തോടുകൂടിയ അവധി ഘട്ടംഘട്ടമായി ഏർപ്പെടുത്തുക. ഗർഭിണികൾക്കുവേണ്ടി പ്രത്യേകവൽകൃത പ്രതിരോധചികിൽസാകേന്ദ്രങ്ങളുടെ വലക്കെട്ട് വ്യാപിപ്പിക്കുക.

പാർപ്പിടനിർമ്മാണസഹകരണസംഘങ്ങളിൽ ചേരാനും തനിപ്പെട്ട വീടുകൾ നിർമ്മിക്കാനും നവദമ്പതികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുക.

പ്രീസ്കൂൾ സ്ഥാപനങ്ങളിൽ എല്ലാ കുട്ടികൾക്കും സൗകര്യം നൽകുകയെന്ന പ്രശ്നം അടുത്ത ഏതാനും കൊല്ലങ്ങൾക്കുള്ളിൽ പരിഹരിക്കുകയും അവിടങ്ങളിൽ കുട്ടികളെ വളർത്താനുള്ള സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക. ഏതാണ്ട് 30 ലക്ഷം കുട്ടികൾക്ക് സൗകര്യം നൽകാൻ വേണ്ടത്രയും പ്രീസ്കൂൾ സ്ഥാപനങ്ങൾ നിർമ്മിക്കുക. ദീർ

ഘദിന സ്കൂളുകളുടേയും (ഗ്രൂപ്പുകളുടെ) യുവപയനീർ ക്യാമ്പുകളുടേയും യുവപയനീർ-സ്കൂൾ വിദ്യാർത്ഥി അരമനകളുടേയും (മന്ദിരങ്ങൾ) സ്പോർട്സ് സ്കൂളുകളുടേയും മററു സവിശേഷ വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും വലക്കെട്ട് കൂടുതൽ വികസിപ്പിക്കുക.

യുദ്ധവീരരുടേയും അദ്ധ്വാനവീരരുടേയും അവശരായ പൗരരുടേയും യുദ്ധത്തിൽ മരിച്ച പട്ടാളക്കാരുടെ കുടുംബങ്ങളുടേയും കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുക. *പെൻഷൻ വ്യവസ്ഥ മെച്ചപ്പെടുത്തുക.* ഫാക്ടറി തൊഴിലാളികൾക്കും ആപ്പീസു ജീവനക്കാർക്കുമുള്ള വാർദ്ധക്യകാല പെൻഷൻെറയും അവശതാ പെൻഷൻെറയും മിനിമം തുകയും അതുപോലെ കൂട്ടുകൃഷിക്കാർക്ക് മുമ്പനുവദിച്ച പെൻഷനുകളും കൂടുതൽ വർദ്ധിപ്പിക്കുക. പെൻഷൻകാർക്കുള്ള സാമൂഹ്യസേവനങ്ങളും ദൈനംദിനജീവിതസൗകര്യങ്ങളും മെച്ചപ്പെടുത്തുക. വ്യാപാര സ്ഥാപനങ്ങളും പൊതുഭോജന സ്ഥാപനങ്ങളും ദൈനംദിന സേവന സ്ഥാപനങ്ങളും പൊതുജന ആരോഗ്യസ്ഥാപനങ്ങളും ഒററപ്പെട്ടവരും വൃദ്ധരും അവശരുമായ പൗരർക്ക് അവരുടെ മന്ദിരങ്ങളിൽവെച്ച് നൽകുന്ന സേവനങ്ങൾ വിപുലപ്പെടുത്തുക. വൃദ്ധജനമന്ദിരങ്ങളുടെ വലക്കെട്ട് വിപുലപ്പെടുത്തുകയും അവിടങ്ങളിലെ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുകയും ഈ സ്ഥാപനങ്ങളിൽ ഭക്ഷണത്തിന്നും മരുന്നുകൾക്കും മററാവശ്യങ്ങൾക്കുമുള്ള പ്രതിശീർഷചിലവ് വർദ്ധിപ്പിക്കുകയും ചെയ്യുക. അവയുടെ പ്രവർത്തനത്തിൻെറ ഗുണനിലവാരം ഗണ്യമായി അഭിവൃദ്ധിപ്പെടുത്തുക.

സ്റ്റേററു കടങ്ങളുടെ തിരിച്ചടവ് തുടരുക.

ജനങ്ങളുടെ യഥാർത്ഥ വരുമാനങ്ങൾ വർദ്ധിപ്പിക്കുക ലാക്കാക്കി സുസ്ഥിരമായ ഒരു *ചില്ലറ വിലനയം* അനുവർത്തിക്കുക. സ്റ്റേററ് ചില്ലറവില-കൂലി നിരക്ക് വ്യവസ്ഥ മെച്ചപ്പെടുത്തുകയും അതിൽ സാമൂഹ്യമായി ആവശ്യമായ നിക്ഷേപങ്ങളും ഉൽപന്നങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരവും പ്രയോജനമൂല്യവും പൂർണ്ണതരമായി പ്രതിഫലിപ്പിക്കുകയുംചെയ്യുക. വിവിധ വിഭാഗം ചരക്കുകളുടെ കാര്യത്തിൽ സാമ്പത്തികമായും സാമൂഹ്യമായും സാധൂകരിക്കപ്പെട്ട വിലനിലവാരങ്ങൾ ഉറപ്പുവരുത്തുക. അതാതു ചരക്കുകളുടെ ഉൽപാദനം കാര്യക്ഷമമായിത്തീരുകയും ഉൽപാദനച്ചിലവ് കുറയുകയും ആവശ്യമായ ചരക്കു-ധന വിഭവങ്ങൾ സഞ്ചയിക്കപ്പെടുകയും ചെയ്യുന്നതിന്നനുസരിച്ച് അവയുടെ വിലകൾ കുറയ്ക്കുക. വിലകളുടെ പാലനത്തിൽ സ്റ്റേററിൻെറയും പൊതുജനങ്ങളുടേയും മേൽനോട്ടം കർശനമാക്കുക.

സോവിയററ് ജനങ്ങളുടെ *പാർപ്പിടസാഹചര്യങ്ങൾ* മെച്ചപ്പെടുത്തുക. മൊത്തം 56.5–57 കോടി ചതുരശ്രമീററർ തറ വിസ്താരത്തിൽ ഫ്ളാററുകളും മററു പാർപ്പിടങ്ങളും നിർമ്മിക്കുക. പാർപ്പിടനിർമ്മാണം മെച്ചപ്പെട്ട പാർപ്പിട ലേഔട്ടോടുകൂടിയ ആദായകരമായ പുതിയ മാനക ഡിസൈനുകൾക്കനുസരിച്ച് വിപുലപ്പെടുത്തുക. പട്ടണങ്ങളുടേയും നഗരങ്ങളുടേയും മററു ജനവാസപ്രദേശങ്ങളുടേയും സമഗ്രമായ നിർമ്മാണം ഉറപ്പുവരുത്തുക.

പാർപ്പിടനിർമ്മാണത്തിന്നും സാമൂഹ്യ-സാംസ്കാരിക നടപടികൾക്കുംവേണ്ടി നീക്കിവെച്ചിട്ടുള്ള നിധികൾ, അതായത് അസോസിയേഷനു

കളിലേയും വ്യവസായസ്ഥാപനങ്ങളിലേയും സംഘടനകളിലേയും തൊഴിൽകൂട്ടായ്മകളുടെ അദ്ധ്വാനത്തിന്റെ സംഭാവനയ്ക്കനുസൃതമായി സ്വരൂപിച്ചിട്ടുള്ള നിധികൾ, ഉപയോഗിച്ചുകൊണ്ട് പാർപ്പിടസാഹചര്യങ്ങളും ദൈനംദിനസേവനങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിന്നുള്ള സാദ്ധ്യതകൾ ഗണ്യമായി വിപുലപ്പെടുത്തുക.

സഹകരണസംഘങ്ങളും വ്യക്തികളും നടത്തുന്ന പാർപ്പിടനിർമ്മാണത്തിന്റെ ത്വരിതഗതിയിലുള്ള വികസനത്തെ പ്രോത്സാഹിപ്പിക്കുക. അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് ഭവനനിർമ്മാണസഹകരണസംഘങ്ങളിൽ ചേരുന്നതിന്നും സ്വന്തം പണംകൊണ്ട്, അല്ലെങ്കിൽ വായ്പയെടുത്ത്, അതുമല്ലെങ്കിൽ വ്യവസായസ്ഥാപനങ്ങൾ നൽകുന്ന പണംകൊണ്ട്, തനിപ്പെട്ട വീടുകൾ നിർമ്മിക്കുന്നതിന്നുമുള്ള സാദ്ധ്യതകൾ വിപുലപ്പെടുത്തുക. വ്യവസായസ്ഥാപനങ്ങളും സംഘടനകളും ഈ കാര്യത്തിൽ അവർക്ക് സഹായമേകണം.

പുതുതായി വികസിപ്പിക്കപ്പെട്ട പ്രദേശങ്ങളിൽ, പ്രത്യേകിച്ച്, സൈബീരിയയിലും സോവിയററ് യൂണിയന്റെ വടക്കുഭാഗത്തും സോവിയററ് വിദൂരപൂർവ്വപ്രദേശത്തും, പാർപ്പിടനിർമ്മാണത്തിലെ നിക്ഷേപത്തിന്ന് മുൻഗണനാടിസ്ഥാനത്തിൽ സ്റ്റേററ്ഫണ്ടുകൾ വകയിരുത്തുക.

നാട്ടിൻപുറത്ത് പാർപ്പിടനിർമ്മാണം വിപുലപ്പെടുത്തുന്നതിന്നുള്ള നടപടികൾ പ്രാവർത്തികമാക്കുക. യുവജനങ്ങളേയും വിദഗ്ദ്ധജീവനക്കാരേയും ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നതിന്ന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക.

*മുൻസിപ്പൽ സേവനങ്ങൾ വികസിപ്പിക്കുക.* വാതകവിതരണവിധാനം വിപുലപ്പെടുത്തുകയും നഗരങ്ങളുടേയും പട്ടണങ്ങളുടേയും മററ് ജനധിവാസപ്രദേശങ്ങളുടേയും കേന്ദ്രീകൃത താപ-ജലവിതരണവിധാനങ്ങൾ അധികതരം വിപുലപ്പെടുത്തണം. കൂടുതൽ വൃക്ഷങ്ങളും ചെടികളും വെച്ചുപിടിപ്പിച്ചുകൊണ്ട് അവയുടെ സുഖസൗകര്യങ്ങളും ശുചിത്വസാഹചര്യങ്ങളും മെച്ചപ്പെടുത്തുക. പൊതുജനസേവനങ്ങളും സൗകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുന്ന പ്രവർത്തനത്തിൽ ജനതതിയെ വിപുലമായ തോതിൽ ഉൾപ്പെടുത്തുക.

ജനങ്ങളുടെ *ആരോഗ്യസംരക്ഷണവും ഒഴിവുവേളയ്ക്കും വിശ്രമത്തിനുമുള്ള സാഹചര്യങ്ങളും സുസ്ഥിരം അഭിവൃദ്ധിപ്പെടുത്തുക.* പൊതുജനാരോഗ്യവ്യവസ്ഥയിൽ രോഗപ്രതിരോധത്തിന് കൂടുതൽ ഊന്നൽ നൽകുക, വൈദ്യസേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ജനതതിക്കാകെ ക്രമാനുഗതമായി വാർഷിക വൈദ്യപരിശോധനകൾ ഏർപ്പെടുത്തുകയും ചെയ്യുക.

സാമാന്യ-പ്രത്യേകവൽക്കൃത ആശുപത്രികളും ആശുപത്രി കെട്ടിടങ്ങളും പോളിക്ലിനിക്കുകളും രോഗനിർണ്ണയ-ചികിൽസാകേന്ദ്രങ്ങളും നിർമ്മിച്ചുകൊണ്ട് രോഗനിവാരക-ചികിൽസാകേന്ദ്രങ്ങളുടെ വലക്കെട്ട് വിപുലപ്പെടുത്തുക. ഗ്രാമീണ ജനതതിക്കേകുന്ന വൈദ്യസേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്നായി ജില്ലാകേന്ദ്ര ആശുപത്രികളുടേയും ക്ലിനിക്കുകളുടേയും നിർമ്മാണം തുടരുക. ഔട്ട് പേഷ്യന്റ് ക്ലിനിക്കുകളുടെ വല

ക്കെട്ട് ത്വരിതഗതിയിൽ വിപുലപ്പെടുത്തുക. പഞ്ചവൽസരക്കാലത്ത്, 3,50 000 കിടക്കകളുള്ള ആശുപത്രികളും ഒരു ഷിഫ്ടിൽ 900,000 രോഗികളെ പരിശോധിക്കാൻ കഴിയുന്ന ഔട്ട്പേഷ്യൻറ് ക്ലിനിക്കുകളും പ്രവർത്തിപ്പിച്ചുതുടങ്ങുക. നിലവിലുള്ള ചികിൽസാസ്ഥാപനങ്ങൾ ആധുനികീകരിക്കുക. പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് കൂടുതൽ മരുന്നുകളും ആധുനികങ്ങളായ രോഗനിർണ്ണയ-ചികിൽസാഉപകരണങ്ങളും മററ് വൈദ്യോപകരണങ്ങളും നൽകുക. തൊഴിലാളികൾക്കും ജീവനക്കാർക്കും സേവനങ്ങളേകുന്ന ചികിൽസാകേന്ദ്രങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുംവേണ്ടി, അതാത് തൊഴിൽകൂട്ടായ്മകളുടെ യത്നങ്ങളിലൂടെ സ്വരൂപിക്കപ്പെട്ട നിധികൾ വിപുലതരമായി ഉപയോഗിക്കുക.

കുടിവെറിയേയും അമിത മദ്യപാനാസക്തിയേയും ആരോഗ്യത്തിന്ന് ഹാനികരമായ മററ് ശീലങ്ങളേയും സുസ്ഥിരം ചെറുക്കുക.

സാനറേറാറിയങ്ങളുടെയും കുട്ടികളുള്ള കുടുംബങ്ങൾക്കായുള്ള സാനറേറാറിയങ്ങളും പ്രതിരോധ ചികിൽസക്കുള്ള രാത്രികാല സാനറേറാറിയങ്ങളും ഉൾപ്പെടെ മററ് സുഖവാസ സൗകര്യങ്ങളുടെയും വലക്കെട്ട് കൂടുതൽ വിപുലപ്പെടുത്തുക.

*കായികസംസ്ക്കാരത്തെയും സ്പോർട്സിനെയും* വിപുലമായ തോതിൽ പ്രോൽസാഹിപ്പിക്കുക. കായികയോഗ്യതാപരിപാടികളും സ്പോർട്സ് പ്രവർത്തനവും വിപുലപ്പെടുത്തുക. ജനവാസകേന്ദ്രങ്ങളിലും ജോലിസ്ഥലങ്ങളിലും അല്ലെങ്കിൽ പഠനസ്ഥലങ്ങളിലും അവയുടെ സംഘാടനം അഭിവൃദ്ധിപ്പെടുത്തുക. സ്പോർട്സ് സംഘടനകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

*പൊതുവിദ്യാഭ്യാസവിധാനത്തെ* തികവുററതാക്കാൻ അദ്ധ്യാപനത്തിൻെറ ഗുണനിലവാരവും വിദഗ്ദ്ധർക്കുള്ള പരിശീലനവും മെച്ചപ്പെടുത്തുകയും വളർന്നുവരുന്ന തലമുറയുടെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ-തൊഴിൽ-ധാർമ്മിക-സൗന്ദര്യശാസ്ത്ര വിദ്യാഭ്യാസത്തിൻെറയും സാമൂഹ്യമായി പ്രയോജനപ്രദമായ പ്രവർത്തനത്തിനുള്ള അവരുടെ ഒരുക്കത്തിൻെറയും നിലവാരം ഉയർത്തുകയും ചെയ്യുക.

സാമാന്യവിദ്യാഭ്യാസസ്ഥാപനങ്ങളുടെയും തൊഴിൽപരിശീലനവിദ്യാലയങ്ങളുടെയും പരിഷ്ക്കരണത്തിലൂടെ വ്യവസ്ഥചെയ്തിട്ടുള്ള നടപടികളുടെ പ്രാവർത്തീകരണം ഉറപ്പുവരുത്തുക. പഠനം പൂർത്തിയാക്കുന്ന ഓരോ വിദ്യാർത്ഥിയും പൊതുവിലുള്ള തൊഴിലുകളിൽ ഏതെങ്കിലുമൊന്ന് സ്വായത്തക്കമാക്കത്തക്കവിധത്തിൽ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികളുടെ തൊഴിൽപരിശീലനത്തിന് സാഹചര്യങ്ങളേകുക. യുവജനങ്ങൾക്കുള്ള തൊഴിൽ മാർഗ്ഗദർശനത്തിൻെറ മാനകങ്ങൾ ഉയർത്തുക.

തൊഴിൽപരിശീലനവിധാനം വികസിപ്പിക്കുക; വിദഗ്ദ്ധതൊഴിലാളികളുടെ ജോലിസ്ഥലത്തുവെച്ചുള്ള പരിശീലനം ശാസ്ത്രീയ-സാങ്കേതികശാസ്ത്രപുരോഗതിയുടെ ആവശ്യങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുക.

ഹയർ അല്ലെങ്കിൽ സ്പെഷ്യലൈസ്ഡ് സെക്കണ്ടറി വിദ്യാഭ്യാസമുള്ള വിദഗ്ദ്ധരുടെ പരിശീലനത്തിൽ ഫലപ്രദമായ ബോധനസമ്പ്രദായങ്ങളും വ്യതിരിക്തബോധനരൂപങ്ങളും പ്രയോഗിക്കുക. വിപുലമായ പ്രത്യേകവൽക്കരണത്തോടുകൂടിയ സ്പെഷലിസ്റ്റുകളെ പരിശീലിപ്പിക്കുകയെന്ന നയം ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ പിൻപററണം.

ദേശീയ സമ്പദ്വിധാനത്തിൽ വിദഗ്ദ്ധരെ, പ്രത്യേകിച്ച് എഞ്ചിനീയർമാരെയും സാങ്കേതികവിദഗ്ദ്ധരെയും, ഉപയോഗിക്കുന്നത് ഗണ്യമായി മെച്ചപ്പെടുത്തുക. ശാസ്ത്രീയ-സാങ്കേതികശാസ്ത്രപുരോഗതിയുടെ ആവശ്യങ്ങൾക്കനുസരിച്ച് എല്ലാ മേഖലകളിലും തൊഴിൽ പുനഃപരി

ശീലനത്തിന്റെയും തൊഴിലാളികളുടെയും വിദഗ്ദ്ധരുടേയും തൊഴിൽപാടവങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെയും വിധാനം വികസിപ്പിക്കുക.

സാമാന്യവിദ്യാഭ്യാസസ്ഥാപനങ്ങളുടേയും തൊഴിൽപരിശീലനവിദ്യാലയങ്ങളുടേയും സ്പെഷ്യലൈസ്ഡ് സെക്കണ്ടറി സ്കൂളുകളുടേയും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടേയും പരിശീലനസൗകര്യങ്ങളും സാങ്കേതികസൗകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുക. പഠനമുറികളിലും വർക്ക്ഷാപ്പുകളിലും പരീക്ഷണശാലകളിലും കൂടുതൽ ആധുനികങ്ങളായ യന്ത്രസാമഗ്രികളും ഉപകരണങ്ങളും പണിയായുധങ്ങളും മററ് പഠനസഹായികളും ഏർപ്പെടുത്തുക. പഠനപ്രക്രിയയിൽ വാർത്താവിതരണശാസ്ത്രത്തിന്റെയും കംപ്യൂട്ടറുകളുടേയും സിദ്ധികൾ വലിയ തോതിൽ ഏർപ്പെടുത്തുക. പഞ്ചവൽസരക്കാലത്ത് എഴുപത് ലക്ഷം വിദ്യാർത്ഥികൾക്കുള്ള സാമാന്യവിദ്യാഭ്യാസസ്ഥാപനങ്ങളും ചുരുങ്ങിയത് 810,000 വിദ്യാർത്ഥികൾക്കുള്ള തൊഴിൽപരിശീലനവിദ്യാലയങ്ങളും നിർമ്മിക്കുക.

പ്രത്യയശാസ്ത്ര-രാഷ്ട്രീയ-ധാർമ്മിക-നിയമ-കലാ-സൗന്ദര്യശാസ്ത്ര വിദ്യാഭ്യാസത്തിലും സോവിയററ് ജനങ്ങളുടെ സാംസ്ക്കാരികാവശ്യങ്ങൾ പൂർവ്വാധികം പൂർണ്ണതരമായി നിറവേററുന്നതിലും അവരുടെ കമ്യൂണിസ്റ്റ് ലോകവീക്ഷണം രൂപപ്പെടുത്തുന്നതിലും *സോഷ്യലിസ്റ്റ് സംസ്ക്കാരത്തിന്റെയും കലയുടെയും പങ്കും* ബഹുജന വാർത്താവിതരണമാദ്ധ്യമങ്ങളുടെ പങ്കും *വർദ്ധിപ്പിക്കുക.*

സംസ്ക്കാരത്തിന്റെയും കലയുടെയും ഭൗതികാസ്തിവാരം വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക. ജില്ലാസംസ്ക്കാരികസ്ഥാപനങ്ങളുടേയും സാംസ്കാരികഭവനങ്ങളുടേയും വലക്കെട്ട്, പ്രത്യേകിച്ച് പുതിയ നഗരജനവാസപ്രദേശങ്ങളിലും ഗ്രാമസമൂഹങ്ങളിലും, വിപുലപ്പെടുത്തുക. ജനതതിയ്ക്കുള്ള സിനിമാപ്രദർശനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചലച്ചിത്രങ്ങളുടെയും, പ്രത്യേകിച്ച് കുട്ടികൾക്കും യുവജനങ്ങൾക്കുമുള്ള ചലച്ചിത്രങ്ങളുടെ, നാടകങ്ങൾ, കച്ചേരികൾ, കലാപ്രദർശനങ്ങൾ എന്നിവയുടെയും കലാപരമായ നിലവാരം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക. ജനതതിയെ, സർവ്വോപരി യുവജനങ്ങളെ, അമേച്വർ കലാപ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുക.

സഞ്ചികകൾക്കും, സമൂഹ്യ-രാഷ്ട്രീയസാഹിത്യത്തിനും കലാസാഹിത്യരചനകൾക്കും പാഠപുസ്തകങ്ങൾക്കും ബാലസാഹിത്യത്തിനുമുള്ള ആവശ്യം പൂർവ്വാധികം പൂർണ്ണതരമായി നിറവേററുക. അച്ചടിശാലകളെയും മററ് പ്രസിദ്ധീകരണസൗകര്യങ്ങളെയും വിപുലപ്പെടുത്തുക. ആർക്കൈവുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

## XI. പരിഃസ്ഥിതിസംരക്ഷണം, പ്രകൃതിവിഭവങ്ങളുടെ യുക്തിസഹമായ വിനിയോഗം

പരിഃസ്ഥിതിസംരക്ഷണനടപടികളുടെ ഫലദായിത മെച്ചപ്പെടുത്തുക. മെച്ചപ്പെട്ട സാങ്കേതികശാസ്ത്രപ്രക്രിയകൾ വിപുലമായ തോതിൽ ഏർപ്പെടുത്തുക. പ്രകൃതിവിഭവങ്ങളുടെയും അസംസ്കൃതവസ്തുക്കളുടെയും മററു വസ്തുക്കളുടെയും സമ്പൂർണ്ണവും സമഗ്രവുമായ വിനിയോഗം ഉറപ്പേകുന്ന വ്യവസായസാകല്യങ്ങളെ, പരിഃസ്ഥിതിയിൽ ദോഷഫലങ്ങൾ ഉളവാക്കത്തക്കവയോ അല്ലെങ്കിൽ ദോഷഫലങ്ങളെ ഗണ്യമായി കുറയ്ക്കുന്നവയോ ആയ വ്യവസായസാകല്യങ്ങൾ, വികസിപ്പിക്കുക.

രാജ്യത്തിന്റെ ജലസമ്പത്തിന്റെ സംരക്ഷണം സുസ്ഥിരം അഭിവൃദ്ധിപ്പെടുത്തുക. ബാൾട്ടിക്ക് കടൽ, കാസ്പിയൻ കടൽ, കരിങ്കടൽ, അസോവ് കടൽ എന്നിവയുടെ തീരങ്ങളെ സംരക്ഷിക്കുന്നതിനുള്ള മുഖ്യനടപടികൾ പൂർണ്ണമായി നടപ്പിലാക്കുക. ഉത്തരധ്രുവപ്രദേശത്തും മദ്ധ്യേഷ്യയിലും കസാഖ്സ്താനിലും ജലരാശികളെ സംരക്ഷിക്കാനും ചെറിയ നദികളുടേയും ജലസംഭരണികളുടേയും സ്ഥിതി മെച്ചപ്പെടുത്താനുമുള്ള ഒരുകൂട്ടം നടപടികൾ തുടർന്നും പ്രാവർത്തികമാക്കുക. നിർമ്മലീകരണസസ്യങ്ങളുടേയും യന്ത്രസാമഗ്രികളുടേയും കാര്യക്ഷമത വർദ്ധിപ്പിക്കുക. ശുദ്ധീകരിക്കപ്പെട്ട മലിനജലവും ഖനികളിലെ ജലവും ജലസേചനത്തിനും മററ് സാമ്പത്തികാവശ്യങ്ങൾ നിറവേററുന്നതിനും വേണ്ടി വിപുലതരമായി വിനിയോഗിക്കുക.

അന്തരീക്ഷവായുവിന്റെ സംരക്ഷണം മെച്ചപ്പെടുത്തുക. ഈ ലക്ഷ്യത്തോടെ, ഉൽപ്പാദനപ്രക്രിയകളെയും പരിവഹനസാമഗ്രികളേയും ഉപാധികളേയും തികവുററതാക്കുകയും അസംസ്കൃതവസ്തുക്കളുടേയും ഇന്ധനങ്ങളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും വ്യാവസായികവിസർജനങ്ങളുടേയും മററ് വിസർജനങ്ങളുടേയും ശുദ്ധീകരണത്തിന്ന് അത്യധികം കാര്യക്ഷമങ്ങളായ പ്രതിഷ്ഠാപനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

നിലങ്ങളുടെ യുക്തിസഹമായ വിനിയോഗം ഉറപ്പുവരുത്തുക. കാററുമൂലവും വെള്ളംമൂലവുമുള്ള മണ്ണൊലിപ്പ്, ചെളികെട്ടൽ, ഉരുൾപൊട്ടലുകൾ, വേണ്ടത്ര വെള്ളമില്ലായ്മ, വെള്ളം കെട്ടിനിൽക്കൽ, വരൾച്ച, മലിനീകരണം എന്നിവയിൽനിന്ന് നിലങ്ങളെ സംരക്ഷിക്കുക. കൃഷിസ്ഥലങ്ങളുടെ സംരക്ഷണം അഭിവൃദ്ധിപ്പെടുത്തുകയും കൂടുതൽ വനമേഖലകൾ ഉണ്ടാക്കുകയും ചെയ്യുക. 660000 ഹെക്ടറോളം സ്ഥലത്ത് വീണ്ടും കൃഷിചെയ്യുക. കീടങ്ങളിൽനിന്നും രോഗങ്ങളിൽനിന്നും കൃഷിയെയും വനത്തെയും സംരക്ഷിക്കുന്നതിന്ന്, മനുഷ്യന്ന് ഹാനികരമല്ലാത്ത സമ്പ്രദായങ്ങൾ ഉപയോഗിക്കുന്നത് നിരന്തരം വിപുലപ്പെടുത്തുക.

ധാതവവിഭവങ്ങളുടെ സംരക്ഷണവും സമഗ്രമായ വിനിയോഗവും മെച്ചപ്പെടുത്തുക. നിഷ്ക്കർഷണത്തിന്റെയും സാന്ദ്രീകരണത്തിന്റെയും ശുദ്ധീകരണത്തിന്റെയും അവസരങ്ങളിൽ ധാതവങ്ങൾ നഷ്ടപ്പെടുന്നത് കുറയ്ക്കുക. സോവിയററ് യൂണിയന്റെ സാമ്പത്തികമേഖലയിലും സോവിയററ് കടൽത്തിട്ടയിലും പ്രകൃതിസംരക്ഷണം ഉറപ്പുവരുത്തുക.

നഗരങ്ങളിലും പട്ടണങ്ങളിലും ടൗൺഷിപ്പുകളിലും ഹരിതമേഖലകൾ എർപ്പെടുത്തുകയും അവയെ മെച്ചപ്പെടുത്തുകയും ചെയ്യുന്നത് തുടരുക. പ്രകൃതിസംരക്ഷണവനങ്ങളുടേയും ദേശീയ പാർക്കുകളുടേയും സംരക്ഷിതവനങ്ങളുടേയും മററ് സംരക്ഷിത പ്രകൃതിമേഖലകളുടേയും വലക്കെട്ട് വിപുലപ്പെടുത്തുക. സസ്യലോകത്തിന്റെയും ജന്തുലോകത്തിന്റെയും സംരക്ഷണത്തിനും പുനരുൽപാദനത്തിനും യുക്തിസഹമായ വിനിയോഗത്തിനുമുള്ള നടപടികൾ ഊർജിതപ്പെടുത്തുക.

പരിതഃസ്ഥിതിയുടെ അവസ്ഥയിലും മലിനീകരണ സ്രോതസ്സുകളിൻമേലും ഗവൺമെന്റിനുള്ള നിയന്ത്രണം കർശനമാക്കുക. കാര്യക്ഷമങ്ങളായ സ്വയംപ്രവർത്തകോപകരണങ്ങളും മററ് യന്ത്രസാമഗ്രികളുംകൊണ്ട് ഗവൺമെന്റിന്റെ നിയന്ത്രക ഏജൻസിയെ സജ്ജമാക്കുക. പൊതുജനസംഘടനകളെയും മുഴുവൻ ജനങ്ങളേയും ഈ പ്രവർത്തനത്തിലേക്ക് ആകർഷിക്കുന്നതിന്നുള്ള രൂപങ്ങളും സമ്പ്രദായങ്ങളും വിപുലപ്പെടുത്തുക. പ്രകൃതിസമ്പത്ത് സംരക്ഷിക്കുകയും അത് വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലും അവ സൂക്ഷ്മതയോടെ ഉപയോഗിക്കുന്നതിലും സോവിയററ് ജനങ്ങളിൽ വമ്പിച്ച ഉത്തരവാദിത്വബോധം വളർത്തുക. ദേശീയ പരിഃസ്ഥിതിസംരക്ഷണപ്രവർത്തനത്തിന്റെ പാലനം മെച്ചപ്പെടുത്തുക.

# XII. ഉൽപാദകശക്തികളുടെ വിതരണം. യൂണിയൻ റിപ്പബ്ലിക്കുകളുടെ സാമ്പത്തികവികസനം

സാമൂഹ്യോൽപാദനത്തിന്റെ ഭൂപരമായ ഘടന തികവുററതാക്കുകയും ഓരോ യൂണിയൻ റിപ്പബ്ലിക്കിലും ഓരോ സാമ്പത്തികറീജ്യണിലും സാമ്പത്തിക-സാമൂഹ്യവികസനത്തിന്റെ യുക്തിസഹമായ ഒരു സംലയനം ഉറപ്പുവരുത്തുകയും സമഗ്രമായ ദേശീയ സാമ്പത്തികസാകല്യത്തിനുള്ളിൽ അവയുടെ പരസ്പര പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുകയും ചെയ്ക.

സാമ്പത്തിക, സാമൂഹ്യ, പ്രകൃതിസാഹചര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യതിരിക്തമായ ഭൂപ്രദേശസവിശേഷതകളും സൈബീരിയയിലും ഉത്തര കസാഖ്സ്താനിലും ഇന്ധന-ഊർജ്ജ സ്രോതസ്സുകൾക്ക് കൂടുതലടുത്തായി ഊർജപ്രധാനവ്യവസായങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യവും പൂർണതരമായി കണക്കിലെടുത്തുകൊണ്ട് ഉൽപാദകശക്തികളുടെ വിതരണത്തിൽ കൂടുതൽ പുരോഗമനപരങ്ങളായ മാററങ്ങൾ നടപ്പിലാക്കുക. മദ്ധ്യേഷ്യയിലും ദക്ഷിണ കസാഖ്സ്താനിലും ട്രാൻസ്കക്കേഷ്യയിലും മനുഷ്യശക്തിയും പ്രകൃതിവിഭവങ്ങളും പൂർണതരമായി ഉപയോഗിക്കുക. ഭൗതികോൽപാദനത്തുറയിൽ ജോലിചെയ്യുന്ന ആളുകളുടെ എണ്ണം കുറയ്ക്കുന്നതോടൊപ്പം മുഖ്യമായും, നിലവിലുള്ള വ്യവസായസ്ഥാപനങ്ങളുടെ സാങ്കേതിക പുനഃസജ്ജീകരണത്തിലൂടെയും ആധുനികീകരണത്തിലൂടെയും രാജ്യത്തിന്റെ യൂറോപ്യൻ റീജ്യണുകളുടെ സമ്പദ്വിധാനത്തെ വികസിപ്പിക്കുക. കൂടുതൽ ടെറിട്ടോറിയൽ ഉൽപാദനസാകല്യങ്ങളും വ്യാവസായിക കേന്ദ്രങ്ങളും സ്ഥാപിക്കുകയും അവയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുകയും ചെയ്ക. വിവിധ മേഖലകളിലെയും ടെറിട്ടറികളിലെയും ജോലികളുടെ എണ്ണം ലഭ്യമായ മനുഷ്യശക്തി വിഭവങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പ്‌വരുത്തുക.

രാജ്യത്തിന്റെ കിഴക്കൻ മേഖലകളിൽ ഉൽപാദനശേഷിസാദ്ധ്യത വർദ്ധിപ്പിക്കുന്നതും പ്രകൃതിവിഭവങ്ങൾ വികസിപ്പിക്കുന്നതും അധികതരം ത്വരിപ്പിക്കുക. സമഗ്രമായ ഒരു രീതിയിൽ അവയുടെ സമ്പദ്വിധാനത്തെ വികസിപ്പിക്കുകയും ഉൽപാദനമേഖലകളുടേയും സാമൂഹ്യാദിസ്ഥാനഘടനയുടേയും ത്വരിതഗതിയിലുള്ള വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക. വടക്കൻ ഭാഗത്തിന്റെ പ്രകൃതിവിഭവങ്ങളെ കൂടുതൽ ഫലപ്രദമായി സാമ്പത്തികവിനിയോഗത്തിലേക്ക് കൊണ്ടുവരിക.

നഗരങ്ങളിൽ പുതിയ വ്യവസായസ്ഥാപനങ്ങൾ, ജനതതിക്ക് സേവനങ്ങൾ നൽകുന്നവയൊഴിച്ച്, നിർമ്മിക്കുന്നതിന്ന് ഒരു പരിമിതി ഏർപ്പെടുത്തുക. ചെറുതും ഇടത്തരത്തിലുള്ളതുമായ നഗരങ്ങളുടേയും തൊഴിലാളി കുടിയിരുപ്പുകളുടേയും സാമ്പത്തികവികസനത്തിനുള്ള സാദ്ധ്യതകൾ പൂർണതരമായി ഉപയോഗിക്കുക. അവിടങ്ങളിൽ ചെറിയ, പ്രത്യേകവൽക്കൃത വ്യവസായസ്ഥാപനങ്ങളും ഫാക്ടറികളുടേയും പ്ലാന്റുകളുടേയും ശാഖകളും വിഭാഗങ്ങളും അതുപോലെ കൃഷിക്കളങ്ങൾക്ക് സേവനങ്ങൾ നൽകുന്നതിനും കാർഷികോൽപന്നങ്ങൾ സംസ്കരിക്കുന്നതിനും പ്രാദേശികമായ അസംസ്കൃതവസ്തുക്കളിൽനിന്ന് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള വ്യവസായസ്ഥാപനങ്ങളും സ്ഥാപിക്കുക.

യൂണിയൻ റിപ്പബ്ലിക്കുകളുടെ സാമ്പത്തിക-സാമൂഹ്യവികസനത്തിന്ന് താഴെ പറയുന്ന മാർഗ്ഗരേഖകൾ ഏർപ്പെടുത്തുക.

*റഷ്യൻ സോഷ്യലിസ്ററ് ഫെഡറേററീവ് സോവിയററ് റിപ്പബ്ലി*ക്കിൽ വ്യവസായികോൽപാദനം 20 - 23 ശതമാനംകണ്ട് വർദ്ധിപ്പിക്കു

ക. മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് വ്യവസായത്തെയും വാതക-രാസ-സൂക്ഷ്മജീവിശാസ്ത്രവ്യവസായങ്ങളെയും ത്വരിതനിരക്കിൽ വികസിപ്പിക്കുക. 1990-ഓടെ വിദ്യുച്ഛക്തി ഉൽപാദനത്തെ 112000—116000 കോടി കിലോവാട്ടവർ ആക്കി ഉയർത്തുക. എണ്ണയുടേയും വാതക സാന്ദ്രിതത്തിൻേറയും നിഷ്ക്കർഷണം 58–58.5 കോടി ടണ്ണിലേക്കും വാതകത്തിൻേറത് 64000—65000 കോടി ഘനമീററിലേക്കും കൽക്കരിയുടേത് 44–44.5 കോടി ടണ്ണിലേക്കും ഉയർത്തുക.

ശരാശരി, മൊത്തം വാർഷിക കാർഷികോൽപാദനം 13–15 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ഓടെ ധാന്യോൽപാദനം 14–14.2 കോടി ടണ്ണായും പഞ്ചസാരക്കിഴങ്ങിൻേറത് 3.1–3.2 കോടി ടണ്ണായും ഉരുളക്കിഴങ്ങിൻേറത് 4.5–4.7 കോടി ടണ്ണായും, പച്ചക്കറിയുടേത് 1.45–1.5 കോടി ടണ്ണായും മാംസത്തിൻേറത് (അറവുതൂക്കം) 1–1.02 കോടി ടണ്ണായും പാലിൻേറത് 5.4–5.5 കോടി ടണ്ണായും മുട്ടയുടേത് 4500—4600 കോടി എണ്ണമായും വർദ്ധിപ്പിക്കുക. പഞ്ചവത്സരക്കാലത്ത് 1,4100,00 ഹെക്ടർ ജലസിക്തഭൂമിയിൽ കൃഷിയിറക്കുകയും ചതുപ്പുനിലങ്ങളും വെള്ളംകെട്ടിനിൽക്കുന്ന പ്രദേശങ്ങളുമായ 1640000 ഹെക്ടർ സ്ഥലം വെള്ളം വററിച്ചെടുക്കുകയും ചെയ്യുക. വെള്ളം വററിച്ചുകളയേണ്ട ആവശ്യമില്ലാത്ത 60 ലക്ഷം ഹെക്ടർ സ്ഥലത്ത് ഭൂമിമെച്ചപ്പെടുത്തൽ പ്രവർത്തനം നടത്തുക.

റഷ്യൻ ഫെഡറേഷൻെറ യൂറോപ്യൻ ഭാഗത്ത് വൈദ്യുതോൽപാദന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. കലിനിൻ അണുക വൈദ്യുത നിലയത്തിൻേറയും സ്മോളൻസ്ക് അണുക വൈദ്യുത നിലയത്തിൻെറ രണ്ടാം ഘട്ടത്തിൻേറയും നിർമ്മാണം പൂർത്തീകരിക്കുക, ബലക്കോവൊ, താത്തർ, റൊസ്തോവ് അണുക വൈദ്യുത നിലയങ്ങളുടെയും ഗോർക്കി, വൊറൊനെഷ് അണുക താപോൽപാദന പ്ലാൻറുകളുടെയും വൈദ്യുതോൽപാദന ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുക. കൊസ്ത്രോമ അണുക വൈദ്യുത നിലയത്തിൻേറയും വോൾഗൊഗ്രാഡ് അണുകതാപ-വൈദ്യുത പ്ലാൻറിൻേറയും നിർമ്മാണം ആരംഭിക്കുക. ഇർഗനായ് ജല വൈദ്യുത നിലയത്തിൻെറ നിർമ്മാണം ത്വരിപ്പിക്കുകയും സഗോർസ്ക്ക് നിലയത്തെ പ്രവർത്തിപ്പിച്ചുതുടങ്ങുകയും ലെനിൻഗ്രാഡ് ഹൈഡ്രൊ ഇലക്ട്രിക് പമ്പ്ഡ് സ്റ്റോറേജ് വൈദ്യുത നിലയത്തിൻെറ നിർമ്മാണം വികസിപ്പിക്കുകയും കേന്ദ്ര ഹൈഡ്രൊ ഇലക്ട്രിക് പമ്പ്ഡ് സ്റ്റോറേജ് വൈദ്യുത നിലയത്തിൻെറ നിർമ്മാണം ആരംഭിക്കുകയും ചെയ്ക.

റഷ്യൻ ഫെഡറേഷൻെറ കരിമണ്ണിതര മേഖലയിലെ കാർഷിക-വ്യാവസായിക സാകല്യത്തിൻെറ അധികതര വികസനവും മെച്ചപ്പെട്ട പ്രവർത്തനവും ഉറപ്പുവരുത്തുക. പാർപ്പിടങ്ങളുടേയും റോഡുകളുടേയും സേവന സ്ഥാപനങ്ങളുടേയും വൻതോതിലുളള നിർമ്മാണം തുടരുകയും ഗ്രാമീണ ജനതതിയുടെ തൊഴിൽ സാഹചര്യങ്ങളും ദൈനംദിന സൗകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്ക.

മോസ്കോവിലും ലെനിൻഗ്രാഡിലും, മോസ്കോ റീജ്യണിലും, ലെനിൻഗ്രാഡ് റീജ്യണിലും ലഭ്യമായ ശാസ്ത്രീയ-ഉൽപാദനശേഷിസാന്ദ്ധ്യത ശാസ്ത്രീയ-സാങ്കേതികപുരോഗതി ത്വരിപ്പിക്കുന്നതിന്നും ദേശീയ സമ്പദ്വിധാനത്തിൻെറ കാര്യക്ഷമത ഉയർത്തുന്നതിനുംവേണ്ടി മെച്ചപ്പെട്ട നിലയിൽ ഉപയോഗപ്പെടുത്തുക. ജോലികളുടെ എണ്ണം കുറച്ചുകൊണ്ടുവരവേ, നിലവിലുളള വ്യവസായസ്ഥാപനങ്ങളുടെ പുനഃസജ്ജീകരണത്തിലൂടെയും ആധുനികീകരണത്തിലൂടെയും ആധുനികസാങ്കേതിക വിദ്യകളുടേയും അനുനേയ സ്വയംപ്രവർത്തക വിധാനങ്ങളുടേയും റോബട്ടിക്സിൻേറയും വിപുലമായ ഉപയോഗത്തിലൂടെയും മേഖലാന്തരവ്യവസായസ്ഥാപനങ്ങളുടെ അധികതര പ്രത്യേകവൽക്കരണത്തിലൂടെയും ഉയർന്ന അദ്ധ്വാനോൽപാദനക്ഷമതയിലൂടെയും മാത്രം ഉൽപാദനം വർദ്ധി

പ്പിക്കുക. മോസ്കോവിലും ലെനിൻഗ്രാഡിലും, അധികതരവികസനം സാമ്പത്തികമായി ന്യായീകരിക്കാവുന്നവ അല്ലാത്തതായികഴിഞ്ഞ ഉൽപ്പാദന സൗകര്യങ്ങളും വ്യവസായ സ്ഥാപനങ്ങളും നിർത്തലാക്കുന്നത് ത്വരിപ്പിക്കുക. പരിഃസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് മോസ്ക്കോവിന്റെ ഭൂപ്രദേശവും അതിന്റെ വനസമ്പത്തും യുക്തിസഹമായി ഉപയോഗിക്കുക. മോസ്ക്കോവിന്റെയും മോസ്ക്കോ റീജ്യന്റെയും, ലെനിൻഗ്രാഡിന്റെയും ലെനിൻഗ്രാഡ് റീജ്യന്റെയും ഏകോപിതവും സമഗ്രവുമായ വികസനം ഉറപ്പുവരുത്തുക. ലെനിൻഗ്രാഡിനെ വെള്ളപ്പൊക്കത്തിൽനിന്ന് സംരക്ഷിക്കുന്നതിന്നുള്ള പ്രതിഷ്ഠാപനങ്ങളുടെ നിർമ്മാണം തുടരുക.

ടിമാൻ-പെച്ചോറ ടെറിട്ടോറിയൽ ഉൽപാദക സാകല്യത്തിന്റെ അധികതര വികസനം ഉറപ്പേകുകയും കോല അർദ്ധദ്വീപിലെ ധാതവ വിഭവങ്ങളുടെ ഉപയോഗം കൂടുതൽ സമഗ്രമാക്കുകയും ചെയ്യുക.

കുർസ്ക്ക് മാഗ്നററിക് അനോമലി ടെറിട്ടോറിയൽ ഉൽപ്പാദന സാകല്യത്തിൽ ഇരുമ്പയിരിന്റെ നിഷ്ക്കർഷണത്തിനും സാന്ദ്രണത്തിനും, വൈദ്യുത ഫർണസ് സ്റ്റീലിന്റെയും ഉരുക്കുതകിടിന്റെയും ഉൽപാദനത്തിനും പുതിയ ശേഷികൾ സൃഷ്ടിക്കുക. ഭാരിച്ച പാറകളും അയിർസാന്ദ്രീകരണപ്ലാന്റിലെ മററ് അവശിഷ്ടങ്ങളും പൂർണതരമായി ഉപയോഗിക്കുക. ഒറെൽ ഉരുക്ക് റോളിങ്ങ് മില്ലിൽ, കോൾഡ് റോൾഡ് സ്ട്രിപ്പ് ഉണ്ടാക്കുന്നതിന്നുള്ള വിഭാഗങ്ങൾ നിർമ്മിക്കുക. കേന്ദ്ര കരിമൺ സാമ്പത്തിക മേഖലയുടെ ഘനവ്യവസായത്തിന്റെയും കാർഷിക-വ്യാവസായിക സാകല്യത്തിന്റെയും വികസനത്തെ യുക്തിസഹമായി ഏകോപിപ്പിക്കുക.

വോൾഷ്സ്ക്ക് നഗരത്തിൽ (മാരി സ്വയംഭരണ സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്) ഭക്ഷ്യ വ്യവസായങ്ങൾക്കും വ്യാപാര-പൊതുഭോജന സ്ഥാപനങ്ങൾക്കും വേണ്ട ഉൽപാദനോപകരണങ്ങൾ നിർമ്മിക്കുന്നതിന്നുള്ള സമഗ്രമായ ഒരു ശാലയുടെ പ്രമുഖ പ്ലാന്റുകളും തുരുമ്പുപിടിക്കാത്ത എണ്ണക്കുഴലുകളുടെ നിർമ്മാണത്തിന്നുള്ള വോൾഷ്സ്ക്ക് പൈപ്പ് വർക്ക്സിന്റെ ഒരു വിഭാഗവും നിർമ്മിക്കുക. വാതകത്തിന്റെയും വാതക സന്ദ്രിതത്തിന്റെയും നിഷ്ക്കർഷണത്തിനും അസ്ത്രാഖാൻ വാതക സാന്ദ്രിത നിക്ഷേപത്തെ ആധാരമാക്കി സ്ഥാപിക്കുന്ന ഒരു വ്യവസായ കേന്ദ്രത്തിൽ ഗന്ധകം ഉൽപാദിപ്പിക്കുന്നതിനും വേണ്ട ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുക. വോൾഗ-അഖ്തൂബ സമതലം കൂടുതൽ ഫലപ്രദമായി വികസിപ്പിക്കുക.

മാഗ്നിറെറാഗോർസ്ക് ഇരുമ്പ്-ഉരുക്ക് ശാലയുടെ ഉരുക്കുനിർമ്മാണപ്ലാന്റിന്റെ ആദ്യവിഭാഗത്തെയും ഉറാൽ റീജ്യനിലെ ചെറിയ ഇരുമ്പ് ഉരുക്ക് പ്ലാന്റുകളെയും ആധുനികീകരിക്കുക. സൈബീരിയൻ സമ്പദ്വിധാനത്തിന്റെ ത്വരിതഗതിയിലുള്ള വികസനം ഉറപ്പേകുക. ആ മേഖലയിൽ ഇന്ധനവ്യവസായവും വൈദ്യുതോൽപാദനശേഷികളും കെട്ടിപ്പടുക്കുന്ന പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. ധാതവവളങ്ങളുടേയും മററ് അസംസ്കൃതവസ്തുക്കളുടേയും മരത്തടിവിഭവങ്ങളുടേയും സമഗ്രമായ സംസ്കരണം ഉറപ്പുവരുത്തുക, രാജ്യത്തിന്റെയാകെ ഉൽപാദനത്തിൽ മേഖലയുടെ ഊർജ്ജപ്രധാനവ്യവസായങ്ങളുടെ പങ്ക് വർദ്ധിപ്പിക്കുകയും സംസ്കരണവ്യവസായങ്ങളുടെ, പ്രത്യേകിച്ച് മെക്കാനിക്കൽ എഞ്ചിനീയറിങ്ങിന്റെ, സന്തുലിതമായ വികസനത്തിന്ന് ഉറപ്പേകുകയും ചെയ്യുക. പ്രാദേശിക ഭക്ഷ്യാടിസ്ഥാനത്തെ ദൃഢപ്പെടുത്തുക. നിർമ്മാണത്തിന്നും എടുപ്പുപണിക്കുമുള്ള സാമഗ്രികളുൽപാദിപ്പിക്കുന്ന വ്യവസായങ്ങളുടേയും പരിവഹനത്തിന്റെയും മുൻഗണനാപരമായ വികസനം ഉറപ്പേകുക.

പശ്ചിമ സൈബീരിയൻ ടെറിട്ടോറിയൽ ഉൽപ്പാദനസാകല്യത്തിൻെറ സംസ്ഥാപനം തുടരുക. എണ്ണയ്ക്കും വാതകത്തിന്നുംവേണ്ടിയുള്ള പൂർവ്വേക്ഷണം ഊർജ്ജിതപ്പെടുത്തുകയും എണ്ണ-വാതകപ്പാടങ്ങൾ വികസിപ്പിക്കുകയും ഇതിന്നാവശ്യമായ എല്ലാ സൗകര്യങ്ങളും നിർമ്മിക്കുകയും ചെയ്യുക. രാജ്യത്തിൻെറ യൂറോപ്യൻ ഭാഗത്തേയ്ക്കും സൈബീരിയയുടെ തെക്കൻ മേഖലകളിലേക്കും ദീർഘദൂര വാതകക്കുഴലുകൾ നിർമ്മിക്കുക. സുർഗുത് സ്റ്റേററ് റീജ്യണിൽ താപവൈദ്യുതനിലയം നമ്പർ 2-ൻെറ നിർമ്മാണം പൂർത്തീകരിക്കുകയും നിഷ്നെവർതൊവ്സ്ക്, ഉറെൻഗോയ് എന്നീ സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയങ്ങളിൽ കൂടുതൽ ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുകയും ചെയ്യുക.

കുസ്ബാസ് കൽക്കരിഖനനസ്ഥാപനങ്ങളുടെ നിർമ്മാണവും ആധുനികീകരണവും ത്വരിപ്പിക്കുക. കാതുൻ ജലവൈദ്യുതനിലയത്തിൻെറയും പശ്ചിമ സൈബീരിയൻ, അൾതായ് ധാതവവളംനിർമ്മാണശാലകളുടേയും നിർമ്മാണം ആരംഭിക്കുക. കുസ്നെററ്സ്ക്ക് ഇരുമ്പ്-ഉരുക്ക് ശാലകൾ ആധുനികീകരിക്കുക. പശ്ചിമ സൈബീരിയയുടെ തെക്കൻ മേഖലകളിൽ ഭൂമി മെച്ചപ്പെടുത്തൽ പ്രവർത്തനം തുടരുകയും അൾതായ് ടെറിട്ടറിയിൽ അലെയ് ജലസേചനവിധാനത്തിൻെറ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്യുക.

ബെർയൊസൊവൊ സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയം നമ്പർ 1-ലെ വൈദ്യുതോൽപാദന യൂണിററുകളെയും ബെർയൊസൊവൊ ഓപ്പൺ കാസ്റ്റ് ഖനി നമ്പർ 1-ൻെറ കൽക്കരിനിഷ്കർഷണശേഷികളെയും പ്രവർത്തിപ്പിച്ചുതുടങ്ങുക. ബൊറൊദിൻസ്കി ഓപ്പൺകാസ്റ്റ് കൽക്കരിഖനി നമ്പർ 2-ൻെറയും ബെർയൊസൊവൊ സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയം നമ്പർ 2-ൻെറയും നിർമ്മാണം ആരംഭിക്കുകയും കാൻസ്ക്-അച്ചിൻസ്ക് ടെറിട്ടോറിയൽ ഉൽപാദനസാകല്യം സ്ഥാപിക്കുന്നതിനുള്ള മററ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സയാൻ ടെറിട്ടോറിയൽ ഉൽപാദനസാകല്യത്തിൻെറ വ്യവസായസ്ഥാപനങ്ങളുടെ ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുകയും സയാൻ അലൂമിനിയം പ്ലാൻറിൻെറ നിർമ്മാണം ത്വരിപ്പിക്കുകയും ചെയ്യുക. അൻഗാറ നദിയിലെ വിഭവങ്ങളുടെ വികസനം ആരംഭിക്കുക, ബൊഗുചാനി ജലവൈദ്യുതനിലയത്തിൻെറ നിർമ്മാണം തുടരുകയും മദ്ധ്യ യെനിസെയ് ജലവൈദ്യുതനിലയത്തിൻെറ നിർമ്മാണത്തിന്നുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയും ഗൊനിവ്സ്കൊയ ഈയ-നാക നിക്ഷേപങ്ങളുടെ വികസനം ആരംഭിക്കുകയും ചെയ്യുക. ഒസ്യോർനൈ ബഹുലോഹ അയിർനിക്ഷേപത്തിൻെറ വികസനം തുടങ്ങുകയും തുഗ്നുയ് ഓപ്പൺകാസ്റ്റ് കൽക്കരിപ്പണയുടെ നിർമ്മാണമാരംഭിക്കുകയും ചെയ്യുക. ഗസിനൂസെർസ്ക് സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയത്തിൻെറ രണ്ടാംഘട്ടം പൂർത്തിയാക്കുകയും ഉലാൻ ഉദെ താപന-വൈദ്യുത പ്ലാൻറിൻെറ ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുകയും ചെയ്യുക.

ബൈക്കൽ-അമൂർ റെയിൽവെ(ബാം)യിൽ ഉടനീളം പതിവായി തീവണ്ടിഗതാഗതം ആരംഭിക്കുകയും ബാം മേഖലയുടെ വൻതോതിലുള്ള സാമ്പത്തിക വികസനം തുടരുകയും ചെയ്യുക. ദക്ഷിണ യകൂതിയൻ ടെറിട്ടോറിയൽ ഉൽപാദനസാകല്യത്തിൻെറ സംസ്ഥാപനം തുടരുക. നെർയുങ്ഗ്രി സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയത്തിൻെറ രണ്ടാംഘട്ടം നിർമ്മിക്കുക, ദെനിസൊവ്സ്കയ കൽക്കരിഖനിയുടേയും സെലിഗ്ദർ അപ്പാട്ടൈററ് നിക്ഷേപത്തിനുള്ള ഖനന-സാന്ദ്രീകരണ പ്ലാൻറിൻെറയും നിർമ്മാണമാരംഭിക്കുകയും സോവിയററ് വിദൂരപൂർവ്വദേശത്ത് പ്രാദേശിക കോക്കിങ്ങ് കരിയേയും ഇരുമ്പയിരിനേയും ആധാരമാക്കി പ്രവർത്തിക്കുന്ന ഇരുമ്പ്-ഉരുക്ക് അസ്തിവാരം സ്ഥാപിക്കുന്നതി

ന്നുള്ള മുന്നൊരുക്കപ്രവത്തനങ്ങൾ നടത്തുകയും ചെയ്യുക. ബെർക്കകിററ്-ടൊമ്മൊട്ട്-യകുത്സ്ക്ക് റെയിൽവെയുടെ നിർമ്മാണം ആരംഭിക്കുക.

വിദൂരപൂർവ്വപ്രദേശത്ത് ആയസേതര ലോഹങ്ങളുടേയും അപൂർവ്വ ലോഹങ്ങളുടേയും ഉൽപാദനം വർദ്ധിപ്പിക്കുക. ഇന്ധന-ഊർജ്ജ വ്യവസായങ്ങളുടെ മുൻഗണനാനിരക്കിലുള്ള വികസനം ഉറപ്പേകുക. ഖെ-കൊംസൊമോൾസ്ക്-ഓൺ അമുർ വാതകപൈപ്പ്ലൈനും വിലൂയ് ജലവൈദ്യുതനിലയം നമ്പർ 3-ൻെറ ആദ്യത്തെ വൈദ്യുതോൽപാദനയൂണിററുകളും ബുറിയ ജലവൈദ്യുതനിലയവും പ്രവർത്തിപ്പിച്ചുതുടങ്ങുക, ഉസ്ത്-ശ്രെദ്നെകർസ്കയ ജലവൈദ്യുതനിലയത്തിൻെറയും യകുത്സ്ക് താപനിലയം നമ്പർ 2-ൻെറയും നിർമ്മാണം തുടങ്ങുക. യകുത് എ. എസ്. എസ്. ആറിലെ ദെപൂട്ടാത്സ്കി ഖനന-സാന്ദ്രീകരണ പ്ലാൻറിൻെറ ആദ്യഘട്ടം പൂർത്തീകരിക്കുക. മീൻപിടുത്തവും സമുദ്രത്തിൽനിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ഉയർന്ന ഗുണനിലവാരമുള്ള മൽസ്യോൽപന്നങ്ങളുടെ ഉൽപാദനവും വർദ്ധിപ്പിക്കുക. സോയാബീനിൻെറയും നെല്ലിൻെറയും മററ് കാർഷികോൽപന്നങ്ങളുടേയും ഉൽപാദനം വർദ്ധിപ്പിക്കുക.

സൈബീരിയയിൽനിന്നും വിദൂരപൂർവ്വദേശത്തുനിന്നും തൊഴിലാളികൾ കുടിയേറിപ്പോകുന്നത് കുറയ്ക്കുന്നതിന്ന് ആ മേഖലകളിൽ ജീവിതനിലവാരങ്ങളുടെ മുൻഗണനാപരമായ വളർച്ച ഉറപ്പുവരുത്തുക.

പുതിയ സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ, വടക്കുഭാഗത്തെ ജനതകളുടെ പരമ്പരാഗത രീതിയിലുള്ള സാമ്പത്തികവ്യാപാരങ്ങൾ മെച്ചപ്പെടുത്തുക.

*ഉക്രേനിയൻ എസ്. എസ്. ആറിൽ* വ്യാവസായികോൽപാദനം 18 – 21 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. വൈദ്യുതോൽപാദനം 1990-ഓടെ 32000 കോടി കിലോവാട്ടവറാക്കുക. ക്രിമിയ, ചെർനൊബിൽ, സപൊറൊഷ്യെ അണുകവൈദ്യുതനിലയങ്ങളുടെയും ഒഡെസ്സ് അണുകതാപന-വൈദ്യുതപ്ലാൻറിൻെറയും നിർമ്മാണം പൂർത്തീകരിക്കുക. ഖെമെൽനിററ്സ്കി, റോവ്നൊ, ദക്ഷിണ ഉക്രേനിയൻ അണുകവൈദ്യുതനിലയങ്ങളുടെ ശേഷികളെയും ദ്നിയസ്റ്റർ ജലവൈദ്യുത പമ്പ്ഡ് സ്റ്റോറേജ്നിലയത്തെയും പ്രവർത്തിപ്പിച്ചുതുടങ്ങുക, ഖാർക്കൊവ് അണുകതാപന-വൈദ്യുതപ്ലാൻറിൻെറയും കനെവ് ജലവൈദ്യുത പമ്പ്ഡ് സ്റ്റോറേജ് വൈദ്യുതനിലയത്തിൻെറയും നിർമ്മാണം ആരംഭിക്കുക.

കൽക്കരി ഖനനവ്യവസായങ്ങളുടേയും ഇരുമ്പ്-ഉരുക്ക് വ്യവസായങ്ങളുടേയും ആധുനികീകരണവും പുനഃസജ്ജീകരണവും തുടരുക. ഓക്സീകരിക്കപ്പെട്ട ഇരുമ്പയിരുകൾ സംസ്കരിക്കുന്നതിനുള്ള ക്രിവൊയ് റൊഗ് ഖനന-സാന്ദ്രീകരണപ്ലാൻറിലും മാങ്കനീസ് അയിരുകൾ ഖനനം നടത്തുകയും സംസ്കരിക്കുകയും ചെയ്യുന്നതിന്നുള്ള ടായുറിയ ഖനന-സാന്ദ്രീകരണ പ്ലാൻറിലും പുതിയ ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുക. കെമിക്കൽ, മെക്കാനിക്കൽ എഞ്ചിനീയറിങ് വ്യവസായങ്ങളുടെ ഉൽപ്പാദനം 30 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. ലഘുവ്യവസായ സാധനങ്ങളുടെ, പ്രത്യേകിച്ച് ലിനൻ തുണിയുടേയും പിന്നിയ ഉടുപ്പുകളുടേയും ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുക.

ശരാശരി വാർഷിക കാർഷികോൽപാദനം 13 – 15 ശതമാനം വർദ്ധിപ്പിക്കുക. 1990-ഓടെ ധാന്യോൽപ്പാദനം 520 – 540 ലക്ഷം ടൺ ആക്കുക. പഞ്ചസാരക്കിഴങ്ങിൻേറത് 530 – 550 ലക്ഷം ടണ്ണും സൂര്യകാന്തിവിത്തിൻേറത് 33 ലക്ഷം ടണ്ണും പച്ചക്കറിയുടേത് 86 ലക്ഷം ടണ്ണും പഴങ്ങളുടേതും ബെറിയുടേതും 45 ലക്ഷം ടണ്ണും മുന്തിരിയുടേത് 13 ലക്ഷം ടണ്ണും മാംസത്തിൻേറത് (അറവുകൂക്കം) 49 - 50 ലക്ഷം ടണ്ണും പാലിൻേറത് 245 – 250 ലക്ഷം ടണ്ണും ആക്കി ഉയർത്തുക. മുട്ടയുടെ ഉൽപ്പാദനം 1600 കോടി – 1700 കോടി എണ്ണമാക്കുക. ജലസിക്ത നി

ലങ്ങളിൽ മക്കച്ചോളത്തിന്റെ ഉൽപാദനത്തിന്ന് മുന്നുറപ്പേകുന്ന മേഖലകൾ സൃഷ്ടിക്കുക. 500000 ഹെക്ടർ ജലസിക്തഭൂമിയിലും വെള്ളം വററിച്ചെടുത്ത 640000 ഹെക്ടർ ഭൂമിയിലും പഞ്ചവൽസരക്കാലത്ത് കൃഷിയിറക്കുക.

*ബൈലൊറഷ്യൻ എസ്. എസ്. ആറിൽ* വ്യാവസായികോൽപാദനം 22 – 25 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. ഉപകരണനിർമ്മാണം, റേഡിയോ എഞ്ചിനീയറിങ്ങ്, ഇലക്ട്രോണിക്സ്, വൈദ്യുത എഞ്ചിനീയറിങ്ങ് വ്യവസായങ്ങളുടെയും കന്നുകാലി വളർത്തലിന്നും കാലിത്തീററ ഉൽപാദിപ്പിക്കുന്നതിന്നുമുള്ള യന്ത്രനിർമ്മാണത്തിന്റെയും മുൻഗണനാപരമായ വികസനം ഉറപ്പേകുക.

മിൻസ്ക്ക് അണുകതാപന-വൈദ്യുതപ്ലാന്റിന്റെ ആദ്യത്തെ വിദ്യുച്ഛക്തി ഉൽപാദനയൂനിററും *നൊവൊപൊളോത്സ്ക് നെഫ്തെഓർഗസിന്റെസ്* ഉൽപാദന അസോസിയേഷനിലും മൊസ്സിർ എണ്ണ ശുദ്ധീകരണശാലയിലും, പെട്രോളിയം ഉൽപന്നങ്ങളും രാസ അസംസ്കൃതവസ്തുക്കളും ഉൽപാദിപ്പിക്കുന്നതിന്നുള്ള ശേഷികളും പ്രവർത്തിപ്പിച്ചുതുടങ്ങുക. ഷൊളിബിൻ നഗരത്തിലെ ബൈലോറഷ്യൻ ഇരുമ്പ്-ഉരുക്ക് ശാലയിൽ മെററൽ കോർഡിന്റെ ഉൽപാദനം തുടങ്ങുക. വ്ളദീമിർ ലെനിന്റെ നാമധേയത്തിലുള്ള മിൻസ്ക് ട്രാക്ടർ വർക്സ് അസോസിയേഷന്റെ സ്ഥാപനങ്ങളുടെ ആധുനികീകരണവും വിപുലനവും തുടരുക.

മൊത്തം വാർഷിക കാർഷികോൽപാദനം ശരാശരി 12 – 14 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ഓടെ ധാന്യോൽപാദനം 80 – 82 ലക്ഷം ടൺ ആക്കുക. ഉരുളക്കിഴങ്ങിന്റേത് 130 ലക്ഷം ടണ്ണിൽ കുറയാതെ നിലനിർത്തുക. കാലിത്തീററയുടെ ഉൽപാദനം 270 – 280 ലക്ഷം ടൺ ഫീഡ് യൂനിററും മാംസത്തിന്റേത് (അറവുതൂക്കം) 12 – 13 ലക്ഷം ടണ്ണും പാലിന്റേത് 71 – 73 ലക്ഷം ടണ്ണും മുട്ടയുടേത് 340 – 350 കോടിയുമാക്കി ഉയർത്തുക.

വെള്ളം കെട്ടിക്കിടക്കുന്ന നിലങ്ങളും ചതുപ്പുനിലങ്ങളുമായ 480000 ഹെക്ടർ സ്ഥലത്തു പഞ്ചവൽസരക്കാലത്ത് വെള്ളം വററിച്ചെടുക്കുക. ജലനിർഗ്ഗമനത്തിനുള്ള ഉപപദ്ധതികൾ നടപ്പാക്കപ്പെടുന്ന 390000 ഹെക്ടർ സ്ഥലം ഉൾപ്പെടെയാണിത്. താഴ്ന്ന പോൾസ്യെ കൃഷിനിലങ്ങളിലെ മുൻഗണനാപരമായ വെള്ളപ്പൊക്കനിയന്ത്രണസൗകര്യങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുക.

*ഉസ്ബക് എസ്. എസ്. ആറിൽ* വ്യാവസായികോൽപാദനം 24 – 27 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. രാസ-വൈദ്യുത എഞ്ചിനീയറിങ്ങ് വ്യവസായങ്ങളെയും ലഘുവ്യവസായത്തെയും ഉപകരണനിർമ്മാണത്തെയും കാർഷികോൽപന്ന സംസ്കരണത്തെയും ഉയർന്ന നിരക്കുകളിൽ വികസിപ്പിക്കുക. വിദ്യുച്ഛക്തി ഉൽപാദനം 25 – 27 ശതമാനം കണ്ടും സൾഫ്യൂറിക് ആസിഡിന്റെ ഉൽപാദനം 34 – 36 ശതമാനംകണ്ടും വർദ്ധിപ്പിക്കുക. അൻഗ്രെൻ ഓപ്പൺ കാസ്റ്റ് ഖനിയിലും, നൊവൊ അൻഗ്രെൻസ്കയ, താലി മർദ്ഷാൻ സ്റ്റേററ് റീജ്യണൽ താപ വൈദ്യുതനിലയങ്ങളിലും ഉസ്ബക് ഇരുമ്പ് – ഉരുക്ക് നിർമ്മാണശാലകളിലും പുതിയ ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുക. ദ്ജിസാക്ക് നഗരത്തിൽ ഒരു കാർഷികയന്ത്രസാമഗ്രി പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുക.

വാർഷിക കാർഷികോൽപാദനം ശരാശരി 14 – 16 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. 1990-ഓടെ പരുത്തിനാരിന്റെ ഉൽപാദനം 18 – 19 3 ലക്ഷം ടണ്ണും (അസംസ്കൃതപരുത്തിയുടേത് 58 – 60 ലക്ഷം ടൺ ആക്കി ഉയർത്തുക—മികച്ച നാരുള്ള ഇനങ്ങളുടേത് 550.000 ടണ്ണിൽ കുറയാതെ ഉയർത്തുന്നതുൾപ്പെടെ), ധാന്യത്തിന്റേത് 32 – 35 ലക്ഷം ടണ്ണും കാലിത്തീററയുടേത് 200 ലക്ഷം ഫീഡ്യൂനിററും മാംസത്തിന്റേത്

(അറവുതൂക്കം) 540,000 – 560 000 ടണ്ണും പാലിന്റേതു് 33 – 35 ലക്ഷം ടണ്ണും മുട്ടയുടേതു് 270 – 300 കോടിയുമാക്കുക. പഴങ്ങളുടെയും മുന്തിരിയുടെയും പച്ചക്കറിയുടെയും മത്തങ്ങയുടെയും ത്വരിതഗതിയിലുള്ള വികസനത്തിന്നു് വ്യവസ്ഥ ചെയ്യുക.

ഇപ്പോൾ നിലവിലുള്ള ജലസേചനവിധാനങ്ങളുടെ ആധുനികീകരണവും മെച്ചപ്പെട്ട വിനിയോഗവും ഉറപ്പേകുക. പഞ്ചവൽസരക്കാലത്തു് 410,000 ഹെക്ടർ ജലസിക്തഭൂമിയിൽ കൃഷിയിറക്കുകയും 11 ലക്ഷം ഹെക്ടർ മേച്ചിൽസ്ഥലത്തു് ജലസേചനം നടത്തുകയും 48 ലക്ഷം ഹെക്ടർ മേച്ചിൽസ്ഥലത്തെ ജലവിതരണവിധാനങ്ങളുടെ അററകുററപ്പണികൾ നടത്തുകയും ചെയ്ക. കർഷി, ദ്ജീസാക്ക് പുൽമൈതാനങ്ങളുടെ സമഗ്രമായ വികസനം പൂർത്തിയാക്കുക.

*കസാക്ക് എസ്. എസ്. ആറിൽ* വ്യാവസായികോൽപാദനം 23 – 26 ശതമാനം കണ്ടു് വർദ്ധിപ്പിക്കുക. ഇന്ധന-ഊർജസാകല്യത്തിന്റെയും, ആയസേതര ലോഹവ്യവസായത്തിന്റെയും ഇരുമ്പ്-ഉരുക്ക് വ്യവസായത്തിന്റെയും മെക്കാനിക്കൽ എഞ്ചിനീയറിങ്ങ്-രാസ-പെട്രോകെമിക്കൽ വ്യവസായങ്ങളുടെയും അധികതരവികസനത്തിനു് വ്യവസ്ഥ ചെയ്യുക.

പാവ്‌ലൊദാർ—എക്കിബാസ്തുസ് ടെറിട്ടോറിയൽ ഉൽപാദനസാകല്യത്തിന്റെ വികസനം തുടരുക. എക്കിബാസ്തുസ് കൽക്കരിപ്പാടങ്ങളിലെ കൽക്കരി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുകയും മയിക്കുബെൻ കൽക്കരിപ്പാടങ്ങളുടെ വികസനം ആരംഭിക്കുകയും ചെയ്യുക. എക്കിബാസ്തുസ് സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയം നമ്പർ 2-ൽ പുതിയ ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുക, എക്കിബാസ്തുസ് സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയം നമ്പർ 3-ന്റെയും ദക്ഷിണകസാഖ്സ്താൻ സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയത്തിന്റെയും നിർമ്മാണം ആരംഭിക്കുക. ഷുൽബ ജലവൈദ്യുതനിലയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുക.

ടെൻഘിസ് എണ്ണപ്പാടങ്ങളുടെയും കാരാചഗനാക് വാതകസാന്ദ്രിതനിക്ഷേപങ്ങളുടെയും വികസനം വർദ്ധിപ്പിക്കുക. ഷായിരെം ഖനന–സാന്ദ്രീകരണ പ്ലാന്റിലും ഷെസകസ്ഗാൻ ഖനന-ഇരുമ്പ്-ഉരുക്ക് ശാലയിലും ഖനനത്തിനും അയിരുകൾ ശുദ്ധീകരിക്കുന്നതിനുമുള്ള ശേഷികൾ വർദ്ധിപ്പിക്കുക. ബാക്കിർചിക് ഖനന—ഇരുമ്പ്-ഉരുക്ക് ശാലയുടെയും കയ്‌രാക്ടി ടങ്സ്റ്റൺ, കോക്ടെൻകോൾ മോളിബ്ഡ്നം, ബോഷ്ചെകുൾ ചെമ്പ് ഖനന–സാന്ദ്രീകരണപ്ലാന്റുകളുടെയും നിർമ്മാണം ആരംഭിക്കുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപാദനം 13–15 ശതമാനം കണ്ടു് വർദ്ധിപ്പിക്കുക. 1990-ഓടെ ധാന്യോൽപ്പാദനം 300–310 ലക്ഷം ടണ്ണും മാംസത്തിന്റേതു് (അറവു് തൂക്കം)—14–15 ലക്ഷം ടണ്ണും പാലിന്റേതു്—54–55 ലക്ഷം ടണ്ണും മുട്ടയുടേതു് 420–430 കോടിയും കംബ്ലിയുടേതു് ചുരുങ്ങിയതു് 120000 ടണ്ണും കാലിത്തീററയുടേതു് 550-580 ലക്ഷം ടൺ ഫീൽഡ് യൂനിററും ആക്കുക. ഉയർന്ന ഗുണനിലവാരമുള്ള ദുരുംഗോതമ്പ്, കരുത്തുള്ള ഗോതമ്പിനങ്ങൾ എന്നിവയുടെയും തിന, ബക്‌വീററ് എന്നിവയുടെയും വാണിജ്യപരമായ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കുക. ഇറച്ചിയ്ക്കുവേണ്ടി കന്നുകാലികളെ വളർത്തുന്നതും മൃദുരോമ, അർദ്ധമൃദുരോമ ചെമ്മരിയാടുകളെ വളർത്തുന്നതും തുടരുക. ജലസിക്തനിലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും നിലവിലുള്ള ജലസേചനവിധാനങ്ങൾ 670,000 ഹെക്ടർ വിസ്തൃതിയിലുള്ള പ്രദേശത്തു് സാങ്കേതികമായി അഭിവൃദ്ധിപ്പെടുത്താനുമുള്ള നടപടികൾ പ്രാവർത്തികമാക്കുക. പഞ്ചവൽസരഘട്ടത്തിൽ 400,000 ഹെക്ടർ ജലസിക്ത ഭൂമിയിൽ കൃഷിചെയ്യുക.

*ജോർജിയൻ എസ്. എസ്. ആറിൽ* വ്യാവസായികോൽപ്പാദനം 22–25 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങ്, ഇലക്ട്രോണിക്സ്, ഉപകരണനിർമ്മാണവ്യവസായങ്ങൾക്ക് മുൻഗണനാപരമായ വളർച്ചനിരക്കുകൾ ഉറപ്പേകുക.

ഖുദോൺ ജലവൈദ്യുതനിലയത്തിൻെറ ആദ്യത്തെ ഉൽപാദനയൂണിററുകൾ പ്രവർത്തിപ്പിച്ചുതുടങ്ങുകയും ജോർജിയൻ അണുകതാപനിലയത്തിൻെറ നിർമ്മാണം ആരംഭിക്കുകയും മർനെയൂലി നഗരത്തിൽ മാനകീകൃതങ്ങളല്ലാത്ത യന്ത്രസാമഗ്രികളുടെ ഒരു പ്ലാൻറിൻെറയും ഒരു റോളിങ്ങ് മില്ലിൻെറയും നിർമ്മാണം ആരംഭിക്കുകയും റുസ്താവി ഇരുമ്പ്-ഉരുക്ക് ശാലയെയും ത്ബിലിസി സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയത്തെയും നവീകരിച്ചു തുടങ്ങുകയും ചെയ്യുക. മലപ്രദേശങ്ങളിലെ കൃഷിക്കുള്ള ട്രാക്ടറുകളും യന്ത്രങ്ങളും നിർമ്മിക്കുന്നതിനുള്ള ഒരു പ്ലാൻറ് നിർമ്മിക്കുകയും കുററായിസി മോട്ടോർ വർക്സിൻെറ രണ്ടാം ഖണ്ഡം നിർമ്മിക്കുകയും ചെയ്യുക. മരാബ്ദാ-അഖാൽകാലക്കി റെയിൽവെ പ്രവർത്തിപ്പിച്ചുതുടങ്ങുക. കരക്കഷ്യൻ ട്രാൻസ്-ഷിപ്പ്മെൻറ് റെയിൽവെയുടെ നിർമ്മാണം ആരംഭിക്കുക.

മൊത്തം വാർഷിക, ശരാശരി കാർഷികോൽപ്പാദനം 14–16 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ഓടെ, മേത്തരം തേയിലയുടെ ഉൽപ്പാദനം 650000 ടൺ വരെയാക്കുക. മുന്തിരി പത്തുലക്ഷം ടണ്ണിൽ കുറയാതെ ഉൽപ്പാദിപ്പിക്കുക. പഴങ്ങളുടേയും ബെറികളുടേയും നാരകപ്പഴങ്ങളുടേയും ഉൽപ്പാദനം 11–14 ലക്ഷം ടണ്ണും മാംസത്തിൻേറത് (അറവ്തൂക്കം) 230,000 ടണ്ണും പാലിൻേറത് 850,000—900,000 ടണ്ണും മുട്ടയുടേത് 120 കോടിയും ആക്കുക. പഞ്ചവൽസരഘട്ടത്തിൽ, 60,000 ഹെക്ടർ ജലസിക്തഭൂമിയിൽ കൃഷി നടത്തുകയും വെള്ളം കെട്ടിനിൽക്കുന്നതും ചതുപ്പുമായ 35000 ഹെക്ടറിൽനിന്ന് വെള്ളം വററിച്ചുകളയുക. കോൾചിസ് താഴ്ന്നപ്രദേശത്തുനിന്ന് വെള്ളം വററിച്ചുകളയുകയും കൃഷിനടത്തുകയും ചെയ്യുന്നത് തുടരുകയും നിലവിലുള്ള ജലസേചനവിധാനങ്ങളെ നവീകരിക്കുകയും ചെയ്യുക. ആരോഗ്യ-സുഖവാസ സംഘലങ്ങളേയും വിനോദസഞ്ചാരകേന്ദ്രങ്ങളേയും കൂടുതൽ വികസിപ്പിക്കുക.

*അസർബൈജാൻ എസ്. എസ്. ആറിൽ* വ്യാവസായികോൽപ്പാദനം 22–25 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. ഇലക്ട്രോണിക്സ്, റേഡിയോ എഞ്ചിനീയറിങ്ങ്, ഉപകരണനിർമ്മാണവ്യവസായങ്ങളുടെ മുൻഗണനാനിരക്കിലുള്ള വികസനത്തിനും വൈദ്യുതവ്യവസായം, പെട്രോകെമിക്കൽ വ്യവസായം, ഭക്ഷ്യവ്യവസായം എന്നിവയുടെ അധികതരവികസനത്തിനും വ്യവസ്ഥ ചെയ്യുക. കാസ്പിയൻ കടലിലും റിപ്പബ്ലിക്കിൻെറ മദ്ധ്യമേഖലകളിലും എണ്ണയ്ക്കുവേണ്ടിയുള്ള പൂർവ്വേക്ഷണവും ഡ്രില്ലിങ്ങും വിപുലപ്പെടുത്തുക. 1990-ൽ 140-150 ലക്ഷം ടൺ എണ്ണ ഉൽപ്പാദിപ്പിക്കുക.

അസർബൈജാൻ സ്റ്റേററ് റീജ്യണൽ താപവൈദ്യുതനിലയത്തിൻെറ നിർമ്മാണം പൂർത്തിയാക്കുകയും ഒരു അണുകവൈദ്യുതനിലയത്തിൻെറയും നൊവൊബെയിൻസ്ക്കയ താപന-വൈദ്യുത പ്ലാൻറിൻെറയും കിരോവബാദിലെ ട്രക്ക് നിർമ്മാണശാലയുടെയും നിർമ്മാണം പൂർത്തിയാക്കുകയും ചെയ്യ്ക. എത്തിലീനും പ്രൊപ്പിലീനും ഉൽപ്പാദിപ്പിക്കുന്നതിനും സംസ്ക്കരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ പ്രവർത്തിപ്പിച്ചുതുടങ്ങുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപ്പാദനം 14 - 16 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ൽ ധാന്യത്തിൻെറ മൊത്തം ഉൽപ്പാദനം 16 ലക്ഷം ടണ്ണും പരുത്തിനാരിൻേറത് 238000 ടണ്ണും (അസംസ്കൃത പരുത്തിയുടേത് 750000 ടൺ) മുന്തിരിയുടേത് 25 ലക്ഷം ടണ്ണും പച്ചക്കറിയുടേതും മത്തങ്ങയുടേതും 120 ലക്ഷം ടണ്ണും കാലിത്തീററയുടെ

ത് 72-74 ലക്ഷം ടൺ ഫീഡ്‌യൂനിററും മാംസത്തിന്റേത് (അറവുതൂക്കം) 220,000 - 225,000 ടണ്ണും പാലിന്റേത് 12-13 ലക്ഷം ടണ്ണും മുട്ടയുടേത് 130 കോടിയും ആക്കുക. പഞ്ചവൽസരഘട്ടത്തിൽ 600,000 ഹെക്ടർ ജലസിക്തഭൂമി മെച്ചപ്പെടുത്തുകയും 75,000 ഹെക്ടർ ജലസിക്തഭൂമിയിൽ കൃഷി നടത്തുകയും ചെയ്ക.

കാസ്പിയൻ കടൽത്തീരത്ത് ദേശവ്യാപകപ്രാധാന്യമുള്ള സുഖവാസമേഖല സൃഷ്ടിക്കുന്നതിന്നുള്ള പ്രവർത്തനം ആരംഭിക്കുക.

*ലിത്വാനിയൻ എസ്. എസ്. ആറിൽ* വ്യാവസായികോൽപാദനം 13-16 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. കമ്പ്യൂട്ടർ സാമഗ്രികൾ, ഉപകരണങ്ങൾ, സ്വയംപ്രവർത്തനോപാധികൾ എന്നിവയുടേയും സാംസ്കാരികാവശ്യങ്ങൾക്കും വീട്ടുപയോഗത്തിനുമുള്ള സാധനങ്ങളുടേയും മുൻഗണനാനിരക്കിലുള്ള വികസനം ഉറപ്പുവരുത്തുക. രാസോൽപന്നങ്ങളുടെയും ടിന്നിലടച്ച മാംസത്തിന്റേയും ക്ഷീരോൽപന്നങ്ങളുടെയും ഫർണിച്ചറിന്റേയും ലിനൻ തുണിയുടെയും തുകൽ ചെരിപ്പുകളുടെയും ഉൽപാദനം വർദ്ധിപ്പിക്കുക. കൈസിയദൊറിസ് ഹൈഡ്രോ ഇലക്ട്രിക് പമ്പ്ഡ് സ്റ്റോറേജ് വൈദ്യുതനിലയത്തിലെ പുതിയ ശേഷികളും കെദായിന്യായി കെമിക്കൽ പ്ലാന്റിൽ സൾഫ്യൂറിക് ആസിഡ് ഉൽപാദിപ്പിക്കുന്നതിനുള്ള സാകല്യങ്ങളും മെസെയ്ക്യായി എണ്ണശുദ്ധീകരണശാലയിൽ തൃതീയക എണ്ണശുദ്ധീകരണസാകല്യങ്ങളും പ്രവർത്തിപ്പിച്ചുതുടങ്ങുകയും സോവിയററ് യൂണിയനും ജി. ഡി. ആറും തമ്മിൽ തീവണ്ടിഗതാഗതം ആരംഭിക്കുകയും ചെയ്ക.

മൊത്തം വാർഷിക ശരാശരി കാർഷികോൽപാദനം 14-16 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ൽ ധാന്യോൽപ്പാദനം 40 ലക്ഷം ടണ്ണും ഉരുളക്കിഴങ്ങിന്റേത് 25 ലക്ഷം ടണ്ണും കാലിത്തീററയുടേത് കുറഞ്ഞത് 110 ലക്ഷം ടൺ ഫീഡ് യൂനിററും മാംസത്തിന്റേത് (അറവുതൂക്കം) 600 000 - 620 000 ടണ്ണും പാലിന്റേത് 32-33 ലക്ഷം ടണ്ണും ആക്കുക. മററ് റിപ്പബ്ലിക്കുകൾക്ക് കന്നുകാലികളെ നൽകത്തക്കവിധത്തിൽ ഉയർന്ന ജനുസ്സിലുള്ള കാലിപ്രജനനാസ്തിവാരം ഏർപ്പെടുത്തുക. പഞ്ചവൽസരഘട്ടത്തിൽ, വെള്ളം വററിച്ചെടുത്ത 450,000 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുക.

*മോൾഡാവിയൻ എസ്. എസ്. ആറിൽ,* വ്യാവസായികോൽപാദനം 22-25 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. കാർഷിക-വ്യാവസായിക സാകല്യത്തെ തുടർന്ന് വികസിപ്പിക്കുകയും അതിന്റെ സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്ക. *പൊദ്ഗ്ലോദ് സെൽഖൊസ്മാഷ്, മോൾദ് സെൽഖൊസ്മാഷ്* കാർഷികയന്ത്രസാമഗ്രിനിർമ്മാണ പ്ലാന്റുകളുടെ നിർമ്മാണവും ബെൻഡെറി സിൽക്ക്മില്ലിന്റെ ആധുനികീകരണവും പൂർത്തിയാക്കുക, സൊറൊക്കി പട്ടണത്തിൽ ബോർഹോംജിയോ ഫിസിക്കൽ ഉപകരണ പ്ലാന്റുകളും യെഡിൻറ്സൈ പട്ടണത്തിൽ താപപ്രവാഹമീററുകളും വാട്ടർ മീററുകളും ഉൽപാദിപ്പിക്കുന്ന ശാലകളും നിർമ്മിക്കുക. തുണിത്തരങ്ങളുടേയും ജവുളികളുടെയും ഉൽപ്പാദനവും പിന്നൽ സാധനങ്ങളുടെയും ടിന്നിലടച്ച ഭക്ഷ്യവസ്തുക്കളുടെയും ഉൽപാദനവും വർദ്ധിപ്പിക്കുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപാദനം 15-17 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ൽ പച്ചക്കറിയുടെ മൊത്തം ഉൽപാദനം 15 ലക്ഷം ടണ്ണും മുന്തിരിയുടേത് 18 ലക്ഷം ടണ്ണും പഴങ്ങളുടേതും ബെറിയുടേതും 17 ലക്ഷം ടണ്ണും പാലിന്റേത് 14-15 ലക്ഷം ടണ്ണും മാംസത്തിന്റേത് (അറവുതൂക്കം) 350 000 - 360,000 ടണ്ണും ആക്കുക; സങ്കരമക്കാച്ചോളവിത്തിന്റെ വിൽപന 70,000 ടണ്ണും സൂര്യകാന്തിവിത്തിന്റെ വിൽപന 10.000 ടണ്ണും ആക്കുക. 150,000 ഹെക്ടർ ജലസിക്തഭൂമിയിൽ കൃഷിയിറക്കുക.

*ലാററ്വിയൻ എസ്. എസ്. ആറിൽ* ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങ്, രാസവ്യവസായങ്ങൾ എന്നിവയുടെയും വാർത്താവിനിമയ ഉപകരണങ്ങളുടെ ഉൽപാദനത്തിന്റെയും മുൻഗണനാടിസ്ഥാനത്തിലുള്ള വികസനത്തോടെ വ്യാവസായികോൽപാദനം 13 – 16 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. മേത്തരം ഉപഭോഗസാധനങ്ങളുടെ ഉൽപാദനം വികസിപ്പിക്കുകയും മൽസ്യോൽപന്നങ്ങളുടെ ശ്രേണി വിപുലപ്പെടുത്തുകയും ചെയ്ക. ലഘുവ്യവസായത്തിന്റെയും നിർമ്മാണവ്യവസായസ്ഥാപനങ്ങളുടെയും പുനഃസജ്ജീകരണവും ആധുനികീകരണവും തുടരുക. ദൗഗവ് പിൽസ് ജലവൈദ്യുതനിലയത്തിലെ, ആദ്യത്തെ വൈദ്യുതോൽപാദനയൂനിററുകളും വ്യാവസായിക റോബട്ടുകളെ ഉൽപാദിപ്പിക്കുന്നതിന്നുള്ള റീഗാ പ്ലാൻറിന്റെ ആദ്യഘട്ടവും പ്രവർത്തിപ്പിച്ചുതുടങ്ങുക. *സർക്കനായിസ് മെററലർഗിസ്* പ്ലാൻറിന്റെ ആധുനികീകരണം ആരംഭിക്കുക. റിപ്പബ്ലിക്കിന്റെ സമ്പദ്വിധാനത്തിന്ന് കൂടുതൽ വേഗത്തിൽ വാതകമേകുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപാദനം 12 - 14 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ഓടെ ധാന്യോൽപാദനം 23 ലക്ഷം ടണ്ണും ഉരുളക്കിഴങ്ങിന്റേത് 18 ലക്ഷം ടണ്ണും മാംസത്തിന്റേത് (അറവുതൂക്കം) 360 000 – 370 000 ടണ്ണും പാലിന്റേത് 20 - 22 ലക്ഷം ടണ്ണും ആക്കുക. ചുരുങ്ങിയത് 260 000 ഹെക്ടർ സ്ഥലമെങ്കിലും വെള്ളം വററിച്ചെടുക്കുക.

സമുദ്രഗതാഗതം വികസിപ്പിക്കുന്നതും മൽസ്യബന്ധന നൗകകളുടെ വ്യൂഹം വികസിപ്പിക്കുന്നതും തുറമുഖസൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതും തുടരുക. സാനട്ടോറിയങ്ങളുടെയും ആരോഗ്യസംവർദ്ധകകേന്ദ്രങ്ങളുടെയും യൂർമല സുഖവാസകേന്ദ്രത്തിന്റെ അന്തർഘടനാപരമായ സൗകര്യങ്ങളുടെയും നിർമ്മാണം ത്വരിപ്പിക്കുക.

*കിർഘിസ് എസ്. എസ്. ആറിൽ* വൈദ്യുതിവ്യവസായം, ആയസേതര ലോഹവ്യവസായം, ഇലക്ട്രോണിക്സ് വ്യവസായം, ലഘുവ്യവസായം എന്നിവയുടെ ത്വരിതഗതിയിലുള്ള വികസനത്തോടെ വ്യാവസായികോൽപാദനം 21 – 24 ശതമാനം വർദ്ധിപ്പിക്കുക. താഷ്-കുമിർ, ഷമാർഡൈ-സായ് ജലവൈദ്യുതനിലയങ്ങളേയും ഫ്രുൺസെ താപന-വൈദ്യുതപ്ലാൻറ് നമ്പർ 2-ന്റെ താപവൈദ്യുതശേഷികളേയും താഷ്-കുമിർ അർദ്ധചാലകസാമഗ്രി പ്ലാൻറിനേയും പ്രവർത്തിപ്പിച്ചുതുടങ്ങുക. കംബാരട്ടി ജലവൈദ്യുതനിലയത്തിന്റെയും സാറൈഷാസ് ഖനന-സാന്ദ്രീകരണപ്ലാൻറിന്റെയും നിർമ്മാണമാരംഭിക്കുക. കിർഘിസ് ഉദ്ഗ്രഥിത സ്വർണ്ണഖനനശാലയുടെ നിർമ്മാണം പൂർത്തിയാക്കുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപ്പാദനം 13–15 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. മേച്ചിൽ സ്ഥലങ്ങളെ മെച്ചപ്പെടുത്തിക്കൊണ്ട് കാലിത്തീററാസ്തിവാരം ശക്തിപ്പെടുത്തുക. 1990-ൽ മാംസത്തിന്റെ ഉൽപ്പാദനം (അറവുതൂക്കം) 220000 – 230000 ടണ്ണും പാലിന്റേത് 850000 – 860000 ടണ്ണും മുട്ടയുടേത് 64 കോടിയും കമ്പിളിയുടേത് 40,000 ടണ്ണും ആക്കുക; അഖിലയൂണിയൻ വിത്ത് ശേഖരത്തിലേക്ക് 15,000 ടൺ പഞ്ചസാരക്കിഴങ്ങ് ചെടിയുടെ വിത്തും 6500 – 7000 ടൺ കുതിരപ്പുൽ വിത്തും സംഭാവനയേകുക. പഞ്ചവത്സര ഘട്ടത്തിൽ 85,000 ഹെക്ടർ ജലസിക്ത ഭൂമിയിൽ കൃഷിയിറക്കുക. സാറൈ-ദ്സ്ഹാസ് നദിയുടെ ജല-ഊർജ്ജ വിഭവങ്ങൾ സമഗ്രമായി ഉപയോഗിക്കുന്നതു സംബന്ധിച്ച പ്രവർത്തനം ആരംഭിക്കുക.

*താജിക് എസ്. എസ്. ആറിൽ* വൈദ്യുത, രാസ, ലഘു, ഭക്ഷ്യ വ്യവസായങ്ങളും മെക്കാനിക്കൽ എഞ്ചിനീയറിങ്ങും മുൻഗണനാപരമായി വികസിപ്പിച്ചുകൊണ്ട് വ്യാവസായികോൽപ്പാദനം 23 - 26 ശതമാനംകണ്ട് ഉയർത്തുക. ദക്ഷിണതാജിക് ടെറിട്ടോറിയൽ ഉൽപ്പാദന സാകല്യത്തി

ന്റെ അധികതര വികസനം ഉറപ്പുവരുത്തുക. റോഗുൺ ജലവൈദ്യുത നിലയത്തിൽ പുതിയ ശേഷികൾ പ്രവർത്തിപ്പിച്ചുതുടങ്ങുകയും സാങ്റ്റുഡ ജലവൈദ്യുത നിലയത്തിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്ക. യവാൻ ഇലക്ട്രോ-കെമിക്കൽ പ്ലാന്റിന്റെ നിർമ്മാണം തുടരുകയും താജിക് അലൂമിനിയം വർക്സിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്ക. താജിക്ക് സ്വർണ്ണഖനന ശാലയുടെയും കുല്യാബ് നഗരത്തിൽ ഒരു സ്റ്റോറേജ് ബാററി പ്ലാന്റിന്റെയും നിർമ്മാണമാരംഭിക്കുക. കനിബാദാം, കുല്യാബ് നഗരങ്ങളിലും ഫയ്സാബാദ് റീജ്യണിലും നൂൽനൂൽപ്പ്-നെയ്ത്ത് ശാലകൾ നിർമ്മിക്കുക. പാമിർ ജലവൈദ്യുത നിലയത്തിന്റെയും കുർഗാൻ-ട്യുബെ-കുല്യാബ് റെയിൽവെയുടെയും നിർമ്മാണമാരംഭിക്കുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപ്പാദനം 12–14 ശതമാനം വർദ്ധിപ്പിക്കുക. 1990-ഓടെ പരുത്തിനാരിന്റെ ഉൽപ്പാദനം 290,000 ടണ്ണും (മികച്ച നാരുള്ള 320000 ടൺ പരുത്തി ഉൾപ്പെടെ അസംസ്കൃത പരുത്തിയുടേത് 910000 ടൺ ആക്കുക) മാംസത്തിന്റേത് (അറവ്തൂക്കം) 140000 - 143000 ടണ്ണും പാലിന്റേത് 630000 - 640000 ടണ്ണും മുട്ടയുടേത് 71 – 72 കോടിയും ആക്കുക. ഉദ്യാന കൃഷിയും മുന്തിരിക്കൃഷിയും വികസിപ്പിക്കുക, പച്ചക്കറികളും ക്ഷീരോൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്ന നഗരപ്രാന്ത മേഖലകളുടെ രൂപീകരണം, മുഖ്യാംശത്തിൽ, പൂർത്തീകരിക്കുക. മലമ്പ്രദേശങ്ങളിലും അടിവാരങ്ങളിലും, ഭക്ഷ്യാവശ്യത്തിന്നായി ഉരുളക്കിഴങ്ങ് കൃഷിചെയ്യുന്നതിന്നുള്ള വിശ്വസനീയമായ ഒരസ്തിവാരം ഏർപ്പെടുത്തുക. പഞ്ചവത്സര ഘട്ടത്തിൽ 55000 ഹെക്ടർ നിലം ജലസിക്തമാക്കുക. ഒൻഗാര പുൽമൈതാനത്തെയും ബെഷ്ക്കെന്റ് സമതലത്തെയും തുടർന്ന് വികസിപ്പിക്കുക.

*അർമേനിയൻ എസ്. എസ്. ആറിൽ* വ്യാവസായികോൽപ്പാദനം 24 – 26 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മെക്കാനിക്കൽ എഞ്ചിനീയറിങ്ങ്, രാസ, ലഘു, ആയസേതര ലോഹ വ്യവസായ സ്ഥാപനങ്ങൾ, കെട്ടിടനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽ നിരവധിയെണ്ണത്തെ പുനഃസജ്ജീകരിക്കുകയും വികസിപ്പിക്കുകയും ചെയ്ക.

അർമേനിയൻ അണുക വൈദ്യുത നിലയത്തിന്റെ രണ്ടാം ഖണ്ഡത്തിന്റെയും വാർഡെനിസ്-ദ്ഷെർമുക് റെയിൽവെയുടെയും നിർമ്മാണമാരംഭിക്കുക. കഫാൻ നഗരത്തിൽ പ്രോഗ്രാം മാസ്റ്റർ കൺട്രോളറുകളുടെയും സ്വയം പ്രവർത്തക മാനിപ്പുലേറ്ററുകൾക്കുവേണ്ട ഹൈഡ്രോളിക് ഉപകരണങ്ങൾ, സ്പെഷലിസ്റ്റ് സാങ്കേതിക ശാസ്ത്ര ഉപകരണം എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന്നുള്ള പ്ലാന്റുകളും പിന്നൽ ഉടയാടകൾ നിർമ്മിക്കുന്നതിന്നുള്ള മില്ലും നിർമ്മിക്കുക. പിന്നൽ സാധനങ്ങളും തുകൽ ചെരിപ്പുകളും നിർമ്മിക്കുന്നതിന്നുള്ള ശേഷികൾ വർദ്ധിപ്പിക്കുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപ്പാദനം 12 – 14 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ഓടെ ധാന്യോൽപ്പാദനം 330000 ടണ്ണും പച്ചക്കറികളുടേത് 500000 ടണ്ണും മുന്തിരിയുടേത് 350000 ടണ്ണും പഴങ്ങളുടേതും ബെറിയുടേതും 240000 ടണ്ണും മാംസത്തിന്റേത് (അറവുതൂക്കം) 130000 ടണ്ണും പാലിന്റേത് 625000 ടണ്ണും മുട്ടയുടേത് 68 കോടിയും ആക്കുക. ജലസേചന വിധാനങ്ങൾ ആധുനികീകരിക്കുകയും 35000 ഹെക്ടർ ജലസിക്ത ഭൂമിയിൽ കൃഷിയിറക്കുകയും ചെയ്ക.

*തുർക്ക്മെൻ എസ്. എസ്. ആറിൽ* വ്യാവസായികോൽപ്പാദനം 20 – 23 ശതമാനം വർദ്ധിപ്പിക്കുക. ധാതവവളത്തിന്റെ ഉൽപ്പാദനം 160 ശതമാനം വർദ്ധിപ്പിക്കുക, വാതകോൽപ്പാദനം 8600 കോടി ഘനമീറ്റർവരെയാക്കി ഉയർത്തുക. എണ്ണയ്ക്കും വാതകത്തിനും വേണ്ടിയുള്ള ഭൂഗർഭ പൂർവ്വേക്ഷണം ശക്തിപ്പെടുത്തുക. വൈദ്യുത, ലഘു, ഭക്ഷ്യ വ്യവ

സായങ്ങളും മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് വ്യവസായവും ത്വരിതഗതിയിൽ വികസിപ്പിക്കുക. മേരി സ്റ്റേററ് റീജ്യനിൽ വൈദ്യുത നിലയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ഫാർദ്ധൗ എണ്ണശുദ്ധീകരണശാല വേഗത്തിൽ പ്രവർത്തിപ്പിച്ചുതുടങ്ങുകയും ടഷൗസിലെ ഗ്രാഫിറ്റൈസ്ഡ് ഇലക്ട്രോഡ്പ്ലാൻറിന്റെ ആദ്യഘട്ടത്തിന്റെയും തുർക്കുമെൻ ഹാർഡ് അലോയി ഉൽപ്പന്നപ്ലാൻറിന്റെയും നിർമ്മാണമാരംഭിക്കുക. മദ്ധ്യേഷ്യൻ പൊട്ടാഷ്‌വളം നിർമ്മാണശാലയുടെ നിർമ്മാണം ആരംഭിക്കുക. പൂർവ്വ തുർക്കുമെൻ ടെറിട്ടോറിയൽ ഉൽപ്പാദന സാകല്യം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ ഗവേഷണവും ഡിസൈൻ പ്രവർത്തനവും തുടരുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപ്പാദനം 12–14 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ഓടെ പരുത്തിനാരിന്റെ ഉൽപ്പാദനം 3,98,000 ടണ്ണും (മികച്ചനാരുള്ള 370000 ടൺ പരുത്തിയടക്കം, അസംസ്കൃത പരുത്തിയുടേത് 1,300,000 ടൺ), പച്ചക്കറിയുടേതും മത്തങ്ങയുടേതും 900,000 ടണ്ണും മാംസത്തിന്റേത് (അറവുതൂക്കം) 120,000 ടണ്ണും പാലിന്റേത് 380000 ടണ്ണും മുട്ടയുടേത് 39 കോടിയും കംബ്ലിയുടേത് 14,000–15000 ടണ്ണും കാലിത്തീററയുടേത് 53 ലക്ഷം ടൺ ഫീഡ്‌യൂനിററുമാക്കുക.

പഞ്ചവത്സര ഘട്ടത്തിൽ 106,000 ഹെക്ടർ ജലസിക്ത ഭൂമിയിൽ കൃഷിയിറക്കുക. ജല വിനിയോഗസൗകര്യങ്ങളുടെ നിർമ്മാണവും കാരാകും കനാൽ മേഖലയിൽ നിലത്തിന്റെ സമഗ്രമായ വികസനവും തുടരുക.

*എസ്തോണിയൻ എസ്. എസ്. ആറിൽ* വ്യാവസായികോൽപ്പാദനം 13-16 ശതമാനംകണ്ട് വർദ്ധിപ്പിക്കുക. ഷേൽസംസ്കരണ, ഇലക്ട്രോണിക്സ് വ്യവസായങ്ങളുടെയും ഉപകരണ നിർമ്മാണത്തിന്റെയും മുൻഗണനാനിരക്കിലുള്ള വികസനം ഉറപ്പുവരുത്തുക. സാംസ്കാരികാവശ്യങ്ങൾക്കും വീട്ടുപയോഗത്തിനുമുള്ള സാധനങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക. *കുരെമെയ്* ഷേൽ ഖനിയുടെ നിർമ്മാണം ആരംഭിക്കുക. നൊവൊതല്ലിൻസ്കി കടൽ തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുക, വിരെഷി-തല്ലിൻ വാതക പൈപ്പ്‌ലൈൻ നിർമ്മിക്കുക.

ശരാശരി മൊത്തം വാർഷിക കാർഷികോൽപ്പാദനം 12-14 ശതമാനം കണ്ട് വർദ്ധിപ്പിക്കുക. 1990-ഓടെ കാലിത്തീററയുടെ ഉൽപ്പാദനം 44 ലക്ഷം ടൺ ഫീഡ്‌യൂനിററും മാംസത്തിന്റേത് (അറവുതൂക്കം) 245000–250000 ടണ്ണും പാലിന്റേത് 14 ലക്ഷം ടണ്ണും ആക്കുക. പന്നിയിറച്ചി ഉപ്പിട്ടുണക്കി സൂക്ഷിക്കുന്നതിന്നായുള്ള പന്നിവളർത്തൽ വികസിപ്പിക്കുക. പഞ്ചവത്സരഘട്ടത്തിൽ 85000 ഹെക്ടർ സ്ഥലം വെള്ളം വററിച്ചെടുക്കുക.

## XIII. വിദേശ സാമ്പത്തികബന്ധങ്ങളുടെ വിപുലനം

സഹോദരസോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള സാമ്പത്തിക പരസ്പര പ്രവർത്തനം, സി. എം. ഇ. എ. അംഗരാജ്യങ്ങളുടെ ഉന്നതതലസാമ്പത്തിക സമ്മേളനത്തീരുമാനങ്ങൾ സുസ്ഥിരം പ്രാവർത്തികമാക്കിക്കൊണ്ട് സമഗ്രമായി അഭിവൃദ്ധിപ്പെടുത്തുകയും സമ്പുഷ്ടമാക്കുകയും ചെയ്ക. മുഖ്യമായ ദേശീയ സാമ്പത്തികകടമകൾ നിറവേററുന്നതിലും സോഷ്യലിസ്റ്റ് സമുച്ചയത്തിലെ രാജ്യങ്ങളുടെ ഐക്യവും അണിയടുപ്പവും ലോകത്തിൽ അതിന്റെ കൈനിലകളും അരക്കിട്ടുറപ്പിക്കുന്നതിൽ സോഷ്യലിസ്റ്റ് സാമ്പത്തികോദ്ഗ്രഥനമേകിയിട്ടുള്ള സാദ്ധ്യതകൾ പൂർണതരമായി വിനിയോഗിക്കുക.

ശാസ്ത്രം, സാങ്കേതികവിദ്യ, വ്യവസായം, കൃഷി, ഗതാഗതം, മൂലധനനിർമ്മാണം എന്നീ തുറകളിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരങ്ങൾ സംയുക്തമായി കണ്ടെത്തുകയും ഉൽപ്പാദനത്തിൽ പ്രത്യേക വൽക്കരണത്തിന്റെയും സഹകരണത്തിന്റെയും പുതുരൂപങ്ങൾക്കും ഉൽപ്പാദനത്തിലെ പ്രത്യേക വൽക്കരണം, സഹകരണം, പരസ്പരവ്യാപാരം, മററുതരത്തിലുള്ള സഹകരണം എന്നിവ വികസിപ്പിക്കുന്നതിന്നുള്ള അവസരങ്ങൾക്കും വേണ്ടി അന്വേഷണം നടത്തുക, ഈ ഉദ്ദേശ്യത്തോടെ സി. എം. ഇ. എ. ചട്ടക്കൂട്ടിനുള്ളിൽനിന്നുകൊണ്ട് ഉഭയപക്ഷാടിസ്ഥാനത്തിൽ, സഹോദരരാജ്യങ്ങളുമായുള്ള സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതികശാസ്ത്രനയങ്ങൾ ഏകോപിപ്പിക്കുക. സാമ്പത്തിക-സാമൂഹ്യവികസനപദ്ധതികളെ കൂടുതൽ വലിയ തോതിൽ ഏകോപിപ്പിക്കുക. വികസനം ത്വരിപ്പിക്കുകയും സാമൂഹ്യോൽപ്പാദനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും സാർവ്വദേശീയ അദ്ധ്വാന വിഭജനത്തിലെ പങ്കാളിത്തം വിപുലപ്പെടുത്തുകയും ചെയ്യുന്നതിൽ വിയറ്റ്നാം സോഷ്യലിസ്റ്റ് റിപ്പബ്ലിക്, ക്യൂബാറിപ്പബ്ലിക്, മങ്കോളിയൻ ജനകീയ റിപ്പബ്ലിക് എന്നിവയ്ക്ക്, മററു സി. എം. ഇ. എ. അംഗരാജ്യങ്ങളോടൊപ്പം, സാർവ്വദേശീയവാദപരമായ സഹായമേകുന്നത് തുടരുക.

കൂട്ടായ ഒരടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച പരിഹാരങ്ങൾ കണക്കിലെടുത്തുകൊണ്ട് ആധുനികയന്ത്രസാമഗ്രികൾ, സാങ്കേതികവിദ്യകൾ, പദാർത്ഥങ്ങൾ എന്നിവ വികസിപ്പിക്കുകയും ഏർപ്പെടുത്തുകയും ചെയ്യുന്നതിൽ സി. എം. ഇ. എ. അംഗരാജ്യങ്ങളുമായുള്ള സഹകരണം വിപുലപ്പെടുത്തുക. സഹോദരരാജ്യങ്ങളിലെ വ്യവസായസ്ഥാപനങ്ങളുമായി നേരിട്ട് ഉൽപ്പാദനബന്ധങ്ങൾ വികസിപ്പിക്കുന്നതും അതുപോലെ സംയുക്തവ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും ഉൾപ്പെടെ ഈ പ്രവർത്തനത്തിൽ കൂട്ടുസ്ഥാപനങ്ങളേയും വ്യവസായസ്ഥാപനങ്ങളേയും പങ്കെടുപ്പിക്കുക. സാങ്കേതിക-സാമ്പത്തികമാനകങ്ങളും പരസ്പരഡെലിവറികളുടെ ഗുണനിലവാരവും സാദ്ധ്യമായ വിധത്തിലെല്ലാം മെച്ചപ്പെടുത്തുക. സി. എം. ഇ. എ. ചട്ടക്കൂട്ടിന്നുള്ളിൽ മാനകീകരണവും ഏകീകരണവും വിപുലപ്പെടുത്തുക.

യാംബുർഗിൽനിന്ന് സോവിയററ് യൂണിയന്റെ പടിഞ്ഞാറൻ അതിർത്തിയിലേക്ക് പോകുന്ന വാതക പൈപ്പ് ലൈനിന്റെയും നൂക്ലിയർ വൈദ്യുതപ്ലാൻറുകളുടെയും താപനിലയങ്ങളുടെയും ക്രിവൊയ് റോഗ് ഖനന-കേന്ദ്രീകരണപ്ലാൻറിന്റെയും നിർമ്മാണം കാസ്പിയൻ നിമ്നഭൂമിയിലെ എണ്ണ-വാതകപ്പാടങ്ങളുടെ വികസനം, സോഷ്യലിസ്റ്റ് സമുച്ചയരാജ്യങ്ങളുടെ സമഗ്രമായ വൈദ്യുതിഗ്രിഡ്ഡിന്റെ അധികതരവികസനം എന്നിവപോലുള്ള ഒട്ടേറെ വൻകിട പ്രോജക്ടുകൾ സി. എം. ഇ. എ. അംഗരാജ്യങ്ങളുമായി യോജിച്ചുകൊണ്ട് നടപ്പാക്കുക. സംയുക്തമായി ആവിഷ്ക്കരിച്ചതും കൃഷിയുടെ ഭൗതിക-സാങ്കേതികാസ്തിവാരം വികസിപ്പിക്കുകയും ലഘു-ഭക്ഷ്യവ്യവസായസ്ഥാപനങ്ങളെ പുനഃസജ്ജീകരിക്കുകയും ഭക്ഷ്യവസ്തുക്കളുടെയും ഉപഭോഗസാധനങ്ങളുടെയും പരസ്പരഡെലിവറികൾ വികസിപ്പിക്കുകയും ചെയ്ക ലാക്കാക്കിയുള്ളതുമായ നടപടികൾ പ്രാവർത്തികമാക്കുക. ഇന്ധനവും അസംസ്കൃത പദാർത്ഥങ്ങളും യുക്തിസഹമായി ഉപയോഗിക്കുന്നതിന്നും അവ സമഗ്രമായി മിച്ചപ്പെടുത്തുന്നതിന്നും ഉൽപ്പാദനത്തിൽ വൈദ്യുതിയുടെയും അസംസ്കൃത പദാർത്ഥങ്ങളുടെയും യൂനിററൊന്നുക്കുള്ള ഉപഭോഗം കുറയ്ക്കുന്നതിന്നും പുതിയ ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുന്നതിന്നുമായി, സഹോദരരാജ്യങ്ങളുമായി യോജിച്ച് തീരുമാനിച്ച നടപടികൾ പ്രാവർത്തികമാക്കുക.

വികസ്വരരാജ്യങ്ങളുമായുള്ള സഹകരണം അഗാധതരമാക്കുക. വ്യാവസായിക പ്രോജക്ടുകളുടെ നിർമ്മാണത്തിലും പരിവഹനം, കാർഷിക യന്ത്രവൽക്കരണം, ജലസേചനം, എന്നിവയുടെ വികസനത്തിലും ധാതവ-ഇന്ധനനിക്ഷേപങ്ങൾക്കുവേണ്ടിയുള്ള ഭൂഗർഭപൂർവ്വേക്ഷണത്തിലും ജീവനക്കാരെ പരിശീലിപ്പിക്കുന്നതിലും മററ് പല രംഗങ്ങളിലും അവയ്ക്ക് സഹായമേകുക അതേസമയംതന്നെ പ്രകൃതിസമ്പത്തിൻെറ വിപുലതരമായ വ്യാവസായികോപയോഗത്തെയും ഈ രാജ്യങ്ങളിലെ ചരക്ക് വിഭവങ്ങളുടെ വർദ്ധനവിനെയും അവയുടെ ദേശീയ സമ്പദ്വിധാനങ്ങളുടെ രൂപീകരണത്തെയും വികസനത്തെയും സ്വാതന്ത്ര്യത്തിൻെറയും പുരോഗതിയുടെയും പാതയിലൂടെയുള്ള അവയുടെ മുന്നേററത്തെയും സഹായിക്കുകയും ചെയ്യണം. ഈ രാജ്യങ്ങളുമായുള്ള ദീർഘകാലികവും ഏകോപിതവുമായ വ്യാപാര-സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക ബന്ധങ്ങൾ സുസ്ഥിരം നടപ്പാക്കിക്കൊണ്ടിരിക്കുക.

താൽപര്യമുള്ള മുതലാളിത്തരാജ്യങ്ങളുമായി പരസ്പരപ്രയോജനത്തിൻെറയും തുല്യതയുടെയും അടിസ്ഥാനത്തിൽ ഉറച്ച വ്യാപാര-സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക സമ്പർക്കങ്ങൾ വികസിപ്പിക്കുകയും അവയുമായുള്ള സഹകരണത്തിൻെറ രൂപങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്ക.

വിദേശരാജ്യങ്ങളുമായുള്ള വ്യാപാരഘടന, സർവ്വോപരി യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, നല്ല നിലയിൽ സംസ്കരിക്കപ്പെട്ട മററുൽപന്നങ്ങൾ എന്നിവയുടെ വിൽപനയിലെ വർദ്ധനവിലൂടെ, മെച്ചപ്പെടുത്തുക.

## XIV. ദേശീയസമ്പദ്വിധാനമാനേജ്മെൻറിൻെറ ഉന്നമനം

*ദേശീയ സമ്പദ്വിധാനത്തിൻെറ നോക്കിനടത്തിപ്പ് കൂടുതൽ അഭിവൃദ്ധിപ്പെടുത്തുക.* ആസൂത്രണത്തിൻെറയും സാമ്പത്തികോത്തലകങ്ങളുടെയും ചോദകങ്ങളുടെയും മാനേജുമെൻറിൻെറ സംഘടനാപരമായ രൂപഘടനകളുടെയും സാംഗോപാംഗമായ ഐക്യവും ഫലപ്രദമായ പരസ്പരപ്രവർത്തനവും ഉറപ്പേകുക ലാക്കാക്കിയുള്ള സാമ്പത്തികമാനേജുമെൻറ് വിധാനം സമഗ്രമായി വികസിപ്പിക്കുക. ഉൽപാദനവികസനത്തിൻെറ ഊർജസ്വലമായ ഘടകങ്ങളെ നിശ്ചയദാർഢ്യത്തോടെ ഉപയോഗിക്കുന്നതിന്നും ശാസ്ത്ര-സാങ്കേതികപുരോഗതി ത്വരിപ്പിക്കുന്നതിന്നും സാമൂഹ്യാവശ്യങ്ങൾ പൂർണതമമായവിധത്തിൽ നിറവേററുന്നതിന്നും ഈ വിധാനത്തെ സജ്ജമാക്കുക.

പന്ത്രണ്ടാം പഞ്ചവൽസരപദ്ധതിക്കാലത്ത് ദേശീയസമ്പദ്വിധാനത്തിൻെറ എല്ലാ മേഖലകളെയും പുതിയ മാനേജുമെൻറ് സമ്പ്രദായത്തിലേക്ക് മാററുക.

ഏകീകരിക്കപ്പെട്ട കേന്ദ്രീകൃതനേതൃത്വത്തെ മുൻകൈ, ക്രിയാത്മകയത്നം, സാമ്പത്തികമാനേജുമെൻറിൻെറ എല്ലാ തലങ്ങളിലും വമ്പിച്ച ഉത്തരവാദിത്വം എന്നിവയുമായി സംയോജിപ്പിക്കുന്ന ജനാധിപത്യകേന്ദ്രീകരണത്തെ ദേശീയസമ്പദ്വിധാനത്തിൻെറ നടത്തിപ്പിൽ സുസ്ഥിരം തികവുററതാക്കുകയും വികസിപ്പിക്കുകയും ചെയ്യുക. അദ്ധ്വാനിക്കുന്ന ജനങ്ങളെ ഉൽപാദനമാനേജുമെൻറിലേക്ക് വിപുലതരമായതോതിൽ കൊണ്ടുവരിക.

ദേശീയസമ്പദ്വിധാനത്തിൻെറ കേന്ദ്രീകൃത മാർഗ്ഗദർശന പ്രമാണങ്ങൾ ശക്തിപ്പെടുത്തുക. സാമ്പത്തികമാനേജുമെൻറിൻെറ ഉന്നത ശ്രേണികളുടെ യത്നങ്ങൾ, പ്രാഥമികമായും, മുഖ്യ സാമൂഹ്യ-സാമ്പത്തിക വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ദേശീയസാമ്പത്തികാനുപാതങ്ങൾ മെച്ചപ്പെടുത്തുന്നതിലും മുഖ്യ ശാസ്ത്രീയ-സാങ്കേതിക

കടമകൾ നിറവേററുന്നതിലും കൂട്ടുസ്ഥാപനങ്ങളുടേയും വ്യവസായസ്ഥാപനങ്ങളുടേയും പ്രവർത്തനത്തിന്ന് മെച്ചപ്പെട്ട സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലും കേന്ദ്രീകരിക്കുക. സെക്ടറൽ മാനേജുമെൻറ് സമിതികളുടെ പ്രവർത്തനനിലവാരങ്ങൾ ഉയർത്തുക.

യൂണിയൻ - സ്വയംഭരണ റിപ്പബ്ലിക്കുകളുടെയും മന്ത്രിസഭകളുടേയും ജനകീയ ഡിപ്യൂട്ടികളുടെ സോവിയററുകളുടേയും അവകാശങ്ങൾ വിപുലപ്പെടുത്തുക, സാമ്പത്തിക-സാമൂഹ്യവികസനപ്രശ്നങ്ങൾ സമയോചിതമായും സുബദ്ധമായും പരിഹരിക്കുന്നതിന്നുള്ള അവയുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുക.

തൊഴിൽ കൂട്ടായ്മകൾ സംബന്ധിച്ച യു. എസ്. എസ്. ആർ. നിയമത്തിൻെറ സുസ്ഥിരമായ പ്രാവർത്തികരണം ഉറപ്പേകുകയും പദ്ധതികൾ ആവിഷ്കരിക്കുന്നതിലും ഉൽപ്പാദന-സാമ്പത്തിക-സാമൂഹ്യ കടമകൾ നിർവ്വഹിക്കുന്നതിലും തൊഴിൽകൂട്ടായ്മകളുടെ പങ്ക് വർദ്ധിപ്പിക്കുകയും ചെയ്ക.

രാഷ്ട്രീയ-സാമ്പത്തിക മാർഗ്ഗദർശനത്തിൻെറ ഐക്യം, നല്ല സംഘാടനം, കാര്യഗൗരവഗുണങ്ങൾ, യോഗ്യത, അച്ചടക്കം, തന്നെ ഏൽപിച്ച കാര്യത്തോട് ഓരോ വ്യക്തിക്കുമുള്ള വ്യക്തിപരമായ ഉത്തരവാദിത്വം തുടങ്ങിയ പ്രധാനപ്പെട്ട ലെനിനിസ്റ്റ് പ്രമാണങ്ങളിൽ ആധാരമായ മാനേജുമെൻറിൻെറ സോഷ്യലിസ്റ്റ് ശൈലി സാർവ്വത്രികമായി ഉറപ്പേകുക.

സോഷ്യലിസ്റ്റ് ക്രമസമാധാനം ശക്തിപ്പെടുത്തുകയും വകുപ്പുമനോഭാവത്തിൻെറയും പ്രദേശികമനോഭാവത്തിൻെറയും ഏത് ബഹിസ്ഫുരണത്തെയും നിശ്ചയദാർഢ്യത്തോടെ നേരിടുകയും ചെയ്ക. തന്നിഷ്ടപ്രകാരമുള്ള ഭരണം, നിസ്സാരമായ രക്ഷാകർത്തൃമനോഭാവം, കൂട്ടുസ്ഥാപനങ്ങളുടെയും വ്യവസായസ്ഥാപനങ്ങളുടെയും കൂട്ടുകൃഷിക്കളങ്ങളുടെയും സ്റ്റേററ് കളങ്ങളുടെയും സാമ്പത്തിക വ്യവഹാരങ്ങൾക്ക് പ്രതിബന്ധമുളവാക്കുന്ന അന്യായമായ നിയന്ത്രണങ്ങൾ എന്നിവയെ ഒഴിവാക്കുക.

സി. എം. ഇ. എ. അംഗരാജ്യങ്ങളുമായി ആസൂത്രണത്തിലും സാമ്പത്തിക മാനേജുമെൻറിലുമുള്ള വികസിതാനുഭവങ്ങളുടെ വിനിമയം അഭിവൃദ്ധിപ്പെടുത്തുക.

*മുഖ്യ ഉൽപാദനഘടകത്തിൻെറ*—ഉൽപാദനകൂട്ടുസ്ഥാപനങ്ങൾ, ഗവേഷണ-ഉൽപാദനകൂട്ടുസ്ഥാപനങ്ങൾ, വ്യവസായസ്ഥാപനങ്ങൾ എന്നിവയുടെ അവകാശങ്ങളുടെയും ഉത്തരവാദിത്വങ്ങളുടേയും ആവയവികമായ ഐക്യം ഉറപ്പുവരുത്തിക്കൊണ്ട് അതിൻെറ പങ്ക് ഉയർത്തുക. കൂട്ടുസ്ഥാപനങ്ങളുടേയും വ്യവസായസ്ഥാപനങ്ങളുടെയും സാമ്പത്തികാശ്രിതത്വവും ഉൽപാദനം സാങ്കേതികമായി പുനഃസജജീകരിക്കുകയും തികവുററതാക്കുകയും ചെയ്യുന്നതിന്നും ആസൂത്രണപ്രവർത്തനം നടപ്പാക്കുന്നതിന്നും അവയ്ക്കുള്ള സാദ്ധ്യതകളും ഗണ്യമായി വിപുലപ്പെടുത്തുക.

കൂട്ടുസ്ഥാപനങ്ങൾക്കും വ്യവസായസ്ഥാപനങ്ങൾക്കും അവയുടെ പ്രവർത്തനത്തിൻെറ അന്തിമഫലങ്ങൾ, ഉൽപന്നങ്ങളുടെ ഡെലിവറികൾ സംബന്ധിച്ച ബാദ്ധ്യതകളുടെ പൂർത്തീകരണം, എല്ലാതരം വിഭവങ്ങളുടേയും കൂടുതൽ കാര്യക്ഷമമായ ഉപയോഗം എന്നിവ സംബന്ധിച്ചുള്ള സാമ്പത്തികോത്തരവാദിത്വം ഉയർത്തുക. വളർച്ചനിരക്കുകൾ ഉയർത്തുന്നതിന്നും ഉൽപാദനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്നും വേണ്ടി, പുതിയ യന്ത്രസാമഗ്രികൾ ഏർപ്പെടുത്തുന്നതിന്നും സാങ്കേതിക വിദ്യകളെ നിരന്തരം തികവുററതാക്കുന്നതിന്നും ഉയർന്ന ഗുണനിലവാരത്തോടുകൂടിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന്നും വേണ്ടി, സാമ്പത്തികയന്ത്രവിധാനം തൊഴിൽകൂട്ടായ്മകളെ കഴിയുന്നത്ര ഉത്തേജിപ്പിക്കുന്നതിന്നായി പ്രവർത്തിക്കുക.

ഉൽപാദനവികസനത്തിനും ജോലിക്ക് പ്രതിഫലം നൽകുന്നതിനും സാമൂഹ്യപ്രശ്നങ്ങളുടെ പരിഹരണത്തിനുമായി കൂട്ടുസ്ഥാപനങ്ങൾക്കും വ്യവസായസ്ഥാപനങ്ങൾക്കും ലഭിക്കുന്ന തുക കർശനമായും, അവയുടെ സാമ്പത്തികപ്രവർത്തനത്തിന്റെ അന്തിമഫലങ്ങളെ ആശ്രയിച്ചാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുക. കൂട്ടുസ്ഥാപനങ്ങളുടെയും വ്യവസായസ്ഥാപനങ്ങളുടെയും വരുതിയിലുള്ള നിധികൾ ഉൽപാദനവികസനത്തിനും സാമൂഹ്യകടമകൾ നിറവേററുന്നതിനും വേണ്ടി വിനിയോഗിക്കുന്നതിന്നായി തൊഴിൽ കൂട്ടായ്മകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുക. കൂട്ടുസ്ഥാപനങ്ങളുടേയും വ്യവസായസ്ഥാപനങ്ങളുടേയും നിധികൾകൊണ്ടും ബാങ്ക് വായ്പകൾകൊണ്ടും നിർവ്വഹിക്കുന്ന നടപടികൾ പ്രാവർത്തികമാക്കുന്നതിന്നാവശ്യമായ ഭൗതിക-സാങ്കേതിക വിഭവങ്ങൾ മുൻഗണനാപരമായി വകയിരുത്തുന്നതിന്ന് വ്യവസ്ഥ ചെയ്യുക.

സോഷ്യലിസ്റ്റ് മൽസരപ്രസ്ഥാനത്തിന്റെ രൂപങ്ങളും സംഘാടനവും അഭിവൃദ്ധിപ്പെടുത്തുകയും ഉയർന്ന അദ്ധ്വാനഫലങ്ങൾ കൈവരിക്കുന്നതിലേക്ക് അതിനെ തിരിച്ചുവിടുകയും ചെയ്ക.

*ആസൂത്രണത്തിന്റെ ശാസ്ത്രീയനിലവാരം ഉയർത്തുക.* രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കുന്നതിലും സാമൂഹ്യോൽപാദനത്തിന്റെ പുരോഗമനപരമായ ഒരു രൂപഘടന രൂപീകരിക്കുന്നതിലും അതിനെ ഉൗർജിതപ്പെടുത്തുന്നതിലും സുസന്തുലിതവും ആനുപാതികവുമായി വികസിപ്പിക്കുന്നതിലും ഉൽപ്പാദന, ശാസ്ത്രീയ, സാങ്കേതികശേഷിസാദ്ധ്യത കാര്യക്ഷമമായി ഉപയോഗിക്കുന്നതിലും അതിന്റെ സ്വാധീനം വർദ്ധിപ്പിക്കുക. പദ്ധതിക്കുറിമാനങ്ങൾ ശാസ്ത്ര-സാങ്കേതിക പുരോഗതിയുടെ നേട്ടങ്ങളെ ആധാരമാക്കിയായിരിക്കുമെന്ന് ഉറപ്പേകുന്നതിന്ന് ആവശ്യമായ നടപടികൾ പ്രാവർത്തികമാക്കുക. പുതിയ യന്ത്രസാമഗ്രികളും സാങ്കേതികവിദ്യകളും വിപുലമായി ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓരോ മേഖലയുടെയും വികസനത്തിന്ന് വ്യവസ്ഥ ചെയ്യുക

ദീർഘകാല പ്രവചനങ്ങളും ദീർഘകാല, നടപ്പുകാല ആസൂത്രണവും തമ്മിലുള്ള പരസ്പരബന്ധങ്ങൾ ശക്തിപ്പെടുത്തുക. സ്റ്റേററ് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സോവിയററ് യൂണിയന്റെ ശാസ്ത്രീയ-സാങ്കേതികപുരോഗതിക്കുള്ള സമഗ്രമായ പരിപാടിയെയും സോവിയററ് യൂണിയന്റെ ഉൽപാദകശക്തികളെ വിതരണംചെയ്യുന്നതിന്നുള്ള ബൃഹദ് പദ്ധതിയെയും പൂർണ്ണതരമായി കണക്കിലെടുക്കുക. പദ്ധതിപരികലനങ്ങൾ സംബന്ധിച്ച ഓട്ടോമേററഡ് വിധാനത്തെ കൂടുതൽ വിപുലമായി ഉപയോഗിക്കുക.

സാമ്പത്തികപ്രവർത്തനത്തിന്റെ സംഘാടനത്തിൽ എല്ലാ തലങ്ങളിലും പഞ്ചവൽസരപദ്ധതികളുടെ പങ്ക് വർദ്ധിപ്പിക്കുക. പദ്ധതിയുടെ പൂർത്തീകരണത്തിൽ അച്ചടക്കം ശക്തിപ്പെടുത്തുക. മാനേജുമെന്റിന്റെ എല്ലാ കണ്ണികളിലും ആവശ്യമായ ഉൽപാദന-ധനകരുതലുകൾ കെട്ടിപ്പടുക്കുക.

ആസൂത്രണത്തിൽ, പുരോഗമനപരങ്ങളായ സാമ്പത്തിക മാനകങ്ങളുടെ ഒരു വിധാനം ഏർപ്പെടുത്തുക. മാനേജുമെന്റിന്റെയും ആസൂത്രണത്തിന്റെയും എല്ലാ തലങ്ങളിലും മാനകാധിഷ്ഠിത സമ്പ്രദായങ്ങൾ വിപുലമായി ഉപയോഗിക്കുക.

പദ്ധതിസൂചകങ്ങളുടെ വിധാനത്തെ തികവുററതാക്കുക, അന്തിമമായ ദേശീയ സാമ്പത്തികഫലങ്ങളോട് കൂടുതലടുത്ത നിലയിൽ അവയെ സജ്ജമാക്കുക, അദ്ധ്വാന, ഭൗതികപദാർത്ഥ, സാമ്പത്തികവിഭവങ്ങളുടെ ഉപയോഗത്തിന്റെ കാര്യക്ഷമതയെയും ഉൽപന്നങ്ങൾ പുതുക്കുന്നതിന്റെ ഗുണനിലവാരത്തെയും വ്യാപ്തിയെയും പ്രതിഫലിപ്പിക്കുന്ന സൂചകങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുക.

സെക്ടർ അടിസ്ഥാനത്തിലും ടെറിട്ടി അടിസ്ഥാനത്തിലുമുള്ള പദ്ധതികളുടെ ഐക്യം ഉറപ്പു വരുത്തുക. പരസ്പരം ബന്ധപ്പെട്ട മേഖലകളിൽ ആസൂത്രണത്തിന്റെ നിലവാരം ഉയർത്തുക. റീജ്യന്റെ സമഗ്രമായ സാമ്പത്തിക-സാമൂഹ്യ വികസനാസൂത്രണം അഭിവൃദ്ധിപ്പെടുത്തുക.

രാജ്യത്തിന്റെ കേന്ദ്ര ശാസ്ത്രീയ-സാമ്പത്തിക ഏജൻസിയെന്ന നിലയിൽ സോവിയറ്റ് യൂണിയന്റെ സ്റ്റേറ്റ് ആസൂത്രണകമ്മിറ്റിയുടെ പങ്കും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുക. പ്രധാനപ്പെട്ട സാമ്പത്തിക റീജ്യനുകളുടേയും ടെറിട്ടോറിയൽ ഉൽപാദനസാകല്യങ്ങളുടേയും സമ്പദ്വിധാനങ്ങളുടെ ആസൂത്രണം തികവുറ്റതാക്കുക.

ഭൗതിക-സാങ്കേതികവിതരണത്തിന്റെ ദേശവ്യാപകമായ വിധാനത്തെ വികസിപ്പിക്കുകയും തികവുറ്റതാക്കുകയും ചെയ്ക, ഡെലിവറികൾ സംബന്ധിച്ച ബാദ്ധ്യതകൾ പൂർത്തീകരിക്കുന്നതിന്നും അസംസ്കൃതപദാർത്ഥങ്ങളും മറ്റു വസ്തുക്കളും വ്യാവസായികാവശിഷ്ട പദാർത്ഥങ്ങളും മിതവ്യയത്തോടുകൂടി യുക്തിസഹമായി ഉപയോഗിക്കുന്നതിന്ന് വിതരണ ഏജൻസികൾക്കുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുക. സാങ്കേതികശാസ്ത്രനിലവാരത്തെയും ഉൽപന്നങ്ങളുടെ ഗുണനിലവാരത്തെയും സ്വാധീനിക്കുന്നതിന്ന് ഉപഭോക്താവിന്നുള്ള സാദ്ധ്യതകൾ വിപുലപ്പെടുത്തുക, ദൂരവ്യാപകമായ സാമ്പത്തികബന്ധങ്ങളും മൊത്തവ്യാപാരവും വികസിപ്പിക്കുക.

*സാമ്പത്തികോത്തോലകങ്ങളുടേയും ചോദകങ്ങളുടേയും ഫലദായിത വർദ്ധിപ്പിക്കുക.* മാനേജുമെന്റ് സംബന്ധിച്ച സാമ്പത്തികസമ്പ്രദായങ്ങളുടെ പങ്ക് ഉയർത്തുക, എല്ലാ ഉൽപാദനകണ്ണികളിലും കോസ്റ്റ് അക്കൗണ്ടിങ്ങിന് പ്രോൽസാഹനം നൽകുക. പഞ്ചവൽസരപദ്ധതിയിൽ ആവിഷ്കരിച്ചിട്ടുള്ള നിയോഗങ്ങളുടേയും, കൂട്ടുസ്ഥാപനങ്ങളുടേയും വ്യവസായസ്ഥാപനങ്ങളുടേയും വരുതിയിലുള്ള തുകകളെ അവയുടെ പ്രവർത്തനഫലങ്ങളുമായി ബന്ധപ്പെടുത്തുന്ന നിശ്ചിത സാമ്പത്തിക മാനകങ്ങളുടേയും അടിസ്ഥാനത്തിൽ അക്കൗണ്ടിങ്ങ് ബന്ധങ്ങൾ ഉത്തരോത്തരം വിപുലപ്പെടുത്തുക. പഞ്ചവൽസരപദ്ധതിയുടെ പ്രാവർത്തീകരണത്തിന്റെ അവസരത്തിൽ ഈ മാനകങ്ങളുടെ സ്ഥിരത ഉറപ്പേകുക. തൊഴിൽകൂട്ടായ്മകളിലെ അംഗങ്ങൾക്ക് ഭൗതികമായ പാരിതോഷികം നൽകുന്നതിന്ന് സ്വന്തം ഫണ്ടുകൾ ഉപയോഗിക്കാൻ കൂട്ടുസ്ഥാപനങ്ങൾക്കും വ്യവസായസ്ഥാപനങ്ങൾക്കുമുള്ള സാദ്ധ്യതകൾ വിപുലപ്പെടുത്തുക.

ഉൽപാദനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലും മിതവ്യയവ്യവസ്ഥ പിൻപറ്റുന്നതിലും അടിസ്ഥാനോൽപാദനാസ്തികൾ നവീകരിക്കുകയും പ്രവർത്തനമൂലധന ടേണോവർ ത്വരിപ്പിക്കുകയും ഉൽപാദനച്ചിലവുകൾ കുറയ്ക്കുകയും ഉൽപാദനത്തിന്റെ ലാഭക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലും സാമ്പത്തികോത്തോലകങ്ങളുടെ പങ്ക് ഗണ്യമായി വർദ്ധിപ്പിക്കുക. തേയ്മാനം സംബന്ധിച്ച കിഴിവുകൾ ഉപയോഗിക്കുന്നതിന്റെ പ്രമാണങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുക.

വിലവ്യവസ്ഥയെ മെച്ചപ്പെടുത്തുക. വിലകൾ, ഉൽപാദനത്തിന്റെ ഗുണസൂചകങ്ങളേയും സാമൂഹ്യമായി ഒഴിച്ചുകൂടാനാകാത്ത അദ്ധ്വാന നിക്ഷേപത്തിന്റെ നിലവാരത്തേയും കൂടുതൽ പൂർണ്ണതരമായി പ്രതിഫലിക്കണം. ധന-വായ്പാ ബന്ധങ്ങൾ വികസിപ്പിക്കുക, ദേശീയ സമ്പദ്വിധാനത്തിൽ പണമടവുകളുടെ ചിട്ട ഊർജ്ജിതപ്പെടുത്തുക.

വിഭവങ്ങളുടെ യുക്തിസഹവും മിതവ്യയപരവുമായ ഉപയോഗം ഉറപ്പുവരുത്തുന്നതിലും ദുർഭരണത്തിനും ദുർവ്യയത്തിനുമെതിരെയും സോഷ്യലിസ്റ്റ് സ്വത്ത് നിലനിർത്തുന്നതിന്നുവേണ്ടിയുമുള്ള സമരം ഊർജിതപ്പെടുത്തുന്നതിലും എക്കൗണ്ടിങ്ങ്, സ്ഥിതിവിവരക്കണക്ക്, മേൽ

നേട്ടം എന്നിവയുടെ പങ്ക് വർദ്ധിപ്പിക്കുക. നിയന്ത്രണവും പരിശോധനപ്രവർത്തനവും മെച്ചപ്പെടുത്തുക.

ദേശീയ സമ്പദ്വിധാനത്തിന്റെ ഓരോ തലത്തിലും അതിന്റെ ഓരോ കണ്ണിയിലും *മാനേജുമെന്റിന്റെ സംഘടനാപരമായ രൂപഘടന അഭിവൃദ്ധിപ്പെടുത്തുക.* മുഖ്യാംശത്തിൽ മാനേജ്മെന്റിന്റെ ദ്വിമുഖവിധാനത്തിലേക്കുള്ള പരിവർത്തനത്തിന്ന് വ്യവസ്ഥചെയ്തുകൊണ്ട് ദേശീയ സമ്പദ്വിധാനത്തിന്റെയും വ്യവസായത്തിന്റെയും മേഖലകളുടെ നടത്തിപ്പിന്നായി, ആവശ്യമുള്ളേടത്തെല്ലാം പുതിയ സാമാന്യപദ്ധതികൾ ആവിഷ്കരിക്കുകയോ അവയിൽ തക്കവിധത്തിൽ മാററം വരുത്തുകയോ ചെയ്ക. അദ്ധ്വാനത്തിന്റെ ദേശീയവിഭജനത്തിൽ യൂണിയൻ റിപ്പബ്ലിക്കുകളുടെ പങ്കും സ്ഥാനവും കണക്കിലെടുത്തുകൊണ്ട് അവയുടെ ദേശീയ സമ്പദ്വിധാനങ്ങളുടെ മാനേജ്മെന്റ് ഘടന അഭിവൃദ്ധിപ്പെടുത്തുക.

പരസ്പരം ബന്ധപ്പെട്ട ഗ്രൂപ്പുകളുടെ നടത്തിപ്പിന്നായി ഏജൻസികൾ രൂപീകരിക്കുക. മേഖലാന്തര മാനേജ്മെന്റിന്റെ രൂപങ്ങൾ തികവുററതാക്കുക. സാമ്പത്തികമാനേജ്മെന്റിന്റെ പുതിയ രീതികളേർപ്പെടുത്തുകയും കൂട്ടുസ്ഥാപനങ്ങളുടേയും വ്യവസായസ്ഥാപനങ്ങളുടേയും അവകാശങ്ങൾ വിപുലപ്പെടുത്തുകയും ചെയ്യുക ലാക്കാക്കി മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും പ്രവർത്തനങ്ങളും രൂപഘടനയും തികവുററതാക്കുക. മേഖലാപരമായ വികസനത്തിന്റെ ഭാവിസാദ്ധ്യതകൾ നിർവ്വചിക്കുന്നതിലും മുഖ്യ സാമ്പത്തികാനുപാതങ്ങൾ രൂപപ്പെടുത്തുന്നതിലും സമഗ്രമായ ശാസ്ത്ര-സാങ്കേതികനിക്ഷേപനയം ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിലും അവയുടെ യത്നങ്ങൾ കേന്ദ്രീകരിക്കുക. സ്റ്റേററ്പദ്ധതികൾ പൂർത്തീകരിക്കുന്നതിലും ആധുനിക സാങ്കേതിക നിലവാരത്തിലേക്ക് മേഖലയെ സമഗ്രമായി വികസിപ്പിക്കുന്നതിലും ഉൽപാദനപ്രത്യേകവൽക്കരണത്തിന്റെയും സഹകരണത്തിന്റെയും പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിലും മേഖലയുടെ ഉൽപന്നങ്ങളെ സംബന്ധിച്ചേടത്തോളം ദേശീയ സമ്പദ്വിധാനത്തിന്റെയും ജനതതിയുടെയും ആവശ്യങ്ങൾ നിറവേററുന്നതിലും മന്ത്രാലയങ്ങളുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുക. മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും പ്രവർത്തനശൈലിയും സമ്പ്രദായവും അഭിവൃദ്ധിപ്പെടുത്തുന്നതിന്നുള്ള നടപടികൾ പ്രാവർത്തികമാക്കുക.

ഉൽപാദന, ഗവേഷണ-ഉൽപാദന കൂട്ടുസ്ഥാപനങ്ങളെ വികസിപ്പിക്കുക, അവയുടെ ശാസ്ത്രീയ-സാങ്കേതികവിഭാഗങ്ങളെ ശക്തിപ്പെടുത്തുക. ശാസ്ത്രീയ-സാങ്കേതിക-സാമ്പത്തികപ്രശ്നങ്ങളുടെ പരിഹരണം ത്വരിപ്പിക്കുക ലാക്കാക്കിയുള്ള മേഖലാന്തര കൂട്ടുസ്ഥാപനങ്ങൾ ആവശ്യമായ ഇടങ്ങളിലെല്ലാം ഏർപ്പെടുത്തുക. വലിയ, ഇടത്തരം, ചെറുകിട പ്രത്യേകവൽക്കൃതസ്ഥാപനങ്ങളുടെ അനുകൂലതമമായ സമന്വയം ഉളവാക്കുക.

മാനേജീരിയൽ സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, മാനേജുമെന്റ് ഘടകങ്ങളുടെ പരസ്പരാവകാശങ്ങളും ഉത്തരവാദിത്വങ്ങളും കൂടുതൽ കൃത്യമായി നിർവ്വചിക്കുക. അനാവശ്യ ഘടകങ്ങളെ ഒഴിവാക്കുക, ഇരട്ടിപ്പണിയും ജോലിയിലെ സമാന്തരത്വവും ഒഴിവാക്കുക, മാനേജീരിയൽ ജോലിയുടെ സംഘാടനം അഭിവൃദ്ധിപ്പെടുത്തുകയും സാങ്കേതികനിലവാരം ഉയർത്തുകയും ചെയ്യുക.

ഉൽപാദന ജീവനക്കാരുടെയും മാനേജീരിയൽ ജീവനക്കാരുടെയും എണ്ണത്തിൽ അനുകൂലതമമായ ഒരു അനുപാതം ഉണ്ടാക്കാൻ ശ്രമിക്കുക. മാനേജീരിയൽ സംവിധാനത്തെ ഗണ്യമായി ലഘൂകരിക്കുകയും അതിന്റെ നടത്തിപ്പുചിലവ് കുറയ്ക്കുകയും വേണം. പതിവുപ്രശ്നങ്ങൾ കൂടുതൽ വേഗത്തിൽ പരിഹരിക്കുക. അപ്രധാനമായ പ്രശ്നങ്ങളും ദ്വിതീയപ്രാധാന്യമുള്ള പ്രശ്നങ്ങളും പരിഗണിക്കുന്നതിൽനിന്ന് കേ

ന്ദ്രമാനേജുമെൻറ് സമിതികളെ വിമുക്തമാക്കുക. ജോലിയിൽ ഔപചാരികതയെയും ചുകപ്പ്നാടയെയും നിശ്ചയദാർഢ്യത്തോടെ നിർമ്മൂലനം ചെയ്യുക. ഉത്തരവുകളുടേയും നിർദ്ദേശങ്ങളുടേയും എണ്ണം ഗണ്യമായി ചുരുക്കുക.

സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക വികസനത്തിൽ *റിപ്പബ്ലിക്ക് തലത്തിലും പ്രാദേശികതലത്തിലുമുള്ള സമിതികളുടെ പങ്ക് ഉയർത്തുക.* ജനതതിയുടെ ആവശ്യങ്ങൾ നിറവേററുന്നതുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള മേഖലകളെ ആസൂത്രണം ചെയ്യുന്നതിലും നോക്കി നടത്തുന്നതിലും ഈ സമിതികൾക്കുള്ള അവകാശങ്ങൾ വിപുലപ്പെടുത്തുക. യൂണിയൻ റിപ്പബ്ലിക്കുകൾ, സ്വയംഭരണറിപ്പബ്ലിക്കുകൾ എന്നിവയുടെ മന്ത്രിസഭകളുടെയും ജനകീയ ഡിപ്യൂട്ടികളുടെ പ്രാദേശികസോവിയററുകളുടെ ഭരണസമിതികളുടെയും പ്രവർത്തനം തികവുററതാക്കുക, തങ്ങളുടെ അധികാരപരിധിയിലുള്ള ഭൂപ്രദേശങ്ങളുടെ സമ്പദ്വിധാനത്തിൻെറ സമഗ്രമായ വികസനവും അദ്ധ്വാനം, അസംസ്കൃതപദാർത്ഥങ്ങൾ, ഇന്ധനം, ഊർജ്ജവിഭവങ്ങൾ എന്നിവയുടെ യുക്തിസഹമായ വിനിയോഗവും ഉൽപാദനത്തിലെ സഹകരണം, സാമ്പത്തിക കാര്യക്ഷമതയുടെ വളർച്ച എന്നിവയും ഉറപ്പുവരുത്തുന്നതിൽ അവയുടെ പങ്ക് വർദ്ധിപ്പിക്കുക. പ്രാദേശിക ബജററ് വരുമാനങ്ങൾ അതാത് പ്രദേശങ്ങളിൽ സ്ഥിതചെയ്യുന്ന കൂട്ടുസ്ഥാപനങ്ങളുടേയും വ്യവസായസ്ഥാപനങ്ങളുടേയും സംഘടനകളുടേയും സാമ്പത്തികപ്രവർത്തനത്തിൻെറ ഫലങ്ങളെ കൂടുതൽ ആശ്രയിക്കുന്നവയാക്കുക.

മാനേജീരിയൽ ജീവനക്കാരെയും സ്പെഷലിസ്റ്റുകളെയും, പ്രത്യേകിച്ച് മേലെത്തട്ടിലും നടുത്തട്ടിലുമുള്ളവരെ, പരിശീലിപ്പിക്കുന്ന വിധാനത്തെ, പുതിയ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അഭിവൃദ്ധിപ്പെടുത്തുക. അധുനാതനമായ ശാസ്ത്ര-സാങ്കേതിക-സാമ്പത്തികജ്ഞാനത്തോടൊപ്പം വിശാലവീക്ഷണവും നല്ല സംഘടനാപാടവവും പ്രശ്നങ്ങൾ, സർവ്വോപരിയായി ദേശവ്യാപകമായ താൽപര്യങ്ങളുടെ നിലപാടിൽ നിന്നുകൊണ്ട്, പരിഹരിക്കുന്നതിന്ന് കഴിവുമുള്ള ജീവനക്കാരെ പരിശീലിപ്പിക്കുക. മാനേജീരിയൽ ജീവനക്കാരുടേയും സ്പെഷലിസ്റ്റുകളുടേയും തിരഞ്ഞെടുപ്പ്, നിയമനം, പുനഃപരിശീലനം എന്നിവ അഭിവൃദ്ധിപ്പെടുത്തുക, കാഡറുകൾക്ക് കൂടുതൽ കണിശമായ കടമകൾ നിർണയിക്കുക.

*　　　*　　　*

1986—1990-ലേയ്ക്കും 2000-മാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേയ്ക്കും സോവിയററ് യൂണിയൻെറ സാമ്പത്തിക-സാമൂഹ്യവികസനത്തിന്നുള്ള മാർഗ്ഗരേഖകൾ രാഷ്ട്രീയമായി വമ്പിച്ച അർത്ഥപ്രാധാന്യമുള്ള ഒരു പ്രമാണരേഖയാണ്. ഈ പ്രമാണരേഖ പ്രമുഖലക്ഷ്യങ്ങളെ നിർവ്വചിക്കുന്നു. അവയുടെ പൂർത്തീകരണം സോവിയററ് ജനങ്ങളുടെ ജീവിതസുഖത്തിൻെറ ഗുണപരമായി പുതിയൊരു നിലവാരവും നമ്മുടെ മാതൃഭൂമിയുടെ സാമ്പത്തിക-പ്രതിരോധശേഷിയുടെ അധികതര ദൃഢീകരണവും ഉറപ്പേകുന്നു.

രാജ്യത്തിൻെറ സാമ്പത്തിക-സാമൂഹ്യ വികസനം ത്വരിപ്പിക്കുന്നതിന്നുവേണ്ടി സി. പി. എസ്. യു. ആവിഷ്ക്കരിച്ച പ്രവർത്തനത്തിൻെറ വ്യാപ്തി വമ്പിച്ചതാണ്. മാർഗ്ഗരേഖകൾ പ്രാവർത്തികമാക്കാൻ പാർട്ടിയുടെയും തൊഴിലാളി വർഗ്ഗം, കൂട്ടുകൃഷിക്കാർ, അദ്ധ്വാനിക്കുന്ന ബുദ്ധിജീവി വിഭാഗം എന്നിവരുടെയും വമ്പിച്ച യത്നങ്ങൾ ആവശ്യമാണ്. അത് നടപ്പാക്കുകയെന്നത് പാർട്ടിയുടെയാകെ, മുഴുവൻ ജനങ്ങളുടേയും, ലക്ഷ്യമായിത്തീരുകയും വേണം.

സി. പി. എസ്. യു. കേന്ദ്രക്കമ്മിററിയുടെ 1985 ഏപ്രിലിൽ ചേർന്ന പ്ലീനറി സമ്മേളനത്തിൻെറ തീരുമാനങ്ങൾക്കനുസൃതമായി പ്രവർത്ത

നത്തിൽ അടിസ്ഥാനപരമായ ഒരു മാററംവരുത്തുക, രാജ്യത്തിൻെറ വരുതിയിലുള്ള സകലതും — നിലവിലുള്ള കരുത്തുററ സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക വിഭവശേഷിയും ലഭ്യമായ എല്ലാ കരുതലുകളും അവസരങ്ങളും — പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കുറഞ്ഞ ചിലവിൽ ഉയർന്ന കുറിമാനങ്ങൾ കൈവരിക്കുന്നതിന്ന് സാമ്പത്തിക പ്രവർത്തനത്തിൻെറ എല്ലാ തുറകളിലും മൗലികമായ ഒരു മാററം വരുത്തുക എന്നതാണ് ഇപ്പോഴത്തെ മുഖ്യ കാര്യം. നല്ല ഫലങ്ങൾ കൈവരിക്കുന്നത് ഉറപ്പേകുകയും സമ്പദ്വിധാനത്തെ സമർത്ഥമായി നോക്കിനടത്തുകയും ചെയ്ക — തൊഴിൽ കൂട്ടായ്മകൾ, പാർട്ടി ഘടകം, സോവിയററ് ഘടകം, സാമ്പത്തിക ഘടകം എന്നിവയിലും കേന്ദ്രത്തിലും പ്രാദേശിക തലങ്ങളിലുമുള്ള എല്ലാ പൊതു സംഘടനകളിലും അർപ്പിതമായിട്ടുള്ള ഇന്നത്തെ നിബന്ധനകളുടെ സത്ത അതാണ്. ഓരോ കൂട്ടുസ്ഥാപനത്തിലും വ്യവസായ സ്ഥാപനത്തിലും, ഓരോ പണിശാലയിലും ഉൽപ്പാദന മേഖലയിലും അധികച്ചിലവ് പരമാവധി ചുരുക്കിക്കൊണ്ട് മികച്ച ഫലങ്ങൾ കൈവരിക്കാനാകുന്ന ഘടകങ്ങൾ ഏതെന്ന് കണ്ടെത്തണം.

നല്ല സംഘാടനവും അച്ചടക്കവും ക്രമവും ഉറപ്പേകുന്നതിന്ന്, മാനുഷിക ഘടകത്തിൽ, ജനങ്ങളിൽ, അടങ്ങിയിട്ടുള്ള മുഖ്യമായ, തികച്ചും അക്ഷയമായ ആ ശേഖരത്തെ പൂർണ്ണമായി ഉത്തേജിപ്പിക്കുകയാണ് ഒന്നാമതായി ചെയ്യേണ്ടത്.

നിശ്ചിത പദ്ധതികൾ പ്രാവർത്തികമാക്കാൻ കമ്യൂണിസ്റ്റുകൾക്കും പാർട്ടി ഘടകങ്ങൾക്കും വമ്പിച്ച ഉത്തരവാദിത്വമുണ്ട്. അവ രാഷ്ട്രീയവും അദ്ധ്വാനപരവുമായ ഇരമ്പിക്കയററത്തിൻെറ മുന്നണിയിൽ നിൽക്കുകയും ബഹുജനങ്ങളുടെ മുൻകയ്യിനേയും ക്രിയാത്മക സംരംഭങ്ങളേയും സകലവിധത്തിലും പിന്തുണയ്ക്കുകയും വേണം. ഈ ലക്ഷ്യം കൈവരിക്കാൻവേണ്ടി യൂണിയൻ റിപ്പബ്ലിക്കുകളിലെ കമ്യൂണിസ്റ്റ് പാർട്ടി കേന്ദ്രകമ്മിററികളും, ടെറിട്ടോറിയൽ, റീജ്യണൽ, ഏരിയ, സിററി, ഡിസ്ട്രിക്ട് പാർട്ടി കമ്മിററികളും, പ്രാദേശിക പാർട്ടി ഘടകങ്ങളും വിപുലമായ തോതിലുള്ള രാഷ്ട്രീയ, സംഘടനാപ്രവർത്തനം ആരംഭിക്കണം, ലഭ്യമായ ശേഖരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കിണഞ്ഞു യത്നിക്കുകയും കർശനമായ മിതവ്യയക്രമം പാലിക്കുകയും സാമ്പത്തിക മാനേജുമെൻറിൻെറ ലെനിനിസ്റ്റ് ശൈലി സാർവ്വത്രികമായി ഏർപ്പെടുത്തുകയും വേണം. ജോലിചെയ്യുന്ന ഓരോ വ്യക്തിയും ഓരോ തൊഴിൽ കൂട്ടായ്മയും ക്രിയാത്മകമായും അങ്ങേയററം കാര്യക്ഷമമായും ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്ന് വിദ്യാഭ്യാസ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമായി നടത്തുകയും വേണം. കേഡറുകളിൽ കാര്യഗൗരവ ഗുണങ്ങൾ സുസ്ഥിരം വളർത്തുക, പുതിയൊരു രീതിയിൽ ജോലിചെയ്യത്തക്കവിധത്തിൽ ജനങ്ങളുടെ സാമ്പത്തിക ചിന്തയും മനഃശാസ്ത്രപരമായ സമീപനവും മാററുക, കടമ നിറവേററുന്നതിന്നുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുക എന്നതും പ്രധാനമാണ്.

സാമ്പത്തിക, സാമൂഹ്യ, സാംസ്കാരികവികസനമേഖലയിൽ ജനകീയ ഡിപ്യൂട്ടികളുടെ സോവിയററുകൾ അവരുടെ അവകാശങ്ങൾ പൂർണതരമായി ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. ട്രേഡ്യൂണിയനുകൾ സോഷ്യലിസ്റ്റ്മൽസരപ്രസ്ഥാനത്തിന് കൂടുതൽ വമ്പിച്ച ഉത്തേജനം നൽകണം, പദ്ധതിക്കുറിമാനങ്ങൾ പൂർത്തീകരിക്കുന്നതിന്നും അതിപൂർത്തീകരിക്കുന്നതിന്നും വേണ്ടി കൂടുതൽ ശുഷ്കാന്തിയോടെ പ്രവർത്തിക്കണം, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ തൊഴിൽ-ജീവിതസാഹചര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന്നുവേണ്ടിയും അവരുടെ തൊഴിൽ നിലവാരങ്ങളും സാമാന്യസാംസ്കാരികനിലവാരങ്ങളും ഉയർത്തുന്നതിന്നുവേണ്ടിയും പ്രവർത്തിക്കണം. അവർ വികസിതാനുഭവത്തെ കൂടുതൽ വിപുലമായ തോതിൽ വ്യാപിപ്പിക്കുകയും ഉൽപാദന-സാമൂഹ്യപ്രശ്നങ്ങൾ

J1027

പരിഹരിക്കുന്നതിൽ തൊഴിൽകൂട്ടായ്മകളുടെ പങ്ക് വർദ്ധിപ്പിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുകയും വേണം. യുവജനങ്ങളുടെ ഉൽസാഹത്തെയും അക്ഷീണ ഊർജ്ജത്തെയും നിശ്ചിത കടമകൾ നിറവേററുന്നതിലേക്ക് തിരിച്ചുവിടാൻ ലെനിനിസ്റ്റ് കംസോമോൾ പ്രവർത്തിക്കണം.

സ്റ്റേററച്ചട്ടത്തിൻെറ ഏതു തരത്തിലുമുള്ള ലംഘനം, ധൂർത്തടിപ്പ്, അനർഹമായ ലാഭമുണ്ടാക്കാനുള്ള ഏതു ശ്രമവും എന്നിവയ്ക്കെതിരെയുള്ള വിശ്വാസനീയമായ ഒരു പ്രതിബന്ധമായിത്തീരണം ജനങ്ങളുടെ മേൽനോട്ടം.

സോവിയററ് യൂണിയൻെറ സാമ്പത്തിക-സാമൂഹ്യവികസനത്തിനുള്ള മാർഗ്ഗരേഖകൾ അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക്, സോവിയററ് ജനങ്ങൾക്കാകെ, വേണ്ടിയുള്ള മൂർത്തമായ ഒരു കർമ്മപരിപാടിയാണ്. രാജ്യത്തിൻെറ സാമ്പത്തികകരുത്ത് വർദ്ധിപ്പിക്കുന്നതിന്നും ജനങ്ങളുടെ ജീവിതസുഖവും നമ്മുടെ സമൂഹത്തിൻെറ സമൂലവികസനവും കൂടുതൽ വർദ്ധിപ്പിക്കുന്നതിന്നായി പ്രധാനപ്പെട്ട ശാസ്ത്ര-സാങ്കേതിക-സാമ്പത്തികകടമകൾ നിറവേററുന്നതിന്നുംവേണ്ടിയുള്ള പാർട്ടിയുടെ മാർഗ്ഗനിർദ്ദേശമാണത്.

മുൻവെക്കപ്പെട്ട കടമകളുടെ നിർവ്വഹണം ആഭ്യന്തരമായി മാത്രമല്ല, സാർവ്വദേശീയമായും വമ്പിച്ച അർത്ഥപ്രാധാന്യമുള്ളതായിരിക്കും; അത് സോഷ്യലിസ്റ്റ് സാമ്പത്തികോദ്ഗ്രഥനത്തിന് ആഴംകൂട്ടാനും വിഭിന്ന സാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാജ്യങ്ങളുടെ സമാധാനപരമായ സഹവർത്തനത്തിൻെറ പ്രമാണത്തെ കൂടുതൽ സ്ഥിരീകരിക്കാനും സഹായിക്കും. സോഷ്യലിസത്തിൻെറ ആശയങ്ങളുടെ ആകർഷകശക്തിയെ ഇനിയും കൂടുതൽ വർദ്ധിപ്പിക്കുകയും ഭൂമിയിൽ സമാധാനം അരക്കിട്ടുറപ്പിക്കുകയെന്ന ലക്ഷ്യത്തിന്ന് ഗണ്യമായ ഒരു സംഭാവനയായിത്തീരുകയും ചെയ്യും.

പന്ത്രണ്ടാം പഞ്ചവൽസരപദ്ധതിക്കാലത്തേയ്ക്കും 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേയ്ക്കും വേണ്ടി പാർട്ടി മുൻവെച്ചിട്ടുള്ള ലക്ഷ്യങ്ങൾ നിറവേററപ്പെടുമെന്ന് സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രകമ്മിററി ദൃഢവിശ്വാസം പ്രകടിപ്പിക്കുന്നു. ഇതിൻെറ ഫലമായി സോഷ്യലിസത്തിൻെറ ക്രിയാത്മകശേഷിസാദ്ധ്യത കൂടുതൽ വലിയതോതിൽ അനാവരണം ചെയ്യപ്പെടുകയും നമ്മുടെ സോവിയററ് മാതൃഭൂമി കൂടുതൽ സമ്പന്നവും ശക്തവുമായിത്തീരുകയും ചെയ്യും. സോവിയററ് ജനങ്ങളുടെ ക്രിയാത്മകപ്രവർത്തനവും പാർട്ടിയുടെയും ജനങ്ങളുടെയും അവിഭേദ്യമായ ഐക്യവും ഇതിന്നുള്ള മുന്നറപ്പാണ്.

(പ്രാവ്ദ, 1985 നവംബർ 9). □

SOVIET SAMIKSHA (MALAYALAM) Vol. XX No 51.
December 24, 1985

CONTENTS

**Guidelines for the Economic and Social Development of the USSR for 1986-1990 and for the Period Ending in 2000**

**Draft**

Regd. No. M. 8162

# സോവിയറ്റ്
# സമീക്ഷ

# 1986-1990 കാലത്തേയ്ക്കും 2000-ാമാണ്ടിൽ അവസാനിക്കുന്ന കാലഘട്ടത്തിലേയ്ക്കും സോവിയററു യൂണിയൻെറ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്നുള്ള മാർഗ്ഗരേഖകൾ

കരട്

947.005
SOV

പുസ്തകം 20 | സോ സ | ഡിസംബർ 24

ലക്കം 51 | സോവിയറ്റ് സമീക്ഷ | 1985

Indic Digital Archive Foundation
gpura.org